രണ്ട് കർണ്ണസൂത്രങ്ങളുടെ പ്രയോജകത്വത്താൽ കോൺ,8 അർദ്ധകോണ് എന്നിവയിലെ കോഷ്ഠങ്ങള് മുമ്പ് പറഞ്ഞു. ദിക്ക്,വിദിക്ക് (ദിശ, ഉപ ദിശ) എന്നിവ കർണ്ണസൂത്രം കൊണ്ട് ഗുരു ശിഷ്യന് കോഷ്ഠദ്വയം വെച്ച് പഠിപ്പിക്കുന്നു. അവയുടെ ക്രമം അഗ്നിമുതല് അനുസന്ധാനം ചെയ്യണം. അർദ്ധങ്ങളുടെ ആദ്യം,അന്തം എന്നിവ എപ്പോഴും ഒപ്പം സഞ്ചരിക്കുന്നവയാണ് എന്ന ഭ്രമണനിയമം അപ്രകാരം ശിഷ്യൻഗ്രഹിക്കുന്നു. എട്ടിനെ വീണ്ടും എട്ടായി ഭാഗിച്ച് 64. ഓരോ എട്ടിനും ഓരോ പതിനാറിനും ഓരോ 64നും ഗുരു ക്രമത്തിൽ കിഴക്കുമുതൽ നാമം കൊടുക്കുന്നു. ഇവയെ പ്രഭാതത്തിൽ ധ്യാനിച്ചുനിരീക്ഷിക്കുക വഴി ഭൂപ്രകൃതി, കാറ്റിന്റെ ഗതി, മേഘചലനം,ഗ്രഹനക്ഷത്രാദിചലനം എന്നിവയുടെ ജ്ഞാനം കാലക്രമത്തിൽ നിരീക്ഷകന് ഉണ്ടാവുന്ന താണ്. എല്ലാവർക്കും ഒരുപോലെ പ്രാഥമികമായ ജ്യാമിതി ,പ്രപഞ്ചനിയമവി ജ്ഞാനം എന്നിവ ഉണ്ടാവുന്നതി ന് ഈ വിദ്യാഭ്യാസപദ്ധതി ഉപയോഗി ച്ചിരുന്നു. ഈശാനൻ,പർജ്ജന്യൻ,ജയന്തൻ,ശക്രൻ,ഭാസ്കരൻ ഇങ്ങനെയാണ് ക്രമം. വൃഷാന്തരീക്ഷം (ഇടവരാശി അന്തരിക്ഷം) പ്രാചിദിശയില് അവസ്ഥിതമാണ്. ഇതാ ണ് ഇന്ത്യയുടെ ഗൃഹാന്തരീക്ഷം അഗ്നി, പൂഷാവ്,വിതഥൻ,യമനെന്നിവരാണ് ഗൃഹരക്ഷകര്. ദക്ഷിണദിക്കിൽ ഗന്ധർവ്വ,ഭൃംഗരാജ,മൃഗമെന്നിവരാണ് .നിരൃതിയിൽ ദേവാരികൻ, സുഗ്രീവൻ,വരുണൻ എന്നിവർ. പ്രത്യഗ് ദിശയിലാണ് പുഷ്പദന്തനും സുരേശനും .വായുകോണിൽനാഗമുഖ്യരും സോമനും ഭല്ലാടനും. അർഗ്ഗലമെന്ന ദിതി,അദിതിമാർ കുവേരദിശ(വടക്ക്)യിലാണ്. കിഴക്ക് 5 പദത്തില് ദേവപദം പറയുന്നു. അവർ രജോഗുണമു ള്ളവരാണ്.പായസാന്നമാണ് അവർക്ക് ബലി. വാസ്തുബലി സർവ്വസമ്പദ്സമൃദ്ധിക്കാണ്.5 രജസ്സുകളെ ക്കൊണ്ട് സർവ്വതോഭദ്രമണ്ഡലമായ വാസ്തുവില് കമലം(പത്മം)വരക്കുക.മദ്ധ്യപത്മം വെളുപ്പ്. മറ്റുളവ ചുവപ്പ്. ദിവ്യസാരസ്വതത്തിൽ മദ്ധ്യത്തിലെ 9 പദം വെള്ളപ്പൊടി കൊണ്ട് നിറക്കണം,മറ്റു 6 ദളം(ചുറ്റം)ചുവന്ന പൊടിയിട്ട് നിറക്കണം. ബാക്കിപദങ്ങളെ യഥാസ്ഥാനം സങ്കൽപ്പിച്ച് വിചിത്രമാക്കി, മദ്ധ്യഭാഗത്ത് ബ്രഹ്മ ത്തെ പൂജിക്കണം. പദസീമാരേഖകൾ വെള്ളപ്പൊടികൊണ്ടാണ്. വാസ്തുദേഹധ്യാനം തന്ത്രാന്തരത്തിൽ ഇങ്ങനെ പറയുന്നു:- സർവ്വദേവസ്വരൂപവും വാസ്തുശരീരത്തിലുണ്ട്. അക്ഷമാല,സ്രുവം വലത്തുകയ്യിലും ദണ്ഡകമണ്ഡലു ഇടത്തുകയ്യിലുമായി മദ്ധ്യഭാഗത്ത് പത്മാസനസ്ഥമായി 4 മുഖം,8 കണ്ണ് ,ഓരോ മുഖത്തിനും ചതുർഭുജം എന്ന് വാസ്തുപുരുഷധ്യാനം. കൈകള് അഞ്ജലികൂപ്പി ഖണ്ഡം ,ഖേടകം,കൃപാണം ഇവ ധരിച്ച്

മദ്ധ്യത്തിലെ ബ്രഹ്മത്തെ അഭിമുഖീകരിച്ച് നിരീക്ഷിച്ച് സ്വസ്വസ്ഥാനത്തിൽ സ്ഥിതി ചെയ്യുന്നവരായി താഴെ പറയുന്നവരെ ധ്യാനിക്കണം. വെളുത്തനിറമുള്ള മരീചി, രക്തനിറമുള്ള വിവസ്വാൻ, ശാതകുംഭനിറമുള്ള മിത്രൻ,കൃഷ്ണവർണ്ണമുള്ള ഭൂധരൻ,നീലനിറമുള്ള സവിതാവ്, ധൂമ്രനിറമുള്ള സാവിത്രം, അരുണവർണ്ണമായ ഇന്ദ്രൻ,ശുക്ലനിറമുള്ള ഇന്ദ്രജയൻ,പവിഴനിറമായ രുദ്രനും പീതവർണ്ണമായ രുദ്രജയനും, പശുവിൻപാലിന്റെ ധവളകാന്തിയുള്ള ആപസ്സ്,അഞ്ജനനിറമുള്ള പർജ്ജന്യൻ, അമലദ്യുതിയായ മഹേന്ദ്രൻ,രക്തവർണ്ണമായ ആദിത്യൻ, ചിത്രവർണ്ണമായ സത്യകൻ,ബന്ധൂകപുഷ്പനിറമായ വൃഷൻ, മുല്ലപ്പൂ നിറമുള്ള അന്തരിക്ഷകൻ, ഉദയസൂര്യനിറമുള്ള അഗ്നി, രക്തനിറമുള്ള പൂഷാവ്, മഴവിൽനിറമുള്ള വിതഥൻ, വൈദ്യുതിനിറമുള്ള ഗൃഹക്ഷതൻ, അഞ്ജനനിറമുള്ള യമന്,മഴമേഘനിറമുള്ള മൃഗൻ,അഗ്നിവർണ്ണനായ നിരൃതി ,ദൌവാരികൻ പീതനിറമുള്ളവൻ എന്നിങ്ങനെ പറയുന്നു. സുഗ്രീവന് നീലകണ്ഠനിറം,പുഷ്പദന്തകന് ചന്ദ്രവർണ്ണം, വരുണന് സ്ഫടികനിറം, ആസുരന് ഭൃംഗനിറം, ശേഷന് ഉൽപലവർണ്ണം, പാപയക്ഷ്മാവിന് ഇന്ദ്രനീലനിറം, വായുവിന് കൃഷ്ണാഭം, നാഗന്ഇന്ദു ശംഖുനിറം, മുഖ്യന് മുത്തുനിറം,ഭല്ലാടന് വെള്ളത്താമരനിറം, സോമന് സ്ഫടികനിറം, അർഗ്ഗലം രക്തോൽപലനിറം, ദിതി കുന്ദേന്ദുധവള, അദിതി കപില, ചരകീ ശംഖസദൃശി, വിദാരി അഗ്നിപ്രഭ, പൂതന ഹിമനിറം, പിലപിഛിക ധൂമ്രവർണ്ണമെന്നും കാണുന്നു.എല്ലാവർക്കും പാനപാത്രം, ഛുരിക,കർത്തരി (ഇത് ജ്യോതിശ്ശാസ്ത്ര നിരീക്ഷണത്തിനുപയോഗിക്കുന്നയന്ത്രമാണ്) എന്നിവയുണ്ട്. എല്ലാവരും രാക്ഷസികളും ഭീമരൂപികളുമാണ്. വെളുപ്പ്,ചുവപ്പ്,മഞ്ഞ,കൃഷ്ണ വർണ്ണങ്ങളില് വജ്രം,ശക്തി,ഇവ ധരിച്ച് പാശധാരികളും വികൃതാനനകളുമായി സ്കന്ധാദികളായ ഇവരെ വിചാരിക്കുന്നു.18 രേഖാനാഡികളിലായി, അതാതിന്റെ ദേവതയായി ഇവരെ ധ്യാനിക്കുന്നു.

പ്രാചിയിലേക്കുള്ള നാഡികൾ:- ലക്ഷ്മി,യശോവതി,കാന്ത,സുപ്രിയ,സുകല,ശിവ,സുമുഖി

സൌമ്യമുഖത്തേക്കുള്ള നാഡികൾ:- ധന്യ,പ്രാണ,വിശാല,സ്ഥിര,ഭദ്ര,ജയ,നിശ,വിരജ,വിഭവ.

പായസാന്നാദികളെന്ന് ബഹുവചനത്തിലെടുക്കുന്നു. ഓരോരോ ദേവതക്കും ബലിദ്രവ്യഭേദമുണ്ട് എന്ന് മഹാകപിലപഞ്ചരാത്രത്തിലുണ്ട്. പായസം, ചോറ്,ലാജമെന്നിവയോടുചേർന്ന് ധൂപ,പുഷ്പാക്ഷതങ്ങളും,എള്ള്, മാഷംപൊടിച്ചത്(ധാന്യമാവ്)ഇവയും ബലികൊടുത്താൽ ബ്രഹ്മസംബന്ധിയായ സർവ്വവാസ്തുദോഷവും ശമിക്കുന്നു. ഗന്ധം ,ശർക്കര,തേൻ, പായസം,ഇവകൊണ്ട് ആര്യകനെക്കൊണ്ടുള്ള സർവ്വദോഷവും ശമിക്കും. ചന്ദനാദികൾ,കർപ്പൂരം,വെളുത്ത അഗരു,ഇവകൊണ്ട് വിവസ്വാനും ശർക്കരചേർത്തപായസം ,പുഷ്പം,നല്ല തേൻ ,ഇവകൊണ്ട് മിത്രനും മാഷൌദനം,മാംസം,ഗന്ധം ,ക്ഷീരം ഇവകൊണ്ട് മഹീഭൃത്തും തൃപ്തരായി അവരാലുള്ള ദോഷം തീരും.ഇപ്രകാരം ആഗ്നേയാദി,ഈശാനാദികൾക്കും സർവ്വർക്കും അന്തർബലി കൊടുത്ത് അർച്ചിക്കുന്നു. ഈശാദികൾക്ക് ദക്ഷ്ണാവർത്തത്തില്,സാമാന്യമായ ബലി പറയപ്പെടുന്നു. ഈശകോൺമുതലായവയിലെ ദേവപൂജനവിധാനം-ഈശാനാദിചതുഷ്കോണങ്ങളിൽ ബുധന്മാർവിധിപോലെ പൂജിക്കുന്നു. പാലും പഞ്ചസാരയും പുഷ്പാലങ്കാരവും ആപശ്ശാന്തിക്ക് .

തൈരുംശർക്കരയും ഗന്ധവസ്തുക്കളും വത്സവിഘ്നശാന്തിക്ക്.

പുഷ്പം,കുശം,പാനീയം,കർപ്പൂരാഗുരുഗന്ധം- സാവിത്രശാന്തിക്ക്.

പിഷ്ടകം(കുഴച്ചമാവ്)ശർക്കര,രക്തഗന്ധം(ഗുരുതി)-സൂര്യവിഘ്നശാന്തിക്ക്. തണുത്തചോറ്,പൂവ്,കുങ്കുമം- ശക്രദേവശാന്തി. ചോറുംനെയ്യും,വസ്ത്രവും ഗന്ധവും - ഇന്ദ്രജയശാന്തിക്ക്.

പക്വം,അപക്വം,മാംസം,വസ്ത്രം,പുഷ്പം-രുദ്രശാന്തി

മാംസം,നെയ്യ്,പക്വം,ഗന്ധം,പുഷ്പം- രുദ്രജയശാന്തി. രക്തപുഷ്പം,മാംസം,ചുവന്നവസ്ത്രം-രക്ഷോവിഘ്നശാന്തി പിത്തം,രക്തം,അസ്ഥി,രക്തഗന്ധം-പൂതനാരക്ഷോവിഘ്നശാന്തി .നെയ്യ്,മാഷം പൊടിച്ചത് (അല്ലെങ്കിൽമാംസം) വസ്ത്രം,ഗന്ധം-ശർവ്വശാന്തി. മാംസം,പൊടിച്ചമാഷം, പുഷ്പം- സ്കന്ധരക്ഷോവിഘ്നശാന്തി സ്വനതമാസം(സുരസം)പിഷ്ടകം,പക്വമാംസം,ഉദകം-അര്യമാരക്ഷോശാന്തി.

രക്തമാംസോദനം,മത്സ്യം,ഗന്ധം,ധൂപം-ജൃംഭകരക്ഷോവിഘ്നശാന്തി. ഛാഗകർണ്ണത്തോടുകൂടിയ മാംസം, വസ്ത്രം,ഗന്ധം-പിലിപിഛിരക്ഷോ വിഘ്നശാന്തി. നെയ്യ്,മാംസം,വസ്ത്രം,ഗന്ധം- ചരകീരക്ഷോവിഘ്നശാന്തി നെയ്യ്,അക്ഷതം,അന്നം,വസ്ത്രം,ഗന്ധം-ഈശവാസ്തുദോഷാപഹാരം

ഉത്പലം,പായസം,വസ്ത്രം- ദേവ(മേധാ)ശാന്തി . 5 ഹസ്തം മഞ്ഞകൊണ്ട് അലങ്കരിച്ച ധ്വജം- ജിഷ്ണുസൂത (കൃഷ്ണ) പ്രീതി. രക്തപുഷ്പം,രക്തഗന്ധം- ഭാസ്കരശാന്തി വിതാനിച്ചധൂമ്രനിറവസ്ത്രം ഗന്ധം -സാത്യകശാന്തി മാംസം,വസ്ത്രം,ഗന്ധം- വൃഷനെന്ന വാസ്തുബലിശാന്തിക്ക് ശാദ്വലം,മാംസം,നൈവേദ്യം-വ്യോമശാന്തി
സുവർണ്ണം,പിഷ്ടകം,സുഗന്ധം,നെയ്യ്- സപ്തജിഹ്വനായ അഗ്നിക്ക് പാൽ,ലാജം,ചുവന്നപൂവ്- പൂഷാവിന് , തൈർ,ഗന്ധം,മഞ്ഞപ്പൂവ്- വിതഥവിഘ്നശാന്തി തേനിൽകുഴച്ച ചോറുരുള,ചുവന്നപട്ട്- യമദേവവിഘ്നശാന്തി
പക്കമാംസച്ചോറ്,വെണ്ണ,വസ്ത്രം - ഗ്രഹശാന്തി , നാനാഗന്ധം,ചുവന്നപൂവ്- ഗന്ധർവ്വദോഷം ധാന്യഉരുള,പക്ഷിജിഹ്വ- ഭൃംഗരാജശാന്തി
യവം,ഘൃതം,എള്ള്,ഗന്ധം,പുഷ്പം- മൃഗദേവശാന്തി ശർക്കരചേർത്ത നേദ്യം,വസ്ത്രം,ഗന്ധം- രക്ഷോരാജശാന്തി ചന്ദനം,അഗരു,മരക്കൊമ്പ്,ഗന്ധം,പുഷ്പം-ദൌവാരികശാന്തി പായസം,ഗന്ധപുഷ്പം- സുഗ്രീവശാന്തി പാലിൽകുഴച്ചഉരുള,പൊടിച്ച യവം- ജലരാജശാന്തി മാഷം,കുശം,സ്തംബം,നെയ്യ്,ഗന്ധം- പുഷ്പദന്തനു ശാന്തിക്ക്,നെയ്യുംചോറും കർപ്പൂരവും-ശേഷസർവ്വശാന്തി, യവജം,താണ്ഡൂലം,ഗന്ധപുഷ്പം- രോഗസർവ്വദോഷശാന്തി നെയ്യുചേർത്ത മോദകം,അന്നം- മൃഗവാഹന് ,കുരരം,അന്നം,പുഷ്പഗന്ധം- പാതാളേശന്
നാളികേരംചേർത്ത ചോറുരുള,മഞ്ഞവസ്ത്രം -മുഖ്യവാസ്തുദോഷത്തിന് ,തേൻപായസം,മഞ്ഞപ്പൂക്കൾ- സോമ സർവ്വദോഷത്തിന്, നെയ്യുചേർത്തചോറ്,ഗന്ധപുഷ്പം-ഭല്ലാടന് മാഷാന്നം,നെയ്യ്,പുഷ്പഗന്ധം- അർഗ്ഗലന് ,പാലുംപഞ്ചസാരയും, പൂക്കളും- ദിതിക്ക് മധുചേർത്ത പോലിക,ഗന്ധം,വസ്ത്രം- അദിതിക്ക്. വാസ്തുസംഭവരായി സ്വർഗ്ഗപാതാളമർത്യലോകത്തിലെ സർവ്വദേവരും സ്വമന്ദിരത്തിലെ വാസ്തുപൂജകളാല് സന്തുഷ്ടരാവുന്നു. മാതാക്കൾ, ഭൂതപ്രേതവേതാളാദികള്, മുതലായി അന്യബലികാംക്ഷികളായ സർവ്വരും വിഷ്ണുപരിഷത്(പാർഷദ)ആണ്.അവരെല്ലാം പ്രീതരാവുന്നു. പിതൃക്കളും ക്ഷേത്രപാലരും ബലിയാൽ തുഷ്ടിചേർന്ന് പ്രാകാമ്യം തരും. പുല്ല്, (കുശം)പുഷ്പം ഇവകൊണ്ടുതന്നെ ദേവതകൾസന്തോഷിക്കും. ദിക്പാല പരിഷത്തിന്റെ ബലി സർവ്വഭൂതബലിയാണ്. ദിഗ്ബലി ചെയ്താൽ (ഭൂതബലി)സർവ്വദേവരും സന്തോഷിക്കും. സരസ്സ്,അഗ്നി, പ്രേതം,പ്രജ, രക്ഷസ്സ്,ജലം,പ്രാണം,നക്ഷത്രം,വിദ്യ എന്നിവയിലിരിക്കുന്നവർക്കും ഈ ബലി തൃപ്തി തരും. പരിവാരശക്തിക്കായി സവാഹനപദം പറയുന്നു. വിഷ്ണുപാർഷദര് സർവ്വവും സപരിവാരപൂജയില് പെട്ടു. പ്രദക്ഷിണ ക്രമത്തിലാണ് ബലി തൂകേണ്ടത്. പിശാചവേതാളരക്ഷോരക്ഷ, ഭയാർത്തിനാശനം,സർവ്വസമ്പദ്സമൃദ്ധി ഇവ ഫലം. ഗൃഹപ്രവേശം, ഭൂതദ്രോഹം എന്നിവ നടത്തുമ്പോൾ,ശാന്തിഹോമം, ദിശാബലി എന്നിവ ചെയ്യും. യജമാനൻ(ആചാര്യൻ) ലക്ഷണമുള്ള ഭൂമി സ്വീകരിച്ച് വിധിപ്രകാരം ശുദ്ധീകരിച്ച് പഞ്ചബ്രഹ്മം (പഞ്ചഗവ്യം)ഭൂമിയിൽതളിക്കുന്നു. നടുവിൽകനകശലാക,രത്നം,ഇവ (ഇല്ലെങ്കിൽവെള്ളി,)ഫലം,പൂ,ധാന്യം ഇവയേതെങ്കിലും ഒന്നുകൊണ്ട് 9 രേഖ വരക്കുന്നു. ഇവയുടെ പേരുകള്,- കിഴക്കുനിന്ന് പടിഞ്ഞാട്ട് ശാന്ത,യശോവതി,കാന്ത,വിശാല, പ്രാണവാഹിനി,സതി,സുമന,സുഭദ്ര. ദക്ഷിണോപക്രമമായി, ഹിരണ്യ,സുവ്രത, ലക്ഷ്മി,ഭൂതി,വിമല,പ്രിയ,ജയ, കല, വിശോക. ഇതിലാണ് 5 തരം പൊടി കൊണ്ട് നേരത്തെ പറഞ്ഞ മണ്ഡലം വരക്കുന്നത്. അതിന്നു പടിഞ്ഞാറ് ഒരു ഹസ്തം , 3 മേഖലകളോട്ടുകൂടിയ കുണ്ഡം-സ്ഥണ്ഡിലം. അതിനു പുറത്തെ കോണിൽഗുരു, ഗണേശ,ദുർഗ്ഗ,ക്ഷേത്രപാലൻ,എന്ന് 4 പദം. നാഭി ബ്രഹ്മം. കിഴക്ക് 4 പാദം വാമ,അസ്ത്ര,നഗ,ആര്യക. അരപദത്തിൽ വീതം 15 ദേവന്മാർ.ഈശാനകോണിൽ അക്ഷതം ,മാവ്, നാൽപ്പാമരത്തളിർ,രണ്ടു വസ്ത്രം ഇവകളാലലങ്കരിച്ച് അകത്ത് പഞ്ച രത്നവും ഫലവും ജലവും നിറച്ച കലശം അക്ഷതത്തിനുമുകളിൽ സ്ഥാപിക്കുന്നു. കലശത്തിൽ ഇദം മേ വരുണാ എന്ന് വരുണഗായത്രി ജപിക്കുന്നു. സർവ്വനദിയും സമുദ്രവും അതിലുണ്ടെന്നാണ് ധ്യാനം. തീർത്ഥവും 7 വിധകൃത്തിക(സ്ഥാനം)ആവാഹിച്ച് കലശത്തിലിട്ട് വം വരുണായ മന്ത്രം ചൊല്ലി കലശത്തിൽ പഞ്ചോപചാരം ചെയ്ത് വരുണപൂജ. എല്ലാ ഔഷധികളും കലശത്തിലിടുന്നു. മന്ത്രജപത്തോടെ ആഹുതികൾ ചെയ്യുന്നു. പൂജാവിധികൾക്കുശേഷം ശിഷ്യൻആചാര്യനു ദക്ഷിണ നൽകും. ആചാര്യൻ

മണ്ഡപത്തിന്റെ പടിഞ്ഞാറുഭാഗത്ത് സ്ഥണ്ഡിലം ഉണ്ടാക്കി സാദ്ധ്യം സ്ഥാപിക്കുന്നു. അഘോരമായ സുദർശനത്താല് വാതത്തെ സകലീകരിച്ച് സ്വയം വായുമൂർത്തിയായി ചുവന്ന ഉഷ്ണീഷം,വസ്ത്രം,ഉത്തരീയം, മാല , ചന്ദനാദികളാലലങ്കരിച്ച് സാദ്ധ്യത്തിന്റെ ദക്ഷിണഭാഗത്ത് ഉദങ്മുഖനായി നിന്ന് സ്വർണ്ണം , വെള്ളി ,ചെമ്പ് മുതലായി പാത്രങ്ങളിൽ ബ്രഹ്മാദിദേവതകൾക്ക് നിവേദ്യപിണ്ഡം യഥാസ്ഥാനത്തുവെച്ച് ആ ദേവതകളെ വാസ്തു പുരുഷന്റെ അർദ്ധം(പകുതി)യായി സ്ഥാപിച്ച് പ്രത്യേകപിണ്ഡങ്ങളില് നെയ് വിളക്കുവെച്ച് ചുവന്നപൂ കൊണ്ട് അലങ്കരിച്ച് സാദ്ധ്യം സംപ്രോ ക്ഷിച്ച് അതിന്റെ പാത്രം കയ്യിലെടുക്കുന്നു. സർവ്വഭൂതങ്ങളേയും ബലി സ്വീകരിക്കാൻവിളിക്കുന്നു. സാദ്ധ്യത്തെ നീരാജനം ചെയ്ത് ഒരു ആഢ കം ഉരുതി(ചുവന്ന വെള്ളം)ക്രൂരഭൂതങ്ങൾക്ക് സമർപ്പിക്കുന്നു. നവദ്വീ പുകളിലെ നവനിധികളെ നീരാടിച്ച് ഖഡ്ഗപാണിയായി ഖഡ്കപരിവൃതമായി, 100 ദീപം തെളിയിച്ച, അഞ്ചുവിധം വാദ്യഘോഷം (പഞ്ചവാ ദ്യം) സ്വസ്തിസൂക്തം, ഇവയോടെ ദിക്കിന്റെ നാലുഭാഗം ,മഹാവൃക്ഷമൂലം,ക്ഷേത്രം, ദേശം സർവ്വഭാഗം ഉദ്ദേശിച്ച് ബലി തൂവുന്നു. പ്രദക്ഷിണപരിക്രമം ചെയ്ത് കാൽ,കൈ,കണ്ണ്,എന്നിവ കഴുകി സ്വയം അദൃശ്യമായി സർവ്വപരിവാരത്തേയും അഗ്രത്തിൽപ്രതിഷ്ഠിച്ച്, പ്രസ്ഥാപിച്ച്, സ്വയം ധ്യാനനിരതനാവുന്നു(ധ്യാനനിഷ്ഠ). സാദ്ധ്യം സമാഗതമായി അവനെ രക്ഷിക്കുന്നു.ഇത് മുഖ്യപ്രകാരം.ബലികർമ്മംകൊണ്ട് വാസ്തുവിന് ഉപശമനം ചെയ്യുന്നു. ഹസ്തപ്രമാണമായ ഹോമകുണ്ഡത്തിൽ 3 മേഖ ലയിൽ ഹോമംചെയ്യണം. യവം,കറുത്ത എള്ള്,പാലുള്ള മരത്തിന്റെ വിറക്(പ്ലാശ്, ഖദിരം,ഉദുംബരം,മുതലായവ)കുശം,ദൂർവ്വാ,തേൻ,വെണ്ണ,നെയ്യ് ഇവയോടെ 5 ബിലവും ബിലബീജവും ഹോമംചെയ്ത് ഹോമാവസാനം ഭക്ഷ്യഭോജ്യങ്ങള് വാസ്തുദേശത്തില് ബലിയർപ്പിക്കുന്നു.ഇത് ഓരോ കൊല്ലവും കാലവിശേഷമനുസരിച്ച് ചെയ്യണം. സൂര്യൻ ചിങ്ങത്തിലെത്തുന്ന പൂർണ്ണമാസിയില് സ്വഗൃഹത്തില് വാസ്തുഗൃഹബലി തുകുന്നു. അത് സർവ്വമംഗലം വരുത്തും. അകാലമരണം, ആധിവ്യാധി ഭൂതപിശാചബാധ ഒഴിവാക്കും. സർപ്പപീഢ,അന്യോന്യകലഹം ഇവ ഒഴിവാക്കും. പുത്രപൌത്രധനധാന്യആരോഗ്യപശുദാസീസമൃദ്ധി വരുത്തും . വിജയം,ഖ്യാതി ഇവ ഗൃഹത്തില് സദാ നിലനില്ക്കും. പ്രതിവർഷം രാജഭവനം ,മഹിഷീഭവനം ,സേനാനിഭവനം ,നഗരം,ഗ്രാമം, എല്ലായിടത്തും വാസ്തുബലി ചെയ്യുന്നു .ചിങ്ങത്തിലെ വെളുത്ത പക്ഷം സൂര്യൻ ശ്രാവണ(തിരുവോണം)ത്തിലെത്തുന്ന നാളിലാണ് മഹാബലി എന്ന ഈ വാസ്തുബലി എല്ലായിടത്തും ചെയ്യേണ്ടത്.

19. നക്ഷത്രരാശിവാരാണാമനുകൂലേ ശുഭേƒഹനി
തതോഭൂമിതലേശുദ്ധേ തുഷാംഗാരവിവർജ്ജിതേ

<u>സംസ്കൃതഭാഷ്യം</u>

മണ്ഡപമാഹ നക്ഷത്രേതി. ജ്യോതിഃശാസ്ത്രസമുക്തപ്രകാരേണ നക്ഷത്രരാശിവാരാണാം മദ്ധ്യേ സാദ്ധ്യാനുകൂലനക്ഷത്രേ സാദ്ധ്യാനുകൂലരാശൌ അനുകൂലവാരേ ശുഭേ അഹനി ജ്യോതിഃശാസ്ത്രസമുക്തശുഭതിഥൌ തതോ മണ്ഡപം രചയേരിതി സംബന്ധഃ തഥാ ച രാജമാർത്താണ്ഡേ-
ആദിത്യദ്വയരോഹിണീമൃഗശിരോഹസ്താധനിഷ്ഠോത്തരാ-
പുഷ്യാവിഷ്ണുമഘാനുരാധപവനൈഃശുഭൈധഃസുതാരാന്വിതൈഃ
സൌമ്യാനാം ദിവസേഷു പാപരഹിതേ യോഗേ വിരിക്തേതിഥൌ വിഷ്ടിത്യക്തദിനേ വദന്തി മുനയോ വേശ്മാദികാര്യംശുഭം. ഇതി. ഭൂമിതലേ ശുദ്ധേ ഇതി. തത്ര ഭൂമിപരീക്ഷോക്താ മഹാകപിലപഞ്ച രാത്രേ-.
തത്രഭൂമിപരീക്ഷേത് വാസ്തുജ്ഞാനവിശാരദഃ സ്ഫടിതാ ച സ ശല്യാ ച വൽമികാരോഹിണീതതാ ദൂരതഃപരിവർജ്ജ്യാ ഭൂഃകർതൂരായുർധനാപഹാ സ്ഫടിതാ മരണം കുര്യാദൂഷരാ ധനനാശിനീ സശല്യാക്ലേശദാ നിത്യം വിഷമാ ശത്രുതോഭയം ഈശകോണപ്രവാസാച കർത്തുഃശ്രീദാസുനിശ്ചിതം പൂർവ്വപ്ലവാവൃദ്ധികരീ വരദാ(ബലദാ)ഉത്തരപ്ലവാ വിദ്വേഷം മരണം വ്യാധിം കുര്യാദ് വഹ്നിപ്ലവാമഹി യാ ദക്ഷിണപ്ലവാ(ധർമ്മരാജപ്ലവാ)ഭൂമീൻനിത്യം മൃത്യുഭയപ്രദാ ഗ്രഹക്ഷയകരീ സാ ച ഭൂമിര്യാനൈനൃയ പ്ലവാ ധനഹാനികരീ പൃഥ്വീ കീർത്തിദം വരുണാപ്ലവാ വാതപ്ലവാ തഥാ ഭൂമിർനിത്യമുദ്വേഗകാരിണീ ശ്വേതാതു ബ്രാഹ്മണീ പൃഥ്വി രക്താവൈ ക്ഷത്രിയാ സ്മൃതാ വൈശ്യാ പീതാ യ വിജ്ഞേയാ കൃഷ്ണാ

രുദാപ്രകീർത്തിതാ ബ്രാഹ്മണീ ഘൃതഗന്ധാസ്യാത് ക്ഷത്രിയാരക്ത(രസ)ഗന്ധകൃത് ക്ഷീരഗന്ധം ഭവേദ്വൈശ്യാ ശൂദ്രാ വിൺഗന്ധിനീ ക്ഷിതി. മധുരാ ബ്രാഹ്മണീഭൂമിഃകഷായാ ക്ഷത്രിയാ സ്മൃതാഃ വൈശ്യാ തിക്താƒഥവിജ്ഞേയാ ശൂദ്രാസ്യാത് കടുകാമഹീ ബ്രാഹ്മണീഭൂഃകുശോപേതാ ക്ഷത്രിയാ സ്യാച്ഛരാകുലാ കുശകാശകുലാവൈശ്യാ ശൂദ്രാ സർവ്വതൃണാകുലാ സിതാപീതാതഥാരക്താ കൃഷ്ണവർണ്ണസമന്വിതാ സ്ഥിരോദകാ ദൃഢഃസ്നിഗ്ദ്ധാ ഭൂമിഃസർവ്വസുഖാവഹാ ശീതസ്പർശോഷ്ണകാലേ ച വഹ്നിസ്പർശാ ഹിമാഗമേ വർഷാസുചോഭയസ്പർശാ സാ ശുഭാ പരികീർത്തിതാ ഇതി. ഹയശീർഷപഞ്ചരാത്രേപി- സുരഭീണാം രതിര്യത്ര സവത്സാനാം വൃഷൈഃസഹ സുന്ദരീണാം രതിര്യത്ര പുരുഷൈഃസഹസത്തമഃ കാശ്മീരചന്ദനാമോദകർപ്പൂരാഗുരുഗന്ധിനീ കമലോൽപ്പലഗന്ധാച ജാതിചമ്പകഗന്ധിനി പാടലാമല്ലികാഗന്ധ നാഗകേശരഗന്ധിനി ദധിക്ഷീരാസുഗന്ധാ ച മദിരാസവഗന്ധിനീ സുഗന്ധിവ്രീഹഗന്ധാ ച ശുഭഗന്ധയുതാ ച യാ സർവ്വേഷാമേഷവർണ്ണാനാം ഭൂമിഃസാധാരണീ മതഃ ഇതി. തഥാ- ജ്ഞാത്വാ ഭൂമിം പരീക്ഷേത പൂർവ്വോദകപ്ലവനാം ശുഭാം അസങ്കടാം തഥാഛന്നാം തുണൈസ്തോയപരിപ്ലുതാം സംപൂജ്യമാണേസ്വാതേ തു തഥാƒധികമൃദാം ശുഭാം കുസുമപ്രകരസ്ഥകൃത് യസ്യാമമ്ലാനി മുഛതി ന നിർവ്വാതിതഥാ ദീപസ്തോയം ശീഘ്രം ന ജീര്യതി ശ്വേതാരുണാ പീതകൃഷ്ണാ വിപ്രാദീനാം പ്രശസ്യതേ ആജ്യസൃഗ്ഗന്ധമദ്യാണാം തുല്യഗന്ധാ തു യാദവേത് മധുരാ ച കഷായാ ച അമ്ലാ ച കടുകാ ച യാ കൃശൈഃഗരൈസ്തഥാ കാശൈർദ്ദൂർവ്വാദിര്യാചസംഭൃതാ ഇതി പ്രയോഗസാരേƒപി –വിതസ്തിമാത്രവിസ്താരം നിർമ്മായവിവരംഭവി നിക്ഷിപേത് താം മൃദം തസ്മിൻതാസു ശിഷ്ടാസു ശോഭനം സമാസുമദ്ധ്യമാം വിദ്ധ്യാന്യൂനാസ്വധമമുച്യതേ പരീക്ഷൈവം പ്രയത്നേന ത്യക്ത്വാ ഭൂമിം കനീയസം അംഗാരതുഷകേശാസ്ഥിഹീനം കൃത്വാƒഥഭൂതലം ഇത്യാദി. തുഷേതി. തുഷാ ധാന്യത്വചഃഅംഗാരോഹ്നിർവ്വാപിതമുത്മുകം.ആദിശബ്ദാത് അസ്ഥികേശപാഷാണമസ്മാദിശല്യം തദ്വർജ്ജിതേ .അന്യഥാ ദോഷദർശനാത്. യദുക്തം- വാശിഷ്ഠാം- സ്വന്യമാനേയദാകുണ്ഡപാഷാണഃപ്രാപ്യതേ ഭൂമിഃ തതƒപമൃത്യവേ ചാസ്ഥികേശാംഗാരൈർധനക്ഷയഃ ഭസ്മനാഗ്നിഭയം പ്രോക്തം തുഷൈഃപ്രോക്ത ദരിദ്രതാ ഇതി. തത്ര ശല്യജ്ഞാനമാദിയാമളോക്താഹിബലചക്രാദ് ജ്ഞേയം. തദ്യഥാ- അഹിചക്രം പ്രവക്ഷ്യാമി യഥാ സർവ്വജ്ഞഭാഷിതം ദ്രവ്യം ശല്യം തഥാ ശൂന്യം യേനജാനന്തി സാധകാഃ ഊർദ്ധ്വം രേഖാഷ്ടകം ലേഖ്യം തിര്യക് പഞ്ച തഥൈവ ച അഹിചക്രേ ഭവന്ത്യേവമഷ്ടാവിംശതികോഷ്ഠകഃ തത്ര പൌഷാശ്വിനീയാമ്യകൃത്തികാമഘഭാഗ്യദം ഉത്തരാഫാൽഗുനീലേഖ്യാ പംക്തൌ തത് സപ്തമം ധ്രുവം. അഹിർബുധ്ന്യോƒജപാദക്ഷംശതഭംബ്രാഹ്മസർപ്പദം പുഷ്യംഹസ്തം സമാലേഖ്യം ദ്വിതീയാം പംക്തിമാസ്ഥിതം അഭിജിദ്വിഷ്ണു ധനിഷ്ഠാസൌമ്യംരൌദ്രം പുനർവ്വസുംചിത്രഭണാംതൃതീയായാം പംക്ത്യാം ധിഷ്ണ്യാസ്യസപ്തമം വിശ്വർക്ഷം തോയഭം മൂലം ജ്യേഷ്ഠാമൈത്രവിശാഖദൌ സ്വാതീപംക്ത്യാം ചതുർത്ഥ്യാന്തു കൃത്വാ ചക്രം വിലോകയേത് രേവത്യശ്വിനീഭരണീ കൃത്തികാമഘാപൂർവ്വോത്തരാ പ്രഥമപംക്തൌഃ ഉത്തരഭദ്രപാദാപൂർവ്വഭദ്രപദാശതഭിഷാ രോഹിണീ ആശ്ലേഷാപുഷ്യാ ഹസ്താദ്വിതീയപംക്തൌ. അഭിജിത്ശ്രാവണാധനിഷ്ഠാമൃഗശിരാ ആർദ്രാ പുനർവസൂചിത്രാഃതൃതീയപംക്തൌ.തത ഉത്തരാഷാഢ പൂർവ്വാഷാഢ മൂലജ്യേഷ്ഠാനുരാധാ വിശാഖാ സ്വാത്യഃ ചതുർത്ഥപംക്തൌ. ഏവംപ്രജായതേ ചക്രേ പ്രസ്താരഃപന്നഗാകൃതിഃ ദ്വാരശാഖാമഘായാമ്യാദ്വാരസ്ഥാ കൃത്തികാ മതാ. അശ്വീശപൂർവ്വാഷാഢാദ്ത്രികപഞ്ചചതുഷ്ടയം രേവതീപൂർവ്വഭദ്രേന്ദോർഭാനിശേഷാണിഭാസ്വതഃ ഉദയാദിഗതാ നാഡ്യോ ഭഗാഃഷഷ്ഠാപ്തശേഷകേ ദിനേന്ദുഭുക്തയുക്തോƒസൌ ഭവേത് തത്കാലചന്ദ്രമാഃ ചന്ദ്രവത്സാധയേത് സൂര്യം ഋക്ഷസ്ഥം ചേഷ്ടകാലികം പശ്ചാത് വിലോകയേത് തൌ ച

സ്വഋക്ഷേƒഥാƒ ന്യഭേസ്ഥിതേ ചന്ദ്രഋക്ഷേ യദാƒ ർക്കേന്ദുതദാ സ്യാന്നിശ്ചിതോനിധിഃ ഭാനുഋക്ഷേ സ്ഥിതൌതൌയേത് തദാശല്യംനചാƒ ന്യഥാ സ്വസ്വഭേദ്വിതീയംജ്ഞേയംനാസ്തി കിഞ്ചിദ് വിപര്യയേ ഉക്തരാശ്യംശമാനേന ഭ്രമാൻകാംബികൈഃകരൈഃഇതി തഥാച-ചന്ദ്രസ്ഥാനേ നിധിജ്ഞേയാഃസൂര്യസ്ഥാനേതുശല്യകം. ഇതി. ഇദംചക്രം ഗുരുമുഖാത് ജ്ഞാത്വാ ശല്യോദ്ധാരം കുര്യാദിതി. ഇദഞ്ച നിവർത്തന പരിമിതഭൂമൌ ഏകമേവ കുര്യാത്. നിവർത്തനസ്വരൂപഞ്ച-ദണ്ഡസ്തുദശഹസ്തഃസ്യാത് ത്രിംശദണ്ഡൈർവർത്തനം ഇതി. തന്മദ്ധ്യേ വാരദ്വയം അന്യചക്രം ലേഖനീയം. തത ഊർദ്ധ്വം നേതി സമ്പ്രദായവിദഃ അഥവാ മഹാകപിലപഞ്ചരാത്രോക്തപ്രകാരേണശല്യോദ്ധാരഃ കർത്തവ്യഃ തദ് യഥാ- പ്രാസാദാരംഭകാലേ ച ഗൃഹാദൌ ച വിശേഷതഃ ശല്യോദ്ധാരസ്തുകർത്തവ്യോ യദീഛേച്ഛുഭമാത്മനഃപ്രാസാദാരംഭകാലേ ച യദംഗം സ്പൃശതേപുമാന്, വാസ്തുദേഹേദ്ദൃഢം തത്ര ശല്യം വിദ്യാദ്വിചക്ഷണഃ കണ്ഡൂയതിശിരഃപുംസി ശിരഃശല്യം സമുദ്ധരേത് ശല്യം തത്രാസ്ഥിവിജ്ഞേയം സ്വന്യമാനേ കരത്രയേ അഗ്നിദാഹശ്ച രോഗശ്ച ധനഹാനിശ്ച ജായതേ യത്നേനോൽപാടയേഛല്യം യദീച്ഛോദ്ഭദ്രമാത്മനഃ ബാഹുകണ്ഡൂയമാനേ തു നിർദ്ദിശേല്ലോഹശൃംഖലം ഹസ്തദ്വയേന സന്തിഷ്ഠേല്ലക്ഷണം കഥ്തം തവ സ്വാമിനോ മരണം വിദ്യാത് വിദേശേ ഗമനം തഥാ യത്നേനോത്പാടയേഛല്യം യദീഛേത് സിദ്ധിമാത്മനഃ ഹസ്തേനൈകേന സന്തിഷ്ഠേല്ലക്ഷണം കഥിതം തവ അസതീ ച ഭവേത്ഭാര്യാ യശോഹാനിശ്ച ജായതേ യത്നേനോത്പാടയേഛല്യം യദീഛേച്ഛുഭമാത്മനഃ ഹസ്തൌകണ്ഡൂയമാനേതു കങ്കാളഞ്ച വിനിർദ്ദിശേത് ത്രിഹസ്തേന ച സന്നിഷ്ഠേത് സ്വന്യമാനേ ന ചാന്യഥാ അഗ്നിദാഹശ്ച രോഗശ്ച സശല്യം മരണം ഭവേത് യത്നേനോത്പാടയേഛല്യം യദിഛേത്ഭദ്രമാത്മനഃ പൃഷ്ഠം കണ്ഡൂയമാനേതു ബാഹുശല്യം വിനിർദ്ദിശേത് ഹസ്തേനൈകേന സന്തിഷ്ഠേന്നാത്ര കാര്യാ വിചാരണാ സ്വാമിനാശോഭവേത്തത്ര ഭാര്യാ വാ ജായതേƒ സതി പാദൌ കണ്ഡൂയമാനേതു ഹസ്തശല്യം വിനിർദ്ദിശേത് സാർദ്ധഹസ്തേന സന്തിഷ്ഠേല്ലക്ഷണം ഗദിതം തവ ഗോനാശോ രാജദണ്ഡശ്ച ശസ്യഹാനിശ്ച ജായതേ യതോനോത്പാടയേശ്ചല്യം യദിശ്ചേദ്സിദ്ധിമാത്മനഃ കുക്ഷിം കണ്ഡൂയമാനേതു പാഷാണം തത്ര നിർദ്ദി ശേത് ഹസ്തദ്വിതയമാനേന ലക്ഷണം ഗദിതം തവ ഭുജംഗദംശസ്തത്രസ്യാത്തസ്മാഛല്യം സമുദ്ധരേത് ജാനുകണ്ഡൂയമാനേതു ഭസ്മതത്ര വിനിർദ്ദിശേത് ഹസ്തദ്വയേന സന്തിഷ്ഠേൽപലക്ഷണം ഗദിതം തവ അഗ്നിദാഹോമനസ്താപഃ ക്ലേശദുഃഖഭയാനി ച കരോത്യേവംവിധം കർമ്മം തസ്മാദ് തം വൈ സമുദ്ധരാത് ഗോശൃംഗം പീതമണ്ഡൂകഃശംഖഃശുക്തിശ്ച കശ്ചപഃ ശംബൂകശ്ച പ്രശസ്താഃസ്യുദ്യാശ്ചാന്യാരത്നജാതയഃ അംഗാരം വൈ തുഷം കേശമസ്ഥിശല്യം വിചാരയേത് സ്വന്യമാനേജലം യാവഛല്യദോഷോപശാന്തയേ ദൂരനീച സ്ഥിതം വാരിസ്വനിതും നൈവശക്യതേ പഞ്ചഹസ്തം പ്രശ്വാതവ്യം ശല്യദോഷോപശാന്തയേ ശല്യോദ്ധാരം തതഃകൃത്വാ പൂരയേത് സുസമം യഥാഇതി. ഹയശീർഷപഞ്ചരാത്രേƒ പി- പ്രാസാദേദോഷജം ശല്യം ഭവേദ്യാവജ്ജലാന്തികം തസ്മാദ് പ്രാസാദികീ ഭൂമിഃശോദ്ധ്യം യാവജ്ജലാന്തികാ ശിലാന്തംകർക്കരാന്തം വാ യാവദ്വാ ശുദ്ധതാം വ്രജേത് ഇതി.

മലയാളം ഭാഷ്യം

മണ്ഡപം കെട്ടേണ്ടത് നക്ഷത്രരാശി എന്ന ശ്ലോകം മുതല് പറയുന്നു. ജ്യോതിഃശാസ്ത്രത്തില് പറഞ്ഞിരിക്കുന്ന പ്രകാരം നക്ഷത്രം, വാരം, രാശി, എന്നിവ ശുഭമായിരിക്കേ സാദ്ധ്യാനുകൂലം ഉള്ള നക്ഷത്രരാശി വാരങ്ങളിൽ,ശുഭമായ ദിനത്തിൽ,ശുഭതിഥിയിൽ മണ്ഡപം വിരചിക്കണം. രാജമാർത്താണ്ഡമെന്ന ഗ്രന്ഥത്തിൽ, ഇതിനുള്ള ശുഭനക്ഷത്രങ്ങളും ശുഭയോഗങ്ങളും പറഞ്ഞിരിക്കുന്നു. സൂര്യൻ രോഹിണി,മകീരം,അത്തം, അവിട്ടം, ഉത്രങ്ങൾ,പൂഷ്യം,വിഷ്ണ,മഘം,അനുരാധം ഇവയിൽനിൽക്കുന്ന സൌമ്യദിനത്തില് വിഷ്ടി മുതലായ പാപയോഗമില്ലാത്ത തിഥിയിൽ വേശ്മമുണ്ടാക്കുന്നത് ഉത്തമം. മഹാകപിലപഞ്ചരാത്രത്തില് വാസ്തു ജ്ഞാനവിശാരദന്മാർ ഭൂമി പരീക്ഷിക്കുന്നത് വിവരിക്കുന്നു. ചിതലോ മറ്റു ശല്യങ്ങളോ ഇല്ലാത്ത ഭൂമിയാവണം.

അംഗാരം(കരി)മുടി,അസ്ഥി, ഇവയില്ലാത്തതും മുള്ളില്ലാത്തതും സമനിരപ്പം ധാന്യാദികള് മുളച്ച വളരുന്നതും അഗ്നിഭയമില്ലാത്തതും കാറ്റോട്ടമുളളതുമായ ജലസമൃദ്ധ മായ ഭൂമി നല്ല ഭൂമിയാണ്. സ്ഫുടിതമായ ഭൂമി മരണവും ഊഷര ഭൂമി ധനനാശവും ശല്യമുളളത് ക്ലേശദവും വിഷമവും ശത്രുഭയമുണ്ടാ ക്കുന്നതുമാണ്. ഭൂമിയുടെ ഈശാനകോണിലുണ്ടാക്കിയ വാസ്തു ശ്രീ തരുന്നു. കിഴക്ക് വൃദ്ധികരിയും വടക്കുണ്ടാക്കിയത് വരദയും (ബലദ) ആണ്. അഗ്നികോണിലെ വാസ്തു വിദ്വേഷം, മരണം, വ്യാധി ഇവയുണ്ടാക്കും. ധർമ്മരാജാവിന്റെ ദക്ഷിണ ഭാഗം മൃത്യു ഭയമുണ്ടാക്കും. നൈരൃതിയിലേത് ധനക്ഷയം ,വരുണദിക്കിലേത് ധനഹാനി,വായുകോണിലേത് ഉദ്വേഗകാരിണി എന്ന് അറിയുക. വെളുത്തഭൂമി ബ്രാഹ്മണി യും ചുവന്നത് ക്ഷത്രിയയും ,മഞ്ഞ വൈശ്യയും കൃഷ്ണ ശൂദ്രയുമാണ്. ബ്രാഹ്മണിയായ ഭൂമിക്ക് നെയ്യിന്റെ മണം ഉണ്ടാവും. ക്ഷത്രിയഭൂമിക്ക് രക്തഗന്ധം, വൈശ്യഭൂമിക്ക് പാലിന്റെ മണം, ശൂദ്രഭൂമി വിണ്ഗന്ധം . ബ്രാഹ്മണിഭൂമി മധുരവും ക്ഷത്രിയഭൂമി കഷായവും വൈശ്യഭൂമി തിക്തവും ശൂദ്രഭൂമി കടുക രസവുമാണ്. വെളുത്തതും മഞ്ഞയും രക്തവർണ്ണയും കൃഷ്ണവർണ്ണയുമായ ഭൂമികള് സ്ഥിരമായി ഉദകം(വെള്ളം)ഉളളവയും ദൃഢവും സ്നിഗ്ധവും ആണെങ്കിൽ സർവ്വസുഖാവഹങ്ങളാണ്. ഉഷ്ണകാലത്ത് തൊട്ടാല് തണുപ്പ് തോന്നുന്നതും, ഹിമകാലത്ത് തീപോലെ തോന്നുന്നതും വർഷകാലത്ത് തൊട്ടാല് ചൂടും തണുപ്പും തോന്നുന്നതും(ഉഭയം) ആയ ഭൂമി ശുഭയാണ്. ഹയശീർഷപഞ്ചരാത്രത്തിൽ, കന്നുകുട്ടികളോടും ഋഷഭങ്ങളോടും കൂടി പ്രീതിപൂർവ്വം പശുക്കള് കളിക്കുന്നതും പുരുഷന്മാരോടൊത്ത് സുന്ദരി കൾ വസിക്കുന്നതും , കാശ്മീര,ചന്ദന,കർപ്പൂരം,അഗരു, കമലം, ഉൽപ്പലം, ജാതി,ചെമ്പകം,പാടലം,മല്ലിക,നാഗകേസരം,ദധി,ക്ഷീരം ,മദിരാ സവം ഇവയുടെ സുഗന്ധമുളളതും ആയ ഭൂമി സാധാരണിയാണ്.വാസ്തുപുരുഷതന്ത്രത്തിൽ ഏറ്റവും പഴക്കമുളള ചക്രം അഹിചക്രം എന്ന രാഹുമണ്ഡലമാണ്. (ഭൂമണ്ഡലം ആദ്യം മനുഷ്യരാശി പഠിച്ച ചക്രം) മുകളിൽ 8 രേഖ, വിപരീതമായി 5 രേഖ ആകെ അഷ്ടവിംശതി കോഷ്ഠം. അതിൽ പൌഷം ,അശ്വിനി,യാമ്യം, കൃത്തിക, മഘം ,ഉത്തര ഫാൽഗുനി,ഭാഗ്യദമെന്നീ 7 എണ്ണം ധ്രുവം. അഹിർബുധ്നിയെ ജപിച്ച് അതില് 100 അക്ഷം വരക്കുന്നു. പുഷ്യം ഹസ്തം ഇവ രണ്ടാം പംക്തിയിലാണ് വരിക . അഭിജിത് വിഷ്ണു ധനിഷ്ഠം സൌമ്യം രൌദ്രം പുനർവ്വസു ചിത്ര മൂന്നാം പംക്തിയിലാണ്. ധിഷ്ണ്യാസ്യസപ്തകം. വിശ്വർക്ഷം,തോയദം,മൂലം, ജ്യേഷ്ഠ, മൈത്രം ,വിശാഖം, സ്വാതി എന്നീ പംക്തി നാലാമത്തെ സപ്തകം. (28 നക്ഷത്രം 7 വീതം നാലായി ഭാഗം) ഇപ്രകാരം ചക്രം വരക്കുന്നു.രേവതി,അശ്വതി,ഭരണി,കാർത്തിക,മഘം-പൂർവ്വോത്തര. പംക്തി 1

ഉത്രട്ടാതിപൂരോരുട്ടാതി ചതയംരോഹിണിആയില്യംപൂയംഅത്തം പംക്തി 2

അഭിജിത്,തിരുവോണം,അവിട്ടം,മകീരംആർദ്ര,പുണർതം,ചിത്ര- പംക്തി 3

പൂരാടം,ഉത്രാടം,മൂലം കേട്ട,അനിഴം,വിശാഖം ,ചോതി പംക്തി 4

ഇപ്രകാരം ചക്രം വരച്ച് പ്രസ്തരിച്ച് സർപ്പാകൃതിയുണ്ടാക്കുന്നു. ദ്വാരശാഖാ മകം, യാമ്യം. ദ്വാരത്തിൽ കാർത്തിക അശ്വി ഈശന് പൂരാടം എന്ന ത്രികപഞ്ചചതുഷ്ടയം, രേവതിപൂരോരുട്ടാതി, ഉദയാധി ഗതനാഡികയാൽ ഹരിച്ച് ബാക്കി ആറിനെ ദിനവും ഇന്ദു ഭുജിക്കുന്നതാണ് താൽക്കാലികചന്ദ്രഗതി.ചന്ദ്രനെപ്പോലെ ഋക്ഷസ്ഥമായി ,ഇഷ്ടകാ ലത്തേക്ക് സൂര്യനെ ഗണിച്ചെടുക്കണം. അത് സ്വക്ഷേത്രത്തിലോ അന്യ ക്ഷേത്രത്തിലോ ചന്ദ്രക്ഷേത്രത്തിലോ മുതലായ കാര്യങ്ങളെ നിരീക്ഷിച്ചറിയണം.സൂര്യക്ഷേത്രത്തിലോ സ്വക്ഷേത്രത്തിലോ രണ്ടിലോ ആണെങ്കിൽ വിപര്യയം (ശല്യം)ഉണ്ടാവുകയില്ല. ഭുക്തരാശിയുടെ അനുപാതംവെച്ച് ഭൂമി അഥവാ കാംബികയുടെ (ബ്രാ ഹ്മിലിപിയിലെ കകാരരൂപിണിയായ ഭൂമിയെ കാംബിക എന്നു പറ ഞ്ഞിരിക്കുന്നു) കരങ്ങളെ പറയാം. ചന്ദ്രസ്ഥാനത്ത് നിധി, സൂര്യ സ്ഥാനത്ത് ശല്യകം . ചക്രം ഗുരുമുഖത്തുനിന്ന് അറിഞ്ഞ് ഭൂമിയിൽ ശല്യമുണ്ടെങ്കില് ശല്യോദ്ധാരം ചെയ്ത് അത് എടുത്തുകളയണം. നിവർത്തനം(കുഴിക്കൽ,ഖനനം)സ്വഭാവം പറയുന്നു. 10 ഹസ്തം നീളമുളള ത്രിംശദ്(10 x 3 = 30) ദണ്ഡം കൊണ്ട് കുഴിക്കുന്നു. പ്രാസാദാ രംഭകാലത്ത് ശല്യോദ്ധാരം ചെയ്യണം. വാസ്തുദേഹത്തിൽ ശല്യമിരിക്കുന്നത് വാസ്തുവിന് ഗുണമല്ല. അഗ്നിദോഷം,രോഗം ,ധനഹാനി എന്നിവ വരാം. 3 അടി താഴ്ചയിൽനിന്ന് എല്ലോ ശിരസ്സിലെ അസ്ഥിയോ കിട്ടുന്ന പക്ഷം. രണ്ടടി താഴ്ചയില് കയ്യിലെ എല്ലോ ലോഹമോ കിട്ടിയാല് സ്വാമിമരണം ,വിദേശഗമനം . ഒരുകൈ താഴ്യയിലാണ് കിട്ടിയതെങ്കിൽ ഭാര്യ പതിവ്രതയാവില്ല, യശോഹാനി സംഭവിക്കും. അര ഹസ്തം താഴ്ചയിലെങ്കില് ഗോനാശം,രാജദണ്ഡം, സസ്യഹാനി.

വാസ്തുവിന്റെ കുക്ഷിഭാഗത്ത് 2 ഹസ്തം താഴെ പാഷാണം കണ്ടാല് പാമ്പുകടി. ജാനുഭാഗത്ത് 2 ഹസ്തം താഴെ കണ്ഡുവോ ഭസ്മമോ കണ്ടാൽ,അഗ്നിദാഹം,മനസ്താപം,ക്ലേശം,ദുഃഖം,ഭയം. പശുവിന്റെ കൊമ്പോ മഞ്ഞതവള യോ ശംഖ്,ചിപ്പി,ആമ,ശംബൂകമെന്ന ഒച്ചിന്റെ തോട് ഇവയോ കണ്ടാല് അന്യരത്നങ്ങളുമുണ്ടാവാമെന്ന് സൂച ന. 5 ഹസ്തം താഴെയാണ് ശല്യം കണ്ടതെങ്കില് യാതൊരു ദോഷവുമില്ല. ശല്യോദ്ധാരം ചെയ്ത് കുഴി മണ്ണിട്ട് സമമാക്കി മൂടിയാൽത്തന്നെ ദോഷശാന്തിയായി. ജലത്തിനടുത്തുള്ള ഭൂമി പ്രാസാദികിയാണ്. അതിൽ മേൽപ്പറഞ്ഞ ദോഷങ്ങളൊന്നും തന്നെയില്ല.

20. പുണ്യാഹം വാചയിത്വാ തു മണ്ഡപം രചയേച്ശുഭം
പഞ്ചഭിഃസപ്തഭിർഹസ്തൈർനവഭിർവ്വാ മിതാന്തരം.

<u>സംസ്കൃതഭാഷ്യം</u>

പുണ്യാഹം വാചയിത്വേതി. പുണ്യാഹവാചനം ബഹ്വചാനാം പ്രസിദ്ധതരം. അഥവാ അസ്യ യജമാനസ്യ പുണ്യാഹം ഭവന്തോ സ്രുവന്തു ഏവം സ്വസ്തി ഭവന്തഃഏവം ഋദ്ധിം ഭവന്തഃഇതി ത്രിപുണ്യാഹവാചനം. തദുക്തം ബോധായനേന- പുണ്യാഹം വാക്യം സ്വസ്ത്യദ്ധിമിത്യോങ്കാരപൂർവ്വം ത്രിസ്ത്രിരേകൈകമാശിഷം വാചയിത്വാ ഇതി. തത്ര പൂർവ്വാദിദിക്ജ്ഞാനനിശ്ചയപൂർവ്വകമേവ മണ്ഡപാദികൃത്യാത്. അന്യഥാ ദോഷദർശനാത്. തദുക്തം- യദികുര്യാദ് യഥാദൃഷ്ടം വിപന്നോ നിരയംവ്രജേത് ഭാനോർഗത്യാദിശോ(ദികം)ജ്ഞാത്വാ കുര്യാദ് കർമ്മാണി ദേശികഃഇതി. വാസ്തുവൈഷമ്യതോ യത്ര സമ്യഗ് ന ജ്ഞായതേകക് തത്രശങ്കും പ്രതിഷ്ഠാപ്യ ജാനീയാശ്ചുദ്ധദിക്സ്ഥിതിം. ഇതി. തദ്വിജ്ഞാനോപായതസ്തത്രൈവോക്ത- തദ് ഗത്വാ ദിക് പരിജ്ഞാനം ശൃണവക്ഷ്യേ യഥാവിധി സുസമേഭൃതലേ കൃത്വാ വൃത്തം ഭ്രമണരൂപതൌ തന്മദ്ധ്യവിന്ദോശങ്കുന്തുസ്ഥാപയേത് ദ്വാദശാംഗലം അഗ്രഛായാദ്വയവശാദ് വൃത്തേ പൂർവ്വാപരദ്വയേ പൂർവ്വാപരദ്വയോഃകൃത്വാ ചിഹ്നേ തമദിതസ്തഥാ സമമാനപരിഭ്രാന്ത്യാ കൃത്വാ വൃത്തദ്വയം പുനഃ തയോഃസംശ്ലേഷസംജാത മദ്ധ്യദക്ഷോന്തരസ്ഥാതേ സന്ധിദ്വയേച പ്രാക് പ്രത്യഗ് സൂത്രം മദ്ധ്യേതു വിന്യസേത് സൂത്രം ദക്ഷോത്തരം തേഷാമഗ്രൈപ്രാഗാദികൽപയേത് ഇതി. ക്രിയാസാരേƒപി- കൃത്വാ ഭൂമിം സമാം തത്ര വൃത്തം ഹസ്തമിദ്ംസമം ദ്വാദശാംഗലമാനേച്ചം ശങ്കും ഖദിരനിർമ്മിതം അഹഭേയജ്ഞവാർക്ഷംവാ തത്ര സംസ്ഥാപയേത് സുധി തഛായാസംസ്പൃശേത് യത്ര തന്മദ്ധ്യേ മദ്ധ്യമം സൂതം തിര്യഗ് പ്രസാരയേത് സൂത്രം മദ്ധ്യം യാമ്യോത്തരേ സൂതേ കോണഋസ്യരന്യേചത്വാരശ്ചതുഃസൂത്രപ്രസാരണാത് ഏഷമാശാപരിജ്ഞാനം സമാഖ്യാതം യഥാ സ്ഫുടം ജ്ഞാത്വൈവം മണ്ഡപാദീനി കുര്യാത് സമ്യഗ് വിചക്ഷണഃ ഇതി. തത്രമഹാകപിലപഞ്ചരാത്രേ തു വിശേഷഃ- വിഷുവേതുഗതേ സൂര്യേ ശങ്കുമാനം സമാചരേത് ഖാദിരം വിന്യസേഛങ്കും ദ്വാദശാംഗലവിസ്തൃതം നിശ്ചലീകൃത്യഹന്തവ്യം ഗൃഹീത്വാ ലോഹമുദ്ഗരം അഷ്ടധാ ച സ്വയം ഹന്യാത് പ്രശസ്തം ക്രമതോ ലഘുഃ ഹന്യമാനേ യദാശങ്കൌ ഹസ്താദ് പതനി മുദ്ഗരഃ തദാതാഡയിതുഃശോകോ ജായതേ ദുസ്തരോമഹാന് മൌഞ്ജകൌശേയകാർപ്പാസം പ്രാണിവാലജമേവ വാ ചതുര്യവപരീണാഹം സൂത്രം ശങ്കൌതു വേഷ്ടയേത് വേഷ്ട്യമാനം യദാസൂത്രം ശങ്കും മുഞ്ചതി തത്ക്ഷണം പുത്രസ്യ മരണം വിദ്യാഛിന്നേ വൈ സ്വപിനാശനം തത്രാപിനാരസിംഹേന ഹോമേനോƒശുഭനാശനം ഇതി. മയേനാƒപ്യുക്തം- ശങ്കുഃസാരദ്രുമൈഃപ്രോക്തസ്തസ്യാഗ്രം ചിത്രവൃത്തകം സമ്യക് കൃത്വാ ദിനാദൌ തു സ്ഥാപ യേത് സമഭൂതലേ ശങ്കും ദ്വിഗുണമാനേന തന്മദ്ധ്യേ വർത്തുലം ലിഖേത് പൂർവ്വാപരാഹ്ണയോ ഛായാ യദാ തന്മണ്ഡലാന്തഗാ തദ്ബിന്ദുദ്വയഗം സൂത്രം പൂർവ്വാപരദിഗിഷ്യതേ വിന്ദുദ്വയാന്തരഭ്രാന്തശഫരദ്വയപുഛഗം ദക്ഷിണോത്തരഗം സൂത്രമേവം സൂത്രദ്വയം ന്യസേത് തദഗ്രാണ്യപരാന്താനി സൂത്രാണി ച വിനിക്ഷിപേത് സൂത്രാണിഃസ്ഥപതിഃപ്രാജ്ഞഃപ്രാഗുത്തരമുഖാനി ച ഇതി. ഹയശീർഷപഞ്ചരാത്രേƒപി- ഭൂമിംതോയസമാം കൃത്വാ ദർപ്പണോദരസന്നിഭാ ദ്വാദശാംഗലമാനേന തത്രവൃത്തന്തു ഭ്രാമയേത്

മദ്ധ്യേതു നിശ്ചലം ശങ്കം സ്ഥാപ്യഛായാം നിരീക്ഷയേത് വൃത്തരേഖാതു യാ ബാഹ്യശങ്കുഛായാം നിരൂപയേത്. ശങ്കുഛായാഗ്രചിഹ്നാഭ്യാം പ്രാക് പ്രതീച്യോഃപ്രസാധയേത് പ്രാക് പ്രതീചിഗതേ സൂര്യേ ഉദഗ് യാമ്യേ തു സാധയേത്. വിഷുവേ വിമലവ്യോമ്നി ശങ്കുനാസാധയേദ് ദിശംപ്രാചീം വാ പുഷ്യവേസേന ചിത്രാസ്വാത്യന്തരേണ വാ ഇതി. അന്യത്രാപി-

യഥൈവപൂർവ്വാപരദിഗ്വിഭാഗവിശേഷവിജ്ഞാനമിഹോപദിഷ്ടം സമാസതസ്തം വിഷയംവിവിച്യകാര്യാണി കർമ്മാണി യഥോപദിഷ്ടം ഇതി. രാത്രൌ തു പ്രാചീസാധനം യഥാ- കൃതികാശ്രവണഃപുഷ്യശ്ചിത്രാസ്വാത്യോര്യഗന്തരം

ഏതത് പ്രാച്യാ ദിശേ രൂപം യുഗമാത്രോദിതേ പുരേ ഇതി. ത്രികാണ്ഡമണ്ഡനേƒപി- ശ്രുവണാസ്യോദയേ പ്രാചീകൃത്തികായാസ്തദോദയേ ചിത്രാസ്വാത്യന്തരേപ്രാചീ ന പ്രാചീചന്ദ്രസൂര്യയോഇതി

സൂക്ഷ്മപൂർവ്വദിഗാനയനം ത്രൈരാശികേന കർത്തവ്യം. തദ് യഥാ ദ്വിതീയദിവസേƒപിതഥൈവ ശംങ്കം സംസ്ഥാപ്യ പൂർവ്വാപരാഹ്വക്ഷ ശ്ചിഹ്നേകുര്യാദ്. തത്രസ്ത്രൈരാശികകൽപനാഷഷ്ടിഘടികാഭിരേതദന്തര ഞ്ചേല്ലഭ്യതേ പൂർവ്വദിനപൂർവ്വാപരചിഹ്നയോരന്തരാലഘടികാഭിസ്തദാകിയദിതി ത്രൈരാശികം .തത്ര ത്രൈരാശികസൂത്രം യഥാ- ആദ്യന്തയോസ്ത്രിരാശാവഭിന്നജാതീപ്രമാണമിഛാ ച ഫലമന്യജാതിമദ്ധ്യേ തദന്ത്യഘ്നമാദിനാവിഭജേത് ഇതി അനേന പ്രകാരേണ യാ ആഗതാ തിലാദിപ്രമാണികാ അന്തരഭ്രസ്താം ഉദഗയനേ ഉത്തരതോ ദക്ഷിണായനേ ദക്ഷിണതഃ പ്രാഗംഗം ഏവം വർദ്ധയേത്. തത്ര രേഖാം കുര്യാത്. ഏഷാ സൂക്ഷ്മാ പ്രാചീതി. മണ്ഡപം രചയേദിത്യനേനോത്തമമദ്ധ്യമകനീയോഭേദേന ത്രിവിധേƒപി മണ്ഡപ ഉദ്ദിഷ്ടോഭവതി. തത്ര മണ്ഡപത്രൈവിധ്യം മന്ത്രമുക്താവല്യാമുക്തം- അഥമണ്ഡപനിർമ്മാണാം ബ്രൂമഹേബ്രഹ്മണോദിതം ശ്രേഷ്ഠമദ്ധ്യഹീനേസ്തു മാനൈസ്തച്ചത്രിധാമതം ഇതി

അനേന മാനാധികോƒഥവാന്യൂനഃഇത്യാദി ക്രിയാസാരോക്തദോഷപരിഹാരഃസൂചിതഃ ത്രിവിധസ്യാപി മണ്ഡപസ്യ പ്രമാണമാഹ പഞ്ചഭിരിതി. .തത്ര യഥാ ശ്രുതവ്യാഖ്യാനം തു പഞ്ച ഹസ്തവിസ്താരായാമഹാൻ പഞ്ചവിംശതിഹസ്തക്ഷേത്രഫലഃ കനീയാ ൻമണ്ഡപഃമദ്ധ്യമസ്തു സപ്തഹസ്തവിസ്താരായാ മഹാൻഏകോനപഞ്ചാശദ്വസ്തക്ഷേത്രഫലഃഉത്തമസ്തു നവഹസ്തായഷവിസ്താര വാൻഏകോത്തരാശീതികരക്ഷേത്രഫലഃ തത്രോത്തമണ്ഡപേ താവദ്വി ചാര്യതേ .ഗ്രന്ഥകൃതേവാഗ്രേ നവകുണ്ഡീയപക്ഷമസ്മിന്നേവ മണ്ഡപേ വക്ഷ്യതി. തേഷ്ഷ ചകുണ്ഡേഷു വക്ഷ്യമാണപ്രകാരേണ വേദ്യാഃ പാഠാന്തരം ത്യക്ത്വാ ഏകാ തിസ്രാഃപഞ്ച വാ മേഖലാഃ കാര്യാഃതദുക്തം പിംഗലാമതേ-

മേഖലൈകാƒഥവാതിസ്രോ ഭൂതസംഖ്യാƒഥവാ പ്രിയേ ഇതി തന്ത്രാന്തരേƒപി-മേഖലാഃപഞ്ചവാ

തിസ്രോ വൈകാവാƒഥസുരേശ്വരി ഇതി സിദ്ധാന്തശേഖരേƒപി-സർവ്വേഷാമേവകുണ്ഡാനാമേകാവാ

തിസ്രഏവ വാ. പഞ്ച വാ മേഖലാസ്താഃസ്യുഃഇതി. പ്രതിഷ്ഠാസാരസംഗ്രഹേƒപി- മേഖലാഃപഞ്ചവാ കാര്യാ ഇതി. തത്ര പഞ്ചമേഖലാപക്ഷേ കുണ്ഡാനാമേവ ന സമാവേശഃത്രിമേഖലാപക്ഷസ്തു ഗ്രന്ഥകാരോക്തഃതത് പക്ഷേ യഥാ കഥഞ്ചിത് കുണ്ഡാനാമേവ സമാവേ ശഃ ഹോമകർത്താദീനാം പ്രചാരസ്ഥലമേവ നാസ്തി അതിസങ്കീർണ്ണ ത്വാത്. കിഞ്ച വൈശ്വദേവാർത്ഥം വക്ഷ്യമാണാസ്ഥണ്ഡിലസ്യ വേദ്യാംശയീതേതി വക്ഷ്യമാണശയനസ്യാപി സമാവേശോ നാസ്തി. കർമ്മാന്ത രേ ഹോമദ്രവ്യാധിക്യേ വാ കുണ്ഡാധിക്യം തദാപി കുണ്ഡസമാവേശോ നാസ്തി. മദ്ധ്യമാധമയോസ്തു കാ കഥാഃ തത്ര പഞ്ചകുണ്ഡീപക്ഷസ്യാപി സമാവേശായോഗാത് .ഗ്രന്ഥകാരേണ തത്രാപി നവകുണ്ഡീപക്ഷ ഉപന്യ സ്തഃ സ ത്വത്യന്താസംഗതഏവസ്യാത് .തസ്മാന്ന യഥാശ്രുതവ്യാഖ്യാനം .കേചിത് വക്ഷ്യമാണം വേദാഖ്യം മദ്ധ്യമന്തരശബ്ദാർത്ഥമാഹുഃതന്മതേ പഞ്ചദശഹസ്ത വിസ്താരായാമഃപഞ്ചവിംശത്യധികാദ്വിശതകരക്ഷേത്രഫലഃകനീയാൻമണ്ഡപഃമദ്ധ്യമസ്തു ഏകവിംശതി ഹസ്ത വിസ്താരായാമഃ ഏകചത്വാരിംശദധികചതുഃശതകരക്ഷേത്രഫലഃഉത്തമസ്തു സപ്തവിംശതി ഹസ്തായാമവിസ്താരഃ ഏകോനത്രിംശദ്അധികചതുഃശതകഭക്ഷേത്രഫലഃതദപി സദാം ന സമ്മതം യതോ ഗ്രന്ഥാന്തരേ ഏതാദൃശ

മാനസ്യാനുക്ത ത്വാത്. മന്ത്രമുക്താവല്യാദൌ പരമപിമാനം-ചതുർവ്വിംശതിഹസ്തം വാ ഹസ്തവിംശതികം തഥാഃഇതി അന്യത്രാപി-വിംശഹസ്തപ്രമാണേന മണ്ഡപം ക്രമമേവ ച ഇതി. വിംശതിഹസ്തം ചതുർവിംശതി ഹസ്തമേവചോക്തം. തേനാസ്യ ശാര ദീയപദ്യസ്യൈവമർത്ഥോവ്യാഖ്യേയഃ പഞ്ചഭിഃസപ്തഭിരിതിന്യന്യേതി. തേന ചതുർദ്ദശഹസ്തായാമവിസ്താരഃ ചതുത്രതദ്വിശതഹസ്ത ക്ഷേത്ര ഫലഃമദ്ധ്യമോമണ്ഡപഃതതശ്ച സപ്തഭി ർനവഭിരിത്യന്വേതി. തേനഷോഡശ ഹസ്തായാമവിസ്താരഃഷഡ്പഞ്ചാശദധികദ്വിശതകരക്ഷേത്രഫലഉത്തമോ മണ്ഡപഃഇതി ത്രിവിധോƒപി മണ്ഡപഉക്തോഭവതി. തദുക്തം പ്രതിഷ്ഠാ സാരസംഗ്രഹേ-സ്വൽപ്പോദ്വാദശഹസ്തോƒയം ദ്വിദ്വിവൃദ്ധ്യാ തതഃക്രമാത് ഇതി. ഏതേന ചതുർദ്ദശഹസ്തസ്യ മദ്ധ്യമതോക്താ ഷോഡശഹസ്തസ്യോ ത്തമതാ ച .സിദ്ധാന്തശേഖരേƒപി മണ്ഡപോƒർക്കകരോഥവാ ദ്വി ഹസ്തോത്തരയാ വൃദ്ധ്യാശോഷാംഃസ്യർമ്മണ്ഡപാഃശുഭാഃഇതി. അന്യത്രാപി- ഗൃഹസ്യേശാനഭാഗേതു മണ്ഡപം കാരയേത് ബുധഃ ദ്വാദശൈരഷ്ടഷഡ്ഹസ്തൈഃഷോഡശൈർവാ സമന്തതഃ ഇതി. ക്രിയാസാരേƒപി-അഥദ്വാദശവിസ്താരഃകനിഷ്ഠോമണ്ഡപഃസ്മൃതഃഇതി പഞ്ചരാത്രേƒപി-തഥാഷോഡശഭിർഹസ്തൈർമണ്ഡപഃസ്യാദിഹോത്തമഃഇതി .മന്ത്രമുക്താവല്യാമപി-ഉത്തമംമാനമിത്യാഹർഹസ്തഷോഡശകം തഥാ ഇതി. അഥശ്ച മണ്ഡപശ്ചതുരസ്രഃകർത്തവ്യഃയദുക്തം പരിശിഷ്ടേകാർത്യായനേന-പ്രമാണം ചതുരസ്രമാദേശാദന്യ ത് ഇതി. സിദ്ധാന്തശേഖരേƒപി ചതുരസ്രം ചതുർദ്വാരം ഇതി. സമചതുരസ്രതാ തു വാസ്തുമണ്ഡലപ്രോക്ത വിധാനേന വിധാതവ്യാ. അത്രവിശേഷഃസിദ്ധാന്തശേഖരഃ-സ്ഥലാദർക്കാംഗലോഛ്രായം മണ്ഡപസ്ഥല മീരിതം മഹാകപിലപഞ്ചരാത്രേ മണ്ഡപം പ്രകൃത്യോക്തം-ഉഛ്രായോഹസ്തമാനംസ്യാത് സുസമം ച സുശോ ഭനം ഇതി. അന്യത്രാപി ക്ഷ്മാസ്തം മണ്ഡലമുന്നതം ഇതി. നന്വത്ര മണ്ഡപത്രയേ കനീയസൈവ ഫലസിദ്ധ്യേ ർമ്മദ്ധ്യമോത്തമ യോരനുഷ്ഠാനമേവസ്യാദിതി ചേന്ന. ഫലസ്യകർമ്മനിഷ്പത്തേസ്തേഷാം ലോകവത് പരിമാ ണതഃ ഫല വിശേഷഃസ്യാത് ഇതി ന്യായേന ഫലതാരതമ്യകൽപനാദദോഷഃതഥാഹ അഗ്നിഹോത്രജ്യോതി ഷ്ടോമയോഃ സ്വർഗ്ഗഃഫലത്വേന ശ്രൂയതേ തത്രാസ്യേ നൈവ തത്സിദ്ധൌ ദ്വിതീയേമഹതികോƒപി ന പ്രവർത്തതേ. ഇത്യാശങ്ക്യ ഫലേ താരതമ്യകൽപ്പനമാനേന പരിഹൃതം. അർത്ഥാദ്വാകൽപനൈകദേശ ത്വാത് ഇത്യനേന കൽപനാനാമപി ശ്രുത്യേകദേശത്വേനോക്തേഃകിഞ്ച വാർത്തികകൃതാ സ്ഥാനപ്രമാണാദ പ്യേതത് സിദ്ധ്യതി ഇത്യുക്തം കർമ്മണാമൽപമഹതാം ഫലാനാഞ്ചസ്വഗോചരേ വിഭാഗാസ്ഥാനസാമാന്യാദവിശേഷേƒപിചോദിതഃഇതി ഏതസ്യവ്യാഖ്യാവ്യവസ്ഥാകർമ്മണാം സ്ഥാനസാമാന്യാമുദിതാ യഥാ- മദ്ധ്യേസ്വസമുദായസ്യഫലാനാമപി സാ തഥാ പരിമാണസ്യ സാമാന്യാദനുക്തേƒപി വിശേഷതഃഇതി. യസ്തുകേനചിത് ദശരവികരായാമാവൽപൌമതാവഥമദ്ധ്യമൌ രവിമനുകരായൈമൌ ഇതി .ദ്വാദശഹസ്തസ്യോഭയത്രുപത്വമുക്തം. തദസത് .സ്ംഭാദിപ്രമാണ സംഗാരാ പാതാത് .യഥാ ശ്രുതവ്യാഖ്യാനമപി ഏകകുണ്ഡപക്ഷേ. പഞ്ച കുണ്ഡീപക്ഷേ യഥാസംഭവം യോജനീയം ന തു ഗ്രന്ഥകാരോക്തേ നവകുണ്ഡീപക്ഷേ. .

മലയാളഭാഷ്യം

പുണ്യാഹം ചെയ്ത് ശുഭമണ്ഡപം രചിക്കുക. 5, 7, 9 ഹസ്തങ്ങളിൽഅളവില്, മിതാന്തരമായി രചിക്കാം. ഏവം സ്വസ്തിഭവന്തഃഏവം ഋദ്ധിം ഭവന്തഃഎന്ന് ജപിച്ചാണ് പുണ്യാഹം ചെയ്യുക . ഓങ്കാരപൂർവ്വം 3 പ്രാവശ്യം ഏകൈകമായി ആശിസ്സ് പറയണം. പൂർവ്വാദിദിക്ജ്ഞാന നിശ്ചയപൂർവ്വം മണ്ഡപം പണിയണം. അല്ലെ ങ്കിൽ ദോഷം കാണാം. സൂര്യഗതി,ദിശനോക്കിയാണ് ദേശികർ വാസ്തുകർമ്മം ചെയ്യുന്നത്. വാസ്തുവൈഷമ്യം വരാതിരിക്കാനായി സമ്യഗ്ജ്ഞാനത്തിനായി ആദ്യം ശങ്കു പ്രതിഷ്ഠിക്കണം. അപ്രകാരം ദിക്സ്ഥിതി നിരീക്ഷി

ച്ചറിയണം.. ദിക്പരിജ്ഞാനത്തിനായുള്ള ക്രിയ പറയുന്നു:-സുസമമായ ഭൂതലത്തിൽഭ്രമിക്കുന്ന (ഭ്രമണം ചെയ്യുന്ന) വൃത്താകാരമായ ചക്രംഉണ്ടാക്കുക. അതിന്റെ മദ്ധ്യബിന്ദുവിൽ ശങ്കു സ്ഥാപിക്കുക.ശങ്കുവിന് 12 അംഗുലം വേണം. അഗ്രഛായാദ്വയവശത്താൽ വൃത്തത്തിന്റെ പൂർവ്വാപര ദ്വയങ്ങളിൽഅസ്ത്രചിഹ്നമിടുന്നു. സമമാനമായി , പരിഭ്രമണം ചെയ്യു ന്നവയായി പിന്നീട് 2 വൃത്തം കൂടി ഉണ്ടാക്കിഘടിപ്പിക്കുന്നു. രണ്ടിന്റെയും സംശ്ലേഷംകൊണ്ട് സംജാതമായ മദ്ധ്യം അക്ഷാന്തരങ്ങളിൽ സ്ഥിതിചെയ്യുന്നു. സന്ധിദ്വയത്തിൽകിഴക്കുപടിഞ്ഞാറുസൂത്രം മദ്ധ്യത്തിലൂടെ വിന്യസിക്കുന്നു. (ഭ്രമദ്ധ്യരേഖ) ദക്ഷിണോത്തരസൂത്രാഗ്രത്തിൽനിന്നാണ് പ്രാഗാദി(കിഴക്ക് മുതലായവ) കൽപ്പിക്കുന്നത്.ക്രിയാസാരത്തിൽ സമമായഭൂമിയില് സമമണ്ഡലവൃത്തം ഹസ്താനുപാതത്തിൽ(ശിൽപി യുടെ), 12 അംഗുലം മാനത്തിൽ ഖദിരംകൊണ്ടുള്ളശങ്കുനാട്ടി, സജ്ജീകരി ച്ചിരിക്കണം. ഇപ്രകാരം അക്ഷരേഖ കാണുന്നു. ഖദിരത്തിന്റെ ഛായ സ്പർശിക്കുന്നതിന്റെ മദ്ധ്യം മദ്ധ്യമം. വിപരീതമായി പ്രസരിക്കുന്ന സൂത്രത്തി**ന്റെ** മദ്ധ്യം യാമ്യോത്തരം. കോണങ്ങളിൽ മറ്റു നാലെണ്ണ ത്തിൽസൂത്രപ്രസാരത്താല് സ്പഷ്ടമായി ദിക്പരിജ്ഞാനം കിട്ടും. മഹാകപിലപഞ്ചരാത്രത്തിൽവിഷുവത്തില് സൂര്യന് നിൽക്കുമ്പോള് ശങ്കുമാനം കണക്കാക്കി(ഭൂമദ്ധ്യരേഖാഭാഗത്തെ ശങ്കുമാനം)അതിനെ നിശ്ചലസ്ഥിരജ്യാവായി ഗണിച്ച് (0 ഡിഗ്രി അക്ഷാംശം) അതനുസരിച്ച് ലോഹഗോളത്തെ 8 ആയി ഭാഗിച്ച് ക്രമീകരിക്കണം.(ഗോളയന്ത്രവും ഗോള ബന്ധവുമാണ് ഇവിടെ പറയുന്നത്.)8 തവണ താഡനംചെയ്താല് ലോഹമുദ്ഗരം വീഴുന്ന പക്ഷം ഫലം മോശമാണ്. ശങ്കുവിൽ ദർഭ, പട്ട്,പരുത്തി,കമ്പിളിനൂൽ ഇവ വേഷ്ടികെട്ടിയ ഉടനെ വേഷ്ടി പൊട്ടി യാലും മോശമാണ്. അപ്പോൾ അശുഭനാശനത്തിന് നാരസിംഹഹോമം ചെയ്യണം. മയൻപറഞ്ഞിരിക്കുന്നത് ശങ്കു സാരദ്രുമംകൊണ്ടാവണം. അഗ്രം ചിത്രവൃത്തകമാവണം.സമ്യക്കായശങ്കു സമമായഭൂതലത്തിൽ ദിനാദി യിൽസ്ഥാപിക്കണം. ശങ്കുവി**ന്റെ** മാനത്തെ 2 കൊണ്ടു ഗുണിച്ച് (12 X2=24) അത്രയും മാനമുള്ള വർത്തുളം വരക്കണം. ആ മണ്ഡലത്തി നകത്ത് കിഴക്കുനിന്ന് പടിഞ്ഞാട്ടുള്ള ശങ്കുഛായാമാനം രേഖപ്പെടുത്തണം. രണ്ടുസൂത്രം ആ ഛായാദിശയില് പൂർവ്വാപരമായി കെട്ടണം. രണ്ടു ബിന്ദുദ്വയങ്ങള്ക്കപ്പുറത്ത് ഭ്രമണം ചെയ്യുന്ന (ഭ്രാന്തമായ) ശഫര ദ്വയങ്ങളുടെ(രണ്ടുമത്സ്യം) വാലിലൂടെ ദക്ഷിണോത്തരമായ സൂത്രദ്വയം ന്യസിക്കും. അതിന്റെ അഗ്രത്തില് അപരസൂത്രം വിനിക്ഷേപിക്കുക. ഈ സൂത്രങ്ങൾ പ്രാജ്ഞനായ സ്ഥപതിക്ക് പ്രാഗ്(കിഴക്ക്) ഉത്തര(വടക്ക്) മുഖങ്ങളാണ്. ഹയശീർഷപഞ്ചരാത്രം ഈ യന്ത്രനിർമ്മാണത്തെക്കുറിച്ച് പറയുന്നത്:- ഒരു കണ്ണാടിപോലെയോ ജലം പോലെയോ നന്നായി ഛായ പതിയുന്ന വിധം സമമണ്ഡലമായ ഭൂമിയെ തയ്യാറാക്കുക. അതിൽ 12 അംഗുലം മാനമുള്ള ശങ്കുവോട്ടുകൂടിയ വൃത്തം) ചക്രം) ഭ്രമണം ചെയ്യുമാറ് സ്ഥാപിക്കുക. അതിന്റെ മദ്ധ്യത്തിലുള്ള നിശ്ചലശങ്കുവിന്റെ ഛായ നിരീക്ഷിക്കുക. വൃത്തരേഖയാണ് ബാഹ്യശങ്കു ഛായ.ശങ്കുഛായയുടെ പ്രവേശ ബിന്ദു ,നിർഗ്ഗമബിന്ദു ഇവ കൃത്യമായി നിരൂപിക്കുന്നു. ശങ്കുഛായാഗ്ര ചിഹ്നങ്ങളിൽകിഴക്കുപടിഞ്ഞാറ് അറിയുക. കിഴക്കും പടിഞ്ഞാറും ഗതമായ സൂര്യനിൽനിന്ന് ഉദഗ്യാമ്യം (ഉയർന്ന, മുകളിലെ) സാധിക്കുന്നു. വിഷുവത്തിൽ വിമലമായ ആകാശത്തില് ശങ്കുവാല് സാധിച്ച ദിക്കു കള് , ശരത്,വസന്തം എന്നിവയിൽ ആദിത്യന് ഗമിച്ച ദിശകളുടെ (സഞ്ച രിച്ച ദൂരം,ദിശ) അളവാണ് തരുന്നത്. കിഴക്ക് പുഷ്യവേധത്താൽ ചിത്രാ സ്വാതി ഇവയുടെ അന്തരത്തിലാണ് ശരത്വിഷുവം. പൂർവ്വാപര ദിഗ്വിഭാഗ വിജ്ഞാനം ഇപ്രകാരം ഉപദേശിച്ചിരിക്കുന്നു. രാത്രിയിൽ പ്രാചീസാധനം(കിഴക്കറിയൽ) ഇപ്രകാരമാണ്. കാർത്തിക, തിരുവോണം,പുഷ്യം,ചിത്ര,സ്വാതി ഇവയുടെ അന്തരംഇവകളിൽ പ്രാചി യില് ദിശാരൂപം യുഗമിത്രോദിതങ്ങളായ പുരങ്ങളില് അറിയാം. ത്രികാണ്ഡമണ്ഡനത്തിൽ ശ്രാവണത്തിന്റെ ഉദയം കിഴക്ക്. കാർത്തികയുടെ ഉദയം,ചിത്രാസ്വാതികളുടെ അന്തരം ഇവയും കിഴക്കാണ്.(പ്രാചി) രാത്രി സൂര്യചന്ദ്രോദയം വെച്ചല്ല നക്ഷത്രം വെച്ചാണ് കിഴക്കും പടിഞ്ഞാറും നിശ്ചയിക്കുന്നത്. സൂക്ഷ്മമായ പൂർവ്വദിക്ക് കാണാന് ത്രൈരാശികമെന്ന ഗണനക്രിയ ചെയ്യേണ്ടതാണ്. ശങ്കു സ്ഥാപിച്ച് രണ്ടാംദിനം പൂർവ്വാപരാക്ഷചിഹ്നം ഉണ്ടാക്കുക. പൂർവ്വാപരദിവസദ്വയ ചിഹ്നങ്ങളുടെ മദ്ധ്യസ്ഥാനത്ത് തിലാദികളാൽ വിഭജിക്കുന്നു. അങ്ങനെ ത്രൈരാശികകൽപനയില് ഷഷ്ഠി ഘടിക (6 ഘടി ക) യുടെ അന്തരം ലഭിക്കും. പൂർവ്വദിനത്തിന്റെ പൂർവ്വാപരചിഹ്നങ്ങളുടെ അന്തരാളഘടികയും അപ്രകാരമെന്ന് ത്രൈരാശികപാടീഗണിതം വെച്ച് കണ്ടുപിടിക്കാവുന്നതേയുള്ളു. ത്രൈരാശികസൂത്രം മൂന്നുരാശിടെ (90 ഡിഗ്രി) ആദി,അന്തം എന്നു പ്രമാണമിഛിച്ച് ഭിന്നജാതിയായി വിഭജിക്കുന്നു. അന്ത്യഗുണത്തെ ആദ്യഗുണത്താൽവിഭജിക്കുക. കിട്ടുന്നഫലം അന്യജാതിമദ്ധ്യമമായിരിക്കും. ഇടയിലെ ഭൂമിയിൽ തിലം(എള്ള്) യവം (ധാന്യം). ഉദഗയന(ഉത്തരദിശ) ദക്ഷിണായന(ദക്ഷിണദിക്ക്)മെന്നിവ. ഓരോരോ അംഗംവീതം പ്രാഗംഗം കൂടിവരും. അപ്രകാരം രേഖവരച്ച താണ് സൂക്ഷ്മമായ പ്രാചി.മണ്ഡപം ഉത്തമം,മദ്ധ്യമം,കനീയമെന്ന് മൂന്നു

വിധം ഭേദത്തോടെ ഇതനുസരിച്ച് ഉണ്ടാക്കുന്നു. ത്രിവിധമണ്ഡലപ്രമാണം- 5 ഹസ്തം വിസ്താരം, 25 ഹസ്തം ക്ഷേത്രഫലമുള്ളത് കനീയമണ്ഡപമാണ്. 7 ഹസ്തം വിസ്താരം 49 ഹസ്തം ക്ഷേത്രഫലമുള്ളത് മദ്ധ്യമമാണ്. 9 ഹസ്തം വിസ്താരം 81 ഹസ്തം ക്ഷേത്രഫലമുള്ളത് ഉത്തമമണ്ഡപമാണ്. അഗ്രത്തിൽ 9 കുണ്ഡമെന്ന ഗ്രന്ഥകർതൃപാഠം ഉത്തമമണ്ഡപത്തെ സ്വീകരിച്ചിരിക്കുന്നു. പിംഗലാമതത്തില് 1 മേഖല അഥവാ 3 ഭൃതസംഖ്യ.മേഖല എന്നാൽ 5 , 3 അഥവാ 1 ആണ്. സിദ്ധാന്തശേഖരത്തിൽ 1,3 എന്ന് കുണ്ഡം. 5 എന്ന് മേഖല. പ്രതിഷ്ഠാസാരസംഗ്രഹത്തിൽമേഖല 5 ആണ്. പഞ്ചമേഖലാപക്ഷത്തിൽ കുണ്ഡങ്ങള് സമാവേശിക്കപ്പെട്ടുകയില്ല. ത്രിമേഖലാപക്ഷത്തിൽ സമാവേശിക്കപ്പെടുമെന്ന് ഗ്രന്ഥകാരപക്ഷം. ഹോമകർത്താക്കളുടെ പ്രചാരസ്ഥലം അതിസങ്കീർണ്ണത്വത്താല് ഇല്ല. എന്നാൽ വൈശ്വദേവത്തിന് പറഞ്ഞ സ്ഥണ്ഡിലത്തിനും ,ശയീത എന്ന ശയനത്തിനും സമാവേശമില്ല. കർമ്മാന്തരത്തിൽ ഹോമദ്രവ്യാധിക്യത്താലോ കുണ്ഡാധിക്യത്താലോ കുണ്ഡസമാവേശം ഇല്ലാതായതാവാം. മദ്ധ്യമം,അധമം എന്നിവയിൽ പഞ്ചകുണ്ഡീയപക്ഷത്തിൽപോലും സമാവേശമില്ല. ഗ്രന്ഥകാരന് അവയിലും നവകുണ്ഡീപക്ഷം ഉപന്യസിച്ചിട്ടുണ്ട്. ഇതൊരിക്കലും സംഭവിക്കയില്ല. (രാഘവഭട്ടമതം) മദ്ധ്യമമെന്നത് അന്തരശബ്ദാർത്ഥം പറഞ്ഞതാണ്. അപ്പോൾ 15 ഹസ്തവിസ്താരം പഞ്ചവിംശതിയേക്കാൾ(25)200 കൂടുതലാണ്. ക്ഷേത്രഫലത്തിൽ (കനീയത്തേക്കാൾ).മദ്ധ്യമത്തിൽ 21 ഹസ്തവിസ്താരം ഏകചത്വാരിം ശത്തേക്കാൾ 400 അധികമാണ് ക്ഷേത്രഫലം.ഉത്തമത്തിന് 27 ഹസ്തം വിസ്താരം .ഏകോന ത്രിംശദ് (29)അധികം 400 ആണ് ക്ഷേത്രഫലം.ഇത് സത്തുക്കളാല് സമ്മതമാണ്. മന്ത്രമുക്താവലിയിൽ 24 ഹസ്തം അഥവാ 20 ഹസ്തം എന്നുകാണാം. 20 ഹസ്തപ്രമാണം മണ്ഡപം ,കൂടം മറ്റു ഗ്രന്ഥങ്ങളിലും പറയുന്നുണ്ട്. 5, 7 എന്ന ശാരദീയപദ്യത്തിലെ വ്യാഖ്യാനം അപ്പോള് സമുചിതമാണ്. 12 ഹസ്തം വിസ്താരത്തിന് 4 ചത്വാരിംശം +100ക്ഷേത്രഫലം കനീയം ഈ അനുപാതം 5, 9 നും. 14 ഹസ്തം വിസ്താരം ദ്വിശതം - 4 മദ്ധ്യമം. ഇതിന് 7,9 അനുപാതം. 16ഹസ്തം വിസ്താരം 56 +200 ക്ഷേത്രഫലം ഉത്തമം. ഇപ്രകാരം ത്രിവിധം മണ്ഡപം. പ്രതിഷ്ഠാസാരസംഗ്രഹത്തില് ദ്വാദശഹസ്തം ഈരണ്ടുവീതം പ്രവൃദ്ധമാകുന്ന .12, 14, 16, 18 എന്നിങ്ങനെ. ഇവയിലെ 12 കനീയവും 14 മദ്ധ്യമവും 16 ഉത്തമവുമായി എടുക്കുന്നു. സിദ്ധാന്തശേഖരം ഇത് ദ്വിദ്വിഹ സ്തപ്രവൃദ്ധിതമെന്നു പറഞ്ഞിട്ടുണ്ട്. സോമശംഭുവും ഇതേ അഭിപ്രായം പറയുന്നു. ഗൃഹത്തിന്റെ ഈശാനഭാഗത്ത് മണ്ഡപം പണിയുന്നു. 12, 8, 6 ഹസ്തം മുതല് 16 ഹസ്തം വരെ സമചതുരമായിട്ട്. ക്രിയാസാരത്തിൽ 12 വിസ്താരം കനീയമണ്ഡപമാണ്. പഞ്ചരാത്രം 16 ഹസ്തമണ്ഡപം ഉത്തമമെന്നു പറയുന്നു. മന്ത്രമുക്താവലി 16 ഹസ്തമണ്ഡപം ഉത്തമമെന്നു കരുതുന്നു. മണ്ഡപചതുരസ്രം ചെയ്യണം. ചതുരസ്രം 4 ദ്വാരം (വാതിൽ)ഉള്ളതാണ്. സമ ചതുരമാണ്. (നാലുവാതിലുള്ള സമചതുരമായ മണ്ഡപം) ഈ വാസ്തുമ ണ്ഡലവിധാനം പ്രധാനമാണ്. സൂര്യന്റെ അംഗലം വീണ ഛായയാണ് മണ്ഡപ സ്ഥലമായി എടുക്കുന്നത്. സുസമവും സുശോഭനവുമാവണം മണ്ഡ പസ്ഥാനമെന്ന് മഹാകപിലപഞ്ചരാത്രത്തിലുണ്ട്. ഏതുതരം മണ്ഡലത്തിൽ കർമ്മാനുഷ്ഠാനം ചെയ്താലാണ് ലോകത്തില് പരമോന്നതഫലം കിട്ടുക എന്നചോദ്യത്തിന് ഉത്തരം കാണാനാണ് ഫലതാരതമ്യം ചെയ്യുന്നത്. അഗ്നിഹോത്രം ജ്യോതിഷ്ടോമം ഇവയുടെ ഫലം സ്വർഗ്ഗമാണ്. അപ്പോൾ മദ്ധ്യമമണ്ഡപമാണ് അനുഷ്ഠാനത്തിനുത്തമമെന്ന സാധാരണാഭിപ്രായത്തിൽ സ്വാഭാവികശങ്ക വരും. അൽപം,സാമാന്യം,മഹത്ത് എന്ന ഫലസിദ്ധി തരുന്ന കർമ്മങ്ങൾക്ക് സാമാന്യസ്ഥാനം മതിയോ. സ്വസമുദായത്തിന് നല്ലഫലം കിട്ടാൻ മദ്ധ്യമ മണ്ഡപം മതി. സാമാന്യ പരിമാണത്തിന് പ്രപഞ്ചം മുഴുവനും നല്ലഫലം കൊടുക്കാൻ സാധിച്ചെന്നു വരില്ല. 10 സൂര്യരശ്മിയേക്കാളും കുറഞ്ഞ പരിമാണമാണ് മദ്ധ്യമം. കൂടിയതാണ് ഉത്തമം. ആ അർത്ഥത്തില് 12 ഹസ്തത്തിന് (10 + 2) ഉഭയരൂപത്വമുണ്ട്. സ്തംഭം മുതലായ പ്രമാണങ്ങളുടെ സങ്കരം കൊണ്ട് മദ്ധ്യമത്വവും ഉത്തമത്വവും (രശ്മി മാത്രം വെച്ചാൽ) ആ സംഖ്യക്ക് ഉണ്ട്.

21. ഷോഡശസ്തംഭസംയുക്താ ചത്വാരസ്തേഷുമദ്ധ്യഗാ

അഷ്ടഹസ്തസമുച്ഛ്രായാഃസംസ്ഥാപ്യാ ദ്വാദശാƒഭിതാഃ

സംസ്കൃതഭാഷ്യം

മണ്ഡപേ സ്തംഭനിവേശനപ്രകാരമാഹ ഷോഡശേതി. ചത്വാര ഇതി തേഷു സ്തംഭേഷു മദ്ധ്യേ ചത്വാരാ മദ്ധ്യഗോ വേദികോണേഷു സ്ഥാപ്യാഃതദുക്തം സിദ്ധാന്തശേഖരേ- മദ്ധ്യേ സ്തംഭചതുഷ്കംസ്യാത്തന്മദ്ധ്യേ വോദികാ മതാ ഇതി. അന്യത്രാപി-വേദികോണേഷു വിന്യസേത് സ്തംഭാൻവേദസ്വരൂപകം ജ്ഞേയം. തദുക്തം- സ്തംഭോച്ഛ്രായേശിലാന്യാസേ സൂത്രയോജനകീലകേ സ്വനനാവടസംസ്കാരേപ്രാരംഭോ വഹ്നിഗോചരേ ഇതി. തേ ച അഷ്ടഹസ്തസമുച്ഛ്രായാഃസ്തംഭോച്ചത്വം വദതാ ഗ്രന്ഥകൃതാ ഷോഡശഹസ്തസ്യൈവോ ത്തമത്വം ഉക്തം. യത് പഞ്ചരാത്രേ- മണ്ഡപാർദ്ധോച്ഛ്രിതാൻവേദസംഖ്യാശ്ശൂഢാന്വിതാംസ്തഥാ ഇതി. അഭിത ഇതി- മദ്ധ്യസ്തംഭാനഭിത ഇത്യർത്ഥഃതദുക്തം

ക്രിയാസാരേ- ഭൂയംസമസ്ഥലീകൃത്യ പരിഛിദ്യ ച സൂത്രതഃ സ്തമ്ഭാൻസമഞ്ചസംസ്ഥാപ്യ.ഇതി. ബാഹ്യോƒ പ്യുക്തപ്രമാണേന തത്രതത്ര വിഭാഗതഃ ഇതി.

മലയാളഭാഷ്യം

16 സ്തംഭമുള്ളതും അപ്രകാരം നാലെണ്ണം മദ്ധ്യഗമായതും 8 ഹസ്തം ഉയർന്നുനിൽക്കുന്നതുമായ ദ്വാദശമെന്ന നാമമുള്ള മണ്ഡപം സ്ഥാപിക്കുക. മണ്ഡപത്തിലെ സ്തംഭനിവേശനം. സ്തംഭങ്ങൾക്കുനടുവിൽനാലു മുഖമുള്ള ചതുരമായ വേദി (സമചതുരം)ഉണ്ടാക്കുന്നു. വേദികോണങ്ങളിലായി ആഗ്നേയകോൺമുതലായി നാലുസ്തംഭം (തൂൺ)സ്ഥാപിക്കാം. അവക്കു പുറത്തായി 12 തൂണുകളും ഉണ്ടാക്കാം . (അപ്രകാരം 16)സൂത്രയോജന കീലകത്തിൽ ശിലാന്യാസം ചെയ്ത് സ്തംഭം ഉയർത്തുന്നു. 8 ഹസ്തം ഉയരത്തില് സ്ഥാപിക്കാം. എന്നാൽ 16 ഹസ്തം ഉയരമുള്ള സ്തംഭവും 16 തൂണുള്ള വേദികയും ഉത്തമമാണ് എന്ന് പറയുന്നുണ്ട്. പഞ്ചരാത്രത്തിൽ മണ്ഡപത്തിന്റെ പകുതിയായോ വേദസംഖ്യയുടെ(4)ഗുണിതങ്ങളായോ എന്ന് പറഞ്ഞിരിക്കുന്നു.മദ്ധ്യസ്തംഭത്തെക്കുറിച്ച് ക്രിയാസാരത്തില് ഭൂമിയെ സമചതുരമാക്കി , സൂത്രംകൊണ്ടു പരിഛേദിച്ച് അതിൽ മഞ്ചത്തോടുകൂടി വേദികയും തൂണും സ്ഥാപിക്കണമെന്നു പറയുന്നു .പഞ്ചരാത്രത്തിൽ 12 തൂണുകൊണ്ട് അത്രയത്ര സമവിഭാഗമായി മണ്ഡപത്തെ വിഭജിക്കുന്നു.

22. പഞ്ചഹസ്തപ്രമാണാസ്തേ വിഛിദ്രാഋജവഃശുഭാഃ
    തത്പഞ്ചമാംശം നിസ്വനേന മേദിന്യാം തന്ത്രവിത്തമഃ
23. നാരികേലദലൈർവംശൈശ്ഛാദയേത് തത് സമന്തതഃ
    ദ്വാരേഷുതോരണാനി സ്യുഃക്രമാത് ക്ഷീരമഹീരുഹാം

സംസ്കൃതഭാഷ്യം

ഈദൃശാഷോഡശസ്തംഭാഃനിശ്ഛിദ്രാഃഛിദ്രവർജ്ജിതാഃഏതേന ദൃഢത്വമുക്തം. ഋജവഃഅവക്രാഃക്വചിദപി ന സ്ഥൂലാ ന കൃശാ അതഏവ ശുഭാ ഇത്യർത്ഥഃഏവം വിധത്വഞ്ച തേഷാം സാരവൃക്ഷോത്ഭവത്വം വിനാ ന സംഭാവ്യതേ. സാരദ്രുമോത്ഥം ഇദമപ്യർത്ഥാദുക്തം .യത് പഞ്ചരാത്രേ- ശാരദാരുഭവാൻസ്തംഭാന് ദൃഢാൻകുര്യാദൃജൂൻസമാൻഇതി. ക്രിയാസാരേതു വിശേഷഃ- യജ്ഞീയവൃക്ഷോ വേണുർവ്വാ ക്രമുകഃസ്തംഭകർമ്മണി അന്യേ വിശുദ്ധവൃക്ഷാ വാ ഭവേയുർന്നാന്യഭൂരുഹാഗൃഹശല്യഃ സ്വയംശുഷ്കഃകുടിലശ്ച പുരാതനഃ അസൌമ്യഭൂമിജനിതഃസംത്യാജ്യ സ്തംഭകർമ്മണി ഇതി. മദ്ധ്യമധമയോർദ്വാദശസ്തംഭപ്രമാണത്രൈരാശികേനാനേയം.തത് പഞ്ചമാംശമിതി. സ്തംഭോഛ്രായം പഞ്ചധാ വിഭജ്യ പഞ്ചമാംശം ഭുവിനിസ്വനേദിത്യർത്ഥഃ തത് സമന്തത ഇതി. തസ്യ മണ്ഡപസ്യ സമന്തതഃസർവ്വത്ര ദ്വാരവർജ്ജ്യം വംശൈർന്നാരികേലദലൈശ്ചാദയേത് നാരികേലഫലാഭാവേദ് കടൈർവേഷ്ടയേത് യദ് വാസ്തുശാസ്ത്രേ- കടൈഃസദ്ഭിസ്തു സംഛാദ്യാ വിജയാദ്യാശ്ചാ മണ്ഡപാ ഇതി. ഹയശീർഷപഞ്ചരാത്രേ-മണ്ഡപം മണ്ഡ്യയേദാർദ്രശാഖാഭിർത്തുസമന്തതഃഇതി. യത് ക്രിയാസാരേ-ഭിത്തിഞ്ചപരിതഃകൃത്വാ ഇതി തത്തു സ്ഥിരപ്രതിമാദിമണ്ഡപേഷിതി ജ്ഞേയം. നിയമോƒയം സമാഖ്യാതഃ സ്ഥിരലിംഗക്രിയാസു ച ഇതി. തത്രൈവ വക്ഷ്യമാണാത്വാത്. തോരണസ്ഥാപനമാഹ ദ്വാരേഷിതി. നനു തോരണാമേവാനുക്തത്വാത് കഥം ദ്വാരേഷിമുക്തി. സത്യം. ദ്വാരേഷിത്യേനേനൈവ ദ്വാരാക്ഷേപഃതത് പ്രമാണം തത് സ്ഥാനമേവോക്തം മന്ത്രമുക്താവല്യാം- ദിക്ഷുദ്വാരാണിചത്വാരിവിദ്ധ്യാത്പഞ്ചമാംശതഃഇതി. ക്രിയാസാരേƒപി ദിക്ഷുദ്വാരാണി മദ്ധ്യതഃ തോരണാനിച തേഷ്വേവദ്വാരേഷു സ്വപയേത് ബുധഃഇതി. പഞ്ചരാത്രേ പ്രമാണമുക്തം-കനീയസിസ്യാദ് ദ്വികരം ചതുരംഗുലിവൃദ്ധിതഃമദ്ധ്യമോത്തമയോർദ്വാരം ഇതി. ന്യസ്യേദിതി നിസ്വനേത് പഞ്ചമാംശൈനൈവ. യദ് വാസ്തുശാസ്ത്രേ- പഞ്ചമാംശം ന്യസേദ് ഭൂമൌ സർവ്വ സാധാരണോവിധിഃഇതി. സിദ്ധാന്തശേഖരേ തോരണസ്തംഭമധികൃത്യോക്തം-പഞ്ചമാംശേന വാശ്വാതംസർവ്വേഷാണാശിവോദിതം ഇതി. ക്രമാദിതി. പൂർവ്വദക്ഷിണപശ്ചിമോത്തരദിശി. ക്ഷീരമഹീരുഹാമിതി വടോദുംബരാശ്വത്ഥപ്ലക്ഷാണാം.ന്യഗ്രോധോദുംബരാശ്വത്ഥപ്ലക്ഷഃക്ഷീരമഹീരുഹാ ഇതി പരിഭാഷണാത്. തദുക്തം സിദ്ധാന്തശേഖരേ- ന്യഗ്രോധതോരണം പൂർവ്വേ യാമേയോത്യൌദുംബരം മതം പശ്ചിമേƒശ്വത്ഥസംഭൂതമുത്തരേപ്ലക്ഷതോരണം പൂർവ്വൈവാ പ്ലക്ഷസംഭൂതം ന്യഗ്രോധശ്ചോത്തരേ മതഃഇതി. ക്രിയാസാരേƒപി- പ്ലക്ഷോദുംബരബോധിദ്രുവടാഃപൂർവ്വാദിതഃക്രമാത് തോരണാനി ച ചത്വാരി ഇതി. സോമശംഭുരപി-പ്ലക്ഷോദുംബരകാശ്വത്ഥവടജാസ്തോരണോഃക്രമാത്പൂർവ്വാദിതോ വിധാനവ്യ യദ്വാധൃന്ത വിപര്യയഃഅലാഭാദേകമേവൈഷാം സർവ്വാശാസുനിവേശയേത് ഇതി. മന്ത്രമുക്താവല്യാമപി-അഥാഗ്നിമീലേനമന്ത്രേണ വിന്യസേത് പൂർവ്വതോരണം ഇഷേത്വോർജ്ജത്വമന്ത്രേണാ ദക്ഷിണാ തോരണം ന്യസേത് അഗ്നആയാഹി മന്ത്രേണാ പശ്ചിമസ്യ നിവേശനം

ശന്നോദേവീതിമന്ത്രേണാ ദധ്യാദുത്തരതോരണം ഇതി. മഹാകപിലപഞ്ചരാത്രേ*f* പി-
ദേവാസേതോരണരൂപേണ സംസ്ഥിതായജ്ഞമണ്ഡപം വിഘ്നവിധ്വംസനാർത്ഥായ രക്ഷാർത്ഥന്ത്വധ്വരസ്യ ച ന്യസേൻന്യഗ്രോധമൈന്ദ്ര്യാഞ്ചു യാമ്യാഞ്ചോദംബരം തഥാവാരുണ്യാം പിപ്പലശ്ചൈവ കൌവേര്യാം പ്ലക്ഷകം ന്യസേത് സുശോഭനഞ്ചു പൂർവ്വസ്യാം ഋഗ്വേദാദിസുമന്ത്രിതം ഇഷേത്വോർജ്ജത്വമന്ത്രേണ സുഭദ്രാഖ്യഞ്ചദക്ഷിണേസുകർമ്മാഖ്യഞ്ചു വാരുണ്യാം സാമവേദാദികേന തു ശന്നോദേവീതിമന്ത്രേണ സുഹോത്രഞ്ചുത്തരേ ന്യസേത് ഇതി. യത്തു കേനചിത് അശ്വത്ഥോദുംബരജാദിവടൈരിത്യേഷാം പൂർവ്വാദിനിവേശനമുക്തം തദസംബദ്ധം.ലിഖിതനാനാവചനവിരോധാത്. ഇദഷതോരണസ്തംഭനിവേശനം മണ്ഡപാദ്യദ്വിർസ്ഥമാനേനേതി. ജ്ഞേയം തദുക്തം.- മണ്ഡപദ്വാരബാഹ്യേച വേദിമാനേനദിക് ക്രമാത് പ്ലാക്ഷമൌദുംബരാശ്വത്ഥവടോത്ഥംതോരണം ന്യസേത് ഇതി. വാസ്തുശാസ്ത്രേ തു- അശ്വത്ഥോദുംബരപ്ലക്ഷവടശാശ്വാകൃതാനി തു മണ്ഡപസ്യപ്രതിദിശം ദ്വാരാണ്യേതാനി കാരയേത് ഇതി. ദ്വാരേഷ്വക്രിയമാണത്വാത് തോരണേഷു ദ്വാരനിർദ്ദേശഃഇദഞ്ചു പശ്ചിമദക്ഷിണോത്തരപൂർവ്വേഷു അപസവ്യേന വാ. പശ്ടിമദ്വാരാദിതി ജ്ഞേയം.അത്ര വിശേഷഃസിദ്ധാന്തശേഖരേ- ഏകൈഷാ ലോഭേസ്യാത്തദഭാവേ ശമീദ്രുമഃ ജംബൂഖദിരസാരാശ്ച താലോ വാ തോരണോ സ്മൃതാഃഇതി ക്രിയാസാരേതു-അവക്രാസത്വച സാന്ദ്രാദണ്ഡാഃസ്യുസ്തോരണേശുഭാഃ

മലയാളഭാഷ്യം.

തന്ത്രവിത്തമർ ഭൂമിയില് 5 ഹസ്തം പ്രമാണമായി വിഭജിച്ച്, ഋജുവും ശുഭവുമായി തൂൺ(സ്തംഭം)നാട്ടുന്നു. അതിന്റെ അഞ്ചിലൊരുഭാഗം നിസ്വനമാണ്.16 സ്തംഭമുള്ള മണ്ഡപം ഛിദ്രമില്ലാത്ത, ദൃഢത്വമുള്ള, വളയാത്ത, ഏറെ സ്ഥൂലമോ ഏറെ കൃശമോ അല്ലാത്ത ശുഭരൂപമായ മരംകൊണ്ടുണ്ടാക്കുന്നു. സാരവൃക്ഷം (കാതലുള്ള മരം)കൊണ്ടല്ലാതെ ഇത്തരം ശുഭരൂപമായ തൂൺഉണ്ടാക്കാനാവില്ല. ക്രിയാസാരത്തിൽ യജ്ഞീയവൃക്ഷം വേണു(മുള) കവുങ്ങ് എന്നിവയും തൂണുണ്ടാക്കാനുപയോഗിക്കാം. മറ്റു വിശുദ്ധവൃക്ഷങ്ങളും എടുക്കാം. വളഞ്ഞതും ജീർണ്ണിച്ചതും ശുഷ്കവുമായ തടി ,അസൌമ്യഭൂമിയിൽവളർന്ന തടി(ക്ഷോഭമുള്ള സ്ഥാനം)എന്നിവ ഉപയോഗിക്കരുത്. മദ്ധ്യമ,അധമങ്ങളായ 12 സ്തംഭപ്രമാണം ത്രൈരാശികത്താല് ഗണിച്ചറിയുക. അതിന്റെ പഞ്ചമാംശമെന്നാൽ സ്തംഭത്തെ സമഭാഗമായി, അഞ്ചായി വിഭജിച്ചതിന്റെ ഒരുഭാഗം. 12 എന്നതിനെ അഞ്ചായി ഭാഗിച്ചാൽ 2.4 അഞ്ചിലൊരുഭാഗം. 2.4 ആണ് ഇവിടെ സ്തംഭപ്രമാണമായ സ്കെയിലെന്ന് അർത്ഥം. സ്തംഭപ്രമാണം പഞ്ചമാംശം എന്ന സമവാക്യം ഒരു സ്കെയിലാണ്. നാളികേരവൃക്ഷത്തിന്റെ ഓല, മുളയോല ഇവ കൊണ്ട് തൂണിനെ ആഛാദനം ചെയ്യുന്നു. ദ്വാരത്തിൽ തോരണം, ക്ഷീര വൃക്ഷം(നാലു പാൽമരം-നാൽപ്പാമരം)ഉണ്ടാവണം. മണ്ഡപത്തിൽദ്വാരമില്ലാത്തവിധം മുഴുവനായി മൂടിവെക്കണം. തോരണംകൊണ്ടു മൂടണമെന്നാവണം വിധി. ക്രിയാസാരത്തിലെ ഭിത്തികളാൽ പരിതമാവണം എന്നത് സ്ഥിരപ്രതിമകളുള്ള മണ്ഡപത്തിനാണ്. തോരണസ്ഥാപനം ദ്വാരത്തിലാണ് ചെയ്യുക. ദ്വാരമില്ലാതെ മൂടിവെച്ചാല് പിന്നെ ഇതെങ്ങനെ സാധിക്കും. ദ്വാരമില്ലാത്തതും മുഴുവനായും ഭിത്തിമൂടിയതായുമുള്ള വാസ്തുവിശേഷങ്ങളുടെ കാര്യമാവാം ഇവിടെ പറഞ്ഞിട്ടുള്ളത്.ഇതിന്റെ പ്രമാണവും സ്ഥാനവും മന്ത്രമുക്താവലിയിൽപറയുന്നു. ദിക്കുകളിൽ നാലു ദ്വാരം പഞ്ചമാംശപ്രമാണം ഉണ്ടാക്കുക. ദിക്കിന്റെ മദ്ധ്യത്തിലാവണം ദ്വാരമെന്നു ക്രിയാസാരം. പഞ്ചരാത്രത്തിലെ തോര ണം , കനീയസിയുടേതിൽനിന്ന് 2 കരം 4 അംഗലി വീതം(പഞ്ചമാംശം) വർദ്ധിച്ച് മദ്ധ്യമ,ഉത്തമങ്ങളുടെ ദ്വാരം. പഞ്ചമാംശം അഥവാ നിസ്വനം ഭൂമിക്കടിയിൽ ഉറപ്പിച്ചിരിക്കണം. സിദ്ധാന്തശേഖരത്തിൽ തോരണസ്തംഭങ്ങളുടെ നിർമ്മാണത്തില് പഞ്ചമാംശം ശിവോദിതമാണ്. കിഴക്ക്,തെക്ക്, പടിഞ്ഞാറ്, വടക്ക് എന്ന് പ്രദക്ഷിണമായാണ് ദിക് ക്രമം. ക്ഷീരവൃക്ഷം വടം.ഉദുംബരം,അശ്വത്ഥം,പ്ലക്ഷം- അഥവാ ന്യഗ്രോധം,ഉദുംബരം,അശ്വത്ഥം,പ്ലക്ഷം. സിദ്ധാന്തശേഖരത്തിൽ ന്യഗ്രോധതോരണം കിഴക്കും ഉദുംബരം തെക്കും അശ്വത്ഥം പടിഞ്ഞാറും പ്ലക്ഷം വടക്കുമാണ്. ക്രിയാസാരത്തിൽ പ്ലക്ഷം ഉദുംബരം ബോധി വടം എന്നിവ കിഴക്കുമുതൽ ക്രമത്തില് പ്രദക്ഷിണമായി. സോമശംഭു പ്ലക്ഷം,ഉദുംബരം,അശ്വത്ഥം,വടം എന്ന ക്രമംതന്നെ കിഴക്കുനിന്ന് പറയുന്നു. മന്ത്രമുക്താവലിയിൽ അഗ്നിമീളേ പുരോഹിതം എന്ന ഋഗ്വേദമന്ത്രത്തോടെ കിഴക്കേ തോരണം വിന്യസിക്കുന്നു. ഇഷേത്വോർജ്ജത്വാ മന്ത്രത്തോടെ തെക്കേ തോരണം. അഗ്ന ആയാഹി സാമവേദമന്ത്രത്തോടെ പടിഞ്ഞാറേ തോരണം. ശന്നോദേവീതിമന്ത്രത്തോടെ വടക്കേ തോരണം. മഹാകപിലപഞ്ചരാത്രത്തിൽ യജ്ഞമണ്ഡലത്തിൽദേവന്മാര് തോരണ രൂപികളായിസ്ഥിതി ചെയ്യുന്നു .അധ്വരത്തിന്റെ രക്ഷക്കും വിഘ്ന നാശനത്തിനുമായിട്ടാണത്. ന്യഗ്രോധത്തെ ഐന്ദ്ര്യത്തിലും ഉദുംബരത്തെ

യാമ്യത്തിലും ന്യസിക്കുക. വാരുണ്യത്തിൽപിപ്പലം. കൌവേര്യത്തിൽ പ്ലക്ഷകം. പൂർവ്വഭാഗത്ത് സുശോഭനമായി ഋഗ്വേദമന്ത്രത്താൽ സുമന്ത്രി തമാക്കുന്നു. ഇഷേത്വോർജ്ജത്വമന്ത്രത്താല് തെക്കുഭാഗത്തേതിന് സുഭദ്രമെന്നു പേരുവരും. പടിഞ്ഞാറുള്ളത് സാമവേദമന്ത്രംകൊണ്ട് സുകർമ്മനാമമുള്ളതാണ്. വടക്കുള്ളതിന് ശന്നോ ദേവീതിമന്ത്രം കൊണ്ട് സുഹോത്രമെന്നാണ് പേര്. അതായത്, അശ്വത്ഥം ഉദുംബരം ജടിവടമെന്നുള്ളത് ഈ നാമങ്ങളോടു സംബദ്ധമായിരിക്കുന്നു. (ഈ മന്ത്രങ്ങളോടും,വേദങ്ങളോടും) .മണ്ഡപദ്വാരത്തിന്റെ പുറത്ത് വേദിമാനം വെച്ച് ദിക് ക്രമത്തിൽ പ്ലക്ഷഔദുംബരഅശ്വത്ഥവടങ്ങളില് ഉയർത്തി തോരണം സ്ഥാപിക്കുന്നു . വാസ്തുശാസ്ത്രത്തിൽ മണ്ഡപത്തിന്റെ നാലുദിശ യിലും ഈ മരംകൊണ്ടുള്ള തോരണനിർമ്മാണം കൂടിയേ തീരൂ. തോരണംകൊണ്ട് ദ്വാരത്തെ നിർദ്ദേശിക്കുന്നു. ശമീവൃക്ഷം,ജംബു, ഖദിരസാരം,താലവൃക്ഷമെന്നും ഈ ക്രമമുണ്ട്.

24. സ്തംഭോഛ്രായഃസ്മൃതസ്തേഷാം സപ്തഹസ്തൈഃപൃഥക്പൃഥക്
ദശാംഗുലപ്രമാണേന തത് പരീണാഹ ഈരിതഃ

സംസ്കൃതഭാഷ്യം

സ്തംഭേതി. സപ്തഹസ്തൈരിതി ഉത്തമമണ്ഡലേ യതോ ഗ്രന്ഥകൃത് സർവ്വം മാനമുക്തമസ്യൈവാഹഃപൃഥക്പൃഥഗിതി മദ്ധ്യമാധമയോർഭിന്നം ഭിന്നം മാനമിത്യർത്ഥഃതേന മദ്ധ്യമേ ഷഡ്ഹസ്താഃ അധമേ പഞ്ചഹസ്താഃ തോരണസ്തംഭമധികൃത്യ വാസ്തുശാസ്ത്രേ- പഞ്ചഹസ്തപ്രമാണാസ്തേവിസ്താരേണദ്വിഹസ്തകാ ഷഡംഗുലാനി വർദ്ധന്തേ സപ്തഹസ്താസ്തഥോത്തമാഃ ഇതി. അത്ര വിസ്താരേണേതി തിര്യഗ്ഫലകമാനം. മദ്ധ്യമസ്യ ഷഡസ്തദാഅനുക്താƒപി ന്യായാദ്ഗമ്യതേ തദുക്തം. കാത്യായനേന ഔചിത്യാദർത്ഥാത് പരിമാണം.ഇതി. തേഷാം തോരണസ്തംഭാനാം പരിണാഹോവിശാലതാം സ ച പരിധ്യാനയനേന ജ്ഞാതവ്യഃ തത്ര സ്ഥൂലപരിധ്യാനയനം ഭാസ്കരാചാര്യേണോക്തം- ദ്വാവിംശതിഘ്നേ വിഹൃതേƒഥ ശൈലൈഃസ്ഥൂലോƒഥവാസ്യാദ് വ്യപഹാരയോഗ്യഇതി. വ്യാസഃ10.ദ്വാവിംശതിഘ്നഃ220 ശൈലൈഃ7 ഹൃതഃ 31 ലബ്ധഃഏതാവാൻപരിധിര്യസ്യകാഷ്ഠസ്യ തസ്യ ദണ്ഡംഗുലേ വിഷ്കംഭഃ (10 x 22 = 220 divided by 7 = 31 .Remainder 3.)

മലയാളഭാഷ്യം

7 ഹസ്തമുള്ള ഉത്തമമണ്ഡപത്തിലെന്നു പറകയാല് ഗ്രന്ഥകൃത്ത് എല്ലാ അളവും ഉത്തമമായിത്തന്നെ സ്വീകരിക്കുന്നു എന്ന് അനുമാനിക്കണം. മദ്ധ്യത്തിൽനിന്ന് മുകളിൽആറുഹസ്തം ,താഴെ 5 ഹസ്തമെന്ന് ഭിന്നമായ മാനത്തിൽ 10 അംഗുലം പ്രമാണത്തിലുള്ള സ്തംഭഛ്രായ പറ യുന്നു. ഈ സ്തംഭത്തെ അധികരിച്ചാണ് തോരണനിർമ്മിതി. വാസ്തു ശാസ്ത്രത്തിൽ 5 ഹസ്തപ്രമാണവിസ്താരത്തിൽ, ദ്വിഹസ്തകമായി, 6 അംഗുലം വർദ്ധിച്ച് കിട്ടുന്ന സപ്തഹസ്തം ഉത്തമമാണെന്ന് വിധിയു ണ്ട്.ഇതിന്റെ വിസ്താരണത്തിൽ തിര്യഗ് (വിപരീതം)ഫലകത്തിന്റെ മാനം കിട്ടും. കാത്യായനൻഔചിത്യം നോക്കി പരിമാണം കണക്കാക്ക ണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. തോരണസ്തംഭങ്ങളുടെ പരിധി, വിശാ ലത,എന്നിവ പരിധ്യാനയനം വെച്ചുകാണണം. ഭാസ്കരാചാര്യന്റെ സ്ഥൂലപരിധ്യാനയനം വ്യാസം 10 എങ്കില് അതിനെ 22 കൊണ്ട് ഗുണിച്ച്, സപ്തകുലശൈലം അഥവാ 7 കൊണ്ടു ഹരിച്ച് പ= 31 ബാക്കി 3. ഇതിനെ സ്ഥൂലവ്യവഹാരങ്ങൾക്കെല്ലാം 22 നെ 7 കൊണ്ടു ഹരിച്ച 3.3 എന്ന സംഖ്യ ഉപയോഗിച്ചാൽമതി. സൂക്ഷ്മവ്യവഹാ രങ്ങൽക്ക് സൂക്ഷ്മപരിധി കാണണം.പരിധിയും കാഷ്ഠ (ഉച്ചം)യും ദണ്ഡംഗുലത്തിൽ വിഷ്കംഭമായി ലഭിക്കുന്നു.

25. തിര്യഗ്ഫലകമാനം സ്യാത് സ്തംഭാനാമർദ്ധമാനതഃ
ശൂലാനികൽപയേന്മദ്ധ്യേ തോരണോ ഹസ്തമാനതഃ

സംസ്കൃതഭാഷ്യം

തിര്യഗിതി. ഉഭയസ്തംഭമദ്ധ്യേ ദേഹലീരൂപേണ ഉപരിതിര്യഗ് ഫലകം തസ്യമാനം സ്തംഭാനാം പഞ്ചഹസ്തമിതാനാം തോരണസ്തംഭാനാ മർദ്ധമാനതഃ തേന സാർദ്ധഹസ്തദ്വയം പ്രമാണമുക്തം. സ്തംഭാനാമിതി ബഹുവചനം ദ്വാരബഹുത്വാത് തോരണസ്തംഭാനാമപി. ബഹുത്വമിതി യോജ്യം .അനേന കനിഷ്ഠമണ്ഡപേപഞ്ചഹസ്തതോരണസ്തംഭത്വമപി സൂചിതം. ഇദം തിര്യഗ്ഫലകമാനം ഉക്തമസ്യൈവ. അന്യയോഃഷഡ്പഞ്ചംഗുലന്യൂനതാജ്ഞേയാ. വാസ്തുശാസ്ത്രേതഥോക്തേ ശൂലാനീതി ബഹുവചനം ചതുഃസംഖ്യാപരം. തോരണഇത്യേകവചനം.ജാതൌഃ.തേന പ്രതിതോരണമേകമേകം ശൂലം കാര്യം. തച്ചഹസ്തപ്രമാണം. തത്രാംഗുലത്രയം നിവേശഃഷഡ്ഭാഗഃപരീണാഹഃഏതശ്ച മണ്ഡപത്രയേ സമാനം. തത്ര ശൂലത്രപം മദ്ധ്യകീലഃതീക്ഷ്ണാഗ്രഃഋജുഃതമഭിതോ ദൌ തീക്ഷ്ണാഗ്രൌ വക്രൌ.മദ്ധ്യകീലദേശഗതവക്രഭാഗമിതി. തദുക്തം ക്രിയാസാരേ- തോരണം ഘടയിത്വൈവമൂർദ്ധ്വം ശൂലത്രയം ന്യസേത് ശൂലംഹസ്തായതം തേഷാം ഇതി

പിംഗലാമതേƒ പി-

ശൂലേനചിംഗിതാഃകാര്യാഹാരണാഖാഃസ്വദസ്തകേ ഋജ്ജവൈ മദ്ധ്യശൂലംസ്യാത് കിഞ്ചിദ്വക്രന്തു പക്ഷയോഃ ഉഭയം തത് സമാഖ്യാതം അംഗലം രോപയേതേ തദാ ഇതി. യദാതു തോരണേ ഇത്യേകവചനം വിവക്ഷിതം തദാ ശൂലാനീതി ബഹുവചനം കപിഞ്ചലാധികരണന്യായേന ത്രിത്വേ പര്യവസ്യതി. ഹസ്തമാനത ഇതി ത്രയാണാം മിലിത്വാ മാനം. തദുക്തം ക്രിയാസാരേ-തോരണം ഘടയിത്വൈവം മൂർദ്ധ്നി ശൂലത്രയം ന്യസേത് ശൂലേനവാംഗലം ദൈർഘ്യം തുരീയാംശേന വിസ്തൃതിഃ ശേഷാണാം ദ്വംഗലാവൃദ്ധിഃവേശശ്ചാംഗലവൃദ്ധിതഃഇതി തേന കനിഷ്ഠേ ദ്വംഗലപ്രവേശഃമന്ത്രമുക്താവല്യാമപി-അഗ്രയോർമദ്ധ്യഭാഗേ ച പട്ടികായാം ത്രിശൂലകാന് ഇതി. ഏതാനിതത്കാഷ്ഠമയാന്യേവ ശൈവ ഏവ കർത്തവ്യാനി ഇതി ജ്ഞേയം. വൈഷ്ണവേ തു വിശേഷഃ വാസ്തുശാസ്ത്രേ - മസ്തകേദ്വാദശാംശേന ശംഖചക്രഗദാംബുജം പ്രാഗാദിക്രമയോജേന ന്യസേത് തേഷാം സ്വദാരുജം ഇതി ഏഷാം സ്വദാരുജത്വമുക്തേ-ശൈവേ ഏതത് സ്ഥാനീയാനാം ശൂലാനാം ന്യായാദേവ സ്വദാരുജത്വം പ്രാപ്തം. തത്ര ദ്വാദശാംശഃ തോരണസ്തമ്ഭാ നാമേവ.പൂർവ്വവാക്യശേഷേ സപ്തഹസ്താസ്തഥോത്ത മാഃ ഇതി തേഷാമേവ പ്രകൃതത്വാത് തേന ചതുർദ്ദശദ്വാദശാംഗലാനി ക്രമേണോത്തമാദിഷു ശാഖാദീനാം മാനാനി. വിസ്താരസ്തു സ്വതുര്യാംശിനൈവ. യത്തു കേനചിത് ഫലകദ്വാദശാംശേന ചതുരംഗലാദി മാനമുക്തം. തദസത്. തസ്യാƒപ്രകൃതത്വാത്. ശൂലമാനസ്യ നവാംഗലോക്തേശ്ച. ഏഷാം നിവേശനമപി പൂർവ്വവത് ജ്ഞേയം .തതഃപ്രതിതോരണം ഏകൈകഃകലശഃസ്ഥാപ്യഃപ്രതിഹാരപാസ്വേ ദ്വൌ ദ്വൌ പ്രതികോണ ശ്ചൈകൈകഃതദുക്തം-ഗന്ധപുഷ്പാംബരോപേതാൻ കുംഭാംസ്തേഷുവിനിക്ഷിപേത് ധ്രുവം ധരാം വാക്പതിശ്ച വിഘ്നേശം തേഷു പൂജയേത് മണ്ഡപസ്യ തു കോണസ്ഥകലശേഷു ക്രമാദമീ അമൃതോദ്ദർജ്ജയശ്ചൈവ സിദ്ധാർത്ഥോ മണ്ഡലസ്തഥാ പൂജ്യം ദ്വാരസ്ഥകുംഭേഷു ശക്രാദ്ധ്യാസ്തന്മന്ത്ര ത്തമൈഃഇതി. അന്യത്രാപി- മണ്ഡപേകലശൌദ്വൌദ്വൌദ്വാരേദ്വാരേനിവേശയത് ശാലിതോദകസമ്പൂർണ്ണാവസ്ത്രപല്ലവശോഭിതൌ ഇതി.

മലയാളഭാഷ്യം

സ്തംഭത്തിന്റെ തിര്യഗ്ഫലകമാനം സ്തംഭത്തിന്റെ പകുതിമാനമാണ്. സ്തംഭത്തിന്റെ പഞ്ചഹസ്തമാനം തോര ണസ്തംഭത്തിന്റെ അർദ്ധമാനമാണ്. അതിനാൽ അർദ്ധഹസ്തദ്വയം പ്രമാണം. രണ്ടുസ്തംഭങ്ങളുടെ മദ്ധ്യത്തി ലായി , വിപരീതദിശയിൽ ഫലകം സ്ഥാപിക്കുന്നതിന്റെ മാനം പറയുന്നു. ഇത് ജ്യോതിഷോപകരണങ്ങളെ ക്കുറിച്ച് വിസ്തരിക്കുന്ന ഗ്രന്ഥത്തില് പറയുന്നതുകൊണ്ട് ഇവിടെ വിസ്തരിക്കേണ്ടതില്ല. സ്തംഭം,ദ്വാരം,തോരണം എന്നിവ ബഹുവചനങ്ങളായി ഉപയോഗിച്ചതുകൊണ്ട് അവയുടെ ബഹുത്വംഅറിയുക. (ഒന്നിലധികമുണ്ട്) കനിഷ്ഠമായ മണ്ഡലത്തിലാണ് 5 ഹസ്തമുള്ള തോരണസ്തംഭം. ഇതിനെ തിര്യഗ്ഫലകമാനംകൊണ്ട് പറയു ന്നു. മറ്റുള്ളവക്ക് ആറാറംഗലം കൂട്ടം. വാസ്തുശാസ്ത്രവും ഇത് പറയുന്നുണ്ട്. ശൂലാനെന്ന് ബഹുവചനം 4 സംഖ്യ യെ സൂചിപ്പിക്കുന്നു. 4 ശൂലത്തില് തോരണം (ഏകവചനം) ഉക്കുന്നു. ഓരോ തോരണത്തിനും ഓരോരോ ശൂലം കാര്യം. ഇപ്രകാ രം ഹസ്തപ്രമാണം .അതിൽ 3 അംഗലം നിവേശിപ്പിച്ച് ഷഡ്ഭാഗം പരിണമിക്കുന്നു. ഇത് മണ്ഡലത്രയത്തിൽചേർക്കുന്നു. ശൂലരൂപം മദ്ധ്യ കീലം ,അറ്റം തീക്ഷ്ണം ഋജു,അല്ലെങ്കിൽഇരുവശത്തും വളഞ്ഞ 2 തീഷ്ണാഗ്രത്തോടുകൂടി മദ്ധ്യകീലദേശത്തുനിന്ന് വളവ് ആരംഭിക്കുന്നു. തോരണം 3 ശൂലത്തിൽ(ശൂല ത്രയം,ത്രിശൂലം)ന്യസിക്കപ്പെടുന്നു. ശൂലം ഹസ്തപ്രമാണമാണ് (ക്രിയാസാരം). പിംഗലാമതവും ഈ അഭിപ്രായം സാക്ഷ്യപ്പെടുത്തുന്നു. തോരണം ഏകവചനവും ശൂലം ബഹുവചനവുമാണ് എന്നത് കപിഞ്ജലാധികരണ ന്യായത്താൽ മൂന്നിലവസാനിക്കുന്നു. അതായത് 3 ഹസ്തമാണ് മാനം. ക്രിയാസാരത്തിൽ ത്രിശൂലത്തിനു മുകളിൽ തോരണം ,ശൂലത്തിൽ 9 അംഗം നീളം,തുരീയാംശം വിസ്തൃതി,ബാക്കി 2 അംഗലം വൃദ്ധി. കനിഷ്ഠത്തിൽ 2 അംഗലമാണ് പ്രവേശം അഥവാ വേശം (അഗലവൃദ്ധി).മന്ത്രമുക്താവലിയിൽ അഗ്രത്തിന്റെ മദ്ധ്യഭാഗത്ത് പട്ടികകൊണ്ട് ത്രിശൂലകമെന്നു കാണാം. അതായത്,മരംകൊണ്ടാണ് ശൈവർക്ക് മുമ്പുകാലത്ത് നിർമ്മാ ണം.വൈഷ്ണവർക്കും ഇത് സവിശേഷസമ്പ്രദായമാണ്. വാസ്തുശാസ്ത്രത്തിൽ മസ്തകത്തില് 12 അംശത്താ ൽശംഖം ചക്രം ഗദ,പത്മം ഇവ കിഴക്കുനിന്ന് ക്രമത്തിൽ മരംകൊണ്ടുണ്ടാക്കി വെക്കണമെന്നു പറയുന്നു. ശൈവത്തിൽഏതേതു സ്ഥാനത്തില് ശൂലമോ അവിടെയാണ് സ്വദാരുജമായ ഈ വിഷ്ണുചി ഹ്നസ്ഥാനം. 12 അംശമാണ് രണ്ടിടത്തും തോരണമാനം. അതായത് മുമ്പ് പറഞ്ഞ സപ്തഹസ്തം ഉത്തമം എന്നത് 14, 12, മുതലായ ഉത്തമശാഖാദികളുടെ മാനമാണ്. വിസ്താരം സ്വതുരീയാംശം. ഫലകദ്വാദശാംശത്താല് ചതുരംഗലാ ദിമാനം പറയപ്പെടുന്നു എന്നത് ശരിയല്ല. ശൂലമാനത്തിന്റെ 9 അംഗലം പറയുന്നു. ഇതിന്റെ നിവേശനം മുമ്പറഞ്ഞപോലെ അറിയണം. ഓരോ തോരണത്തിനും ഓരോ കലശം സ്ഥാപിക്കണം. ഈരണ്ട് പ്രതി കോണങ്ങൾക്ക് ഒന്നുവീതമെന്ന് അർത്ഥം. ഗന്ധം(ചന്ദനം)പുഷ്പം,വസ്ത്രം,ഇവകളാലലങ്കരിച്ച് കുംഭം സ്ഥാപി

ക്കുന്നു.ധ്രുവ,ഭ്രമി,വാക്പതി,ഗണേശന്മാരെ അവയിൽ പൂജിക്കുന്നു. മണ്ഡ പത്തിന്റെ കോണിൽ വെച്ച കലശങ്ങളിൽ ക്രമത്തിൽ അമൃത, ദുർജ്ജയ,സിദ്ധാർത്ഥമണ്ഡലങ്ങളും ദ്വാരത്തിൽവെച്ചതില് ശക്രനും മനുവും പൂജിതരാകുന്നു. മണ്ഡപത്തിൽ ഈരണ്ടുവീതം ഓരോ ദ്വാരത്തിലും കലശം സ്ഥാപിക്കുന്നു. നെയ്യ്, വെള്ളം,ഇവ നിറച്ച് വസ്ത്രം, തളിരില ഇവകളാൽ അലങ്കരിച്ച് സ്ഥാപിക്കണം.

26. ദിക്ഷുധ്വജാന്നിബദ്ധ്യൌയാല്ലോകപാലസമപ്രഭാൻ
വിതാനദർഭമാലാദ്യൈരലങ്കുർവ്വീത മണ്ഡപം

സംസ്കൃതഭാഷ്യം

ദിക്ഷുധ്വജാനീതി. ധ്വജരൂപം പ്രതിഷ്ഠാസാരസംഗ്രഹേ- പീതരക്താദിവർണ്ണാച്ചപഞ്ചഹസ്താ ധ്വജാഃസ്മൃതാഃ ദ്വിപഞ്ചഹസ്തൈർദണ്ഡൈസ്തേവംശജൈഃസംയുതാമതാഃഇതി. ദ്വിപഞ്ചഹസ്തൈർദശഹസ്തൈഃ അന്യത്രാപി. പഞ്ചഹസ്താധ്വജാഃകാര്യാവൈകൽപ്പേതുദ്വിഹസ്തകാഃ ദണ്ഡശ്ചദശഹസ്തഃ സ്യാദഷ്ടദിക്ഷുച താൻന്യസേത് ഇതി ക്രിയാസാരേതു വിശേഷഃ- ധ്വജാനാംലക്ഷണം സമ്യഗുച്യതേതു യഥാതഥം മണ്ഡപസ്യബഹിർദണ്ഡൈർദശഹസ്തായതൈഃ സഹഃ പൂർവ്വാദ്യാഷ്ടഹരിതസ്വഷ്ടൌധ്വജാൻസംസ്ഥാപയേത് ക്രമാത് തേഷാം ഹസ്തദ്വയം വ്യാസോ മദ്ധ്യഛസ്വകര സമ്മിതഃവ്യാസാർദ്ധം ശിഖരം പുഛം ഹസ്തത്രിതയമാനദാം മത്സ്യാഭം ശിഖരം പുഛശിഖരത്തുത്രികോണകം തയോർമദ്ധ്യേ ചതുഷ്ക്കോണാംധ്വജാനേവം പ്രകൽപയേത് മാതംഗവ്യസ്തമഹിഷസിംഹമത്സ്യൈണവാജിനഃവൃഷഭസ്യയഥാന്യായം ധ്വജമദ്ധ്യേക്രമാല്ലിഖേത് അഥവാദിഗ്ഗജാനഷ്ടാവൈരാവതപുരഃസരാന്, ധ്വജേഷ്വവില്ഖേദ്ദുക്തധാതുഭിശ്ച സ(സു)ലക്ഷണം ഏവം ധ്വജാനാം കഥിതം ലക്ഷണന്തു ശുഭാവഹം ഇതി.ധ്വജാനാമാവശ്യകത്വമുക്തം ഹയശീർഷപഞ്ചരാത്രേ- അതഃപരംപ്രവക്ഷ്യാമി ധ്വജാരോഹണമുത്തമം യത്കൃത്വാപുരുഷഃസമ്യക്സമസ്തഫലമാപ്നുയാത് യാതുധാനാ ഗുഹ്യകാശ്ചകൂഷ്മാണ്ഡാഃഖേചരാസ്തഥാ ചിന്തയന്തിയസുരശ്രേഷ്ഠാധ്വജഹീനം സുരാലയം ധ്വജേനരഹിതേ ബ്രഹ്മാൻമണ്ഡപേതു വൃഥാഭവേത് പൂജാഹോമാദികം സർവ്വം ജപാദ്യം യത്കൃതം ബുധൈഃ രക്ഷണേനവിനായദ്വത് ക്ഷേത്രം നശ്യതിക്ഷേത്രിണഃ ധ്വജംവിനാദേവഗൃഹം തഥാനശ്യേത സർവ്വഥാ വിഷ്ണുപാരിഷദാഃക്രൂരാഃകുഷ്മാണ്ഡാദ്യാശ്ചയേസ്മൃതഃ പൂജാദികന്തുഗൃഹ്ണന്തി ദേവം ദൃഷ്ടാനരക്ഷിതം ദൃഷ്ടാധ്വജാംസ്തുദേവസ്യ മണ്ഡലേ ജ്വലനപ്രഭാന് നശ്യന്തിസർവ്വേ തേ ചാക്രരശ്മിക്ഷിപ്തം തമോയഥാ ഇതി. ലോകപാലസമപ്രഭാനിതി. ലോകപാലവർണ്ണാംശ്ചതുർത്ഥേ-വക്ഷന്തേംപതാകാനിവേശനമപ്യുക്തം- സാരസംഗ്രഹേ-

പ്രതികുണ്ഡംപതാകാസ്തുപ്രോക്താഃശാസ്ത്രാർത്ഥകോവിദൈഃ
സപ്തഹസ്താഃപതാകാഃസ്യുഃസപ്തമാംശേനവിസ്തൃതാഃ
ലോകപാലാനുവർണ്ണേന നവമീ തുഹിനപ്രഭാ ഇതി
സിദ്ധാന്തശേഖരേപി- പതാകാധ്വജസംയുക്തം ഇതി
സോമശംഭുരപി-സപ്തഹസ്താഃപതാകാഃസ്യുർവിംശത്യഗുലവിസ്തൃതാഃ
ദശഹസ്താഃപതാകാനാം ദണ്ഡാഃപഞ്ചാംശവിഷ്ടതാഃ
പതാകാആയുധാംഗാശ്ച പുഷ്പഗന്ധസമന്വിതാഃഇതി

മണ്ഡപാലങ്കാരമാഹ വിതാനീതി -വിതാനശ്ചന്ദ്രാതലഃദർഭമാലാ
രജ്ജുഗ്രഥിതാദർഭാഃആദിശബ്ദേന ദുകൂലേനസ്തംഭവേഷ്ടനം
ചൂതപല്ലവകലാസന്ധാനമിത്യാദി ജ്ഞാതവ്യം
തദുക്തം സിദ്ധാന്തശേഖരേ-
ചൂതപല്ലവമാലാഢ്യം വിതാനൈരുപശോഭിതം
വിചിത്രവസ്ത്രസംഛന്നം തുലാസ്തംഭവിഭൂഷിതം
സഫലൈഃകദളീസ്തംഭൈഃക്രമുകൈർനാരികേലജൈഃ
ഫലൈർനാനാവിധൈർഭിത്യൈർദർപ്പണൈശ്ചാമരൈരപി
ഭൂഷിതംമണ്ഡപംകുര്യാദ് രത്നപുഷ്പസമുജ്ജ്വലം ഇതി.

ഹയശീർഷപഞ്ചരാത്രേƒപി-
ദർപ്പണൈർചാമരൈര്ദണ്ഡൈഃസ്തംഭാൻവസ്ത്രൈൗർവിഭൂഷയേത്
കലശൈർഘടികാഭിശ്ച സാദാരൈഃകർക്കരൈസ്തഥാ ഇതി
മണ്ഡപാന്യഥാഭാവേദോഷഉക്തഃക്രിയാസാരേ-

അനുക്തസാധനൈഃക്ലപ്തോ യദിവാ കുടിലാകൃതിഃ
മാനാധികോƒഥവാ ന്യൂനോ മണ്ഡപഃകർത്തൃനാശനഃ
ആഖ്യാതസാധനൈഃക്ലപ്തഃശോഭനഃസമമാനകഃ
മനോജ്ഞോ മണ്ഡപോ യോƒസൗകംഭകർത്തഃശുഭാവഹഃഇതി.

മലയാളഭാഷ്യം

മണ്ഡപത്തെ ദിക്കുകളിൽ ലോകപാലസമപ്രഭമായ ധ്വജങ്ങളെസ്ഥാപിച്ച് ദർഭ മുതലായവ കൊണ്ട് അലങ്കരിച്ച് വിതാനിക്കണം. ധ്വജരൂപം പ്രതിഷ്ഠാസാരസംഗ്രഹത്തിൽ പറയുന്നത് ഇപ്രകാരമാണ്:- മഞ്ഞ,പച്ച നിറങ്ങളില് 5 ഹസ്തമുള്ളതാണ് ധ്വജം. 2നെ 5 കൊണ്ടുഗുണിച്ച് (10 ഹസ്തം) 10 ഹസ്തം നീളമുള്ള മുളദണ്ഡോടു കൂടിയതാണ്. 5 ഹസ്തം ധ്വജത്തെ 2 കൊണ്ടു ഗുണിച്ചതാണ് ദണ്ഡത്തിന്റെ നീളമായ 10 ഹസ്തം. അവ 8 ദിക്കിൽസ്ഥാപിച്ച് അതില് കൊടികയറ്റുന്നു. ക്രിയാ സാരത്തിൽവിശേഷമായി, ധ്വജത്തിന്റെ ലക്ഷണം സമ്യക്കായി പറയുന്നു. മണ്ഡപത്തിനുപുറത്ത് 10 ഹസ്തമുള്ള ദണ്ഡം നാട്ടുന്നു. കിഴക്കുമുതല് 8 ദിക്കിലും ക്രമത്തിലാണ് ധ്വജം സ്ഥാപിക്കുക. അവയുടെ വ്യാസം 2 ഹസ്തം. മദ്ധ്യം സ്വന്തം കയ്യിന്റെ അളവനുസരിച്ച്. വ്യാസാർദ്ധവും ശിഖരവും പുച്ഛവും മുമ്മൂന്നു ഹസ്തം വീതം. ശിഖരം മത്സ്യംപോലെ. പുഛം ത്രികോണമായി. അവയുടെ മദ്ധ്യത്തിൽ ചതു ഷ്കോണമായി ധ്വജം. ആന,പോത്ത്,സിംഹം,മത്സ്യം,കുതിര,ഋഷഭം ഇവ ക്രമത്തിൽ ധ്വജമദ്ധ്യത്തിൽ വരക്കുന്നു. അല്ലെങ്കിൽ 8 ദിഗ്ഗജങ്ങളെ ഐ രാവതരൂപത്തില് വരക്കുന്നു. ഇപ്രകാരമുള്ള ശുഭലക്ഷണമുള്ള ധ്വജങ്ങളുടെ ആവശ്യകത ഹയശീർഷപഞ്ചരാത്രത്തിൽപറഞ്ഞിരിക്കുന്നു. ഇനി ഉത്തമമായ ധ്വജാരോഹണം പറയാം. ഏതൊന്നുചെയ്താൽ മനുഷ്യൻസമ്യക്കായ സമസ്തഫലവും പ്രാപിക്കുന്നുവോ അതാണ് ഉത്തമധ്വജാരോഹണം. ധ്വജഹീനമായ ദേവാലയം(സുരാലയം) ആസുരമാണ് എന്ന് രാക്ഷസഗുഹ്യകകൂശ്മാണ്ഡാദിഖേചരരെല്ലാം വിചാരിക്കുന്നു. ധ്വജരഹിതമായ മണ്ഡപത്തിൽബ്രഹ്മൻപോലും വൃഥാവായി ത്തീരുന്നു. ബുധന്മാർപൂജാഹോമാദികളും സർവ്വജപവും ധ്വജത്തോട്ടു കൂടി ചെയ്യുന്നു. രക്ഷണമില്ലാത്ത ക്ഷേത്രവും ക്ഷേത്രിയും നശിക്കുന്നു. ധ്വജമില്ലാത്ത ദേവാലയവും അപ്രകാരം നശിക്കുന്നു. വിഷ്ണുപാർഷദർതൊട്ട് ക്രൂരകൂശ്മാണ്ഡദേവതകൾവരെ എല്ലാവരും പൂജ ചെയ്യപ്പെടുന്ന ദേവാലയം സുരക്ഷിതമാകുന്നു. (സപരിവാരം) ധ്വജത്തിൽദേവന്റെ മണ്ഡപത്തില് ജ്വലനപ്രഭകണ്ടാല് സർവ്വദുഷ്ടശക്തികളും ചാന്ദ്രരശ്മിയാല് തമസ്സെന്നപോലെ നശിക്കുന്നു ലോകപാലസമപ്രഭമായ വർണ്ണങ്ങളാല് പതാകനിവേശിപ്പിക്കുന്നത് പറയുന്നു. സാരസംഗ്രഹത്തിൽ ഓരോ കുണ്ഡത്തിലും ശാസ്ത്രാർത്ഥ കോവിദർപതാകയെ പറയുന്നു.സപ്തഹസ്തമായ പതാക സപ്തമാംശത്താല് വിസ്തൃതമാണ്. 9ആമത്തെ (നവമി)പതാകക്ക് മഞ്ഞിന്റെ പ്രഭയാണ്. സിദ്ധാന്തശേഖരത്തിലും പതാക ധ്വജസംയുക്തമെന്നു പറയുന്നു. സോമശംഭുവും സപ്തഹസ്തമായ പതാകക്ക് 20 അംഗുലം വിസ്തൃതിപറയുന്നു. ദശഹസ്തമായ പതാകയുടെ ദണ്ഡം പഞ്ചാംശമാണ്. പതാകയിൽ ആയുധം അംഗമായി,പുഷ്പഗന്ധത്തോടുകൂടിയതാവണം. ഇപ്രകാരം മണ്ഡപാലങ്കാരം വിതാനത്തിൽപറയുന്നു. വിതാനം നിലാവ്. ദർഭമാല ചരടിൽകോർത്ത ദർഭ. അതായത്,സ്തംഭത്തിനുചുറ്റും വസ്ത്രം വേഷ്ടികെട്ടി, അതിൽമാന്തളിരും മാലകളും ബന്ധിക്കണം. സിദ്ധാന്തശേഖരത്തില്,ചൂതപല്ലവമാലകളാൽവിതാനിച്ച് ,വിചിത്രവസ്ത്രത്താൽമൂടി,തുലാത്തോടുകൂടിയ സ്തംഭത്താൽഅലങ്കരിച്ച് കുലച്ചപഴങ്ങളോടുകൂടിയ വാഴത്തണ്ട്,കമുക്, നാളികേരം , മറ്റനാനാവിധഫലങ്ങൾ,ബീജങ്ങള്,ദർപ്പണം,ഇവ ചാർത്തിയ മണ്ഡപത്തെ രത്നങ്ങളാലും പുഷ്പങ്ങളാലും സമുജ്ജ്വലമായി അലങ്കരിക്കുന്ന വിധം പറഞ്ഞിരിക്കുന്നു. ഹയശീർഷപഞ്ചരാത്രത്തിൽദർപ്പണം, ചാമരം, ദണ്ഡം,സ്തംഭം,വസ്ത്രം ഇവകളാലലങ്കരിച്ച് കലശം,ഘടിക, ഇവകളാല് മനോഹരമാക്കുന്നത് പറയുന്നു. (ഘടിക എന്നത് ജോതിശ്ശാസ്ത്രോപകരണം) മണ്ഡപാഭാവം ദോഷമാണ്. ലക്ഷണമില്ലാത്ത മണ്ഡപവും ദോഷമാണ്.ക്രിയാസാരത്തിൽകുടിലാകൃതിയിൽ,അളവ് അധികമോ കുറവോ ആയി കെട്ടിയ മണ്ഡപം കർമ്മനാശം വരുത്തും. പറയപ്പെട്ട അലങ്കാരങ്ങളോടും സമമായ പരിമാണത്തോടും കൂടി മനോഹരവും ശുഭവുമായി കെട്ടിയ മണ്ഡപം സർവ്വകർമ്മത്തിനും ശുഭഫലം തരും.

27. തത് ത്രിഭാഗമിതേ ക്ഷേത്രേƒരത്നിമാത്രസമന്വിതാം
ചതുരസ്രാം തതോ വേദീം മണ്ഡലായ പ്രകൽപയേത്

സംസ്കൃതഭാഷ്യം

വേദീനിർമ്മാണമാഹ തദിതി. തസ്യമണ്ഡപമദ്ധ്യസൂത്രസ്യ യസ്ത്രിഭാഗഃ തൃതീയഭാഗഃതന്മിതേ ക്ഷേത്രേ. അന്യഥാ ക്ഷേത്രഫലസ്യ തൃതീയാംശഗ്രഹ ണേ യത് കിഞ്ചിദേവസ്യാത്. തദുക്തം-
തതോമണ്ഡപസൂത്രന്തു ത്രിഗുണം പരികൽപയേത്
പൂർവ്വാദിഷുക്രമാത്തസ്യ മദ്ധ്യഭാഗേന വേദികാ ഇതി.

ഫലതഞ്ച നവമഭാഗേന വേദികാഭവതി. തദുക്തം സിദ്ധാന്തശേഖരേ-നവാംശം മണ്ഡപംകൃത്വാ മദ്ധ്യാം ശേവേദികാ മതാ ഇതി. അരത്നിമാത്രസമുന്നതാം ഹസ്തമാത്രസമുന്നതാം ചതുരസ്രാം വേദിം മണ്ഡപമദ്ധ്യേ മണ്ഡലായ വക്ഷ്യമാണസർവ്വതോഭദ്രമണ്ഡലായ കൽപയേത്. മണ്ഡപകഥനേ തദുക്തം- ചതുർദ്വാരയുക്തം തത്സ്തസ്യ മദ്ധ്യേ ബുധസ്തൂിഭാഗൈക ഭാഗേന വേദിം അരത്നിപ്രമാണോന്നതാം ദർപ്പണാന്തർനിഭാം മനോ ഹാരിണീം ചാപി കുര്യാത് ഇതി. ബഹുഭിർഗ്രന്ഥകാരൈരരത്നിശബ്ദോ ഹസ്തോƒപിപ്രയുക്തഃ യദാ കാദിമതേ ഷഡാംഗുലലക്ഷണമുക്താ-

തൈശ്ചതുർഭിർഭവേൻമുഷ്ടിർവിതസ്തിസ്ത്രൈസ്തിഭിർഗുണൈഃ അരത്നിസ്തദ്വയേനസ്യാദ്ധസ്തഃതദ്ദ്വയതഃശിവേ ഇതി. കാത്യായനേനാപി ശുൽവേബഹുഷുസ്ഥലേഷു അരത്നിശബ്ദോ ഹസ്തേ പ്രയുക്തഃമന്ത്രമുക്താവല്യാമപി അയുതഹോമാർത്ഥം ദ്വിഹസ്തകുണ്ഡകഥനേ ദശാംഗുലാധികാƒരത്നി ഇത്യുക്തം. തത്രൈവ ലക്ഷഹോമേ ച ചതുർഹസ്തോക്തൌ ചതുർവിംശത്യംഗുലാധികാƒരത്നിഃഇതി. തേനാത്രാƒപ്യരത്നിശബ്ദോ ഹസ്തമാത്രേ വ്യാഖ്യാതഃതദുക്തം വശിഷ്ഠസംഹിതായാം - ഹസ്തോന്നതാഞ്ചവിസ്തീർണ്ണാം ചതുർഹസ്തൈഃസമന്തതഃഇതി. മന്ത്രമുക്താവല്യാമപി-ഇഷ്ടകാഭിർമുദാവാƒപിവേദീദർപ്പണസന്നിഭഃ

രാജഹസ്തോച്ഛ്രയാകാര്യാ വിദുഷാസിദ്ധിമിഛതാ ഇതി.

രാജഹസ്തോ മദ്ധ്യമാംഗുല്യന്തഃപഞ്ചരാത്രേƒപി-

വേദീമണ്ഡപസ്യ ത്രിഭാഗതഃചതുർത്ഥാംശോഛ്രിതിസ്തസ്യാഃഇതി ക്രിയാസാരേƒപി-ത്രിഭാഗം മണ്ഡപം കൃത്വാ മദ്ധ്യഭാഗാസ്തു വേദികാ ഹസ്തമാനം തദുത്സേധം ചതുരസ്രം സമം യഥാ പക്കാഭിർവ്വാƒപ്യപക്കാഭിരിഷ്ടകാഭിർദ്ദഢം യഥാ കർത്തവ്യാവേദികാ ശ്രേഷ്ഠാ തദഭാവേമുദാƒപി വാ അവക്രപാർശ്വാസുസ്നിഗ്ദ്ധാദർപ്പണോദരസന്നിഭാ ഇതി. ഉത്സേധ ഔന്നത്യം. സിദ്ധാന്തശേഖരേതു വിശേഷഃ വേദീചതുർവ്വിധാ തത്ര ചതുരസ്രാ ച പത്മിനീ ശ്രീധരീസർവ്വതോഭദ്രാ ദീക്ഷാസു സ്ഥാപനാദിഷു ചതുരസ്രാചതുഷ്കോണാ വേദീ സർവ്വഫലപ്രദാ തഡാകാദിപ്രതിഷ്ഠായാം പത്തനീപത്മസന്നിഭാ രാജ്ഞാംസ്യാത് സർവ്വതോഭദ്രാചതുർഭദ്രാഭിഷേചനേ വിവാഹേ ശ്രീധരീ വേദീ വിംശത്യസ്രസമന്വിതാ ദർപ്പണോദരസങ്കാശാ നിമ്നോന്നതവിവർജ്ജിതാ ഇതി. വേദികായാഅന്യഥാഭാവേ ദോഷമുക്തഃക്രിയാസാരേ വക്രപാർശ്വാം ക്ലിന്നമദ്ധ്യാപരുഷാ ദൃഗ്ശോഭനാ മാനഹീനാധികായാ സാ കർത്തുഃകർമ്മവിനാശിനീ ഇതി. വായവീയസംഹിതായാം തു മണ്ഡപാദ്യുക്താഃ- കൃത്വാ പൂർവ്വോദിതം സർവ്വം വിനാ വാ മണ്ഡപാദികം മണ്ഡലം പൂർവ്വവത് കൃത്വാ ഖണ്ഡിതഞ്ചവിശേഷതഃഇതി.

മലയാളഭാഷ്യം

വേദിനിർമ്മാണം പറയുന്നു.മണ്ഡപത്തിന്റെ മദ്ധ്യസൂത്രത്തിന്റെ 3 ഭാഗം-ക്ഷേത്രഫലത്തിന്റെ തൃതീയാംശം. മണ്ഡപസൂത്രം 3 എങ്കില് മൂന്നിലൊന്ന് .പൂർവ്വദിക്ക് മുതലെന്ന ക്രമത്തില് അതിന്റെ മദ്ധ്യഭാഗത്താണ് വേദി ക . 3 x3=9ഭാഗമാണ് വേദിക. അപ്പോൾമണ്ഡപം 27 ആയിരിക്കണം. 27 നക്ഷത്രമുള്ള രാശിമണ്ഡലമാവുമ്പോൾ നവഗ്രഹ മുള്ള സൌരയൂഥം വേദിക. ഇങ്ങനെ ദേശകാലങ്ങളുടെ മണ്ഡലങ്ങളെ ഏകീകരിക്കുന്നു. അരത്നി അഥവാ ഹസ്തം ഉയരത്തിൽ ചതുരശ്രമായ വേദി മണ്ഡപമദ്ധ്യത്തില് സർവ്വതോഭദ്രമണ്ഡലമായി സങ്കൽപ്പിക്കണം. നാലുവാതിൽ-അതാതിന്റെ മദ്ധ്യത്തില് മൂന്നിലൊരുഭാഗമായി വേദിക, അരത്നിപ്രമാണം ഉയരത്തിൽ ഉള്ളില് ദർപ്പണം-ഇപ്രകാരം മനോഹര മായി മണ്ഡപം നിർമ്മിക്കണം. അരത്നി ഹസ്തം തന്നെയാണ്. എപ്ര കാരം കാദിമതത്തിൽ 6 അംഗുലത്തില് ലക്ഷണം പറഞ്ഞിരിക്കുന്നു അപ്രകാരം. 4 മുഷ്ടി 3 കൊണ്ടുഗുണിച്ചത് വിതസ്തി അതിന്റെ 2 അരത്നി അതാണ് ഹസ്തമെന്ന് കാദിമതം. കാത്യായനനും ശുൽബ സൂത്രത്തിൽ പലഭാഗത്തും അരത്നിയെ ഹസ്തമെന്ന് പറഞ്ഞിട്ടുണ്ട്.മന്ത്രമുക്താവലിയിൽഅയുതഹോമത്തിനുള്ള ദ്വിഹസ്തകുണ്ഡം പറയുമ്പോൾ, ചതുർവിംശതിഅംഗുലം അധികം അരത്നി എന്നു കാണാം. അരത്നിശബ്ദത്താൽ ഹസ്തത്തെ വ്യാഖ്യാനിക്കുന്നു. വസിഷ്ഠസംഹിതയില് ഉയരം,വിസ്തീർണ്ണം എന്നിവ സമമായി 4 ഹസ്തം സമചതുരം എന്നുപറയുന്നു മന്ത്രമുക്താവലിയില് മിനുക്കിയ ഇഷ്ടകകളോടെ കണ്ണാടിപോലെ വേദിപണിയണം,രാജാവിന്റെ ഹസ്തം പ്രമാണമായെടുത്താല് സർവ്വശ്രേയസ്സം ഉണ്ടാവുമെന്ന് സിദ്ധി ഇഛിക്കുന്ന വിദ്വാന്മാർ പറയുന്നു. രാജാവിന്റെ നടുവിരലറ്റം വരെയുള്ള അളവാണ് രാജഹസ്തം. വേദി മണ്ഡപത്തിന്റെ ത്രിഭാഗം. ക്രിയാസാരത്തില് ത്രിഭാഗം മണ്ഡപം ചെയ്ത് മദ്ധ്യഭാഗത്ത് വേദിക ഹസ്തപ്രമാണമായി സമചതുരശ്രമായി നിർമ്മിക്കണം. വളവില്ലാത്ത പാർശ്വങ്ങളോടെ,സ്നിഗ്ദ്ധമായി കണ്ണാടിയുടെ മദ്ധ്യംപോലുള്ള വേദിക ശ്രേഷ്ഠമാണ്. സിദ്ധാന്തശേഖരത്തിൽ സവിശേഷമായി 4 വിധം വേദിക പറയുന്നു. ചതുരശ്രം,പത്മിനി, ശ്രീധരി,സർവ്വതോഭദ്രം എന്നിവ ദീക്ഷക്കും സ്ഥാപനത്തിനുമുപയോഗിക്കുന്നു. ചതുരശ്രമായി,ചതുഷ്കോണമായ

വേദി സർവ്വഫലപ്രദമാണ്. തടാകത്തിൽ ജലത്തിനുനടുവില് പ്രതിഷ്ഠിക്കപ്പെട്ടതാണ് പത്മിനീവേദി. പറവൂരിലെ മൂകാംബികാക്ഷേത്രത്തിലും വടക്കേമലബാറിലെ അനന്തപുരം ക്ഷേത്രത്തിലും നേപ്പാളിലെ ബുധനീലകണ്ഠക്ഷേത്രത്തിലും ഇത്തരം വേദികയാണ്. ചതുർഭദ്രമായി സർവ്വതോഭദ്രമായത് രാജാക്കന്മാർക്ക് അഭിഷേകത്തിന് ഉത്തമം. വിവാഹങ്ങൾക്ക് ശ്രീധരി .അതിന് 20 അസ്ത്രം പ്രമാണം. കണ്ണാടിപോലെ മിനു സം. സമമായി നിമ്നോന്നതങ്ങളില്ലാത്തത് എന്ന് ലക്ഷണം.

28. പ്രാഗേവദീക്ഷാദിവസാത് സപ്തഭിർവിധിവശിനൈഃ
സർവ്വമണ്ഡലസമ്പത്ത്യൈവിദദ്ധ്യാദങ്കുരാർപ്പണം

സംസ്കൃതഭാഷ്യം

അങ്കുരാർപ്പണകർമ്മാഹ പ്രാഗേവേതി. ദീക്ഷാദിവസാത് പ്രാക്സപ്ത ഭിർദിനൈരേതേന ദീക്ഷാദിനമഷ്ടകംയഥാ ഭവതി തഥാകർത്തവ്യമിത്യു ക്തം.വിധിവദിത്യനേന നവഭിഃപഞ്ചഭിസ്ത്രിഭിഃ സദ്യോഭവത്യുക്തം. തദുക്തം സിദ്ധാന്തശേഖരേ- പ്രതിഷ്ഠായാഞ്ച ദീക്ഷായാം സ്ഥാപനേചോത്സവേ തഥാ സംപ്രോക്ഷണീച ശാന്ത്യർത്ഥം വിവാഹേമൌഞ്ജിബന്ധനേ സർവ്വമംഗലകാര്യേഷു കാരയാദങ്കുരാർപ്പണം പ്രതിഷ്ഠാദിവസാദ്പൂർവ്വം നവമേ സപ്തമേ ദിനേ പഞ്ചമേ വാ തൃതീയേ വാ സദ്യോ വാ ചാങ്കുരാർപ്പണം ഇതി. മഹാകപിലപഞ്ചരാത്രേƒപി - പുണ്യാഹഘോഷണാം കൃത്വാ ബ്രാഹ്മണൈഃസഹദേശികഃ മംഗലാങ്കുരയജ്ഞഞ്ച കുര്യാത്തത്രൈവ ചാഹനി സപ്തമാനവമാദ്വാപി പ്രാശിവയജ്ഞകർമ്മണഃ ഇതി. അന്യത്രാപി- ഉത്സവേഷുവിവിധേഷപി ദീക്ഷാ സ്ഥാപനാദിഷു പവിത്രവിധൌ ച മംഗലാങ്കുരവിരോപണപൂർവ്വം മംഗലം ഭവതി കർമ്മകൃതസ്തതഃ ശസ്തയോഗദിവസാസ്തു പുരസ്താത് സപ്തമേƒഹ്യ ഗ്നിശുഭേ നവമേ വാ പഞ്ചമേƒഥസുദിനേസുമുഹൂർത്തേ മംഗലാങ്കപരവിധിം വിദഗീത തത്ര പൂർവ്വേത്യുരുപ വാസം കൃത്വാ ഖഗ്ടഹ്യോക്തവിധിനാ നാന്ദീശ്രാദ്ധം കൃത്വാ അങ്കുരാർപ്പണമാരഭേത് .തദുക്തം- ഗുരുർവിശുദ്ധഃപ്രാഗിവശുദ്ധാഹാത്സപ്തമേƒഹ്നി സങ്കൽപ്യോ പോഷ്യകർത്തവ്യമങ്കുരാർപ്പണം ശുഭം കുര്യാന്നാന്ദീമുഖശ്രാദ്ധം പൂർവ്വേദ്യുഃസ്വസ്തിവാചനം ഖഗ്ടഹ്യോക്തപ്രകാരേണ തദേതദ്ദിദധീതവൈഃഇതി. സംഹിതായാമപി-സർവ്വത്രാഭ്യുദയശ്ചാർദ്ദമങ്കുരോത്പാദനം തഥാ ആദാവേവപ്രകുർവ്വീത കർമ്മണോƒഭ്യുദയാത്മനഃ ഇതി.

മലയാളം ഭാഷ്യം

കിഴക്കുദിശയിലാണ് ദീക്ഷാദികൾതുടങ്ങുന്നത്. വിധിവശാൽഏഴെണ്ണ വ്വം സർവ്വമണ്ഡലസമ്പത്തോടെ അങ്കുരങ്ങളർപ്പിച്ച് തുടങ്ങുന്നു. ദീക്ഷ തുടങ്ങി 7 ദിനം കഴിഞ്ഞ്, നവധാന്യങ്ങളുടെ ബീജം (രേതസ്സ്)വിതച്ച് എട്ടാം ദിനം മുളച്ചുപൊന്തുന്നു. വിധിവശാൽഎന്നതിന് 9, അല്ലെങ്കിൽ 5 അതുമല്ലെങ്കില് 3 ധാന്യവിത്ത് എന്ന് അർത്ഥവും പറയുന്നു. സിദ്ധാന്ത ശേഖരത്തില്, പ്രതിഷ്ഠ,ദീക്ഷ,സ്ഥാപനം,ഉത്സവം, സംപ്രോക്ഷണം, ശാന്തി, വിവാഹം,മൌഞ്ജിബന്ധനം,സർവ്വമംഗലകാര്യത്തിനും ആദ്യം അങ്കുരാർപ്പണം വേണം. പ്രതിഷ്ഠാദിനത്തിന് മുമ്പത്തെ 9 അല്ലെങ്കില് 7 അല്ലെങ്കില് 3 ദിനം ഇവയിലൊന്നിലാണ് അങ്കുരാർപ്പണം ചെയ്യേണ്ടത്. മഹാകപിലപഞ്ചരാത്രത്തിൽ,ബ്രാഹ്മണര് സഹദേശികരും (മറ്റു ദേശികര്-നാട്ടുകാരെന്നും സഞ്ചാരികളായ വിദ്വാന്മാരെന്നും)ചേർന്ന് പുണ്യാഹ ഘോഷണം ചെയ്ത് മംഗലാങ്കുരയജ്ഞം നടത്തുന്നു. 7. 9 ദിനം മുമ്പാണ് ഈ കർമ്മം നടത്തുന്നത്. ഉത്സവം ,ദീക്ഷ,സ്ഥാപനം,മുതലായ പവിത്ര കർമ്മങ്ങൾക്കെല്ലാം മുന്നോടിയായി അങ്കുരാർപ്പണം ചെയ്യുന്നത് മംഗലകരമായി കർമ്മത്തെ സമൃദ്ധമാക്കുമെന്ന് അന്യഗ്രന്ഥങ്ങളിലുമുണ്ട്. ഏതുദിനമാണോ ഉദ്ദിഷ്ടകർമ്മം ചെയ്യേണ്ടത്, അതിന് 7, 9, 5 ദിനം മുമ്പുതന്നെ സുദിനത്തിലെ സുമുഹൂർത്തത്തില് മംഗലാങ്കുരവിധി അർപ്പിക്കുന്നു. അതിനുമുമ്പ് ഉപവാസംചെയ്ത് നാന്ദീശ്രാദ്ധം ചെയ്ത ശേഷമാണ് അങ്കുരാർപ്പണം ആരംഭിക്കുന്നത്. വിശുദ്ധനായ ഗുരു മുമ്പേ കുളിച്ച് ശുദ്ധമായി 7 ദിനം മുമ്പ് സങ്കൽപിച്ചുചെയ്യുന്ന അങ്കുരാരോപണം ശുഭമാണ്. അതിന്നുമുമ്പ് സ്വസ്തിവചനത്തോടെ നാന്ദീമുഖശ്രാദ്ധം വിധിപ്രകാരം ചെയ്യുന്നു. സംഹിതയിലും സർവ്വർക്കും അഭ്യുദയത്തിനായി ശ്രാദ്ധം,അങ്കുരാർപ്പണം ഇവ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

29. മണ്ഡപസ്യോത്തരേ ഭാഗേശാലാം പൂർവ്വാപരായതാം
ശുദ്ധാംകുര്യാത്തതസ്തസ്യാം മണ്ഡലംരചയേത് സുധീഃ

സംസ്കൃതഭാഷ്യം

ശാലാമിതി. തത്ര -വിംശത്യാഉകരൈർമാനംദശായാമേനവിസ്തൃതിഃശാലായാം ഉത്തരം മാനം അത്രൈതാവത്യാഃപ്രയോജനാഭാവാദേതതംഗേന മദ്ധ്യമമാനേന ശാലാകാര്യാ. തേന ദശഹസ്തദീർഘാ പഞ്ചഹസ്തായാമാ അത്ര കർത്തവ്യ.താമേവാഹ പൂർവ്വാപരായതാമിതി.ദീർഘചതുരശ്രരൂപാം ശുദ്ധാം പരിതഃകടാദിപരിവൃതാം ദക്ഷിണൈകദ്വാരവതീം നിവാതാഞ്ച കുര്യാത്. തദുക്തം പ്രയോഗസാരേ-അവഗ്ദക്സ്ഥിതാം കൃത്വാ നിവാതാം താം കുടീം ദൃഢാം ഇതി. തസ്യവക്ഷ്യമാണം മണ്ഡലം രചയേത്.

മലയാളം ഭാഷ്യം

മണ്ഡപത്തിന്റെ വടക്കുഭാഗത്ത് കിഴക്കുനിന്ന് പടിഞ്ഞാട്ട് ശാല നിർമ്മിച്ച് അതിൽമണ്ഡലം രചിക്കുന്നു. 20 കൈ അളവ്. 10 വിസ്തൃതിയുള്ള ശാല ഉത്തമം. 10 കൈ അളവ്, 5 ഹസ്തായാമം വിസ്തൃതിയുള്ള ശാല മദ്ധ്യമം. പൂർവ്വാപരമായി ദീർഘചതുരമായി കടാദികളില് ശുദ്ധമായി ചുറ്റപ്പെട്ട് തെക്കുഭാഗത്ത് ഒറ്റ വാതിലോടെ (ദ്വാരാവതി-ദ്വാരക)ചെയ്യുന്ന ശാലക്ക് പറയപ്പെട്ടമണ്ഡലം രചിക്കണം. പ്രയോഗസാരത്തില് ഇപ്രകാരമുള്ള കുടി (ശാല) ദൃഢമാണ് എന്നു പറയുന്നു.

30. പഞ്ചഹസ്തപ്രമാണാനി പഞ്ചസൂത്രാനി പാതയേത്
പൂർവ്വാപരായതാന്യേഷാമന്തരം ദ്വാദശാംഗുലം

31. ദക്ഷിണോത്തരസൂത്രാമി തദ്വദേകാദശാƒർപ്പയേത്
പദാനിതത്ര ജായന്തേ ചത്വാരിംശത് പ്രമാർജ്ജയേത്

32. പങ്ക്ത്യാം വീഥീശ്ചതസ്രോƒന്തശ്ചതുഷ്കോഭയപാർശ്വയോഃ
വീഥ്യൌദ്വേച ചതുഷ്കോഷ്ഠത്രയമത്രാƒവശിഷ്യതേ

33. പദാനിരഞ്ജയേത്താനി ശ്വേതപീതാരുണാസിതൈഃ
രജോഭിഃശ്യാമളേനാƒഥ വീഥിരാപൂരയേത് സുധീഃ

സംസ്കൃതഭാഷ്യം

മണ്ഡലമേവാഹ പഞ്ചഹസ്തേതി. ശാലാവിസ്താരമദ്ധ്യഭാഗേ പ്രാഗപരായതമേകം സൂത്രം പഞ്ചഹസ്തപ്രമാണം ദത്വാ തത് സൂത്രസ്യ ദക്ഷിണോത്തരഭാഗയോഃദ്വാദശദ്വാദശാംഗുലാന്തരേ ദ്വേ ദ്വേ സൂത്രേ മദ്ധ്യാത് .തത സ്തത് പഞ്ചസൂത്രവ്യിതി ഭേദീനിഏകാദശസൂത്രാണി അർപ്പയേത്.തദ്വദിതിദ്വാദശാംഗുലാന്തരാണീത്യർത്ഥഃ ഏവം പഞ്ചാപി ഹസ്താഃസംഗൃഹീതാഃതദുക്തം പ്രയോഗസാരേ-പ്രസാര്യസ്പോടയേത്സൂത്രം യഥായാമ്യോത്തരായനം പഞ്ചഹസ്തപ്രമാണേന ദ്വേദ്വേ പാർശ്വേച പാതയേത് തദ്വത്പൂർവ്വോക്തമാനേന ദ്വാദശദ്വാദശാംഗുലേ പ്രാക്പ്രത്യക് ച സമം പശ്ചാത് സൂത്രാണ്യേകാദശക്രമാത് പാതായേത് താസുരേഖാസു പൂർവ്വസൂത്രാന്തരാന്തരം ഇതി പ്രമാർജ്ജയേദിത്യുത്തരത്രാന്യേതി. പങ്ക്ത്യാചതസ്രാ വീഥീർമ്മാ ർജ്ജയേത്. ബാഹ്യഃഇത്യർത്ഥഃഅന്തരിതി വക്ഷ്യമാണത്വാത്. പൂർവ്വ തശ്ചതുഷ്കോഷ്ഠാമേകാം വീഥീം അഷ്ടകോഷ്ഠാം ദക്ഷിണവീഥീം പുന ശ്ചതുഷ്കോഷ്ഠാം ഏകാം വീഥീം അഷ്ടകോഷ്ഠാമുത്തരവീഥീം മാർജ്ജ യേത്. തതോƒതഷ്ചതുഷ്കസ്യമദ്ധ്യചതുഷ്കസ്യ ഉഭയോഃ പാർശ്വയോഃ പാർശ്വദ്വയേ ദ്വേ വീഥ്യൌ ദ്വിദ്വികോഷ്ഠരൂപേചാത്ര മാർജ്ജയേദിത്യ സ്ഥാനുഷംഗഃ തതഃ ഫലിതമാഹാത്രേതി. അത്രമണ്ഡലേ ചതുഷ്കോഷ്ഠത്രയ സ്ഥാനി പദാനി ദ്വാദശ.പ്രത്യേകചതുഷ്കോഷ്ഠേ ഖേതാദിഭി രജോഭി രഞ്ജയേത്. തത്ര ഖേതംവായുപദേ. പീതമാഗ്നേയേ. അരുണം രക്ഷ പദേ. അസിതമീശ പദേ ഇതി സുധീരിത്യനേനോക്തം. തദുക്തമാചാര്യൈഃ-പീതാരക്തസിതാസിതം പ്രതിപദം വംഗ്യാദിശർവ്വാന്തകം ഇതി. അഥ അനന്തരം ശ്യാമലേന ഹരിതേന വീഥീരാപൂരയേത്.

മലയാളം ഭാഷ്യം

5 ഹസ്തം പ്രമാണം.5 സൂത്രം പരസ്പരം ഛേദിച്ച് കിഴക്കും പടി ഞ്ഞാറുമുള്ളവക്ക് അന്തരം 12 അംഗുലം. കിഴക്കും പടിഞ്ഞാറും സൂത്രങ്ങൾക്ക് 11 .ആ പദങ്ങളില് 4 അംശം കുറക്കുക. ഉള്ളിലും ഇരുപാർശ്വത്തിലും ചതുഷ്കം. പംക്തി വീഥി. വീഥികളിൽ 2 അല്ലെ ങ്കില് 4 കോഷ്ഠത്രയം ബാക്കി വരും. പദങ്ങളെ വെള്ള,മഞ്ഞ, ചുവ പ്പ്,കറുപ്പ് നിറങ്ങൾചേർക്കുക. വീഥികളിൽശ്യാമളമായ പൊടി നിറക്കുക. ഇങ്ങനെയുള്ള പഞ്ചഹസ്തമായ

മണ്ഡലം ഉണ്ടാക്കുക. ശാലാ വിസ്താരത്തിന്റെ മദ്ധ്യത്തിൽകിഴക്കുനിന്ന് പടിഞ്ഞാട്ടുള്ള ഒറ്റ സൂത്രത്തിന് 5 ഹസ്തം പ്രമാണം. ആ സൂത്രത്തിന്റെ വടക്കും തെക്കും ഭാഗത്ത് 12 അംഗുലം വീതം അകലത്തില് ഈരണ്ടു സൂത്രം കൊട്ടുക്കു ന്നു. ഇപ്രകാരം 5 സൂത്രം കൊണ്ടുള്ളതിനെ 11 സൂത്രങ്ങള് ഛേദിക്കുന്നു. അവയുടെ അകലം 12 അംഗുലമാവുന്നു. പ്രയോഗസാരത്തിൽ തെക്കുനിന്ന് വടക്കോട്ട് 5 ഹസ്തപ്രമാണത്തില് 2 പാർശ്വത്തിലുമായി സൂത്രം നിർമ്മിക്കുന്നു. മുമ്പുപറഞ്ഞ പോലെ 12 അംഗുലം സമമായ അകലത്തില് കിഴക്കുനിന്ന് പടിഞ്ഞാട്ട് 11 സൂത്രം ക്രമത്തിൽനിർമ്മി ക്കുന്നു. ഈ രേഖകൾ പരസ്പരം കൂട്ടിമുട്ടി ചതുരങ്ങളുണ്ടാക്കുന്നു. പുറത്തെ പംക്തിയിലെ 4 എണ്ണം ഉപേക്ഷിക്കുന്നു. കിഴക്ക് 4കോഷ്ഠ മുള്ള ഒരുവീഥി,പടിഞ്ഞാറ് നാലുകോഷ്ഠമുള്ള ഒരു വീഥി, വടക്ക് എട്ടുകോഷ്ഠമുള്ള ഒരുവീഥി.ഇതാണ് പംക്ത്യാ. ചതസ്രോവീഥീർമാർജ്ജയേത് എന്നുപറയപ്പെട്ട കോഷ്ഠങ്ങള്. ഇതിന്റെ ഉള്ളിലെ ചതു ഷ്കത്തിൽ മദ്ധ്യചതുഷ്കത്തിലെ ഇരുപാർശ്വങ്ങളിലുമുള്ള ഈരണ്ടു കോഷ്ഠമുള്ള 2 വീഥി



വിട്ടുകളയുന്നു.

അപ്പോൾ മദ്ധ്യത്തില് 3 ചതുരങ്ങള്(ചതുഷ്കോഷ്ഠത്രയം)മണ്ഡലത്തിൽബാക്കിവരും .ഇതിൽ 12 പദം(കോഷ്ഠം) പ്രത്യേകകോഷ്ഠങ്ങളിൽനിറംകൊട്ടുക്കുന്നു. വായുപദത്തിന് ആകാശനിറം,ആഗ്നേയത്തിന് പീതം, രക്ഷോപദത്തിന് അരുണനിറം, ഈശപദത്തിന് അസിത(കൃഷ്ണ) നിറം. എല്ലാ വീഥികളിലും ശ്യാമളനിറം ,അല്ലെങ്കിൽഹരിതം (മഞ്ഞൾനിറം) ഇവ നിറക്കുന്നു.

34. പാത്രാണിത്രിവിധാന്യാഹുരങ്കുരാർപ്പണകർമ്മസു
പാലികാഃപഞ്ചമുഖ്യഞ്ചശരവാശ്ചചതുഃക്രമാത്

35. പ്രോക്താഃസ്യുഃസർവ്വതന്ത്രജ്ഞൈർഹരിബ്രഹ്മശിവാത്മകഃ
ഏഷാമുഛ്രായഉന്നേയഃഷോഡശദ്വാദശാഷ്ടഭിഃ

സംസ്കൃതഭാഷ്യം

അങ്കുരാർപ്പണപാത്രാസ്യാഹ പാത്രാണീതി. സ്ഥൂലാനിഉച്ചാനിശരാവാഖ്യേവ പാലികാശബ്ദേനോച്യതേ. പാലികാഃഏവകിഞ്ചന്നീചാഃപഞ്ചമുഖയുക്താഃപഞ്ചമുഖ്യഉച്യതേ. ശരാവാ പ്രസിദ്ധാഃ സർവ്വതന്ത്രജ്ഞൈരിത്യനേന പഞ്ചദേവതാദീക്ഷാദികർമ്മസു പാത്രഭേദോ നാസ്തീത്യുക്തം. പ്രഥമാ ഹരിരൂപാ.ദ്വിതീയാ ബ്രഹ്മരൂപാഃ തൃതീയാഃശിവരൂപാഃഏതേന ഹരിബ്രഹ്മേശാ ഏഷു പാത്രേഷു പൂജ്യാ ഇത്യുക്ത ഭവന്തി. തദുക്തം സാരസ്വത മതേ- പ്രോക്തേഷുതേഷുപാത്രേഷു ബ്രഹ്മവിഷ്ണുശിവാൻയജേത് ഇതി. സിദ്ധാന്തശേഖരേƒ പി- സംപൂജയേഛരാവേഷുരുദ്രംചന്ദനപുഷ്പകൈഃ പാലികാസു തഥാ വിഷ്ണും ബ്രഹ്മാണാം ഘടികാസു ചഃഇതി.

മലയാളഭാഷ്യം

അങ്കുരാർപ്പണകർമ്മത്തിന് 3 വിധപാത്രങ്ങളുപയോഗിക്കുന്നു. പാലിക, ശരാവ,പഞ്ചമുഖി. ഇവ ഹരിബ്രഹ്മശിവാത്മകമാണ് എന്ന് തന്ത്രജ്ഞർക്കറിയാം. സ്ഥൂലോച്ചാരണത്തിൽശരാവത്തെത്തന്നെയാണ് പാലികയെന്ന് പറയാറുള്ളത്. പാലിക 5 മുഖമുള്ളതാണെങ്കില് അതിനെ പഞ്ചമുഖി എന്നു പറയും. ശരാവം പ്രസിദ്ധമാണ്. പഞ്ചദേവതാദീക്ഷാദികർമ്മങ്ങളിൽപാത്രഭേദമില്ല എന്ന് സർവ്വതന്ത്രജ്ഞര് അറിയുന്നു. പ്രഥമം(പാലിക) ഹരിരൂപം. ദ്വിതീയം പഞ്ചമുഖി ബ്രഹ്മ രൂപം. തൃതീയം ശരാവ ശിവരൂപം. സാരസ്വതമതത്തിൽ ഈ പാത്രങ്ങളില് ത്രിമൂർത്തികളെയാണ് യജിക്കുന്നത്. സിദ്ധാന്തശേഖരത്തിൽ ശരാവത്തില് ചന്ദനം പുഷ്പം ഇവകളാൽ രുദ്രനേയും പാലികയില് വിഷ്ണുവിനേയും ഘടികയില് ബ്രഹ്മാവിനേയും യജിക്കുക എന്നു കാണാം. (അതായത് ഒന്നുകിൽ ഘടികതന്നെയാണ് പഞ്ചമുഖി .അഥവാ ഘടിക കാലം അളക്കുന്ന ഘടികാരമാവണം. ഇതിലേതെന്ന് തീർച്ചയില്ല.) പാത്രങ്ങളെ ഉയർത്തേണ്ടത് ക്രമത്തില് 16, 12, 8 എന്നു കാണുക. 16 ചന്ദ്രൻ(വൈഷ്ണവം), 12 സൂര്യൻ(ബ്രഹ്മാ), 8 ദിക്പാല(ശിവ)രെന്ന ക്രമത്തിലാണ്.

36. അംഗുലൈഃക്രമശസ്താനി ശുഭാന്യാവേഷ്ട്യതന്തുനാ
പ്രക്ഷാല്യദേശികസ്തേഷുപദേഷാഹിതശാലിഷു

37. സഗന്ധദർഭകൂർച്ചേഷുപശ്ചിമാദിനിവേശയേത്
കരീഷവാലുകാമൃദ്ഭിസ്താനിപാത്രാണി പൂരയേത്.

സംസ്കൃതഭാഷ്യം.

ഷഡംഗുലൈഃക്രമശഃഇതി പൂർവ്വേണ സംബദ്ധ്യതേ. മഹാകപിലപഞ്ച രാത്രേത്ര വിശേഷഃ പാലികാവക്ത്ര വിസ്താരഃഷോഡശാംഗുലഉച്യതേ ഭവേത് കണ്ഠവിലം വാ സ്യാത് തദഷ്ടാംഗുലവിസ്തൃതം പാദപൂഠസ്യവിസ്താരം ഷഡംഗുലമുദാഹൃതം ചതുരംഗുലമുത്സേധസ്തത്സന്ധിശ്ചാംഗുലം ഭവേത് തത് സന്ധേഛ ഭവേന്നാഹം പാദപീഠാർദ്ധമേവച ഭവേദ് പഞ്ചമുഖീ ചൈവം ഘടികാ സർവ്വകാമദാ ചതുരംഗുലവിസ്താരാണ്യാഹുർവക്ത്രാണിപഞ്ചവൈ ചത്വാരി ച ചതുർദിക്ഷു ഊർദ്ധ്വമേകം യഥാവിധി ഘടികായാമവിസ്താരോ ദ്വാദശാംഗുല ഉച്യതേ ആചാര്യാഃകഥയന്ത്യേകേ ഷോഡശാംഗുലമേവ ച ദ്വാദശാംഗുലവിസ്താരം ശരാവസ്യമുഖം സ്മൃതം ചതുരംഗുലവിസ്താരം അധസ്താന്മൂലമുച്യതേ ഇതി. അന്യത്രാപി- താലമാത്രമിഹപഞ്ചമുഖീസ്യാദ് വ്യാസതോച്ഛ്രയമിതാഘടികാസ്യാത്. ദിക്ഷുതന്മുഖചതുഷ്ടയമേകം മദ്ധ്യതസ്തുസമവർത്തിതഭാഗം താലവിസ്തൃതമുഖഞ്ചശരാവം വ്യാസതോച്ഛ്രയഗതാർദ്ധമിതാംഘ്രി ദണ്ഡമസ്യചതുരംഗുലനാഹം കണ്ഠമസ്യവിലവർജ്ജമുദഗ്രം സംഭവേകനകരൂപ്യതാമ്രതോകാർത്തികാന്യഭിന്നവാന്യഥവാ സ്യുഃഇതി. സിദ്ധാന്തശേഖരേ തു- യഥാസംഭവമാനം വാ പാലികാദിസമാചരേത് ഇതി. താനീതി പാത്രാണി .ശുഭാനീതി കൃഷ്ണാവർണ്ണാവ്രണാദിരഹിതാനി. തന്തുനേതി ത്രിഗുണേന.തത്ര പൂർവ്വം പ്രക്ഷാ ലനം പശ്ചാത്തന്തുവേഷ്ടന മിതി ജ്ഞേയം. ദർഭകൂർച്ചം അഗ്രേ വക്ഷ്യമാണം.പശ്ചിമാദീതി. പശ്ചിമ ചതുഷകേ പാലികാചതുഷ്ടയം.മദ്ധ്യമചതുഷ്കേ പഞ്ചമുഖീചതുഷ്ടയം. പൂർവ്വചതുഷ്കേ ശരാവചതുഷ്ടയം. നിവേശയാത്. തന്മ ദ്ധ്യേ ആഗ്നേയാ ദിസ്ഥാപനമിതി ജ്ഞേയം. തദുക്തം പ്രയോഗസാരേ- തേഷുപാത്രാണി വിന്യസേത് വഹ്ന്യാ ദ്യാദീശാനപര്യന്തം ചതുഷ്കേഷു പൃഥക് പൃഥക് ഇതി. കരീഷേതി. കരീഷം ശുഷ്കഗോമയചൂർണ്ണം. ഏതൈരുത്ത രോത്ത രം സർവ്വാണ്യേവ പാത്രാണി പൂരയേത്. ഉക്തഞ്ച ഹയശീർഷപഞ്ചരാ ത്രേ- പൂരയേദുത്തരോത്തരേ ഇതി. പ്രയോഗസാരേƒപി-മൃദ്വാലുകാകരീഷൈശ്ചോംകൃത-പാത്രാണി പൂരയേത് ഇതി. തത്രവിശേഷഃ സിദ്ധാന്തശേഖരേ- ഗന്ധാദിഭിശ്ചകുദ്ദാലം പൂജയിത്വാ ദിനാന്തരേ ഗീതനൃത്യസമായുക്തം ഗജവാജിസമന്വിതം ഗുർവ്വാദയോ രഥാരൂഢാ ഗജാരൂഢാസ്തഥാ പരേ ഗത്വാതീരം തഡാകാസ്യനദ്യാഃപുഷ്പവനസ്യ വാ തത്ര ശുദ്ധം ഭുവോ ഭാഗം ദർഭൈഃസംമൃജ്യചാസ്തൃതഃ അഭ്യുക്ഷ്യചാർദ്ധ്യതോയേന തത്തന്മന്ത്രമനുസ്മരന്. ഹൃദാഭൂമിം സമാവാഹ്യഗന്ധപുഷ്പൈഃസമർച്ചയേത് കുദ്ദാലീമസ്ത്രമന്ത്രേണ ഖാത്വാഭൂമിമഥോമൃദം ഗൃഹീത്വാ വാമദേവേന പൂരയേത് കാംസ്യപാത്രകേ ഹൃദാകൃതഞ്ചസംമൃജ്യവസ്ത്രേണാഛാദ്യധാരയേത് പുരം വാ നിലയം വാപി സർവ്വമംഗലനിസ്വനൈഃ ഗുരുഃപ്രദക്ഷിണംകൃത്വാ മണ്ഡപംത്വാനയേത്തതഃ ഏതത്കർമ്മദിവാകാലേ കുര്യാദ് രാത്രൌ ന ബുദ്ധിമാന് ഇതി.

മലയാളഭാഷ്യം

ആറംഗുലക്രമത്തിൽ നൂലുകൊണ്ടു ശുഭമായി ചുറ്റി,പ്രക്ഷാളനം ചെയ്ത് ദേശികർ ഈ പദങ്ങളില് ശാലി വിത ക്കുന്നു.ഗന്ധം,ദർഭ,കൂർച്ചം ഇവ പടിഞ്ഞാറുമുതല് നിവേശിക്കുന്നു. കരീഷം,വാലുകം,മൃത്ത് ഇവയാൽ പാത്രം നിറച്ചിരിക്കണം. കരീഷമെന്നാൽ ഉണക്കിയ ചാണകപ്പൊടിയാണ്. മഹാകപിലപഞ്ചരാത്തത്തില് പാലിക യുടെ മുഖവിസ്താരം 16 അംഗുലം,കഴുത്തിന്റെ വിസ്താരം 8 അംഗുലം പാദപീഠവിസ്താരം 6 അംഗുലം , 4 അം

ഉലം ഉത്സേധം . അതിന്റെ സന്ധിയാണ് അംഗുലമാവുന്നത്. സന്ധിമുതൽ പാദപീഠത്തിൻറെ അർദ്ധം 3. നാലംഗുലം വി സ്താരമുള്ള പഞ്ചമുഖം അതിലെ നാലെണ്ണം 4 ദിക്കിലേക്കും അഞ്ചാമത്തേത് മുകളിലേക്കുമായാൽ പഞ്ചമുഖി. ഘടികാവിസ്താരം 12 അംഗുലം .ചില ആചാര്യർ 16 അംഗുലമെന്നും പറയുന്നു. ശരവത്തിന് 12 അംഗുലം മുഖവിസ്താരം .താഴെ മൂലഭാഗത്തിന് 4 അംഗുലം വിസ്താരം. പഞ്ചമുഖിയുടെ വ്യാസം തളികരൂപത്തിലായാൽ അത് ഘടിക എ ന്ന് അറിയപ്പെടുന്നു.



4 മുഖം നാലുദിക്കിലേക്ക്. നടുവിലെ മുഖം ഏക മുഖം സമവർത്തിതഭാഗം കേന്ദ്രം. താലവിസ്തൃതമുഖമായ ശരാവം അരപദമായി ചരിക്കുന്ന കാൽ(ദണ്ഡം)മുകളിൽ കണ്ഠഭാഗത്തേക്ക് ചതുരംഗുലമെന്നു വരും. ഈ പാത്രങ്ങളെല്ലാം സ്വർണ്ണം,വെള്ളി,,താമ്രം, കളി മണ്ണ്(മൃത്തിക) ഇവകൊണ്ടെല്ലാം ഉണ്ടാക്കാം. പൊട്ടോ ചതവോ ഇല്ലാത്ത കൃഷ്ണവർണ്ണമായ പാത്രം ശുഭകരമാണ്. മൂന്നുചരട്ട കൊണ്ട് (തന്തു)പൂണൂൽവേഷ്ടനം ചെയ്താണ് ഈ പാത്രങ്ങളെ ഉപയോഗിക്കുന്നത്. വേഷ്ടനം ചെയ്യുംമുമ്പ് പാത്രം കഴുകിയിരിക്കണം. പടിഞ്ഞാറേ ചതുരത്തിൽ നാലുപാലിക, നടുവിലെ ചതുഷ്കത്തിൽ 4 പഞ്ചമുഖി, കിഴക്കേ ചതുഷ്കത്തിൽ 4 ശരാവം വെക്കുന്നു. ഇവയുടെ മദ്ധ്യ ത്തിലാണ് ആഗ്നേയാദിസ്ഥാപനം. ഹയശീർഷപഞ്ചരാത്രത്തില് കരീഷം, വാലുകം,മണ്ണ് ഇവ ഒന്നൊന്നായിട്ട് നിറക്കാൻപറയുന്നു. പ്രയോഗസാരത്തിലും ഇതുപറയുന്നുണ്ട്. സിദ്ധാന്തശേഖരത്തിൽ സവിശേഷമായി ഗന്ധാദികളാല് കുദ്ദാലത്തെ (മൺവെട്ടി,കൈക്കോട്ട്,കുന്താലി) തലേ ദിവസം തന്നെ പൂജിക്കണം.ഗീതം,നൃത്തം,ആന,കുതിര ഇവയുടെ അകമ്പടിയോടെ ഗുരുവും പരിവാരവും രഥാരൂഢരായും ഗജാരൂഢരായും തടാകം,നദി,പുഷ്പവനം ഇവയുടെ അടുത്തുചെല്ലുന്നു.ഭൂമി ശുദ്ധമാക്കി ദർഭ വിരിക്കുന്നു. ജലത്തോടെ മന്ത്രാനുസ്മരണത്തോടെ ഹൃദയത്താല് ഭൂമിയെ ആവാഹിച്ച് ഗന്ധപുഷ്പങ്ങളർപ്പിക്കുന്നു.

അസ്ത്രമന്ത്രം ജപി ച്ച് കുദ്ദാലത്താൽ ഭൂമിയെ വെട്ടി മണ്ണ് എടുക്കുന്നു. കാംസ്യം കൊണ്ടു നിർമ്മിച്ച പാത്രത്തില് മണ്ണ് വാമദേവൻനിറക്കുന്നു. വസ്ത്രം കൊണ്ടു പൊതിഞ്ഞ് ,ധാര ചെയ്ത് ,പുരത്തിലേക്കോ സ്വഭവനത്തിലേക്കോ സർവ്വമംഗലസ്വരങ്ങളും മുഴക്കി കൊണ്ടുപോകുന്നു. ഗുരുപ്രദക്ഷിണം വെച്ച് മണ്ഡപത്തിലേക്ക് ആനയിക്കുന്നു. ഈ കർമ്മം ബുദ്ധിമാന് പക ലിലേ ചെയ്യുകയുള്ളൂ. രാത്രി ചെയ്യുകയില്ല. ബീജാവാപം മാത്രം രാത്രി ചെയ്യുന്നു. (വിത്തുവിതക്കുന്നതും വിവാഹകർമ്മവും ഒരു പോലെയാണ് നടത്തിയിരുന്നതെന്ന് ശ്രദ്ധിക്കുക) .

38. സുധാബീജേന ബീജാനി ദ്വൈധ്യൈഃപ്രക്ഷാവ്യ തന്ത്രവിത് മൂലമന്ത്രാഭിജപ്താനി പഞ്ചഘോഷപുരഃസരം

39. ആശീർവാഗ്ഭിർദ്വിജാതീനാം മംഗലാചാരപൂർവ്വകം നിർവപേത്തേഷു പാദേഷു ദേശികോ യതമാനസഃ

സംസ്കൃതഭാഷ്യം

തേഷു ബീജാവാപമഹ സുധേതി. സുധാബീജേനവമിത്യനേന ദ്വൈധ്യൈഃഗോദ്വൈധ്യൈഃപ്രക്ഷാള്യേതി. മഹാകപിലപഞ്ചരാത്രേ തു വിശേഷഃ- ദ്വാദശാക്ഷരമന്ത്രേണ ക്ഷാലയിത്വാ തു വാരിണാ ഇതി. സാരസ്വതമതേ*f*പി-ബീജാനിതാനിപ്രക്ഷാള്യജലക്ഷീരേണചക്രമാത് ഇതി. ഏതതേ തനേതേരവിത് ഇത്യനേനസൂചിതം .മൂലേതി മൂലമന്ത്രേണ ദാതവ്യമന്ത്രേണ അഭിജപ്താനി അഷ്ടോത്തരശതമിതി. തദുക്തം മഹാകപിലപഞ്ചരാത്രേ-സംഖ്യാനുക്തൗശതംസാഷ്ടം സഹസ്രം വാ ജപാദിഷു ഇതി. പഞ്ചഘോഷാസ്തു പടഹഢക്കാമൃദംഗമുഖവാദ്യശംഖാഃ മംഗലാചാരേതി തത്തദ്ദേശപ്രസിദ്ധ്യാ ഉല്ലൂധ്വന്യാദിപൂർവ്വകം. ദേശികോ യതമാനസ്യ ഇത്യനേന താനി ബീജാനി ഏകീകൃത്യ രാത്രൌ മൂലമന്ത്രേണ പ്രാങ്മുഖഉദങ്മുഖോ വാ പാലികാ ദിഷു നിർവ്വപേദി ത്യക്തം. തദുക്തം സിദ്ധാന്തശേഖരേ- ബീജമുഖ്യേന മൂലേന പ്രാങ് മുഖോ വാപ്യുദങ്മുഖഃ വാപയേത് സർവ്വബീജാനി പാലികാദിഷ്വനുക്രമാത് ബീജാനാമധിപഃ സോമസ്തസ്മാദ്രാത്രൌ തു നിർവ്വപേത് ഇതി. സാരസ്വതമതേ*f*പി-ബീജേഭ്യോദൈവതേഭ്യശ്ച സരാത്രൌകാന്തിമാൻയതഃ തസ്മാദ് ഗുരുസ്തു ബീജാനി നിശായാമേവ വാപയേത് ഇതി.

മലയാളഭാഷ്യം

തന്ത്രവിത്ത് ബീജത്തെപശുവിന്റെ പാലിൽകഴുകി സുധാബീജമാക്കുന്നു. ദ്വാദശാക്ഷരമൂലമന്ത്രം പഞ്ച ഘോഷങ്ങളോടുകൂടി (പഞ്ചവാദ്യം) ജപിച്ചാണ് വിത്തുകഴുകുന്ന ചടങ്ങ്. പഞ്ചവാദ്യങ്ങൾ പടഹം(പെരുമ്പറ) ഢക്കാ,മൃദംഗം,മുഖവാദ്യം അഥവാ മുഖശംഖ്, ശംഖ് എന്നിവയാണ്. (ഇപ്പോളതിൽ കൊമ്പും കുഴലും ഇടക്ക ചേങ്ങിലയുമെല്ലാം ഉണ്ട്) ദ്വിജാതി (രണ്ടുജാതി- സ്ത്രീ,പുരുഷ) , സ്ത്രീപുരുഷന്മാരെന്നും രണ്ടു പ്രാവശ്യം ജനിച്ച ദ്വിജാദികളെന്നും അർത്ഥം. ഇവരുടെയെല്ലാം ആശീർവ്വാദത്തോടെ മംഗളാചരണത്തോടെ ഉചിതപാത്രങ്ങ ളിൽ യതമാനസരായ ദേശികര് ബീജം വിതക്കുന്നു. (വിത്തുവിതക്കൽ കാർഷികസംസ്കൃതിയുടെയും സ്ത്രീപുരുഷ ന്മാരുടെ പ്രജോൽപ്പാദന മായ മംഗലകർമ്മത്തിന്റെയും പ്രതീകമാണ്) മഹാകപിലപഞ്ചരാത്രം ദ്വാദശാ ക്ഷരമന്ത്രത്തോടെ (ഓം നമോ ഭഗവതേ വാസുദേവായ) ജലം കൊണ്ട് കഴുകണമെന്ന് പറയുന്നു .സാരസ്വത മതത്തിൽ വെള്ളവും പാലും ചേർത്ത് ആ ജലക്ഷീരം കൊണ്ടാണ് കഴുകുന്നത്. മൂലമന്ത്രം 108 തവണ (അഷ്ടോത്തരശതം)ജപിക്കണം. മഹാകപില പഞ്ചരാത്രത്തിൽ ഒന്നുകില് 108 അല്ലെങ്കില് 1008 എന്ന് ജപ സംഖ്യ പറയുന്നു. മംഗലാ ചരണമെന്നാൽ അതാത് പ്രദേശത്തെ ജനതക്കിടയില് പ്രസിദ്ധവും പ്രചാരത്തി ലുള്ളതുമായ ഉല്ലൂധ്വനി (കുരവ,ആർപ്പ്) മുഴക്കിക്കൊണ്ട് എന്നർത്ഥം. യതമാനൻ അഥവാ യജമാനന് എന്ന ദേശികൻ (ഗുരു)ഈ ബീജങ്ങളെ ഏകീകരിച്ച് രാത്രി മൂലമന്ത്രത്താൽ കിഴക്കോട്ടോ വടക്കോട്ടോ അഭിമുഖമാ യി പാലിക മുതലായ പാത്രങ്ങളില്(ഗർഭപാത്രസങ്കൽപം)ബീജാവാപം ചെയ്യുന്നു. ഇത് സിദ്ധാന്തശേഖര ത്തിലും പറഞ്ഞിട്ടുണ്ട്. സർവ്വബീജങ്ങൾക്കും അധിപന് സോമനാണ്. അതു കൊണ്ട് ബീജാവാപം രാത്രി ചെയ്യുന്നു. സാരസ്വതമതത്തിൽ ബീജങ്ങളിലെ ദൈവതങ്ങൾക്ക് രാത്രി കാന്തി കൂട്ടും ,അതിനാൽ ഗുരു രാത്രി ബീജാവാപം ചെയ്യുന്നു.

40. ശാലീശ്യാമാകിമുദ്ഗതിലനിഷ്പാവസർഷപാഃ കുലത്ഥ്യകംഗുമാഷാശ്ച ബീജാന്യങ്കുരകർമ്മണി.

സംസ്കൃതഭാഷ്യം

ബീജാന്യാഹ ശാലീതി. ശാലയോഃഹൈമന്തികാഃശ്യാമഃശ്യാമകഃകാന്യകുബ്ജഭാഷായാം സാവാ ഇതി പ്രസിദ്ധഃആഢ്കീ തുവരി.നിഷ്പാവാ രാജമാഷാഃവിഷ്ണുപുരാണടീകായാം ശ്രീധര്യാം തഥാ വ്യഖ്യാതത്വാത്. നിഷ്പാവാൻരാജമാഷാംശ്ച സുപ്തേ ദേവേ വിവർജ്ജയേത്. ഇതി പൃഥഗുക്തേർന തത്രബാധാ-സാരസ്വതമതേ പ്രത്യേകം ബീജേഷു ദേവതാപൂജോക്താ. സ്കന്ദംപ്രിയം ഗൌനിഷ്പാവേവായുമഗ്നിം കുലത്ഥകേഃ ആഢ്ക്യാം നിരൃതീം സോമം മുദ്ഗേ വൈവസ്വതം തിലേ പ്രജാപതീം ശാലിബീജേ(ധാന്യേ)ത്യനന്തം

സർഷപേƒർച്ചയേത് ഇന്ദ്രം ശ്യാമേ ച മാഷേ തു വരുണഞ്ച നഗാത്മജേ ഇതി. സിദ്ധാന്തശേഖരേ തു പ്രത്യഹം സോമപൂജാപ്യക്താ. സോമം സംപൂജ്യയേന്നിത്യമധിവാസദിനാവധി അധിവാസദിനേപ്രാപ്തേ സോമമുദ്വാസയേദ് ഗുരു ഇതി.

മലയാളഭാഷ്യം

ശാലിനെല്ല്,ശ്യാമാകം,മുദ്ഗം,തിലം,ആഢ്കി,നിഷ്പാവാ,സർഷപം,കുലത്ഥകം ,അംഗ്രമാഷം ഇവയാണ് സാധാരണ അങ്കുരകർമ്മത്തിനായി ഉപ യോഗിക്കുന്ന ബീജങ്ങൾ. ഹേമന്തകാലത്ത് ശാല(പർണ്ണശാല) കളിലുണ്ടാവുന്ന വരിനെല്ലാണ് ശാലിനെല്ല്. കന്യാകുബ്ജത്തിൽ സാവാ (സാഗോ)എന്നു പ്രസിദ്ധമായ ധാന്യമാണ് ശ്യാമാകം. ആഢ്കി തുവരപ്പരി പ്പ്. നിഷ്പാവം രാജമാഷം. വിഷ്ണുപുരാണത്തിന്റെ ടീകയായ ശ്രീധ രിയിൽ നിഷ്പാവം ,രാജമാഷം എന്ന് രണ്ടായിട്ടാണ് പറഞ്ഞിരിക്കുന്നത്. സാരസ്വതമതത്തിൽ ഓരോ ബീജ ത്തിനും പ്രത്യേകദേവതാപൂജ പറഞ്ഞിരിക്കുന്നു. സ്കന്ദന് പ്രിയംഗു, വായുവിന് നിഷ്പാവം, അഗ്നിക്ക് കുലത്ഥകം, നിരൃതിക്ക് ആഢ്കി, സോമന് മുദ്ഗം, വൈവസ്വതന് തിലം, പ്രജാപതിക്ക് ശാലിനെല്ല് ,അനന്തന് സർഷ പം, (കടുക്)ഇന്ദ്രന് ശ്യാമാകം, വരുണനും പർവ്വതപുത്രിക്കും മാഷം. സിദ്ധാന്തശേഖരത്തിൽ സോമപൂജക്ക് പ്രത്യേകമായിട്ട് നിത്യവും സായംസന്ധ്യക്ക് (അധിവാസദിനത്തിന്റെ അവധി) പൂജിക്കണം. അവധിദിനമായ അധിവാസത്തിൽ സോമന് പ്രവേശിച്ച നേരത്ത് ഗുരു ഉദ്വാസം ചെയ്യണം.

41. ഹരിദ്രാദ്ഭിഃസമഭ്യുക്ഷ്യ വസ്ത്രൈരാചാര്യദേശികഃ
ബലിത്രിവിധപാത്രാണാംദിക്ഷുപൂർവ്വാദിതോ ഹരേത്

സംസ്കൃതഭാഷ്യം

ഹരിദ്രേതി.തത്രമന്ത്ര ഉക്തഃപ്രയോഗസാരേ- ത്രിയംബകായ ശർവ്വായ ശങ്കരായ ശിവായ ച സർവ്വലോകപ്രധാനായ ശാശ്വതായ നമോനമഃ വികീര്യാƒനേന മന്ത്രേണ ഹരിദ്രാചൂർണ്ണമിശ്രിതം തോയം പ്രവർഷയേത്തേഷു സിഞ്ചേത്തോയൈർദിനംപ്രതി ഇതി. ഇദം ദേശിക ഇത്യനേന സൂചിതം. വസ്ത്രൈർനൂതനവസ്ത്രൈഃബഹുവചനം കപിഞ്ചലാധികരണന്യായേന ത്രിത്വേ പര്യവസതി. ആഹരാദ്യേതി പാത്രചതുഷ്ടയമേകൈകേന.രാത്രൗ ബലിം ക്ഷിപേദിത്യന്വയഃ പ്രാതഃപുനഃ സ്ഥലമാർജ്ജനാദികം കൃത്വാ ദ്വിതീയരാത്ര്യാദൌ ബലിദാനം.

മലയാളഭാഷ്യം

ഹരിദ്രം(മഞ്ഞൾ)പൂശി മൂന്നുവിധിപാത്രത്തിൽ കിഴക്കുമുതല് ദേശികന് ബലി നൽകണം. അപ്പോൾ ചൊല്ലേ ണ്ട മന്ത്രം പ്രയോഗസാരത്തിൽ ഉണ്ട്. ത്രിയംബകായശർവ്വായശങ്കരായ ശിവായ ച സർവ്വലോകപ്രധാനായ ശാശ്വതായ നമോനമഃ മഞ്ഞൾപ്പൊടിയിട്ട ജലത്താല് മന്ത്രപൂർവ്വം ദിനംപ്രതി നനക്കണം. ആ നേരത്ത് ദേശികൻ പുതിയവസ്ത്രം ധരിച്ചിരിക്കണം. ഓരോരോപാത്രവും ഓരോന്നായി വസ്ത്രത്താൽമൂടണം. രാത്രി ബലിതൂകണം. രാവിലെ സ്ഥലം വൃത്തിയാക്കണം. രണ്ടാം രാത്രി വീണ്ടും ബലിദാനം ചെയ്യണം.

42. പ്രണവാദ്യൈർനമോƒന്തൈശ്ചരാത്രൗ രാത്രീശമാനഭിഃ
ഭൂതാനിപിതരോയക്ഷാ നാഗാ ബ്രഹ്മാശിവോഹരിഃ

43. സപ്താനാമപിരാത്രീണാം ദേവതാഃസമുദീരിതാഃ
ഭൂതേഭ്യഃസ്യുർല്ലാജതിലഹരിദ്രാദധിസക്തവഃ

സംസ്കൃതഭാഷ്യം

പ്രണവാദ്യൈരിത്. തത്ര മന്ത്രഃഓം ഭൂതേഭ്യോ നമഃ(ഗന്ധപുഷ്പധൂപദീപനൈവേദ്യതാംബൂലസഹിതം ശാലിം ഗൃഹ്ണന്തു സ്വാഹാ)ഇതി. ഏവമന്യത്രാപി മന്ത്രഃമഹാകപിലപഞ്ചരാത്രേ തു വിശേഷഃ തതോ ഗന്ധവിമിശ്രേണ സിഞ്ചേദ്യൈ ശുദ്ധവാരിണാ ത്രിരാത്രന്തു യഥാന്യായം പഞ്ചരാത്രമഥാപി വാ ഇതി സാരസ്വതമതേതു- പ്രരൂഢാന്യങ്കുരാണ്യന്യോ ന വീക്ഷേന്ത കദാചന ആചാര്യ ഏവ പ്രവിശേത്തച്ഛിഷ്യോ വാ തദാജ്ഞയാ ഇതി സിദ്ധാന്തശേഖരേƒപി- വസ്ത്രൈരാചാര്യയത്നേന സുഗുപ്താനി ച കാരയേത് ഇതി

മലയാളഭാഷ്യം

പ്രണവത്താൽനമിച്ച് രാത്രി രാത്രിയുടെ ഈശനായ ചന്ദ്രന്റെ നാമത്തോടെ ഭൂതങ്ങൾ,പിതൃക്കൾ, യക്ഷഗ

സ്ഡർവ്വ, നാഗാദികൾ,ബ്രഹ്മാവ്, ശിവൻഹരി, 7 രാത്രികളുടെ ദേവതമാരായ സപ്തദേവിമാര് ഇവരുടെ നാമം ഉച്ചരിക്കണം. ഭൂതങ്ങൾക്ക് അരക്കും എള്ളും മഞ്ഞളും തൈരും പ്രിയമാണ്. പ്രണവത്തോടെ ഭൂതങ്ങളെ വിളിക്കുന്ന മന്ത്രം ഓം ഭൂതേ ഭ്യോ നമഃഗന്ധപുഷ്പധൂപദീപനൈവേദ്യതാംബൂലസഹിതം ബലിം ഗൃഹ്ണന്തു സ്വാഹാഃ മഹാകപിലപഞ്ചരാത്രത്തിൽ മുളക്കുന്ന അങ്കുരം മറ്റുള്ളവര് കാണാതിരിക്കാന് ആചാര്യനോ ആചാര്യാജ്ഞയാൽ ശിഷ്യ ന്മാരോ ശ്രദ്ധിക്കുന്നു. വസ്ത്രം കൊണ്ടുമൂടി ആചാര്യന് രഹസ്യമായി കർമ്മം ചെയ്യുന്നു.

44. സാന്നാ പിതൃഭ്യഃസതിലാസ്തണ്ഡുലാഃപരികീർത്തിതാഃ
കരംഭലാജാ യക്ഷേഷു നാരികേലോദകാസ്ഥിതാഃ

സംസ്കൃതഭാഷ്യം

സപ്തസു രാത്രിഷു പൃഥക് പൃഥക് ബലിദ്രവ്യാണ്യാഹ ഭൂതേഭ്യ ഇതി. സാന്നാ ഇത്യന്തം ഷട് പ്രഥമരാത്രൌ. അസ്യൈവ ഭൂതക്രൂരേതി നാമ.തദുക്തം -ലാജതിലരക്തരജോദധിസക്തന്നാനി ഭൂതക്രീരാഖ്യം ഇതി. കരംഭാദധിസക്തവഃഅക്ഷതാ അഖണ്ഡതണ്ഡൂലഃ യദാ നവസു രാത്രിഷു ബലിദാനാ തദാ രാത്രിദ്വയേ ബലിദ്രവ്യം ദേവതാ ചോക്താചാര്യൈഃ വൈഷ്ണവഞ്ചദൌദ്ധാന്നം കുശരഞ്ച വൈഷ്ണവേയം യദി നവരാത്രം ക്രമേണ ബലിരുക്തഃിതി.

മലയാളഭാഷ്യം

പിതൃക്കൾക്ക് അന്നം,തിലം,താണ്ഡൂലം,എന്നിവയും കരംഭം,അരക്ക് ഇവ യക്ഷന്മാർക്കും നാളികേരവെള്ള ത്തോടുകൂടി (ഇളനീർ) കൊടുക്കണം. ഏഴുദിനംവരെയാണ് ദ്രവ്യബലി. ആദ്യത്തെ രാത്രി അന്നാദികളായ 6 എണ്ണം പഞ്ചഭൂതഗണങ്ങൾക്കും കൊടുക്കുന്നു. ഈ ദ്രവ്യങ്ങളും ക്രൂരരൂപമാണ്. അരക്ക് രക്തത്തിന്റെ പ്രതിനി ധിയാണ്. എള്ള് രജസ്സാണ്. അതാണ് അവയിൽ പിതൃക്കൾക്ക് ആസക്തി. പൊടിക്കാത്ത അരിയാണ് അക്ഷതം. 9 രാത്രികളില് അഞ്ചുവിധഅന്നം വ്യത്യസ്തമായിട്ടാണ് ബലി കൊടുക്കുന്നത് .അങ്കുരാർപ്പണം കൊണ്ട് ഉത്സവത്തിന് സമ്പദ്സമൃദ്ധി കൈവരുന്നു.

45. സക്തുമിഷ്ടഞ്ച നാഗേഭ്യോ ബ്രഹ്മണേ പങ്കജാക്ഷതം
സാപൂപമന്നം ശർവ്വായ വിഷ്ണവേ തു ഗുഡൌദനം

46. തതോ ലോകേശ്വരേഭ്യോƒപി വിതരേദ്വിധിവത് ബലിം
ദീക്ഷായാമഭിഷേകേഷു നവവേശ്മപ്രവേശനേ

സംസ്കൃതഭാഷ്യം

ഉത്സവേഷു ച സമ്പത്ത്യൈവിദധ്യാദങ്കുരാർപ്പണം. തത ഇതി. തത്തദ്ദിശി പായസാദിനാ ബലിർവിധേയഃ തത്ര നൈരൃത്യപ്രതീച്യയോർമദ്ധ്യേ അനന്തസ്യ ഈശപൂർവ്വയോർമദ്ധ്യേ ബ്രഹ്മണഃഇതി. വിധിവദിത്യേന പൂർവ്വോക്തോദിഗം ബലിരത്രാപി കർത്തവ്യ ഇതി സൂചിതം. ഏഷാം പാത്രാണാം വിനിയോഗമഗ്രേ വക്ഷ്യതി .അങ്കുരപരീക്ഷോക്താ സിദ്ധാന്തശേഖരേ- യജമാഭീഷ്യസിദ്ധ്യർത്ഥം അങ്കുരാണി പരീക്ഷയേത് സമ്യഗൂർദ്ധ്വം പ്രരൂഢാനി കോമലാനി സിതാനി ച ധൂമവർണ്ണാഖ്യപൂർണ്ണാനി തഥാ തിര്യശ്ശതാനി ച ശ്യാമലാനി ച കുബ്ജാനി വർജ്ജയേതശുഭാനി തു അസ്പൃഷ്ടിം കുരുതേ കൃഷ്ണാം ധൂമാഭം കലഹത്തഥാ അപൂർണ്ണാം ജനനാശഞ്ച ദുർഭിക്ഷം ശ്യാമലാങ്കുരം തിര്യഗ്ഗതേ ഭവേദ് വ്യാധിഃകുബ്ജേ ശത്രുഭയം തഥാ അശുഭേചാങ്കുരേ ജാതേ ശാന്തിർഹോമം സമാചരേത്. മൂലമന്ത്രേണ ജുഹുയാത് ഗുരുർമൂർത്തിധരൈഃസഹഃ അധോശസ്ത്രേണ വാസ്തോണ ശതംവാƒഥ സഹസ്രകം ഇതി. സാരസ്വതമതേƒപി- പ്രരൂഢൈരങ്കുരൈർകർത്തുർനിദിശേച്ഛുഭാശുഭം ശ്യാമൈഃകൃഷ്ണൈരങ്കുരൈരർത്ഥഹാനി-സ്തിര്യഗ്ഗൈ ർവ്യാധിരാന്ദോളിതൈസ്ത്വൈഃ കുബ്ജൈർദുഃഖം ദുഷ്പ്രരൂഢൈർമൃതിശ്ച രോഗാ ഭുഗ്നൈഃ സ്ഥാനഭേദേരിഷ്ടഹാനിഃ ഇതി.

മലയാളഭാഷ്യം

നാഗങ്ങൾക്കും ബ്രഹ്മത്തിനും താമര,അക്ഷതം,ശർവ്വന് തേൻചേർത്ത ചോറ്,വൃഷഭന് ശർക്കര ചേർത്ത ചോറ്, ഇപ്രകാരം ലോകേശർക്ക് വിധിപ്രകാരം അന്നം ബലി, ദീക്ഷ,അഭിഷേകം, നവവേശ്മപ്രവേശം എന്നിവ അനുഷ്ഠിക്കണം. അതാതു ദിശകളിലെ ലോകപാലകർക്ക് പായസാദി ബലി പറയപ്പെട്ടിട്ടുണ്ട്. നൈരൃതിക്കും പടിഞ്ഞാറിനുമിടയിലാണ് അനന്തന്റെ (നാഗങ്ങളുടെ)സ്ഥാനം.. ഈശാനകോണിനും കിഴക്കിനും മദ്ധ്യത്തി ലാണ് ബ്രഹ്മസ്ഥാനം. ഇപ്രകാരം. സിദ്ധാന്തശേഖരത്തിലെ അങ്കുരപരീക്ഷ പറയുന്നു. സമ്യക്കായി മുകളി ലേക്ക് ആരൂഢ മായി ബലമുള്ളതും കോമളവും വെളുത്തതും ആയി പൂർണ്ണമായി മുളച്ചുപൊന്തിയത് നല്ലതാ ണ്. വിപരീതദിശയില്(വക്രം)ശ്യാമനിറമായി കുബ്ജമായി വളഞ്ഞു മുളച്ചത് അശുഭമാണ്. അതിനെ വർജ്ജി

ക്കണം. വിത്തുകൾ കൃഷ്ണമെങ്കില് അവൃഷ്ടി, ധൂമ്രമെങ്കിൽ കലഹം,അപൂർണ്ണമെങ്കില് ജനനാശം, ശ്യാമളമെങ്കിൽ ദുർഭിക്ഷം,വിപരീത ദിശയിലെങ്കിൽ വ്യാധി, കുബ്ജമെങ്കിൽ ശത്രുഭയം .ഇപ്രകാരമുള്ള അശുഭങ്ങളായ വിത്തുമുള ച്ചാൽ ശാന്തിഹോമം ചെയ്യണം .മൂലമന്ത്രത്തോടെ ഹോമദ്രവ്യം അർപ്പിക്കണം. നൂറോ ആയിരമോ തവണ ജപിക്കണം. സാരസ്വതമതത്തിൽ മുളച്ച അങ്കുരം നോക്കി ശുഭാശുഭം നിർണ്ണയിക്കുന്നു. ശ്യാമവും കൃഷ്ണവുമായ അങ്കുരം അർത്ഥഹാനിയുണ്ടാക്കും. വിപരീതദിശയിലേക്കു മുളച്ചത് വ്യാധിയുണ്ടാക്കും. കുബ്ജം ദുഃഖമുണ്ടാക്കും. മരണ,രോഗാദികൾ സ്ഥാനദേശാദിഹാനി ഇവ ചീത്തവിത്തുകളാലുണ്ടാവുന്നു. അതിനാൽ നല്ല വിത്ത് തെര ഞ്ഞെടുത്ത് വിതച്ച് നല്ല അങ്കുരമാണോ എന്നു പരീക്ഷിച്ച് നല്ല ധാന്യവും നല്ല ഭക്ഷണവും രാജ്യത്ത് ഉണ്ടാ ക്കാനുള്ള കാർഷികപരീക്ഷണമാണ് അങ്കുരപരീക്ഷ .

47. പ്രാക്പ്രോക്തേ മണ്ഡപേ വിദ്വാൻവേദികായാ ബഹിസ്ത്രിധാ
48. ക്ഷേത്രം വിഭജ്യ മദ്ധ്യാംശേ പൂർവ്വാദിപരികൽപ്പയേത്
അഷ്ടാശ്വാശാസു കുണ്ഡാനി രമ്യാകാരാണ്യനുക്രമേത്

സംസ്കൃതഭാഷ്യം

കുണ്ഡസ്ഥാനമാഹ പ്രാഗിതി.വേദികായാ ബഹിഃസർവ്വതഃക്ഷേത്രം ക്ഷേത്രമദ്ധ്യസൂത്രം ത്രിയാവിഭജ്യ തത്തന്മദ്ധ്യഭാഗേ പ്രാദക്ഷിണ്യേന പൂർവ്വാദിഅഷ്ടാശ്വാശാസു രമ്യാകാരാണി കുണ്ഡാനി അനുക്രമാത് പരികൽപ്പയേതിതി സംബന്ധഃ വിദ്വാൻപഞ്ചമേഖലാദികമപി ജാന ന്നിത്യർത്ഥഃആശാസു ദിക്ഷു ഈശാനാന്താസ്ഥിത്യർത്ഥഃ പൂർവ്വാദ്യുക്താ വധിഛേദാത് ക്രമ ഏവ വിവക്ഷിതാഃ ഇതി പരിഭാഷണാത്. തേന വേദ്യാഃപാദമാത്രം ത്യക്ത്വാ വക്ഷ്യമാണമേഖലായോഗ്യച്ചാ തത്ര സ്ഥാനം ത്യക്ത്വാ കുണ്ഡാനി കാര്യാണീത്യത്രഃ സമ്പന്നോ ഭവതി. തദുക്തം സോമശംഭനാഃ വേദീപാദാന്തരം ത്യക്ത്വാ ഇതി. സിദ്ധ്യാന്തശേഖരേ*f*പി- ത്യക്ത്വാ വേദിചതുർഭാഗം ഇതി. നാരദീയേ*f*പി-കുണ്ഡവേദ്യന്തരശ്ചൈവ സപാദകരസമ്മിതം ഇതി. അത്ര പാദശബ്ദഃ കിഞ്ചിദധികോപലക്ഷകഃ തേന മദ്ധ്യമോത്തമമണ്ഡപ വിഷയത്വമസ്യ. ക്രിയാസാരേ*f*പി- വേദികാകുണ്ഡയോർമദ്ധ്യേ ഹസ്തദ്വിനായമന്ത ഇദം ചതുർവിംശതി ഹസ്തമണ്ഡപവിഷയം. വസിഷ്ഠസംഹിതായാഹ- ത്രയോദശാംഗലം ത്യക്ത്വാ വേദികായാശ്ചതുർദ്ദിശം കുണ്ഡാനി സ്വാഗമോക്താനി വിദദ്ധ്യാദ്വിധിവദ്ബുധഃഇതി. അത്ര കുണ്ഡാനി സമേഖലാനി-

മലയാളംഭാഷ്യം

മുമ്പറഞ്ഞ മണ്ഡപത്തിൽ വേദികയില് പുറംഭാഗത്ത് ക്ഷേത്രത്തെ (ഭൂമി) വിദ്വാൻമൂന്നായി വിഭജിക്കുന്നു. മദ്ധ്യ ത്തിലെ അംശത്തിൽ പിഴക്ക് മുതലായ ദിക്കുകള് നിശ്ചയിച്ച് , 8 ദിക്കിലും മനോഹരമായ കുണ്ഡങ്ങള് ക്രമ ത്തിൽ ഉണ്ടാക്കുന്നു. വേദികയുടെ പുറത്തെ ക്ഷേത്രത്തിന്റെ ക്ഷേത്രമദ്ധ്യസൂത്രത്തെ മൂന്നായി ഭാഗിച്ച് നടുവി ലായി പ്രദ ക്ഷിണക്രമത്തിലാണ് കിഴക്കുനിന്ന് 8 ദിശ നിശ്ചയിച്ച് അനുക്രമമായി കുണ്ഡം നിർമ്മിക്കുന്നത്. ക്രിയാസാരത്തിൽ വേദികക്കും കുണ്ഡത്തി നും മദ്ധ്യത്തിൽ 2 ഹസ്തം വ്യത്യാസമുണ്ട്. ഇപ്രകാരം 24 ഹസ്ത മുള്ള മണ്ഡപം . വസിഷ്ഠസംഹിതയിൽ 13 അംഗലം ത്യജിച്ച് 4 ദിക്കിലെ വേദികളില് കുണ്ഡങ്ങൾവിധിപ്ര കാരം സ്ഥാപിക്കുന്നു.കുണ്ഡങ്ങള് മേഖലകളോടുകൂടിയവയാണ്.

49. ചതുരസ്രം യോനിമർദ്ധചന്ദ്രം ത്ര്യസ്ത്രം സുവർത്തുലം
ഷഡ്സ്ത്രം പങ്കജാകാരമഷ്ടാസ്ത്രം താനിനാമതഃ
50. ആചാര്യകുണ്ഡം മദ്ധ്യേസ്യാദ് ഗൌരീപതിമഹേന്ദ്രയോഃ
ഹസ്തമാനമിതാം ഭൂമിം പൂർവ്വവത് പരികൽപയേത്
51. സമന്താത് കുണ്ഡമേതത് സ്യാച്ചതുരസ്രം ശുഭാവഹം
ചതുർവ്വിംശത്യംഗലാഢ്യം ഹസ്തം തന്ത്രവിദോവിദുഃ
52. കർതുർദക്ഷിണഹസ്തസ്യ മദ്ധ്യമാംഗലിപർവ്വണഃ
മദ്ധ്യസ്യദീർഘമാനേന മാനാംഗലമുദീരിതം

സംസ്കൃതഭാഷ്യം

തമേഹക്രമമാഹ ചതുരസ്രമിതി. തദുക്തമാമ്നായരഹസ്യേ നവകുണ്ഡ വിധാനേ തു ദിക്ഷുകുണ്ഡാഷ്ടകസ്ഥിതോ ഇതി. ആചാര്യകുണ്ഡമിതി. ഗൌരീവതിമഹേന്ദ്രയോർമദ്ധ്യേ ഈശപൂർവ്വദിങ്മദ്ധ്യേ ആചാര്യകുണ്ഡം സ്യാത്. തദുക്തം തത്രൈവ- നവമംകാരയേത് കുണ്ഡം പൂർവ്വേശാനദിഗന്തരേ.തദ്വൃത്തം ചതുരസ്രം വാ സ്യാത്. ഇതി. തദുക്തം സിദ്ധാന്തശേഖരേ-പുരന്ദരേശയോർമദ്ധ്യേ വൃത്തം വാ ചതുരസ്രകം തദാചാര്യസ്യ നിർദ്ദിഷ്ടം ഇതി. അന്യത്രാപി- മദ്ധ്യേ വൃത്തഞ്ച ഗൌരീ പതിസുരപതിശോഃ പണ്ഡിതാഃകേചിദാഹ.ഇതി. ക്രിയാസാരേ*f*പി- വൃത്തംവാ ചതുരസ്രംസ്യാൻമദ്ധ്യസ്ഥാനം വൃഷേശയോഃഇതി. തത്ര സർവ്വകുണ്ഡപ്രകൃതിഭൂതത്വാദാദിതശ്ചതുരസ്രകുണ്ഡലക്ഷണമാഹ- ഹസ്തേതി. പൂർവ്വവദിതി വാസ്തുമ

ണ്ഡലചതുരസ്രകരണരീത്യാ. സമന്താച്ചതുർദ്ദിക്ഷു പരികൽപയേദിതി സംബന്ധഃ ചതുരസ്രകുണ്ഡ ലക്ഷണമാണോ ഹസ്തഃഉക്തഃ തല്ലക്ഷണനിർവ്വാഹാർത്ഥം അംഗുല ലക്ഷണമപ്യാഹ ചതുരിതി. കർതൃഃസംസ്കാര്യസ്യ ശിഷ്യസ്യ നത്വാചാ ര്യസ്യ. പ്രയോജ കകർതൃത്വേന ശിഷ്യേപി കർതൃശബ്ദപ്രയോഗാത്. നനുമുഖ്യകർതൃപദവാച്യ ആചാര്യ ഏവാത്ര കിമിതി ന ഗൃഹ്യതേ. ഇതിചേദുച്യതേ ദാനവാചനാന്വാരംഭണ വരവരണവ്രതപ്രമാണേഷു യജമാനം പ്രതീയാത് ഇതി .കാത്യായനവചനാത്. നന്വിദം ശ്രൌതം പ്രകൃതം താന്ത്രികം തത്കഥമേകവാക്യത്വമിതി ചേത്. തന്ന. പരോ ക്തമവിരോധി ച ഇത്യുക്തേഃയഥാ ശ്രൌതേ സോമയാഗാദൌ- യജ്ഞോപവീതിനാ കാര്യം സദാ ബദ്ധശിഖേന ച ശുചിനാ കർമ്മക ർത്തവ്യം. ഇത്യാദിവിരുദ്ധം സ്മാർത്തമപി ഗൃഹ്യതേ.തദ്വദിഹാപി- അത ഏവോക്തം സർവ്വശാഖാപ്രത്യയമേകം കർമ്മം ഇതി. തന്ത്രവിത് ഇത്യനേന തത്തത്തന്ത്രോക്തനാനാവിധാംഗുലലക്ഷണാഭിജ്ഞാ ഇത്യുക്തം. മദ്ധ്യമാം ഇതി പർവ്വണാ ഇതി -പർവ്വശബ്ദേന മദ്ധ്യപർവ്വോച്യതേ. തന്മദ്ധ്യസ്യ ദൈർഘ്യമാനം യത്തദംഗുലം. അഥവാ മദ്ധ്യസ്യ മദ്ധ്യ മാംഗുലിപർവ്വണഃദൈർഘ്യമാനം യത്തദംഗുലമിതി സംബന്ധഃ

മലയാളം **ഭാഷ്യം**

ചതുരശ്രമായ യോനി, അർദ്ധചന്ദ്രം അസ്ത്രമായി സുവർത്തുലമായി . 6 അസ്ത്രം, 8 അസ്ത്രം ഇവകളാല് താമര യുടെ ആകൃതിയിലുണ്ടാ ക്കുക. (ഷഡ്പത്മം,അഷ്ടദളപത്മം)ആമ്നായരഹസ്യത്തിൽ നവകുണ്ഡ വിധാനത്തില് 8 ദിക്കില് 8 കുണ്ഡം സ്ഥിതിചെയ്യുന്നു. ഈശാനകോ ണിനും കിഴക്കുദിക്കിനുമിടയിലായി ശിവനും മഹേന്ദ്രനു മിടയിലായി ആചാര്യകുണ്ഡം നിർമ്മിക്കുന്നു. മുമ്പുപറഞ്ഞപോലെ ഭൂമിയുടെ ഹസ്തമാനം ആദ്യം നിശ്ചയി ക്കണം. സമചതുരശ്രമായ കുണ്ഡം ശുഭ കരമാണ്. 24 അംഗുലമുള്ള ഹസ്തമാനം ആഢ്യമാണെന്ന് തന്ത്രവി ത്തുകൾഅറിയുന്നു. വലത്തെ കയ്യിന്റെ നടുവിലെ വിരലിന്നറ്റത്തെ പർവ്വം മുതലുള്ള നീളമാണ് ഇത്. ഒമ്പതാ മത്തെ കുണ്ഡമാണ് ആചാര്യകുണ്ഡം. അത് വൃത്താകാരമായും ചതുരശ്രമായും രണ്ടുവിധം നിർമ്മിക്കാവുന്ന താണ്. ആചാര്യനിർദ്ദേശപ്രകാരം നിർമ്മിക്കുക എന്ന് സിദ്ധാന്തശേഖരം. മറ്റു തന്ത്രങ്ങളിലും ക്രിയാസാരത്തി ലും ഇത് വൃത്തമോ ചതുരമോ ആകാമെന്നു കാണുന്നു. ഹസ്തം- മുമ്പുപറഞ്ഞ വാസ്തു മണ്ഡലചതുരശ്രീകരണ രീതിയിൽ സമമായി 4 ദിക്കിലും പരികൽപിക്കുന്നു. ചതുരശ്രകുണ്ഡലക്ഷണമാണ് ഹസ്തം. ഇതിന്റെ ലക്ഷണം നിർവ്വഹിക്കാനാണ് അംഗുലലക്ഷണം പറയുന്നത്. കർതൃസംസ്കാരം ശിഷ്യനു പഠിപ്പിക്കാനാണ് ആചാര്യനു വേണ്ടിയല്ല.ശിഷ്യനാണ് അതിന്റെ പ്രയോജനമെന്നതിനാല് കർതൃത്വം (ചെയ്യേണ്ടത്)ശിഷ്യനാണ്. എന്നാ ലും അതിന്റെ വിധം,പ്രയോജനം എന്നിവ പഠിപ്പിക്കുന്നത് ആചാര്യനാകയാൽ മുഖ്യകർതൃപദം ആചാര്യനു മുണ്ട്. കാത്യായന വചനപ്രകാരം യജമാനനെ പ്രതിയാണ് സർവ്വപ്രമാണവും യജ്ഞത്തിലെടുക്കുന്നത്. അതുപോലെ യജമാനകർതൃത്വം യജമാനനുണ്ട്. ശ്രൌതമാണ് പ്രകൃതം. താന്ത്രികമെന്നത് അതിനെ പറഞ്ഞുപഠിപ്പിക്കുന്ന അദ്ധ്യാപനതന്ത്രവും കൂടിയാണ്. (ശാസ്ത്രത്തിലെ പ്രാക്ടിക്കൽ അഥവാ പ്രായോഗികഅ ഭ്യാസം)ഇവതമ്മിൽവിരോധമില്ല.ശ്രുതിയിൽ സോമയാഗത്തില് യജ്ഞോപവീതം സദാ ബദ്ധമായി ശുചിയായി കർമ്മം ചെയ്യലെന്നതിന് വിരുദ്ധമാണ് സ്മാർത്തമെന്ന്ധരിക്കപ്പെടുന്നു. എന്നാൽ കർമ്മം ഏകമാണ്. സർവ്വശാഖകളിലും ഒരേ കർമ്മത്തെ വ്യത്യസ്ത രീതികളിൽ ചെയ്യുന്നു .തന്ത്രവിത്ത് ഈ വ്യത്യസ്ത ശാഖകളിലെ രീതികൾ നാനാവിധഅംഗുലാദിലക്ഷണങ്ങളെന്നിവ അറിഞ്ഞവനായാലേ എല്ലാ ശാഖകളി ലേയും കുട്ടികളെ പഠിപ്പിക്കാനദ്ദേഹത്തിനു കഴിയുകയുള്ളൂ. പർവ്വമെന്നാല് വിരലിന്റെ നടുഭാഗം. അതിന്റെ മദ്ധ്യം മുതലുള്ള നീളം അംഗുലം. ഇതാണ് വാസ്തുവിലെ മാനാംഗുലം.

53. യവാനാമഷ്ടഭിഃക്ലൃപ്തം മാനാംഗുലമുദീരിതം
ചതുരസ്രീകൃതം ക്ഷേത്രം പഞ്ചധാ വിഭജേത് സുധീഃ

സംസ്കൃതഭാഷ്യം

അഗ്രേ ഗ്രന്ഥകൃദ് യവദ്വയക്രമേണൈവ ഇത്യാദി യവവ്യവഹാരം കരിഷ്യതി തത് സിദ്ധ്യർത്ഥമംഗുലസ്യാഷ്ട മോ ഭാഗോ യവ ഇത്യാഹ യവാനാമിതി. മാനാംഗുലമിതി തസ്യൈവ സംജ്ഞാന്തരം നടാംഗുല സ്യേദം പൃഥക്ല ക്ഷണം വാ ശബ്ദാദിപ്രയോഗാഭാവാത്. ഗ്രന്ഥാന്തരേ ച- ജാലാന്തരഗതേ ഭാനൌ യത്സൂക്ഷ്മം ദൃശ്യതേ രജഃ പ്രഥമം തത് പ്രമാണാനാം ത്രസരേണും പ്രചക്ഷതേ ത്രസരേണുസ്തുവിജ്ഞേയോഹ്യഷ്ടൌമതപരമാണവഃ ത്രസരേണവഏതേസ്യുരഷ്ടരേണുസ്തു സംസ്മൃതഃ തേ രേണവസ്തഥാത്വഷ്ടൌ ബാലാഗ്രം തത് സ്മൃതംബുധൈഃ ബാലാഗ്രാണ്യഷ്ടലിഖ്യാ തു യൂകാ ലിഖ്യാഷ്ടകം സ്മൃതം അഷ്ടൌയൂകാ യവം പ്രാഹുരംഗുലന്തു യവാഷ്ടകം രത്നിസ്ത്വംഗുലപർവ്വാമി വിജ്ഞേയസ്ത്വേകവിംശതിഃ ചത്വാരിവിംശതിശ്ചൈവ ഹസ്തഃസ്യാദംഗുലാനി തു ഇതി.

ഷഡംഗുലദ്വയമേകതയൈവോക്തം. ത്രൈലോക്യസാരേƒപി-കർതൃത്മദ്ധ്യാംഗുലേർമദ്ധ്യപർവ്വണോരംഗുലപ്രമാ

തിര്യഗ്യവോദരാണ്യഷ്ടാവൂർദ്ധ്വാഗ്രാ വ്രീഹയസ്തുയഃഇതി .സിദ്ധാന്തശേഖരേƒപി-മാത്രാംഗുലേനൈവകുണ്ഡം കർത്തവ്യമിത്യുക്തം. തദ്യഥാ-മാത്രാംഗുലേനഹസ്തഃസ്യാത് കുണ്ഡമാനേശിവേരിതഃ മദ്ധ്യമാംഗുലിമദ്ധ്യസ്ഥപർവ്വദൈർഘ്യേണ ചോത്തമം മാത്രാംഗുലേന മാനേന മേഖലാകണ്ഠനാഭയഃ കർത്തവ്യാഃകുണ്ഡയോനിശ്ച ഇതി. മയേനാപി- പരമാണുക്രമാത് വൃദ്ധ്ം മാനാംഗുലമിതീരിതം ഇത്യാദിനാ യവോƒഷ്ടഗുണിതോംƒഗുലം അംഗുലന്തു ഭവേന്മാത്രം വിതസ്തിർദ്വാദശാംഗുലഃഇത്യനേന. ഹയശീർഷപഞ്ചരാത്രേƒപി- യവാഷ്ടകൈരംഗുലംസ്യാച്ചതുർവിംശാംഗുലഃകരഃ ചതുർവിംശാംഗുലചരാന്യഃ സ്വാംഗുഷ്ഠേനതു സമ്മിതാഃഇതി. തത്രാംഗുഷ്ഠരേഖാമദ്ധ്യപർവ്വണോരപി സമതൈവ.നനുയദ്യൈപി വാ ശബ്ദാദിപ്രയോഗോ നാസ്തി തഥാപി മാത്രാംഗുലമാനാംഗുലശബ്ദാഭ്യാമേവ വികൽപ്പോ ഭവിഷ്യതീതി ചേത്. തന്ന. തഥാഗ്രേപി ഭിന്നതയാ വ്യവഹാരാഭാവാത്. യത്രതു പഞ്ചരാത്രേ പഞ്ചധാംഗുലക്ഷണമുക്തം തത്ര തു തേഷാം വ്യവസ്ഥാƒപ്യുക്താ.അത്ര തു വ്യവസ്ഥയാനോക്തത്വാത് പര്യായതൈവ. തത്തു യഥാ പഞ്ചരാത്രേ-വാതായനപഥംപ്രാപ്യയേയാന്തി രവിരശ്മയഃ തേഷുസൂക്ഷ്മാ വിസർപ്പന്തേ രേണാവസ്തുസരേണവഃ പരമാണവസ്തേഷ്വൈ സ്യൂരേണ വസ്തുതദഷ്ടഭിഃ തേƒഷ്വൈ ബാലാഗ്രകം തേƒഷ്വൌലിക്ഷായൂകാതദഷ്ടകം തദഷ്ടകം യവാസ്തേƒഷ്ടാവംഗുലം സമുദാഹൃദം സാ ത്തുമാംഗുലിഃസപ്തയവാഃസൈവതു മദ്ധ്യമാ ഷഡ്യവാഃസാധമാപ്രോക്താ മാനാംഗുലമിതീരിതം വിന്യസ്യൈത്സ്തിര്യഗഷ്ടാദിര്യവൈർമാനാന്തരാംഗുലംശിഷ്യദക്ഷിണഹസ്തസ്യ മദ്ധ്യമാംഗുലിമദ്ധ്യതഃ പർവ്വണോരന്തരാദൈർഘ്യം മാത്രാംഗുലമുദാഹൃദം വിനാംƒഗുഷ്ഠേന ശേഷാഭിർമുഷ്ടിമംഗുലിഭിഃകൃതം ചതുർദ്ധാ വിഭജേദേകോ ഭാഗോ മുഷ്ട്യംഗുലിഃസ്മൃതാഃ യം കഞ്ചിത്പുരുഷായാമം വിഭജ്യദശധാ പുനഃ ഏകംദ്വാദശധാ ഭാഗം കൃത്വാ തേഷ്വേകമംഗുലം ദേഹലബ്ധാംഗുലം നാമഃജാനീയാത് തസ്യ തത് പുനഃ ഉഛ്രായഃപ്രതിമായാഃസ്യാന്മഹാമാനാംഗുലാശ്രയഃ മഹാമാനാംഗുലം യത്തന്മാത്രാംഗുലമിതീരിതം മാനാന്തരാംഗുലൈനൈവ പ്രതിമാംഗാനി കൽപയേത് പ്രാസാദാദീംശ്ച തേനൈവ കുര്യാൻമാനാന്തരേണ വാ വേദികാപീഠശിവികാരഥാദീനാം വിധിഃപുനഃമാനാന്തരാംഗുലൈനൈവ ഭവേന്നാന്യന കേനചിത് യാഗോപകരണാന്യത്ര കുര്യാൻമാനാംഗുലേന വൈ ഹേമാംഗാനിസ്രുവാദീനി കുണ്ഡം മുഷ്ട്യംഗുലാശ്രയം ദേഹലബ്ധാംഗുലേനാപി കുണ്ഡാദീനിപ്രകൽപയേത് ഇതി ബഹുഷു പുസ്തകേഷു ഉഭയത്ര മാനാംഗുലമിത്യേവ പാഠഃ ഏകത്ര മാനാംഗുലശബ്ദഃപാരിഭാഷികഃഅന്യത്രമാനേന പ്രമാണേനാംƒഗുലേന ഇതി യൌഗികോ വ്യാഖ്യേയഃചതുരശ്രക്ഷേത്രഫലം തല്ലക്ഷണേനോക്തം. തസ്യാംഗുലാത്മകത്വാത് തദജ്ഞനേവക്തുമശക്യത്വാത് ഇത്യധുനോച്യതേ. തത്തു ലീലാവത്യാം ഭാസ്കരാചാര്യഃ സമദ്വിതൌതുല്യചതുർഭുജേ ച തഥായതേ തദ്ഭുജകോടിഘാതഃഇതി. ത്രിശത്യാം ശ്രീധരാചാര്യോƒപി- സമലംബകചതുരശ്രേത്ര്യസ്ത്രിക്ഷേത്രേച ജായതേ കരണാം ഭുവദനസമാസാർദ്ധം മദ്ധ്യമലംബേന സംഗുണയേത് ഇത്യനേന പ്രകാരേണ ചതുർവിംശതിഛതുർവിംശത്യാ ഗുണിതാ പഞ്ച ശതാനി ഷഡ്സപ്തത്യധികാനി ത്ര്യംഗുലാനി ക്ഷേത്രഫലം .ഏതദേവ ക്ഷേത്രഫലമഷ്ടസ്വപി കുണ്ഡേഷു ജ്ഞേയം. അതഃസർവ്വേഷാമേവ കുണ്ഡാനാമിദമേവ പ്രകൃതിഭൂതം .തന്ത്രാന്തരേƒപ്യസ്യൈവ പ്രകൃതി തോക്താ ച ചതുരസ്രമുക്താ- തസ്മിന്നന്യാനി കുണ്ഡാനി വദാമിതവ നാമതഃഇതി .അന്യത്രാപി- ക്ഷേത്രം സ്യാച്ചതുരസ്രമത്ര ജനയേദന്യാനി കുണ്ഡാന്യപി.ഇതി .സിദ്ധാന്തശേഖരേƒപി-യോന്യാദിസർവ്വകുണ്ഡാനി ചതുരസ്രാദ് ഭവന്തി ഹി ലക്ഷണം ചതുരസ്രസ്യ പൂർവ്വം തസ്മാൻമയോച്യതേ ഇത്യാദിനാ ചതുരസ്രമിദം പ്രോക്തം സർവ്വകുണ്ഡേഷു കാരണം ഇത്യനേന. ക്രിയാസാരേƒപി-ചതുഷ്പദം ചതുഷ്കോണമേതത് ക്ഷേത്രാദ്വയം ഭവേദ് ചതുരസ്രാദികുണ്ഡാനാം സർവ്വേഷാമത്ര സംഭവഃഇതി. ചതുരസ്രപ്രകൃതിതയാ യോനികുണ്ഡമാഹ ചതുരസ്രീകൃതമിതി. - ചതുരസ്രീകൃതം ക്ഷേത്രം പഞ്ചധാ വിഭജേത്. തത്ര സർവ്വസ്യ ക്ഷേത്രഫലസ്യ വിഭാഗേ പ്രയോജനാഭാവാന് മദ്ധ്യസൂത്രസ്യൈവ വിഭാഗഃകാര്യ ഇതി സുധീരിത്യനേനോക്തം. തത്രായം പഞ്ചമഃഅംശഃചതുരംഗുലാനി സാർദ്ധഷഡ്യവാഃകിഞ്ചിദൂനാ.

മലയാളം ഭാഷ്യം

8 യവം കൊണ്ട് ഒരംഗുലം പറയപ്പെട്ടുന്നു. ചതുരശ്രീകൃതമായ ക്ഷേത്രത്തെ അഞ്ചായി വിഭജിക്കുന്നു. ഒരംഗുല

ത്തിന്റെ എട്ടിലൊ ന്നുഭാഗം ഒരു യവം. 2 യവം കാലംഗുലം. 4 യവം അരയംഗുലം. 6 യവം മുക്കാലംഗുലം. മാനാംഗുലം അഥവാ നടംഗുലം ഇങ്ങനെ ലക്ഷണം പറയുന്നു. മറ്റു ഗ്രന്ഥങ്ങളിൽ ഇതിനെ സവിസ്തരം പറഞ്ഞിരിക്കുന്നത്:- ജാലകത്തിന്റെ അന്തരങ്ങളിലൂടെ (2 അഴികളുടെയിടയിലൂടെ) സൂര്യന്റെ സൂക്ഷ്മമായ വെയിൽനാളം കടന്നുവരുമ്പോള് അതിൽതത്തിക്കളിക്കുന്ന പൊടി (രജസ്സ്) കാണാം. ഇതിന്റെ പേര് ത്രസരേണു എന്നാണ്. (ത്രസിക്കുന്ന രേണു) 8 പരമാണു ചേർന്നതാണ് ഒരു ത്രസരേണു. 8 ത്രസരേണു ചേർന്നത് ഒരു മുടിനാരിന്റെ അഗ്രത്തിനു തുല്യം വലുപ്പമുളളതാണ്. (ബാലാഗ്രം. വാലാഗ്രം) 8 ബാലാഗ്രം ഒരു ലിഖ്യ. 8 ലിഖ്യ ഒരു യൂകം. 8 യൂകം ഒരു യവം. 8 യവം ഒരംഗുലം. 20 അംഗുലം ഒരു അരത്നി. ചത്വാരി വിംശതി അഥവാ 20നെ 4 കൊണ്ടു ഗുണിച്ചത് ഒരു ഹസ്തം. 6 അംഗുലദ്വയം 12 അംഗുലം അഥവാ ഒരു പദം അടി. യവത്തിന്റെ ഉദരം മുതൽ8, വ്രീഹിയുടെ ഊർദ്ധ്വാഗ്രം മുതല് 3 എന്നെടുത്താല് തുല്യമായ അളവു തന്നെയാണ്. സിദ്ധാന്തശേഖരത്തിലും മാത്രാംഗുലം വെച്ചാണ് കുണ്ഡനിർമ്മിതി. മാത്രാംഗുലം ഹസ്തം ഇവയാണ് കുണ്ഡമാനം. മദ്ധ്യാംഗുലി മദ്ധ്യം മുതലുളള പർവ്വദൈർഘ്യം ഉത്തമം . മാത്രാംഗുലത്താൽ കണ്ഠത്തിലും നാഭിയിലുമുളള മേഖലകളും ഉണ്ടാക്കുന്നു. കുണ്ഡവും യോനിയും ഇങ്ങനെ ഉണ്ടാക്കുന്നു. മയാസുരൻപരമാണുക്രമത്തിൽ വർദ്ധിച്ചുവർദ്ധിച്ച് മാനാംഗുലമുണ്ടാകുന്നതായി പറയുന്നു. യവത്തിന്റെ അഷ്ടഗുണിതമായ അംഗുലത്തെ ഇങ്ങനെ അറിയണം. 12 അംഗുലമാണ് ഒരു വിതസ്തി. ഹയശീർഷപഞ്ചരാത്രത്തില് 8 യവം ഒരു അംഗുലം , 24 അംഗുലം ഒരു കരം, സ്വന്തം തളളവിരലിന്റെ മദ്ധ്യഭാഗത്തുളള രേഖ (യവചിഹ്നം)കൊണ്ട് ഇത് സമമായി അളക്കാം. മാത്രാംഗുലം മാനാംഗുലം ഇവക്ക് വാസ്തവത്തിൽ ഭേദമില്ല. ഭേദത്താലാണ് വ്യവഹാരം എല്ലാമുണ്ടാവുന്നത്. പഞ്ചരാത്രത്തിൽ അംഗുലലക്ഷണം 5 വിധം പറയപ്പെട്ടത് ഈ വ്യവഹാരവ്യവസ്ഥാപനം പാലിക്കുന്നതിനാണ് . പഞ്ചരാത്രത്തിൽവാതായനപഥം (വാതിൽമാർഗ്ഗം-ദ്വാരമാർഗ്ഗം) ഉളളിൽകടന്ന സൂര്യരശ്മികൾസൂക്ഷ്മമായി ത്രസിക്കുന്ന ത്രസരേണുക്കളായി കാണപ്പെടുന്നു. 8 പരമാണു ഒരു ത്രസരേണു. 8 ത്രസരേണു ഒരു ബാലാഗ്രകം. 8 ബാലാഗ്രകം ഒരു ലിക്ഷ. 8 ലിക്ഷ ഒരു യൂകം. 8 യൂകം ഒരു യവം. 8 യവം ഒരു ഉത്തമഅംഗുലി. 7 യവം മദ്ധ്യമഅംഗുലി. 6 യവം ഒരു അധമഅംഗുലി. ഇപ്രകാരം മാനാംഗുലം പറയപ്പെടുന്നു. ഇവയെ വിപരീതമായി വിന്യസിച്ച് മാനാന്തരാംഗുലം .ശിഷ്യന്റെ വലത്തുകയ്യിന്റെ മദ്ധ്യമാംഗുലി മദ്ധ്യമമായ അളവ്. പർവ്വങ്ങളുടെ ഇടയിലുളള ദീർഘം മാത്രാംഗുലം. തളളവിരൽകൂടാതെ മറ്റുനാലെണ്ണം ചുരുട്ടിയ മുഷ്ടിയെ നാലായി ഭാഗിച്ചതിന്റെ ഒരു ഭാഗം മുഷ്ട്യംഗുലി. മദ്ധ്യമമായ അളവ്. ഒരു പുരുഷന്റെ അളവിനെ 10 ആയി വിഭജിക്കുക. ഒന്നിനെ (അതിലൊരുഭാഗത്തെ)വീണ്ടും 12 ആയി വിഭജിക്കുക. ആ പന്ത്രണ്ടിൽഒരു ഭാഗമാണ് ഒരംഗുലം. ഇപ്രകാരം ദേഹലബ്ധമായ അംഗുലത്തെ അറിയുക. ഛായകൊണ്ട് (നിഴൽ)സംഭവിക്കുന്നത് (ജ്യോതിശ്ശാസ്ത്രം)മഹാമാനാംഗുലം. പ്രതിമാദികളുണ്ടാക്കാൻശിൽപ്പി മാനാന്തരാംഗുലമാണ് ഉപയോഗി ക്കുന്നത്. പ്രാസാദം,വേദിക,പീഠം,ശിബികം,രഥം ഇവ മാനാന്തരത്താൽചെയ്യുന്നു. യാഗോപകരണങ്ങളും മാനാന്തരത്താലാണ് ഉണ്ടാക്കുന്നത്. സ്വർണ്ണം കൊണ്ടുളള സ്രുവം ,കുണ്ഡമെന്നിവ മുഷ്ട്യംഗുലപ്രമാണം അനുസരിച്ച് ചെയ്യുന്നു. ദേഹലബ്ധാംഗുലം കൊണ്ടും കുണ്ഡം ഉണ്ടാക്കാവുന്നതാണ്. അനേക പുസ്തകങ്ങളിൽ രണ്ടിനും മാനാംഗുലമെന്നുതന്നെ പറഞ്ഞുകാണുന്നു. ചിലയിടത്ത് മാനാംഗുലമെന്നും മറ്റുചിലയിടങ്ങളിൽ പ്രമാണാംഗുലമെന്നും യൌഗികമായി വ്യാഖ്യാനിക്കുന്നു. അതിന്റെ ലക്ഷണം ചതുരശ്രകുണ്ഡക്ഷേത്ര ഫലത്താൽ പറഞ്ഞിരിക്കുന്നു. അതിന്റെ അംഗുലാത്മകത്വത്താൽ അതിന്റെ അജ്ഞാനമുളള പക്ഷം ഇത് പറയാനാവില്ല. അതിനാൽ ലീലാവതിയില് ഭാസ്കരാചാര്യര് സമലമ്ബവിൽതുല്യചതുർഭുജത്തിൽ എപ്രകാരം അവയുടെ ഭുജകോടിപതിച്ച് ഉണ്ടാക്കുന്നുവോ അതുപോലെ എന്നു പറയുന്നു. ത്രിശതിയിൽ ശ്രീധരാചാര്യരും സമലംബകചതുരശ്രത്തിൽഭൂമുഖത്തിന്റെ സമാസാർദ്ധമായ മദ്ധ്യമലംബത്താല് ഗുണിച്ച് കരണങ്ങൾസംഭവിക്കുന്നത് കണ്ടെത്തണം ഇപ്രകാരം 24 കൊണ്ടു ഗുണിച്ചുഗുണിച്ച്, 500, നോട് 76 കൂട്ടിയ 576 ൽഅധികം ത്ര്യംഗുലി ക്ഷേത്രഫലം കിട്ടും. 8 കുണ്ഡങ്ങൾക്കും 576 ക്ഷേത്രഫലം. സർവ്വകുണ്ഡങ്ങളും ഇപ്രകാരം പ്രകൃതിഭൂതങ്ങൾതന്നെയാണ്. (പ്രകൃതിയിൽനിന്ന് ഭവിച്ചവ). തന്ത്രാന്തരത്തിൽ ചതുരശ്രത്തെ പ്രകൃതിയായി പറയുന്നു. ക്രിയാസാരത്തിൽചതുഷ്പദം ,ചതുഷ്കോണെന്ന് 2 വിധ ക്ഷേത്രം.രണ്ടിലും ചതുരശ്രാദികുണ്ഡങ്ങൾസംഭവിക്കുന്നു. ചതുരശ്ര പ്രകൃതി കൊണ്ട് യോനികുണ്ഡം ചതുരശ്രീകൃതമാവുന്നു. ചതുരശ്രീ കൃതമായ ക്ഷേത്രത്തെ 5 വിധമായി വിഭജിക്കുന്നു. അവയുടെ ക്ഷേത്രഫലത്തെ വിഭജിക്കുന്നതുകൊണ്ട് പ്രയോജനമില്ല. അതിനാൽ മദ്ധ്യസൂത്രത്താല് വിഭജിക്കുന്നു. അതിന്റെ പഞ്ചമാംശം 4 അംഗുലം സാർദ്ധഷഡ് യവം

54. ന്യസേത്പുരസ്താദേകാംശം കോണാർദ്ധാർദ്ധപ്രമാണതഃ
ഭ്രമയേത് കോണമാനേന തഥാന്യദപി മന്ത്രവിത്
സൂത്രയുഗ്മം തതോദധ്യാത് കുണ്ഡം യോനീനിഭം ഭവേദ്. .

സംസ്കൃതഭാഷ്യം

ഏവംഭൂതമംശംപുരസ്താദ്ദക്ഷിണോദ്ഗതസൂത്രസ്യോത്തരഭാഗേന്യസേത് വർദ്ധയേത് ഇതി. മന്ത്രവിദ് ഇത്യനേനോക്തം. തതഃകോണാർദ്ധാർദ്ധപ്രമാണതഃകോണമാനേന ഭ്രമയേത്. അത്ര കോണശബ്ദേന കോണസൂത്രം ഗൃഹ്യതേ.തസ്യാർദ്ധം കർണ്ണസൂത്രദ്വയമദ്ധ്യസമ്പാതസ്ഥാനം തദർദ്ധം. അപരകോഷ്ഠയുഗലേദ്വിതീയകർണ്ണസൂത്രയോഗസ്ഥാനം. തത്പ്രമാണതഃതസ്മാൻമാനാത്കോണമാനേന കോണസംലഗ്നതയാ ഭ്രമയേത്. പ്രകാരസ്തു അപരൈകകോഷ്ഠകർണ്ണസൂത്രദ്വയസമ്പാതസ്ഥാനേ സൂത്രാദി സംസ്ഥാപ്യ മദ്ധ്യതിര്യഗ്സൂത്രാഗ്രാത് തത്കോണസംലഗ്നം ദക്ഷിണേ ദിഗ്ഗതസൂത്രസ്യ ദക്ഷിണാഗ്രാവധി സൂത്രാഗ്രം ഭ്രമയേത് മന്ത്രവിദന്യദപി തഥാ ഭ്രമയേദിത്യർത്ഥഃതത്രാപി പ്രകാരഃദ്വിതീയാപരകോഷ്ഠകർണ്ണ സൂത്രദ്വയ സമ്പാതസ്ഥാനേ സൂത്രാദിം സംസ്ഥാപ്യ മദ്ധ്യമതിര്യഗ്ഗതസൂത്രസ്യ ദ്വിതീയാഗ്രാത് തത്കോണ സംലഗ്നം ദക്ഷിണോദഗ്ഗതസൂത്രസ്യ ദക്ഷിണാഗ്രാവധി സൂത്രാഗ്രം ഭ്രമയേത്. തതഃസൂത്രയുഗ്മം ദധ്യാത് . പാർശ്വദ്വയസ്ഥവൃത്താഗ്രാഭ്യാം പുരോവർദ്ധിതസൂത്രാഗ്രാവധി സൂത്രദ്വയം പാതയേത്. ഏവം യോനിനിഭ മുത്തരാഭിമുഖം കുണ്ഡം ഭവേത്. തദുക്തം കാദിമതേ- തന്മദ്ധ്യപഞ്ചമാംശേന വികാശ്യബ്രഹ്മസൂത്രകം പൂർവ്വതഃ പശ്ചിമദ്വന്ദ്വകോഷ്ഠയോർമദ്ധ്യദേശതഃ തത്കോണമാനേന തഥാഭ്രാമയേത് പശ്ചിമാഗ്രകാന് ഉത്തരാഗ്രാവധിതഥാ ദക്ഷിണാഗ്രാവധി പ്രിയേ തന്മദ്ധ്യതിര്യഗ്സൂത്രാഗ്ര(ത്രാംശ) ദ്വയാവഷ്ടമ്മതസ്തഥാ

വികാശിതബ്രഹ്മസൂത്രാവധി സൂത്രദ്വയം ക്ഷിപേത് യോനികുണ്ഡമിദം ഭദ്രേ ഭദ്രം ഇതി. കാമികേƒപി- പഞ്ചമാംശംപുരോന്യസ്യ മദ്ധ്യേ വേദാംശമാനതഃ ഭ്രമാദശ്വത്ഥപത്രാഭം കുണ്ഡമാഗ്നേയമീരിതം. ഇതി ക്രിയാസാരേƒപി-ക്ഷേത്രം പഞ്ചാംശകംകൃത്വാപൂർവ്വസ്യാമേകമംശകം ന്യസ്യതത്പ്രാപ്യസേത് സൂത്രേ പാർശ്വയോർമദ്ധ്യമാവധി തതഃപ്രത്യക്പദദ്വന്ദ്വംഭ്രമയേത് തത്തദർദ്ധതഃ പൃഥക് പൃഥക് യഥാസമ്യക് തഥാകോണത്രയാവധി ഏവംകൃതേസ്ഥിരംകുണ്ഡം ഭവേദശ്വത്ഥപത്രവത്. ഇതി. സിദ്ധാന്തശേഖരേƒപി- യോന്യഖ്യമുച്യതേകുണ്ഡമാഗ്നേയ്യാമുത്തരാമുഖം പ്രജാവൃത്തൌ(ഢൌ)പ്രതാപേച ശസ്തംതത്രാപിപൂർവ്വവത്. ചതുഷ്കോഷ്ഠം(ണം) സമംകുര്യാദംശംക്ഷേത്രസ്യപഞ്ചമം സോമസൂത്രസ്യബാഹ്യാഗ്രേ യോജയേത് സൌമ്യഭാഗകേ അഗ്രയോര് ഗർഭസൂത്രസ്യ ന്യസേദംശേ ചസൂത്രകം സിദ്ധ്യത്യനേന പത്രാഗ്രം ദക്ഷകോഷ്ഠദ്വയസ്യ തു മദ്ധ്യകോഷ്ഠസ്യ ചാന്തേ ച ഭ്രാമയേത് തദ്ഭ്രമാദ്ഭവേദ് പത്രപൃഷ്ഠം സുസംസിദ്ധം പത്രമശ്വത്ഥപത്രവത് ഇതീദം യോനികുണ്ഡംസ്യാദ് ഇതി. അത്ര ക്ഷേത്രോപപ ത്തിരുച്യതേ-തത്രൈകപാർശ്വേ അർദ്ധം വൃത്തം ദ്വിതീയപാർശ്വേ അർദ്ധം വൃത്തം .ഏവമേകം വൃത്തക്ഷേത്രം. വൃത്താർദ്ധദ്വയമദ്ധ്യസ്ഥമധോമുഖം ത്രികോണമേകം. തദുപര്യൂർദ്ധ്വമുഖം ത്രികോണമേകമിതി ത്രീണി ക്ഷേത്രാ ണി തത്ര ത്രയാണാമപി പൃഥക് പൃഥക് ഫലമാനീയൈകീകൃതം യോനീ കുണ്ഡക്ഷേത്രഫലം ഭവതി. തത്ര വൃത്തക്ഷേത്രഫലം താവദുച്യതേ.വ്യാസസ്യവർഗ്ഗേഭനവാഗ്നി(3627)നിഘ്നേ സൂക്ഷ്മം ഫലം പഞ്ചസഹസ്ര ഭക്തേ ഇതി ഭാസ്കരാചാര്യോക്തപ്രകാരേണ വൃത്തക്ഷേത്ര ഫലാനയനേ ശ്രീധരാചാര്യോക്തിഃ ത്രിംശത്യാം സ്ഥൂലാ ഇത്യുപേക്ഷിതം. തത്രൈകാംഗുലസ്യ ചതുർവിംശാംശേനോനാനി സപ്ത ദശാംഗുലാനി വ്യാസഃ തദുപ പത്തിരേവം തത്കൃത്യോര്യോഗഫലം ഇത്യനേന കർണ്ണ പ്രമാണമാനീയ തദർദ്ധം വ്യാസോ ഭവതി. ഇദഞ്ചാ ഗ്രേ ദ്വി ഹസ്തകു ണ്ഡകരണീകഥനപ്രസ്താരേസ്പഷ്ടീകരിഷ്യതേ.തത്ര വ്യാസസ്യ ന്യാസോ യഥാ 16 33/34 സവർണ്ണിതഃ 577/34 അസ്യ യഥോക്തകരണേന ജ്ഞാതം ക്ഷേത്രഫലം 226 ഏകോയയശ്ചതസ്രോ യൂകാസ്തിസ്രോ ലിഖ്യാഃ ന്യാസാംശസവർണ്ണാനാദിപ്രകാരസ്തു ഗ്രന്ഥഗൌരവഭയാനോക്താഃ സ തു പാടീഗ ണിതേ ലീലാവത്യാദൌ ദ്രഷ്ടവ്യഃതതോƒധസ്ത്ര്യസ്രസ്യ ഫലം. ലമ്ബഗുണം ഭൂമ്യർദ്ധം സ്പഷ്ടം ത്രിഭുജേഫലം ഭവതി ഇതി ഭാസ്കരാചാര്യോക്തമാർഗ്ഗേണ.തത്ര ഭൂഃ24 ഷഡംഗുലാനി ലമ്ബഃ12 അംഗുലാനി. തതോഭൂമ്യർദ്ധം 12 ലഭ്ധഃ12 ഗുണം 144. ഇദം മദ്ധ്യസൂത്രസ്യഫലം .തത ഊർദ്ധ്വസ്ത്ര്യസ്രസ്യഫലം തസ്യഭൂഃ24 ഷഡംഗുലാനി ഗ്രന്ഥകൃദുക്തപ്രകാരേണ ലമ്ബഃതത്ര മദ്ധ്യസൂത്രാർദ്ധം 12 ഷഡംഗുലാനി .തതോ വർദ്ധിതപഞ്ചമോംƒശ 24/5 ഉഭയോഃ സമഛേദാ ർത്ഥം ന്യാസഃ 12/1 24/5 സമഛേദൌ 60/5 24/ 5 യോഗഃ 84/5 .തതോ യഥോ ക്തകരണേന ജാതം ക്ഷേത്രഫലം 20 ? കിഞ്ചിന്ന്യൂനപഞ്ചയവാ ധികം. തേന ക്ഷേത്രഫലമദ്ധ്യേ സയവദ്വയ ചതുരംഗുലാനി ന്യൂനാനി ഭവതി. ഉദാഹൃതകാദിമതാദിലക്ഷണേഷ്വപി ഇദമേവ ഫലം ജ്ഞേയം. തത്ര കശ്ചിത് കാമികവചനം 469 ഏതാദത്ഫലമാനീയദൂഷിതവാനിതി മഹാഭ്രാന്ത ഏവഃഏവം സർവ്വേഷാമേകവാക്യത്വേ സത്യപി ച മാന ഹീനേ ദരിദ്രതാ ഇത്യാദി ന്യൂനാധികപ്രമാണയദ് യജമാനവിനാശ കൃതം ഇത്യാദി ദോഷാപ ത്തേരിതി ക്ഷേത്രഫലസാമ്യമത്രാവശ്യമപേ ക്ഷിതം. യതോ ഭാസ്കരാചാര്യശ്രീധരചാര്യപ്രോക്തഗണിത മാർഗ്ഗേണ ക്ഷേത്രഫലാനയനദ്വാരൈ വാവശ്യം കുണ്ഡാനിവക്തവ്യാനി. യത് ക്രിയാസാരേ-

പ്രാക്കുണ്ഡേയത്പ്രമാണം തദന്യേഷാം ക്ഷേത്രമാനകം ഇതി. ഗ്രന്ഥകൃദാƒപി തുല്യക്ഷേത്രഫലാനയനാർത്ഥമേവ സമചതുരസ്രസ്യ പ്രകൃതിതാ നിരൂപിതാ.പഞ്ചദശശാഖോപരി കൽപസൂത്രം പ്രണീതയതോ ഭഗവതഃകാത്യായനസ്യാപി പരിശിഷ്ടേ ശുൽബേകുണ്ഡം വക്ഷ്യമിഷോഃ ശ്രീധരാചാര്യഭാസ്കരാചാര്യപ്രോക്ത മാർഗ്ഗേണ ക്ഷേത്രഫലാനയനദ്വാരൈവ പ്രവൃത്തിർദൃശ്യതേ.അതോƒവശ്യം ക്ഷേത്രഫലസാമ്യം വക്തവ്യം. തദാചാര്യേണാതിസൂക്ഷ്മഗണനായാം ശിഷ്യബുദ്ധിക്ലേശോ ഭവിഷ്യതീത്യുപേക്ഷിതം. സാമ്പ്രദായികാസ്ത്വർത്ഥം യവത്രയപ്രക്ഷേപമാഹുഃ ഏകഹസ്തേ മയാ ക്ഷേത്രഫലസമതാർത്ഥം സർവ്വാനുഗതപ്രകാരസ്തൂച്യതേ. ചതുർവ്വിംശതിധാ മദ്ധ്യസൂത്രം ഭങ്ക്ത്വാപുരോന്യസേത്പഞ്ചാംശാംശ്ചൈകൈകസ്യ ത്രീൻവിംശാംശാൻകോണപാദതഃവൃത്താർദ്ധേസ്തോ മദ്ധ്യതിര്യക്സൂത്രാന്തശ്ച തതോƒർപ്പയേത് പുരോവാർദ്ധിതസൂത്രാന്തം സൂത്രേ ദ്വേസ്യാദ് ഭഗാകൃതിഅനേനപ്രകാരേണ ക്ഷേത്രഫലമത്യഭിചാരീതി ജ്ഞേയം .അത്ര പഞ്ചാംഗുലാനി സ യവാനി യൂകാസാർദ്ധലിഖ്യാചതുഷ്ടയസഹിതാനി മദ്ധ്യസൂത്രം വർദ്ധയേത് .തദാ ലംബഃ17 3/20 സവർണ്ണിതഃ 343/20 ഉക്തക്രമേണ ജാതം ക്ഷേത്രഫലം 205 ഷഡ്യവാസ്തിസ്രോ യൂകാഃവഞ്ചലിഖ്യാഃഏവമേകീകൃതം സർവ്വം ക്ഷേത്രഫലം 576. ഏതത് സൂക്ഷ്മമിതി ജ്ഞേയം. യത്തു കാദിമതേ ചതുരസ്രാഭിതോ യാതു ത്യക്ത്വാ ഭ്രഃസാന്യ(ഗ്ര)തഃസ്ഥിതാ ലഭ്യതേ സർവ്വകുണ്ഡേഷ്യ തേന സർവ്വാണി സർവ്വതഃ തത് സാമാന്യേവ ജായന്തേ ഷണ്മവത്യംഗുലാത്മവാ ഇതി.സിദ്ധാന്തശേഖരേƒപി- ക്ഷേത്രസ്യചതുരസ്രസ്യ സമം സൂത്രം ചതുർഗുണം യോന്യാദിസർവ്വകുണ്ഡാനാം പര്യന്തേഷ്യ നിയോജയേത്. ചതുരസ്രം സമം തച്ഛേഷ്ടഭം യോന്യാദികുണ്ഡകം ഇതി. തദത്രാസ്മദുക്തപ്രകാരേണ സംവദതി. വ്യാസേഭനന്ദാഗ്നി 3927 ഹതേ വിഭക്തേ ഖവാണനൂമൈഃ 1250 പരിധിഃ സസൂക്ഷ്മഃ ഇതിപ്രകാരാത് വൃത്തപരിധിഃസൂക്ഷ്മഃ 160/30സ്ഥൂലസ്തു 54 ഷഡംഗുലാനി കർണ്ണസൂത്രദ്വയം 21/21 അംഗുലാനി. തത് കൃതോര്യോഗപദം ഇത്യനേന പ്രകാരേണ ജാതം. മിലിത്വാ ഷണ്മവത്യംഗുലാത്മകാ. പരന്ത്വതിസ്ഥൂല കാരകത്വാത് ബഹ്വല്യസ്ഥലേഷ്വവ്യഭിചരതീദമിത്യുപേക്ഷിതം. യതോƒർദ്ധചന്ദ്രേ 98 അംഗുലാനി യവത്രയാധിപദാനി പരിഷഃത്ര്യസ്രേ 90 അംഗുലാനി 3 യവാഃ2 യൂകാഃ വൃത്തേ 85 അംഗുലാനി കിഞ്ചിദ ധികാനി. ഷഡസ്രേ 88 അംഗുലാനി 4 യവാഃ 7 യൂകാഃഅഷ്ടാമസ്ര 87 അംഗുലാനി 4 യവാഃഏവം കുത്രാപി ന മിലതീതി യത് കിഞ്ചിദേ തത്. കൈശ്ചഛാരദാപദ്യമിദമന്യഥാ വ്യാഖ്യാതം. പഞ്ചമാംശേന പ്രാചീസൂത്രം വർദ്ധയേത്. തതഃകോണയോഃ പ്രതീചീതിര്യഗ്സൂത്രോത്പന്ന നൈരൃത്യവായവ്യയോഃഅർദ്ധാർദ്ധപ്രമാണേന ഏകത്രകോണോ പഞ്ചമാംശസ്യാർദ്ധം അപരത്ര കോണേƒപി പഞ്ചമാംശസ്യാർദ്ധം വർദ്ധയേത്. കോണമാനേന വർദ്ധിത വായവ്യ കോണാത് പ്രാചീ സൂത്രപശ്ചിമാഗ്രാവധിഭ്രമയേത്. തദ്വദർദ്ധിതനൈരൃത്യ കോണാത് പ്രാചീസൂത്രപശ്ചിമാഗ്രാവധിഭ്രമയേത്. വർദ്ധിതാഭ്യാവായവ്യ നൈരൃത്യകോണാഭ്യാം വർദ്ധിതപ്രാചീസൂത്രാഗ്രാവധി .സൂത്രദ്വയം ദധ്യാദിതി. തദസാംപ്രദായികത്വാത് ഏതതർത്ഥപ്രതിപാദകശബ്ദാഭാവാത് ലിഖിതകാദിമതാദിവിരോധാത് സ്വക പോലകൽപിതം. സൂക്ഷ്മഗണനാ യാം ക്ഷേത്രഫലസ്യാപ്യാധിക്യാത് യത് കിഞ്ചിദേതതേ .യദതിഗണിത ജ്ഞാഭിമാനിനഃആഗമജ്ഞാഭിമാനിനശ്ച ലക്ഷണം. അഷ്ടോനദ്വിശതാംശസൂത്രകചതുഃകോണേപുരസ്ത്വദ്ദ്വത്വഷ്ടത്രിംശതമേധയത്വധലവാൻശ്രേണ്യോരിമാനർദ്ധകഃ അഗ്രാത് സൂത്രയുഗേ ത്രികോണമിതി തഛ്രോണ്യോസ്തതോƒർദ്ധഭ്രമാത് വൃത്താർദ്ധേബഹിരാലിഖേദിതി ഭവേ കുണ്ഡോത്തമം യോനിവത്. ഇതി. ചതുരശ്രശ്രേണ്യോരപി പശ്ചിമതിര്യഗ്സൂത്രമുഭയതഃ താനഷ്ടത്രിംശ ദംശാൻഅർദ്ധാർദ്ധതയാ വർദ്ധയേത്. ഏകോനവിംശതിർദക്ഷിണാതഃ ഏകോനവിംശതിരുത്തരത ഇതി യത് തത് സ്വകപോലകൽപ്പിതാം ക്രിയാ സാരകാദിമതകാമികസിദ്ധാന്തശേഖരാദിവിരോധാത്. ക്ഷേത്രഫല മദ്ധ്യേ ച കിഞ്ചിദധികം ക്ഷേത്രഫലമിതി (ചതുർദ്ദശാംഗുലാനി ന്യൂനാ നീതി.)ജ്ഞാത്വാ മഹദ്ഭിഃസന്തോഷ്ടവ്യം. അത്ര ഭ്രാമയേദിതി ലേഖക ദോഷവശാത് അപവാദഃമിത്വാത് മിതാംഗസ്വാ ഇതി ഹ്രസ്വത്വാദ്ഭ്രമ യേദിത്യേ പാഠഃ

മലയാളഭാഷ്യം

ഏകാംശം കോണത്തിന്റെ പകുതിയുടെ പകുതിയെന്ന് പ്രമാണം. കോണമാനമാണ് ഭ്രമണം ചെയ്യുന്നത്. അവിടെ 2 സൂത്രം സ്ഥാപിച്ചാല് കുണ്ഡം യോനിയായി ഭവിക്കും.ദക്ഷിണദിക്കിലെ സൂത്രത്തിന്റെ ഉത്തരഭാഗത്ത് ഭൂതാംശം ന്യസിച്ച് വർദ്ധിപ്പിക്കുന്നു. കോണത്തിന്റെ പകുതിയുടെ പകുതി കോണമാനത്താൽഭ്രമിക്കുന്നു. കോണശബ്ദം കൊണ്ട് കോണസൂത്രത്തെ അറിയണം. അതിന്റെ പകുതി കർണ്ണസൂത്രദ്വയത്തിന്റെ മദ്ധ്യം യോജിക്കുന്ന സ്ഥാനം. അതിന്റെ പകുതി അപരകോഷ്ടയുഗളത്തിലെ രണ്ടാമത്തെ കർണ്ണസൂത്രദ്വയ യോഗ സ്ഥാനമാണ്. ഈ പ്രമാണത്താല് അഥവാ കോണമാനങ്ങളുടെ കോണസംലഗ്നതയാലാണ്

ഭ്രമണം സംഭവിക്കുന്നത്. (ഇത് ജ്യോതി ശ്ശാസ്ത്രപരമായി വൃത്തം,ത്രികോണം,ചതുരശ്രം എന്നിവ ഒരുമിച്ച് ഒരേ ജിയോഡെസിക് ആി ഭ്രമണം ചെയ്യുന്നതിന്റെ കാരണമാണ്) .ഇപ്രകാരം തിരിയുന്ന ഭ്രമണയന്ത്രം ശിൽപ്പികൾ ഉണ്ടാക്കിവെക്കുന്നു. ദക്ഷിണോത്തരഗതമായ സൂത്രം കൊണ്ട് ദക്ഷിണാഗ്രാവധിസൂത്രാഗ്രം ഭ്രമിക്കുന്നു. പാർശ്വദ്വയസ്ഥമായ വൃത്താഗ്രങ്ങളും മുമ്പില് വർദ്ധിച്ചുവർദ്ധിച്ചുവരുന്ന കർണ്ണസൂത്രാവധിയുടെ സൂത്രദ്വയം പതിക്കുന്നതുകൊണ്ട് ഭ്രമിച്ചുകൊണ്ടേ ഇരിക്കും. ഇപ്രകാരം യോനിനിഭമായി വടക്കോട്ടു തിരിഞ്ഞിരിക്കുന്ന (വടക്കുനോക്കിയന്ത്രം-പഴയ കപ്പലുകളിലെ ആസ്ട്രോലാബ്) കുണ്ഡം ഉണ്ടാവുന്നു .കാദിമതത്തിൽ അതിന്റെ മദ്ധ്യപഞ്ചമാംശത്തിൽ ബ്രഹ്മസൂത്രം സ്ഥാപിക്കുന്നു. മുമ്പുചെയ്തപോലെ കിഴക്കുപടിഞ്ഞാറുള്ള രണ്ടു കോഷ്ഠങ്ങളുടെ മദ്ധ്യഭാഗത്തും അവയുടെ കോണമാനത്താല് പടിഞ്ഞാറെ അറ്റം പൂർവ്വത്തോടൊപ്പം ഭ്രമണം ചെയ്യുന്നു. ഉത്തരാഗ്രം ദക്ഷിണാഗ്രാവധിയോടൊപ്പം ഭ്രമണം ചെയ്യുന്നു. ഇവയുടെ മദ്ധ്യതിര്യഗ്സൂത്രാഗ്രദ്വയത്തിൽ ബ്രഹ്മസൂത്രാവധിയെ നിശ്ചയിച്ചിരിക്കുന്നു. ഇതാണ് ഭദ്രമായ യോനികുണ്ഡം. കാമികയിൽ പഞ്ചമാംശം അതിന്റെ മദ്ധ്യത്തിൽ വേദാശം.ഇത് ആലിലയെപോലെ ഭ്രമണം ചെയ്യുന്നു. അതി നെ ആഗ്നേയമെന്നു വിളിക്കുന്നു. ക്രിയാസാരത്തിൽ പഞ്ചാംശകമുള്ള ക്ഷേത്രത്തില് കിഴക്കേ അംശം നിശ്ചയിച്ച് അതിനെ പ്രാപിച്ച പാർശ്വങ്ങളുടെ മദ്ധ്യസൂത്രത്തിന്റെ അവധി കാണുന്നു. അതിൽഓരോരോ പദദ്വന്ദ്വം അതാതിന്റെ പകുതിവീതം ഭ്രമിക്കുന്നു. സമ്യക്കായി 3 കോണത്തിന്റെ അവധി ഇപ്രകാരം ഒരു സ്ഥിരകുണ്ഡമായി



അശ്വത്ഥപത്രംപോലെ ഉണ്ടാക്കുന്നു. ത്രികോണംഇപ്രകാരമാണ്,അല്ലാതെ സാധാരണ ത്രികോണമല്ല. (ഇത് ഭൂമി ഉരുണ്ടതാണെന്നും ജിയോഡെസിക് അതിന്റെ ധർമ്മമാണെന്നും അറിയുന്ന ജനതയുടെ ശാസ്ത്രമായതുകൊണ്ടാണ് ഇപ്രകാരം പറയുന്നത്.)ആലിലയുടെ ആകൃതി ഏതാണ്ടു വർത്തുളമാണ്. ജ്യോതിശ്ശാസ്ത്രപരമാണ് ഇന്ത്യയിലെ ഈ അറിവ്. സിദ്ധാന്തശേഖരത്തില് യോനി എന്ന കുണ്ഡം ആഗ്നേയിയും, വടക്കോട്ട് മുഖവും പ്രജകളെക്കൊണ്ടു നിറഞ്ഞതും ,ചൂടും(താപം)ധനവും വിദ്യയും ഉള്ളതുമാണ്. ഇത് ഭൂമിലക്ഷണമാണ്. 4 കോഷ്ഠം (കോൺ)സമമായി ചെയ്ത് അതിലെ അഞ്ചിലൊരുഭാഗം സോമസൂത്രത്തിന്റെ പുറത്തെ അഗ്രത്തിൽ യോജിപ്പിക്കുക. അഗ്രത്തിൽ ഗർഭസൂത്രത്തില് ന്യസിക്കപ്പെട്ട അംശത്തില് കിട്ടുന്ന പത്രാഗ്രം ദക്ഷകോഷ്ഠദ്വയം .അതിന്റെ മദ്ധ്യകോഷ്ഠഭ്രമണത്താല് പത്രപൃഷ്ഠം അശ്വത്ഥപത്രം പോലെയാണ് എന്ന് ഗ്രഹിക്കാം. ഇത് യോനീകുണ്ഡം. ഇനി ക്ഷേത്രോപപത്തി. ഒരു പാർശ്വത്തിൽവൃത്താർദ്ധം .രണ്ടാം പാർശ്വത്തില് വൃത്താർദ്ധം. രണ്ടും ചേർന്നത് വൃത്തക്ഷേത്രം. വൃത്താർദ്ധവലയത്തിന്റെ മദ്ധ്യത്തിൽ കീഴോട്ടു മുഖമായ ഒരു ത്രികോണം. മൂന്നു ക്ഷേത്രങ്ങൾ. മൂന്നിന്റെയും അതാത് ക്ഷേത്രഫലം ഏകീകൃതമായത് യോനീകുണ്ഡക്ഷേത്രഫലം. ഇത് വൃത്തക്ഷേത്രഫലമെന്നു പറയുന്നു. വ്യാസത്തിന്റെ വർഗ്ഗത്തെ ഭനവാഗ്നി(3627)കൊണ്ട് ഹരിച്ചുകിട്ടിയ സൂക്ഷ്മഫലത്തെ 5000 കൊണ്ടു വീണ്ടും ഹരിക്കുക. ഇപ്രകാരമാണ് ഭാസ്കരാചാര്യന്റെ ക്ഷേത്രഫലാനയനം. ഇതിനെക്കുറിച്ച് ശ്രീധരാചാര്യന് 300 സ്ഥൂലമാകയാല് ഉപേക്ഷിക്കുക എന്നുപറയുന്നു. ഒരംഗുലത്തിൽ ചതുർവിംശാംശം കഴിഞ്ഞ് 17 അംശം വ്യാസമെന്ന് കർണ്ണപ്രമാണമാനത്തിന്റെ അർദ്ധമാണ് വ്യാസമെന്ന പ്രമാണത്താൽ പറയുന്നു. അറ്റത്ത് 2 ഹസ്തമുള്ള ഒരു കുണ്ഡത്തെ നിർമ്മിക്കുന്ന ഉദാഹരണത്തില് ഈ കണക്ക് സ്ഥൂലമായി തന്നിട്ടുണ്ട്. വ്യാസം എപ്രകാരം 16 33/34 എന്ന് 577/34 എന്ന കരണം കൊണ്ട് (ക്രി യ) കിട്ടുമോ , അപ്രകാരം 226 എന്ന് ക്ഷേത്രഫലം കിട്ടുന്നു. ഗ്രന്ഥവി സ്തൃതി ഭയന്ന് ഇവിടെ ഉദ്ധരിക്കുന്നില്ല. പാടീഗണിതത്തിൽ ലീലാവതി മുതലായവയില് കാണുക. (576+ 1= 577; 225 എന്ന പ്രഥമജ്യാ +1= 226 മുതലായവ വരാഹമിഹിരകൃതമായ പഞ്ചസിദ്ധാന്തികയിലും കാണുക) ഭൂമിയുടെ അർദ്ധത്തെ 12 കൊണ്ടുഗുണിച്ചത് ത്രിഭുജഫലമെന്ന് ഭാസ്കരാചാര്യമതം. ഭൂ 24. അതിന്റെ പകുതി 12. അതിനെ 12 കൊണ്ടു ഗുണിച്ചത് 144. ഇത് മദ്ധ്യസൂത്രഫലം. അതിന്റെ മുകളിലെ ഫലം = മദ്ധ്യസൂത്രാർദ്ധമായ 12 നെ ഇരട്ടിച്ച് 5 കൊണ്ടു ഹരിച്ചാല്

24/5=4.8. സമഛേദം ചെയ്യാന് 12/1 24/5 ഇവയെ രണ്ടിനേയും 5 കൊണ്ടു ഗുണിക്കുന്നു. 12X5/1x5= 60/5 ഇവയുടെ യോഗം 60/5 + 24/5 =84/5 .

20 ^{2} =20x 20x20x20x 20=3200000 .

അതെങ്ങനെ ഇവിടെ കിട്ടും. ക്ഷേത്രഫലമദ്ധ്യത്തിൽ 2 യവദ്വയമായ ചതുരംഗുലം കുറയുകയാണ് ചെയ്യുന്നത് .കാദിമതലക്ഷണത്തിലും ഇങ്ങനെയാണ്. കാമികവചനത്തിൽ 469 എന്നത് മഹാഭ്രാന്തമായ ഭ്രമണസംഖ്യയാണ്. മാനഹീനത ദരിദ്രതയാണ്. പ്രമാണം ന്യൂനമായാലും അധികമായാലും യജമാനന് ദോഷമാണ്. അതിനാൽ ക്ഷേത്രഫലസാമ്യം (ബാലൻസിങ്ങ്) ആവശ്യമാണ്. ഭാസ്കരാചാര്യനും ശ്രീധരാചാര്യനും പറഞ്ഞ ഗണിതമാർഗ്ഗത്തില് ക്ഷേത്രഫലാനയനത്തിന് കുണ്ഡങ്ങള് ആവശ്യമാണ്. കിഴക്ക് കുണ്ഡത്തിന് ഏതു പ്രമാണമോ അത് അന്യത്തിന് (പടിഞ്ഞാറ്) ക്ഷേത്രമാനകമാണ്. ഇങ്ങനെ തുല്യക്ഷേത്ര ഫലാനയനത്തിന് പ്രകൃതി നിരൂപിച്ച് സ്വയം കൈക്കൊണ്ടതാണ് സമചതുര,ശ്രീകരണം. 15 ശാഖകളുടെ മേല് കൽപസൂത്രം പറഞ്ഞ ഭഗവാൻ കാത്യായനനും ശുൽബസൂത്രപരിശിഷ്ടത്തില് കുണ്ഡം പറഞ്ഞിട്ടുണ്ട്. ശ്രീധര,ഭാസ്കരാചാര്യന്മാരുടെ ഗണിതമാർഗ്ഗത്തില് ക്ഷേത്രഫലാനയനമാണ് പ്രവൃത്തി (function) ആയി കാണപ്പെടുന്നത്. അതിന്നാണ് ക്ഷേതഫലസാമ്യം പറഞ്ഞിട്ടുള്ളത്. അതിസൂക്ഷ്മഗണനത്തിന് ശിഷ്യന്മാരുടെ ബുദ്ധിക്ക് ക്ലേശമുണ്ടെങ്കിലോ എന്നു കരുതിയാണ് ഈ ആചാര്യന്മാർസൂക്ഷ്മം പറയാതെ സ്ഥൂലം മാത്രം പറഞ്ഞത്. സാമ്പ്രദായികമായി അതിന്റെ അദ്ധ്യാപനാർത്ഥം 3 യവം കൊണ്ടുള്ള പ്രക്ഷേപം പറയുന്നു. ഒരു ഹസ്തത്താൽ ക്ഷേത്രഫലസമത വരുത്താന് മയൻതരുന്ന സമവാക്യം സർവ്വയിടത്തും ഉപയോഗിക്കാവുന്നതാണ്. ചതുർവ്വിംശതിയായ മദ്ധ്യസൂത്രത്തെ 5 അംശത്താല് വിഭജിച്ച് ഓരോന്നിനെ 20ൽ മൂന്നു അംശം കോണപദമാക്കുന്നു. വൃത്താർദ്ധത്തില് മദ്ധ്യതിര്യഗ് സൂത്രാന്തത്തിൽ അത് അർപ്പിക്കുന്നു. മുമ്പ് അർദ്ധിച്ച സൂത്രാന്തം സൂത്രത്തിൽ 2 ആയി ഭഗത്തിന്റെ ആകൃതി വരുത്തുന്നു. പഞ്ചാംഗുലമുള്ള യവം,യൂകം,അർദ്ധലിഖ്യചതുഷ്ടയമെന്ന് ക്രമേണ മദ്ധ്യസൂത്രം വർദ്ധിച്ചുവർദ്ധിച്ചുവരുന്നു. അതിന്റെ ലംബം 17 3/20 (343/20 = 17 3/20) പറഞ്ഞ ക്രമത്തിൽ ക്ഷേത്രഫലം 205 ഷഡ് യവം ,3 യൂകം,5 ലിഖ്യമെന്ന് വർദ്ധിക്കുന്നു. ഇവയെ ഏകീകരിച്ച് സർവ്വ ക്ഷേത്രഫലം 576. ഈ സൂക്ഷ്മഗണിതം അറിയേണ്ടതാണ്. കാദിമതത്തിൽ,ചതുരശ്രത്തിൽ ഏതു ത്യജിച്ചാല് ഭൂമിയുടെ അഗ്രം സ്ഥിതമായി (സ്ഥിരബിന്ദു) ലഭിക്കുന്നുവോ അതിനെ സർവ്വകുണ്ഡത്തിലും സർവ്വത്തിലും അറിയുക. അതിന്റെ സാമാന്യമാണ് (GENERAL) 6 അംഗുല മായി എടുക്കുന്നത്. സിദ്ധാന്തശേഖരത്തിൽ ക്ഷേത്രചതുരശ്രത്തിന്റെ സമസൂത്രത്തെ 4 കൊണ്ട് ഗുണിച്ച് യോനി മുതല് സർവ്വകുണ്ഡങ്ങൾക്കും പര്യന്തം (സീമ) കാണാവുന്നതാണ്. ചതുരശ്രമായി സമമായ യോന്യാദി കുണ്ഡകം ശുഭമാണ്. ഭനന്ദാഗ്നി 3927. വ്യാസം .സൂക്ഷ്മപരിധി 1250 കൊണ്ടു ഹരിച്ചതാണ്. 3927/ 1250= 3.14152.എന്നാലിത് സ്ഥൂലവാസ്തുവിൽ ഉപയോഗിക്കുന്നില്ല. 16 X10 ; 3 X 10; എന്ന് 16ന്റെ വർഗ്ഗം,ദശഗുണിതം ,3ന്റെ വർഗ്ഗം ദശഗുണിതം ആണ് ഉപയോഗിക്കുന്നത്. 54 ഷഡംഗുലം =54 X 6= 324 (ചന്ദ്രവ്യാസപരമായ സംഖ്യ) കർണ്ണസൂത്രദ്വയം 21/21 .അവയുടെ യോഗം 42 (6X 7) . ഇപ്രകാരം ഷണ്ണവത്യാംഗുലമായി എടുക്കുന്നു. ഇത് അത്യന്തം സ്ഥൂലമാനമാകയാലും പലസ്ഥലത്തും ഈ കണക്ക് ഭൂമിയുടെ ഉപരിതലത്തിൽ തെറ്റുമെന്നതിനാലും ഉപേക്ഷിക്കേണ്ടി വരുന്നതാണ്. അർദ്ധചന്ദ്രത്തില് 38 അംഗുലം + 3 യവം പരിധി. 90 അംഗുലം 3 യവം 2 യൂകമുള്ള വൃത്തത്തില് 85 അംഗുലം (98+8/3 യവം = 98+2.99 അംഗുലം അഥവാ 100.99 അംഗുലം. 2 അർദ്ധഗോ ളത്തിലും കൂടി 100.99+85 = 186 അംഗുലം മാക്സിമം).ഇത് ത്ര്യസ്ര ത്തിന്ന്. ഷഡ്സ്രത്തിൽ 88 അംഗുലം 4 യവം 7 യൂകം .അഷ്ടാസ്ര ത്തിൽ 87 അംഗുലം 4 യവം എന്നിങ്ങനെ. പഞ്ചമാംശത്താൽ കിഴക്കേ സൂത്രം വർദ്ധിക്കുന്നു. (ധനം +) അതിന്റെ കോണായ പടിഞ്ഞാറ് വിപരീത സൂത്രത്തിൽ നൈരൃതി ,വായവ്യത്തിൽ അരവീതം പ്രമാണത്തില് പഞ്ചമാംശത്തിന്റെ അർദ്ധം ക്രമത്തിൽ വർദ്ധിച്ചുവരുന്നു. വർദ്ധിക്കുന്ന വായവ്യകോണത്താല് പ്രാചീസൂത്രത്തിന്റെ പടിഞ്ഞാറേ സീമ ഭ്രമിക്കുന്നു. (ഭ്രമണം ചെയ്യുന്നു) വർദ്ധിക്കുന്നു . ഇപ്രകാരം പ്രാചീസൂത്രാവധി വർദ്ധിക്കുന്നു. ഒന്നു വർദ്ധിക്കുമ്പോള് മറ്റൊന്നു കുറഞ്ഞ് സമത (ബാലൻസിങ്ങ്) സ്ഥാപിക്കുന്നു. സൂക്ഷ്മഗണനയാൽ ക്ഷേത്രഫലം കാണാന് ഗണിതജ്ഞര് ശ്രമിക്കുന്നു. ഇവരുടേയും ആഗമജ്ഞാനികളുടേയും ലക്ഷണപ്രകാരം- ഇരുനൂറിൽനിന്ന് 8 കുറഞ്ഞ 192 നെ 2 കൊണ്ടുഹരിച്ചത് (പകുതി) .96 അതിന്റെ പകുതി 48. അതിനെ 3 കൊണ്ടു ഗുണിച്ചത് 144. ഈ സംഖ്യയുടെ പകുതിയാണ് 72. ഈ സൂത്രയുഗങ്ങളുടെ അറ്റത്തെ ത്രികോണമിതി (trigonometry) എന്ന് ശ്രേണികളുടെ അർധ്ധങ്ങളുടെ (പകുതികളുടെ) ഭ്രമണത്തെ അറിയുന്നവർ, വൃത്താർദ്ധത്തിന്റെ പുറത്ത് ഇവയെ ലിഖിതമാക്കി (എഴുതി) യോനിപോലെ ഉത്തമകുണ്ഡം സൃഷ്ടിക്കുന്നവര്, ചതുരശ്രശ്രേണികളുടെ പടിഞ്ഞാട്ടുള്ള

വിപരീതസൂത്രത്തെ 38 (അഷ്ടത്രിംശദ്) എന്നതിന്റെ അർദ്ധമായ 19 എന്ന കർണ്ണം കൊണ്ട് വർദ്ധിപ്പിക്കുന്നവർ. 19 തെക്ക് 19 വടക്ക് എന്ന് 19 ന്റെ വർഗ്ഗത്തെ (361)വൃത്തസംഖ്യയായി കൽപ്പിക്കുന്നവര് (ഇതെല്ലാം ക്രിയാസാര,കാദിമത,കാമികാ,സിദ്ധാന്തശേഖരാദികൾ സ്വീകരിക്കുന്നില്ല, ജ്യോതിശ്ശാസ്ത്രം,വൈദികാഗമം സ്വീകരിക്കുന്നു.) ക്ഷേത്രഫലമദ്ധ്യത്തിൽ 14 അംഗുലം കുറവാണ്. എന്നു സന്തോഷി ക്കുന്നവർ മിതാംഗത്താല് ഹ്രസ്വത്വം വന്നാണ് ഭ്രമിക്കുന്നതെന്ന് പാഠഭേദം.

55. ചതുരശ്രീകൃതം ക്ഷേത്രം ദശധാ വിഭജേത് പുനഃ
ഏകമേകം ത്യജേദംശമധഊർദ്ധ്വഞ്ച തന്ത്രവിത്.

56. ജ്യാസൂത്രം പാതയേതഗ്രേ തന്മാനാദ് ഭ്രമയേത്തതഃ
അർദ്ധചന്ദ്രനിഭം കുണ്ഡം രമണീയമിദം ഭവേദ്

സംസ്കൃതഭാഷ്യം

ചതുരശ്രപ്രകൃതിതയാ അർദ്ധചന്ദ്രകുണ്ഡമാഹ .ചതുരശ്രീകൃതമിതി. ക്ഷേത്രശബ്ദേന പൂർവ്വവന്മദ്ധ്യസൂത്രം ഗൃഹ്യതേ. തദ് ദശധാ വിഭജേത്. തത ഏകം ഭാഗമധഉത്തരതഃഏകമൂർദ്ധ്വതോദക്ഷിണതശ്ചത്യക്ത്വാ അഗ്രേഅഗ്രചിഹ്നേ(അസ്തു)ഉത്തരഭാഗികജ്യാസൂത്രം സ്വേഛാപ്രമാണം പാതയേത് ഇതിതന്ത്ര(മന്ത്ര)വിധിത്യനേന സൂചിതം. തതസ്തന്മാനാന്മദ്ധ്യേ വ്യാസമാനാദ് ഭ്രമയേദ്. തത്ര പ്രകാരഃജ്യാസൂത്രമദ്ധ്യസൂത്രസന്നിപാതേ സൂത്രാദിം സംഖ്യാപ്യഊർദ്ധ്വഭാഗേ യഛിഹ്നം കൃതം തതോ ജ്യാസൂ ത്രാന്തം ഭ്രാമയേത്. തദർദ്ധചന്ദ്രനിഭം ഉത്തരാഭിമുഖം കുണ്ഡം ഭവേദ്. തദുക്തം സിദ്ധാന്തശേഖരേ- അർദ്ധചന്ദ്രമഥോച്യതേ യാമ്യേതന്മാരണേ ശസ്തമുത്തരാഭിമുഖം സദാഇതി. അത്ര ക്ഷേത്രോപപത്തിഃ- തതഉഭയതോ ദശാംശത്യാഗേന സർവ്വസ്യ പഞ്ചമാംശത്യാഗോ ഭവതി. സ ച 4 അംഗുലാനി. 6 യവാഃ3 യൂകാഃ1 ലിഖ്യാഃ 4 ബാലാഗ്രാണിഃ6 രേണവഃ3 ത്രസണവഃ1 പരമാണു. തദായം ശിഷ്ടോവ്യാസഃ19 അംഗു ലാനി 1യവഃ4 യൂകഃ6ലിഖ്യാഃ3 ബാലാഗ്രാണി 1 രേണു 4 ത്രസരേ ണവഃ7 പരമാണവഃ തേന പഞ്ചമാംശാധികൈകോനവിംശത്യംഗുലാ യാമഃ 19 1/5 ക്ഷേത്രഫലാനയനാർത്ഥം സവർണ്ണിതഃ 96/5 ഏതദ് വ്യാസേന ഫലാനയനേ യവാർദ്ധാധികമംഗുലത്രയം ക്ഷേത്രഫലം ഭവതി. തദാചാര്യേണോപേക്ഷിതം അൽപത്വാത്. ക്ഷേത്രഫലാവ്യഭിചാരീസർവ്വാനുഗത പ്രകാരസ്തൂച്യതേ -

ചതുർവ്വിംശതിധാ ഭക്തേ സൂത്രേ വ്യാസോƒർദ്ധചന്ദ്രകേ
വിംശാംശത്രയമേകസ്യഭാഗാ ഏകോനവിംശതിഃ
ഏതന്മാനാർദ്ധഭ്രമേണദലേദ്വഗ്രേ ഗുണാംഗനാത്

തദായനവ്യാസഃ19 അംഗുലാനി 1 യവഃ 1 യൂകാഃ 4 ലിഖ്യാഃ5 ബാലാ ഗ്രാണി 3 രേണവ 1 ത്രസരേണ 4 പരമാണവ. തദാ 2 ഷഡംഗുലേ 3 യവാഃ 3 യൂകാഃ 1 ലിഖ്യാ 5 ബാലാഗ്രാണി 2 രേണു 3 ത്രസരേണവഃ 2 പരമാണു ഇമമംശമൂർദ്ധ്വതസ്ത്യജ്യേത് .ഏതാദൃശമേവാംശമധസ്ത്യ ജ്യേത്. തത്ര ക്ഷേത്രഫലാനയനായ വ്യാസസ്യ ന്യാസ= 19 3/20. തേന ഏകോനവിംശത്യംഗുലാനി ഏകാംഗുലസ്യ വിംശതിധാ ഭക്തസ്യ ത്രയോഭാഗാഃ സവർണ്ണിതോ യഥാ 383/20 തത്ര വൃത്തഫലാനയനാ ർത്ഥമയം ദ്വിഗുണീകൃതഃ തത്ര ഛേദസ്യൈവാർദ്ധീകരണേന ഉപരി തതോ ദ്വിഗുണോ ഭവത്യേവതേനായം 383/20 സമ്പൂർണ്ണവൃത്തവ്യാസഃ തതോ വ്യാസസ്യ വർഗ്ഗേ ഭനവാഗ്നി ഇത്യാദിനാ ആനീതം ക്ഷേത്രഫലം സർവ്വവൃത്തസ്യ 1152 ഏതദർദ്ധീകൃതം അർദ്ധചന്ദ്രസ്യ ക്ഷേത്രഫലം 576 സൂക്ഷ്മം ജ്ഞേയം. അഥവാ ദ്വിഹസ്തകുണ്ഡേ ഏതഹ്യാസവർഗ്ഗം ദ്വിഗുണീകൃത്യ തന്മൂലമാനേയം തത്ര ഏവ വ്യാസഃ സ ഏവ മഗ്രേƒ പ്യൂഹം യത്കസ്യചിദതിഗണിതജ്ഞാഭിമാനിനോ ലക്ഷണം. ചതുരശ്രീകൃതംക്ഷേത്രം ചതുർവിംശതിധാഭജേത് ഏകോനവിംശത്യാവിംശദ്വാദശാംശാഢ്യയാല് പ്രാച്യന്താത് വിഭജേത് വൃത്തഫലം പ്രത്യഗ്ധനുഃസ്ഥിതി തദവധ്യേധ്യയേത് പ്രാച്യാം തിര്യഗ് സൂത്രം തതോഭവേത് കുണ്ഡമർദ്ധേന്ദുസദൃശം സമ്യഗ്ദൃഷ്ടിമനോഹരം ഇതി. അത്രാപിസൂക്ഷ്മഗണനയാ ഷഡംഗുലത്രയന്യൂനം. യതസ്തേന വ്യാസാർദ്ധത്രയ(വർഗ്ഗ)വർഗ്ഗാത് ക്ഷേത്രഫലം ദശഗുണാന്മൂലം ഇതി ശ്രീധരാചാര്യേണോക്തപ്രമാണേന ക്ഷേത്രഫലമാനീതം. തച്ചസ്ഥൂലം .യതോ ഗണിത ഗ്രന്ഥാനാമിയം ശൈലീ യത് സ്ഥൂലം സൂക്ഷ്മമപി ഫലാനയനമുച്യതേ. തത്ര ഭഗവതാ ശ്രീധരാചാര്യേണ ബൃഹത്പാഠ്യാം പ്രകാരദ്വയമപ്യുക്താ തത് സംഗ്രഹേ ത്രിശതീഗ്രന്ഥേ സ്ഥൂലാ ഏവപ്രകാരാ ലിഖിതാഃ ഭാസ്കരാചാര്യേണ തു ലീലാവത്യാം സ്ഥൂലാ ഏവ സൂക്ഷ്മാ അപിപ്രകാരാ ഉക്താ. താം ബൃഹദ്പാടീഞ്ചാവലോക്യ മയാ സൂക്ഷ്മം ഫലമിദമാനീതം. തദേവ സൂക്ഷ്മമിതി മന്യതേ ചേത്ത ദാമൂലേ അത്യന്തം ഫലാദികം സ്യാദ്. അന്യച്ച അസ്യോത്തരാഭിമുഖ ത്വാത് പ്രാച്യന്താത് സൂത്രം വർദ്ധയേത് .പ്രത്യഗ് ധനുഃസ്ഥിതീത്യന്ത

മേവാസംഗതം. സ്വഗ്രന്ഥേ സ്വയം യോനിലക്ഷണം വദന്നാഹസ്കന്ദ മഘവശിഖികൃതാന്തദിക്സ്ഥകുണ്ഡേ ഷ്വിയമധിമേഖലമേവമദ്ധ്യഭാഗേ യമദിശിശശിദിങ്മുകാനിവേശ്യ ഇതി. തേന സ്വഗ്രന്ഥേ പൂർവ്വാപര വിരോധേƒപി നോപലക്ഷിത ഇതി യത് കിഞ്ചിദേതത്. യത്തു ശുൽവേ കാത്യായനവചനം- മണ്ഡപം ചതുരശ്ര ചികീർഷൻവിശ്കംഭം പഞ്ചദശഭാഗാൻകൃത്വാ ദ്വാവുങ്കരേഛേഷഃകരണീ ഇതി. .തദപി സംഭ വാഭിപ്രായം ന തു സമ്യഗ് ഗണനാഭിപ്രായം. ഏവമപി ചേത് കസ്യചിൻമഹാപുരുഷസ്യ മനസി സന്ധേഹ ഉത്പദ്യതേ. തേന പ്രത്യക്ഷം പരീക്ഷാം കാര്യം. ധാതുകാഷ്ഠമൃണ്മയം വാ ഏക ഹസ്തമിതം സമം ചതുരശ്രം പാത്രം കാരയിത്വാ തദുക്തമാനേന ച ഏതേ ഹസ്തമിതം വൃത്തം പാത്രം കാരയിത്വാ ചതുരശ്രപാത്രം സമ്യഗ് ജലേനാപൂര്യ തജ്ജലേനൈവ വൃത്തം പാത്രം പൂരയേത്. യദേവ വൃത്തം പാത്രം.സമ്യഗ് പൂർണ്ണതാമേതി തദേർശ്ശംഗമിതി മന്തവ്യം. ഏതസ്യൈവ യല്ലക്ഷണാന്തരം - ചതുഷ്കോണക്ഷേത്രേ ജിനയവകമദ്ധ്യസ്ഥിതഗുണേ വിഹായാധഃസാർദ്ധദ്വയമുപരി താവച്ചമതിമാന് കലാംശേനാംശസ്യോനിതമുപരിതിര്യഗ് കുരുഗുണം ഭ്രമാർദ്ധം തന്മാനാദപി രാശിദലം കുണ്ഡമിതി തു- ഇതി. അത്ര ഏകോനവിംശത്യാംഗുലാനി സാർദ്ധയവാനി വ്യാസാഃതത്ര സൂക്ഷ്മഗണനായാം പഞ്ചാംഗുലാനി ന്യൂനാനി. തത്കൃതസ്ഥൂലഗണന പ്രകാരേണാപി സാർദ്ധമംഗുലം ന്യൂനം ഭവതി .യത്തു തേനോക്തം മണ്ഡലം ചതുരശ്രം ഇതി കാത്യായനവചനേന സംവാധ്യമിതി. തദപ്യസിദ്ധം സംവാദാഭാവാത്. സിദ്ധാന്തശേഖരേ തു- നവധേ ഭാജിതേ ക്ഷേത്രേ ചതുരശ്രേ സമേ തഥാ ദക്ഷിണേചോത്തരേചാംശമേകൈകൈത്തു പരിത്യ ജേത് സപ്താംശമദ്ധ്യസൂത്രേണ ഭ്രമണാദർദ്ധചന്ദ്രകം ഇതി. . കാമികേƒപി- ചതുരസ്രേ ഗ്രഹൈർഭക്തേ ത്യക്താന്ത്യാധൌ തദംശകൌ മദ്ധ്യസപ്താംശമാനേനന കുണ്ഡം ഖണ്ഡേന്ദുവദ്ഭ്രമാത് ഇതി. അത്രോ ഭയത്ര അഷ്ടദശാംഗുലാനി ഏകസ്യ ദ്വൌ തൃതീയാംശൌ വ്യാസഃ അതോƒത്യന്തം ന്യൂനം ക്ഷേത്രഫലം .

മലയാളഭാഷ്യം

ചതുരശ്രക്ഷേത്രത്തെ 10 ആയി ഭാഗിക്കുക. മുകളിലും ചുവട്ടിലും ഓരോന്ന് ത്യജിക്കുക. അഗ്രത്തിൽ പതിക്കുന്ന ജ്യാസൂത്രത്തിൽ ഭ്രമണം സംഭവിക്കുന്നു.



അർദ്ധചന്ദ്രനിഭമായ കുണ്ഡം രമണീയമാണ്.അർദ്ധചന്ദ്രകുണ്ഡത്തെ ചതുരശ്രീകരിക്കുന്നത് അതിന്റെ പ്രകൃതിസ്വഭാവമായ ചതുരശ്ര രൂപത്താലാണ്. ക്ഷേത്രശബ്ദത്താൽ മുമ്പെന്നപോലെ മദ്ധ്യസൂത്രത്തെ ഗ്രഹിക്കണം. അതിനെയാണ് പത്തായി വിഭജിക്കുന്നത്. അതിലൊരു ഭാഗം താഴെ വടക്ക്, ഒരുഭാഗം മുകളിൽ തെക്ക് ഉപേക്ഷിക്കുന്നു. അഗ്രത്തിൽ(അഗ്രചിഹ്നത്തിൽ)ഉത്തരഭാഗത്ത് ജ്യാസൂത്രം (ജ്യാവ്)ഉണ്ടാക്കുന്നു. അതിന്റെ മാനത്തിനുമദ്ധ്യത്തിൽ വ്യാസമാനത്താല് ഭ്രമണം ചെയ്യുന്നു. ജ്യാസൂത്രം + മദ്ധ്യസൂത്രം =സംഖ്യ .ഈ സംഖ്യയും (ഊർദ്ധ്വഭാഗചിഹ്നവും മദ്ധ്യസൂത്രവും അടക്കം)ജ്യാസൂത്രത്തോടൊപ്പം ഭ്രമണം ചെയ്യുന്നു. ഇതാണ് വടക്ക് അഭിമുഖമായ അർദ്ധചന്ദ്രാകൃ തിയായ കുണ്ഡം. സിദ്ധാന്തശേഖരം ഈ അർദ്ധചന്ദ്രത്തെ ദക്ഷിണയാമ്യ ത്തിലെ (ദക്ഷിണപശ്ചിമാർദ്ധം)ഉത്തരാഭിമുഖമായ ശസ്ത്രം (ആയുധം) എന്നു വിളിക്കുന്നു. (ഇതാണ് വടക്കുനോക്കിയന്ത്രമെന്ന് സമുദ്രസഞ്ചാരികള് വിളിക്കുന്ന ഇന്ത്യയിലെ പഴയ

ആസ്ട്രോലാബ്).ക്ഷേത്രോപപത്തിഃ- രണ്ടിൽനിന്ന് 10 അംശം ത്യജിക്കുക. സർവ്വത്തിൽനിന്നും 5 അംശം ത്യജിച്ച ഫലമായി . 4 അംഗുലം 6 യവം 3 യൂകം 1 ലിഖ്യ 4 ബാലാഗ്രം 6 രേണു 3 ത്രസരേണു 1 പരമാണു. അതി**ന്റെ** ആയം (വരവ്)ശിഷ്ടം. വ്യാസം 19 അംഗുലം 1 യവം 4 യൂകം 6 ലിഖ്യം 3 ബാലാഗ്രം 1 രേണു. 4 ത്രസരേണു 7 പരമാണു. പഞ്ചാംശം 19 അംഗുലത്തോടു ചേർത്ത 19 1/5 ക്ഷേത്രഫലാനയനം. 96/5 എന്ന വ്യാസത്താൽ ഫലാനയനം ചെയ്ത് ½ യവം + 3 അംഗുലം +ക്ഷേത്രഫലം (½ + 3 + 16)എന്നാണ് . അൽപത്വത്താല് ആചാര്യൻഇതിനെ ഉപേക്ഷിക്കുന്നു. ആയം 19 അംഗുലം 1 യവം 1 യൂകം 4 ലിഖ്യ 5 ബാലാഗ്രം 3 രേണു 1 ത്രസരേണു 4 പരമാണു എന്ന് സ്വീകരിക്കുന്നു. 2 ഷഡംഗുലത്തില് 3 യവം 3 യൂകം 1 ലിഖ്യ 6 ബാലാഗ്രം 2 രേണു 3 ത്രസരേണു ഇവ മുകളിലും ചുവട്ടിലും ത്യജിച്ച് വ്യാസത്തെ 19 3/20 എന്നെടുത്താണ് ക്ഷേത്രഫലം കാണുന്നത്. 19 3/20 എന്നാല് 383/20 . ഇതിനെ ദ്വിഗുണീകരിച്ചതാണല്ലോ വൃത്തഫലാനയനത്തിന് ഉപയോഗിച്ചത്. അതിനെ ഛേദിച്ച് വർദ്ധീകരിച്ച് ദ്വിഗുണമാക്കി 383/20 സമ്പൂർണ്ണ വൃത്ത വ്യാസം. മുമ്പ് വ്യാസത്തിന്റെ വർഗ്ഗത്തില് ഭനവാഗ്നി (3627) എന്നു കിട്ടിയ ക്ഷേത്രഫലം സർവ്വവൃത്തത്തിലും 1152 എന്ന് അർദ്ധീ കൃതമാക്കി. അർദ്ധചന്ദ്രന്റെ ക്ഷേത്രഫലം 576 എന്നു ലഭിച്ചു. (383 x 3 = 1149+3=1152.) 576x2 = 1152 അഥവാ 2 ഹസ്തമുള്ള കുണ്ഡത്തിലൊന്നിന്റെ വർഗ്ഗം 2 കൊണ്ട് ഗുണിച്ചതാണ് മൂലമാനം. അഥവാ വര്ഗ്ഗമൂലമെന്ന സാമാന്യനിയമത്തിൽനിന്നാണ് ഈ ഗണിതം .വ്യാസം എപ്രകാരമോ അപ്രകാരം അഗ്രവും ഊഹിക്കാൻ(ഉച്ചസ്ഥാനം) ഈ ഗണിതത്താൽ സാധിക്കുമെന്നതാണ് ഗണിതജ്ഞാഭിമാനികളുടെ ലക്ഷണം. ചതുരശ്രക്ഷേത്രത്തെ 24 ആയി ഭാഗിക്കുന്നു. 19, 20 , 12 എന്നീ അംശങ്ങളെ ആധാരമാക്കി പ്രാച്യന്തം വിഭജിച്ച് വൃത്തഫലം ഓരോരോ ധനുവിലും (ചാപം, വില്ല്,അഥവാ അർദ്ധചന്ദ്രാകൃതി) സ്ഥിതി അതിന്റെ അവധി എന്നിവ ധ്യാനിക്കുന്നു. ഗോളത്തിന്റെ (യോനി,കുണ്ഡം) അർദ്ധേന്ദുസദൃശമായ ഭാഗം സമ്യക്കായി ദൃഷ്ടി ചെയ്ത് ബാക്കിഭാഗം ഗണിച്ചെടുക്കുന്നു. ഈ ദൃശ്യവും ഈ ഗണിതപ്രതിഭയും അർദ്ധേന്ദുസദൃശം മനോഹരമെന്നതിൽ സംശയമില്ല. ശ്രീധരാചാര്യര് സ്ഥൂലമായും ഭാസ്കരാചാര്യര് ലീലാവതിയില് സ്ഥൂലവും സൂക്ഷ്മവുമെന്ന് രണ്ടുവിധത്തിലും ഈ ഗണിതം പറഞ്ഞിട്ടുണ്ട്. ശുൽബസൂത്രത്തില് മണ്ഡലം ചതുരശ്രമായി പറയുന്ന കാത്യായനന് വിഷ്കംഭത്തെ 15 ഭാഗം(തിഥി)ആയാണ് ഭാഗിക്കുന്നത്. 24 ഹോര (മണിക്കൂർ)എന്ന ദിനപ്രമാണമല്ല. ഇരുരണ്ടും (ചന്ദ്രനും സൂര്യനും) സമ്യക്കായി ചേർന്നതാണ് ഭൂമിയില് ജ്യോതിശ്ശാസ്ത്രപഠനം. ഇതു വെവ്വേറെയാണ് എന്ന സംശയം നീക്കാന് പ്രത്യക്ഷമായി പരീക്ഷ(direct experiment and observation) ചെയ്യണം. ധാതു, മരം, മണ്ണ് ഇവയിലേതെങ്കിലും ഒന്നു കൊണ്ട് ഒരു ഹസ്തപ്രമാണത്തില് സമചതുരമായി ഒരു പാത്രമുണ്ടാക്കുക. മറ്റൊരു പാത്രം വൃത്താകാരത്തിലുമുണ്ടാക്കുക. ചതു രശ്രപാത്രം ജലത്താൽ നിറക്കുക. അതേ ജലത്താൽ വൃത്താകാരപാ ത്രവും സമ്യക്കായി നിറയുന്ന പക്ഷം അതാണ് ശൃംഗം(വോള്യം) എന്ന് സമക്ഷേത്രഫലമായ വൃത്തം =ചതുരം കൊണ്ട് അറിയുക. മറ്റൊരു പരീക്ഷണലക്ഷണം- ചതുഷ്കോണക്ഷേത്രത്തില് മദ്ധ്യത്തിലുള്ള നൂലില് (ഗുണം)മുകളിലും ചുവട്ടിലുമുള്ള കലാംശങ്ങളുടെ അംശം നേരിട്ടും(ഒരു ദിശ)തിര്യക്കായും (മറുദിശ)ചലിപ്പിച്ചാൽ ആകെ കമ്പന(ഭ്രമണ)ത്തിന്റെ അർദ്ധം ഇരുഭാഗത്തേക്കും തുല്യമായി സമമായി കിട്ടുന്ന പക്ഷം രാശിദലം കുണ്ഡമാണ്. (ഇത് കമ്പനസംഖ്യയുടെ അഥവാ vibrations ന്റെ അളവെടുത്ത് ഭൂമിയുടെ (പ്രപഞ്ചത്തിന്റെ)ആകൃതി അറിയാനുള്ള പരീക്ഷണമാണ്. 19 അംഗുലം ½ ലവം വ്യാസം സൂക്ഷ്മഗണനയില് 24ൽനിന്ന് 5 അംഗുലം കുറവാണ്. അതിന്റെ സ്ഥൂലഗണനപ്രകാരവും ½ അംഗുലം കുറവ് സംഭവിക്കുന്നു. (24X 24 ആണ് 576. എന്നാൽ 19X19 ആണ് 361 അഥവാ കർണ്ണവർഗ്ഗമായ 360 ഡിഗ്രിക്ക് ഏറ്റവുമടുത്ത് കിട്ടുന്ന സംഖ്യ) സിദ്ധാന്തശേഖരത്തിൽ 9 ആയി ഭാഗിച്ച ക്ഷേത്രത്തിൽ സമചതുരശ്രത്തില് ദക്ഷിണം ഉത്തരമെന്ന് ഓരോ അംശം ത്യജിച്ച് ബാക്കിവന്ന 7 അംശത്തിന്റെ മദ്ധ്യസൂത്രത്താലാണ് അർദ്ധചന്ദ്രകമായ കുണ്ഡത്തിന്റെ ഭ്രമണം. കാമികയിലും അപ്രകാരമാണ്. (7X7=49 മരുത്തു ക്കളാൽഭ്രമണം) .രണ്ടിലും 18 അംഗുലം ഒന്നായി,അതിന്റെ രണ്ടിലൊ രംശമോ (9) മൂന്നിലൊരംശമോ (6) വ്യാസമായെടുത്താൽ ക്ഷേത്രഫലം അത്യന്തം ന്യൂനമായിരിക്കും. (18X18= 324, 9X9=81,6X6= 36)

57. ചതുർദ്ധാ ഭേദിതേ ക്ഷേത്രേ ന്യസേദുഭയപാർശ്വയോഃ
ഏകൈകമംശം തന്മാനാതഗ്രതോ ലാഞ്ഛയേത്തഥാഃ

സംസ്കൃതഭാഷ്യം

സൂത്രദ്വയം തതഃകുര്യാത് ത്ര്യസ്രം കുണ്ഡമുദാഹൃതം. ചതുരശ്രപ്രകൃതി തയാ ത്ര്യസ്രകുണ്ഡമാഹ ചതുർദ്ധേതി. ക്ഷേത്രേ ചതുരസ്രമദ്ധ്യസൂത്രേ ചതുർദ്ധാ ഭേദിതേ.ഉഭയപാർശ്വയോർസ്തിര്യക് പ്രതീചിസൂത്രപാർശ്വ യോരേ

കൈകമംശം.വർദ്ധയേത്. തന്മാനാത് ചതുർത്ഥംശമാനേന അഗ്ര തോലാഞ്ചയേത് തതഃസൂത്രദ്വയം കുര്യാത്. തത്ര പ്രകാരഃതിര്യഗ് പ്രതീചിസൂത്രം വർദ്ധയേതിത്യേകം.വർദ്ധിതനൈരൃത്യകോണാത് മദ്ധ്യ സൂത്രാഗ്രകത്തലാഞ്ചനം യാവത് സൂത്രം പാതയേദിതി തൃതീയം. ഏവമൂർദ്ധ്വാഗ്രം പൂർവ്വാഭിമുഖം ത്യസ്ത്രികുണ്ഡം ഭവതി. തദുക്തം സിദ്ധാന്തശേഖരേ- ത്രികോണം കുണ്ഡമുച്യതേ. നൈരൃത്യേ ദർശിതം കുണ്ഡം വിദ്വേഷേ പൂർവ്വവത് ക്രമം ഇതി. അത്ര ക്ഷേത്രോപപത്തിഃ ഭൂഃ36. ലംബഃ30. തതോ ലംബഗുണം ഭൂമ്യർദ്ധം ഇത്യാദിനാ ജാതം ക്ഷേത്രഫലം 540. ഷഡ്ത്രിംശദംഗുലാനി ന്യൂനാനി ഖർവ്വഞ്ച ത്ര്യസ്ത്രം. യതഃഷഡ്ത്രിംശത് ഭഃഭുജൌ തു തത് കൃത്യോര്യോഗപദം കർണ്ണാ ഇതിപ്രകാരേണാനീതൌ പഞ്ചത്രിംശദാത്മകൌ. ത്ര്യസ്തകുണ്ഡേ തു ഭുജ ത്രയസാമ്യഞ്ചാപേക്ഷിതം. തദർത്ഥം കേചന അന്യഥാ വ്യാചക്ഷതേ. ചതുർദ്ധാ ക്ഷേത്രേ ഭേദിതേ ഏകൈക മംശം പാർശ്വയോർവർദ്ധയേത്. തന്മാനേന വർദ്ധിതാനന്തരം യത് ഷഡ്ത്രിംസന്മാനം തന്മാനേനാഗ്രതോ ലാഞ്ചയേത്. തത്ര ലാഞ്ചനപ്രകാരഃവർദ്ധിതപാർശ്വയോഃ ഷഡ്ത്രിംശദം ഗുലമിതസൂത്രസ്യാദിം നിധായ പ്രാചീസൂത്രാഗ്രേ ലാഞ്ചയേദിതി. തതഃപൂർവ്വവത് സൂത്രത്രയം മധ്യാദിതി. ഏവം ച സതി ഭുജത്രയസാമ്യം ഭവതി. ഉഭയപാർശ്വേ മിലിത്വാ യവചതുഷ്ടയപ്രക്ഷേ പാദേക ഹസ്തക്ഷേത്രഫലസാമ്യം ഭവതീതി ബുധ ഇത്യ നേന സൂചി തമിതി തേ വദന്തി. മയാ തു സമത്രിഭുജതാ അന്യൂനാനതിരിക്തക്ഷേത്ര ഫലദാം ച യഥാ ഭവതി തഥാ സർവ്വാനുഗതപ്രകാര ഉച്യതേ. ചതുർവ്വിംശതിധാഭക്തേ സൂത്രേ*f*ഥോഭയപാർശ്വയോഃ ദ്വാദശാംശാന്നവൈകസ്യ ഭാഗാനേകോനവിംശതിം അർദ്ധശോ വർദ്ധയേത് ത്ര്യസ്ത്രി ഭവേത് സൂത്രത്രയാത് സമാത് അസ്യായമർത്ഥഃസമ്പന്നഃഷഡംഗുലാനി യൂകോനയവദ്വയാധികാനി ഏകപാർശ്വവർദ്ധയേത്. ഏവം ദ്വിതീയപാർശ്വേ .തഥാ സപ്താംഗു ലാനി ചത്വാരോ യവാഃഷഡ്യൂകാധികാഃപ്രാക് സൂത്രം വർദ്ധിതം ഭവതി. തതോ ഭൂഃ36 അംഗുലാനി 3 യവാഃ 6 യൂകാഃസാർദ്ധലിഖ്യാദ്വയം ലംബഃ31 അംഗുലാനി 4 യവാഃ 6 യൂകാഃ തത്ര ലംബേനനിഘ്നം കുമുദൈദ്യഖണ്ഡം ഇതിപ്രകാരേണ ക്ഷേത്രഫലാനയനനായ ലംബസ്യ ന്യാസോ യഥാ 31 19/32 സവർണ്ണിത 1011/32 ഭൂഃ 36 9/19 സവർണ്ണിത 693/19 മുഖം ശൂന്യമത ഐക്യമിദമേവ തദർദ്ധം ഛേദസ്യ ദ്വൈഗുണ്യാത് 693/38 തതോ ലംബേനനിഘ്നം കുമുദൈദ്യഖണ്ഡം ഇതി കൃതേ ഛേദേന ഭക്തേ ലബ്ധം ക്ഷേത്രഫലം യഥാ 576. അത്ര ഭുജത്രയം സമ മേവ. ക്രിയാസാരേ*f*പി സമഭുജതോക്താ- ക്ഷേത്രമഷ്ടാംശകം കൃത്വാ പാർശ്വയോരംശകൌ ബഹിഃ ന്യസ്ത്വാ തന്മാനസൂത്രേണ ന്യസേത് സൂത്രത്രയം സമം ഇതി. ക്ഷേത്രഫലമത്രാപി വ്ഭിചരത്യേവ. യതോ 26 ലംബഃക്ഷേതേരഫലം 390. അതിന്യൂനത്വാദന്യേ ഏവം വ്യാചക്ഷതേ. പാർശ്വയോരംശകാവിതി ഏകസ്മിന് പാർശ്വേ അംശദ്വയം ദ്വിതീയ പാർശ്വേ അംശദ്വയം. തേന പഞ്ചദശാംഗുലാനി ന്യൂനാനി ക്ഷേത്രഫലമദ്ധ്യേ ഭവതി. ദ്വിതീയമതവ്യാഖ്യാത ശാരദാപദ്യാർത്ഥേന സംവാദശ്ച ഭവതി. മഹാകപിലപഞ്ചരാത്രേ*f*പി സമഭുജതോക്താ- ദ്വാത്രിംശദംഗുലം സൂത്രം ത്രിധാതത്പാതയേത് ധ്രുവം പൂർവ്വാഗ്രം കുണ്ഡകം കൃത്വാ ത്രികോണം തു പ്രകാരയേത് ഇതി. അത്രാപി ക്ഷേത്രഫലം 440. അന്യത്രാപി- ശർവ്വരീ 16/8 സാർദ്ധഭാഗീകൃതക്ഷേത്രതഃ പാർശ്വയോന്യസ്യ ഭാഗദ്വയം പണ്ഡിതഃതേന മാനേന സൂത്രദ്വയം വിന്യസേത് കുണ്ഡമേതത് ഭവേദ് രുദ്ര നേത്രാസ്ത്രകം ഇതി. ഇദം ലക്ഷണം ദ്വയം ഷണ്ണവതിപരിധി രേഖാഭിപ്രായേണ.അഗ്രേ ലിഖിതകാദിമതേ*f*പി- സമഭുജതോക്താ.മയാത്ര ലംബസ്തു ഗണിതാപട്ടൻപ്രത്യുക്തഃഗണിതജ്ഞൈസ്തു സ്വാബാധാഭുജ കൃത്യോരന്തര മൂലം പ്രജായതേ ലംബഃഇതി. ലംബമാനീയക്ഷേത്രഫലം സമ്പാദ്യസന്തോഷ്ടവ്യം. അഥവാ ലംബം വിനൈവ സർവ്വദേയോര്യുതിദലം ചതുഃസ്ഥിതം ബാഹഭിർവിരഹിതഞ്ചതദ്ദതേഃ മൂലമസ്ഫുടഫലം ചതുർഭുജേസ്പഷ്ടമേത ദ്ദുദിതം ത്രിബാഹുകേ ഇതിപ്രകാരേണാനീയ സന്തോഷ്ടവ്യം. മൂലശേഷാധ്യാബാധാനയനാർത്ഥം പ്രകാര ഉച്യതേ- മൂലശേഷംത്വവയവസംഖ്യാനിഘ്നമഥോഭജേത് ദ്വിഘ്നസ്യൈകേന മൂലേന ഫലം ത്വവയവാ മതാഃ അഥവാ ഭാസ്കരാചാര്യോക്തമാർഗ്ഗേണ- വർഗ്ഗേണ മഹതേഷ്ടേന വധാത് ഛേദാംശയോർഹതാത് പദം ഗുണപദക്ഷുണ്ണഛിങ് ഭക്തം നികടം ഭവേത് ഇത്യാനേയമാസന്നമൂലം. യത് കസ്യചിദതിഗണിതജ്ഞാഭി മാനിനഃ ആഗമജ്ഞാഭിമാനിനശ്ച ലക്ഷണദ്വയം. ക്ഷേത്രത്ര്യംശം പുരസ്തര്യമധശ്ചോഭയപാർശ്വയോഃ വർദ്ധയിത്വാ കൃതൈഃസൂത്രൈഃകുണ്ഡം ത്ര്യസ്ത്രം ത്രിഭിർഭവേത് ഇതി.ക്ഷേത്രസ്യ മദ്ധ്യമഗുണോ ജിനഭാഗഭ ക്തേ ശ്രേണ്യോഃപൃഥക് ശരലവാൻപരിവർദ്ധ്യധീമാന് അഗ്രേവിനാ*f*ഷ്ടമലവേനദശാഥ സൂത്രൈ- സ്ത്ര്യസ്ത്രിത്രിഭിർഭവതി കുണ്ഡമിഹ പ്രയുക്തൈഃഇതി. അത്ര പൂർവ്വോക്തലക്ഷണം കിഞ്ചില്ലംബം ത്ര്യസ്ത്രം ദ്വിതീയഞ്ഞ മഹാലംബം. ക്ഷേത്രഫലേ ച ഏകയവന്യൂനതാ.തേന യത് കിഞ്ചിദേ തത്. അത്രക്ഷേത്രഫലസാമ്യാത് ത്ര്യസ്ത്രാകാരത്വാച്ച ത്രികോണകുണ്ഡേതി ചേത് തദാ കുണ്ഡസ്വരൂപമനനുഗതം സ്യാത്. യദാദഃഅംഗുലാനി 6 യവാഃലംബഃഭൂഃ36 അഗുലാനി 2 യവൌ.അത്രാപി ക്ഷേത്രഫലം സമാന മേവ. ഏവം സഹസ്രധാ തൃസ്ത്രം കുണ്ഡംസ്യാദ്. അതസ്ത്ര്യസ്ത്രി കുണ്ഡേ ക്ഷേത്രഫലാനയനമേവ ന പ്രമാണം.

സമത്രിഭുജതാ ചാവശ്യ മപേക്ഷിതേത്യലം. അഥ ശുൽവേ കാത്യായനഃ പ്ര ഉഗേ യാവാനഗ്നിഃസപക്ഷ പുഛ വിശേഷഃതാവദ് ദ്വിഗുണം ചതുരസ്രം കൃത്വാ യഃ പുരസ്താത് കരണീമദ്ധ്യേ ശങ്കഃ യൌ ച ശ്രേണ്യോഃ സോfഗ്നിഃ ഇതി. അസ്യാർത്ഥഃസംക്ഷിപ്ത ഉച്യതേ.യാവതഃക്ഷേത്രസ്യ ത്ര്യസ്രതാ കർത്തുമിഷ്ടാ തത് ക്ഷേത്രം ദ്വിഗുണിതം ന്യസേത്. തതഃ പ്രതീചിസൂത്ര കോണോഭയതഃസകാശാത് മദ്ധ്യസൂത്രാഗ്രാവധിസൂത്രദ്വയം ദധ്യാത് ഇതി. അസ്യ ക്ഷേത്രഫലമംഗുലദ്വയമധികം .ഇദന്തു ഋഷിണാ ശിഷ്യബുദ്ധി ക്ലേശോ മാ ഭൂത് ഇത്യപേക്ഷിതമിതി തദ് വൃത്തികാരൈരേവ വ്യാഖ്യാതം .ഇയം ലംബതാ തു തത്രേഷ്ടകാചിതിസമ്പാദനാർത്ഥം ന തു കുണ്ഡാകാരതാ സമ്പാദനാർത്ഥം .നന്വിദമേവം കൽപ്പകൃദ്വചനം കുണ്ഡാകാരതാസമ്പാദനാർത്ഥം പ്രമാണമസ്തു ഇതി ചേത്. തഥാ ശാരദാതിലകകാരാദി മത-കാദിമത-പഞ്ചരാത്ര-കാമിക-ക്രിയാസാര-സിദ്ധാന്തശേഖര-ആമ്നായരഹസ്യ-മഹാകപിലപഞ്ചരാത്രാദിഷു അന്യേഷ്വപി ബഹുഷുഗ്രന്ഥേഷു മുനിപ്രണീതേഷ്വപി വിരോധോ ദൃശ്യതേ.തത്ര കിം ഗ്രാഹ്യമിതി സംശയ ഏവ സ്യാത്. ന ച വാച്യം കൽപസൂത്രാണാം സാക്ഷാദുപലഭ്യമാനശ്രുതിമൂലാനാം അനുമിതി ശ്രുതിമൂലാഭ്യാഃസ്മൃതിഭ്യോfധികം പ്രാമാണ്യം. നാനാശാഖാഗത ലിംഗാദികൽപിതശ്രുത്യർത്ഥോപസംഹാരോപനിബദ്ധസ്യ കൽപ്പ സ്വരൂപത്വാത്. പ്രയോഗശാസ്ത്രമിതി ചേദിത്യസ്മിന്നധികരണേ ഭാഷ്യകൃതാ കൽപപ്രാമാണ്യസ്യ വ്യവസ്ഥാപിതത്വാദി ഇതി .വാർത്തികകാരേണfന്യഥാധികരണ രചനായാഃകൃതത്വാത്. തഥാഹി ഇഹ കൽപാനാം പ്രാമാണ്യപ്രാമാണ്യചിന്താ ന ക്രിയതേ. കിം തർഹി കൽപസൂത്രാണ്യുദാഹൃത്യ ഇദം ചിന്ത്യതേ. കിം തേഷാം സ്വതന്ത്രാണാമേവ വേദവത് പ്രാമാണ്യം ഉത സ്മൃതിവത്. ശ്രുതിപരതന്ത്രാണാമിതി തത്ര ശ്രുതിപാരതന്ത്ര്യേണ സ്മൃതിവദേവ പ്രാമാണ്യം സ്ഥാപിതം. കിഞ്ച വിരോധാധികരണേ ഔഡുംബരീ സർവ്വാവേഷ്ടയിതവ്യാ ഇതി കൽപകൃദ്വചനം ലോഭമൂലമിതി ഭാഷ്യകാരൈഃ സിദ്ധാന്തിതം. അഥ സർവ്വാസാം സ്മൃതീനാം വിരുദ്ധത്വാത് ശ്രുതിദ്വൈധം തു യത്ര സ്യാത് തത്ര ധർമ്മാവുഭൌ സ്മൃതൌ ഇതി വചനസ്യാത്രാനവകാശാത് അ(സ്പ)ഷ്ടദോഷദൃഷ്ടത്വാച്ച വികൽപാഭാവാത് സന്ദേഹ ഏവ സ്ഥാതാഃതഥാ ച തത്ര വിഹിതസ്യ കർമ്മണോfനനുഷ്ഠാനമേവ സ്യാത്. തസ്മാദ് യത്ര സമത്രിഭുജതാ തുല്യക്ഷേത്രഫലത്വഞ്ച ഭവതി തദേവ ത്രികോണകുണ്ഡമിതി സിദ്ധാന്തഃ സർവ്വേഷു ലക്ഷണവചനേഷു കാനി ചിത് ക്ഷേത്രഫലവ്യഭിചാരിണീ കാനി ചിത് സമഭുജതാവ്യഭിചാരിണീതി. അതസ്താനി ത്ര്യസ്രാ കാരതാമാത്ര സമ്പാദനഫലാനീതി ജ്ഞേയം. ഗ്രന്ഥാന്തരേ തു- പഞ്ചഭാഗീകൃതേ ക്ഷേത്രേ ദ്വൈ ഭാഗൌബാഹ്യതസ്ത്യജേത് ന ദ്വയോഃപാർശ്വതസ്ത്യക്ത്വാ തസ്മാന്മദ്ധ്യം വിഗൃഹ്യ ച കർണ്ണസൂത്രദ്വയം ദധ്യാത് ത്രികോണം ഭവതിസ്ഫുടം ഇതി. അത്ര ദ്വിനവത്യംഗുലാനി ന്യൂനാനി ഭുജത്രയസാമ്യം.സിദ്ധാന്തശേഖരേfപി –ചതുരസ്രീകൃതേക്ഷേത്രേ ക്ഷേത്രമഷ്ടാംശകം ബഹിഃ വിന്യസേദ് ഗർഭസൂത്രാഗ്രേ പ്രതീചീസൂത്രപാർശ്വയോഃ സൂത്രാണാം ത്രിതയം ന്യസ്തേത് ത്രികോണം കുണ്ഡമീരിതം.ഇതി. അത്ര ച സപ്തത്യധികശത്യാംഗുലാനി ന്യൂനാനി വിഷമഭുജതാ ച. തസ്യൈവഷഷ്ഠമം ശന്തു പാർശ്വയോഃപ്രവികാശയേത്   പ്രത്യേകം പശ്ചിമം സൂത്രം തന്മാനേ നാഥസൂത്രയോഃ വിന്യാസാദ് ബ്രഹ്മസൂത്രാന്താത് തദഗ്രാവധിലംബനാത് ഇതി കാദിമതേ ഷഡ്ത്രിംശദധികശതാംഗുലാനി ന്യൂനാനീ സമഭുജതാfസ്തി. ഷണവതിപരിധിരേഖാഭിപ്രായം ചേദം ലക്ഷണം. ത്രിഭാഗവൃദ്ധിതോമത്ഭ്യൈസ്ത്രിഭിർനൈശാചരം ഭവേത് ഇതി കാമികേfപി. തത്ര ചതുർവർഗ്ഗചിന്താമണികാരൈഃ സ്ഥാനത്രയേ ഭാഗത്രയവൃദ്ധിരിതി വ്യാഖ്യാതം. തന്മതേ ചതുഃഷഷ്ട്യംഗുലാന്യധികാനി. അന്യൈസ്തു അഗ്രേ ത്ര്യംശദ് വൃദ്ധിഃഉഭയപാർശ്വേ അർദ്ധാർദ്ധതയാ ഏകാംശവൃദ്ധിരിതി വ്യാഖ്യാതം. തന്മതേ ചതുഃഷഷ്ട്യംഗുലാനി ന്യൂനാനി .ഉഭയമതേfപി വിഷമഭുജതൈവേത്യലം.

മലയാളം ഭാഷ്യം

നാലായി ഭാഗിച്ച ക്ഷേത്രത്തില് ഇരുപാർശ്വത്തിലുമുള്ള ഓരോരോ അംശം അതാതിന്റെ മാനത്താല് അറ്റത്തെ ഭാഗത്ത് കുറഞ്ഞുവരുന്നു. അതിലുള്ള 2 സൂത്രദ്വയത്താല് മൂന്നാമത്തെ കുണ്ഡത്തെ ഉദാഹരി ക്കുന്നു. ചതുരശ്ര പ്രകൃതിയാൽ ത്ര്യസ്രകുണ്ഡവും ചതുർദ്ധമാക്കുന്നു.

ചതുരശ്രമദ്ധ്യ സൂത്രത്തെ നാലായി ഭേദിക്കുക. രണ്ട് പാർശ്വത്തില് ഓരോരോ അംശം വർദ്ധിക്കുന്നു. അതിന്റെ മാനമായ ചതുര്ഥാം ശമാനത്താൽ അഗ്രം ചലിക്കുന്നു (വർദ്ധന, കുറവ് എന്ന്). മൂന്നു സൂത്രങ്ങള് തിര്യക്കായതും പാർശ്വസ്ഥവുമായി ചലിക്കുന്നതിനാല് അതിന്റെ അവധിയായ പ്രതീചിസൂത്രം വർദ്ധിക്കുന്നു എന്നത് ഏകം. വർദ്ധിച്ച നൈരൃതികോണാല് മദ്ധ്യസൂത്രത്തിന്റെ അഗ്രത്തില് ഉള്ള ലാഞ്ചനത്താല് സൂത്രം പതിക്കുന്നത് തൃതീയം. ഇങ്ങനെ മുകളിൽഅഗ്രമായും കിഴക്കോട്ട് അഭിമുഖമായും 3 കുണ്ഡം ഭവിക്കുന്നു. ഇതിനെ സിദ്ധാന്തശേഖരം ത്രികോണം കുണ്ഡം എന്നു പറയുന്നു. ഭൂ 36. ലംബം 3.ലംബത്തെ ഭൂമ്യർദ്ധത്താല് ഗുണിക്കുക എന്നാൽ 3 X 18= 54. 360 ന്റെ പകുതിയെ 3 കൊണ്ടു ഗുണിച്ചാല് 540. (360^{0} ഭൂമി= 540)ഭുജം 63

എങ്കിൽ കർണ്ണത്തെ യോജിപ്പിച്ച് 53 എന്ന് എടുക്കുന്നു. 3 ഭുജവും സമത്രികോണത്തില് തുല്യമാകണം. നാലായി ക്ഷേത്രത്തെ വിഭജിച്ചാൽ ഓരോരോ അംശം പാർശ്വത്തില് വർദ്ധിക്കുന്നു. ആ മാനത്താൽ വർദ്ധിച്ചശേഷം ഏത് 63 മാനം തന്മാനത്തിന്റെ അഗ്രത്തിൽ ലാഞ്ചനമാകുന്നുവോ അതിൻപ്രകാരം വര്ദ്ധിച്ച പാർശ്വങ്ങളുടെ 63 അംഗുലം അളവുള്ള സൂത്രാദികളും പ്രാചീസൂത്രാഗ്രത്തില് ലാഞ്ചിതമാകണം. അതിനാൽ മുൻപോലെ സൂത്രയവചതുഷ്ടയം പ്രക്ഷേപിച്ച് ഒരു ഹസ്തം ക്ഷേത്രഫലവും സമമാണ് എന്ന നിയമം . 24 ആയി വിഭജിച്ച സൂത്രത്തിന്റെ ഇരുപാർശ്വ ങ്ങളിൽ 12 അംശം വീതം. ക്ഷേത്രഫലം 576 കിട്ടിയതെങ്ങനെ. ഓരോ പാര്ശ്വം 6 അംഗുലം 1 യൂകം 2 യവം അധികമായി വർദ്ധിക്കുന്നു. 7 അംഗുലം 4 യവം 6 യൂകം ½ X 2 ലിഖ്യ. ലംബം 31 അംഗുലം 4 യവം 6 യൂകം. ക്ഷേത്രഫലം കാണാനുള്ള നിയമം ഭൂമുഖത്തിന്റെ ഖണ്ഡത്തെ ലംബംകൊണ്ടു ഹരിച്ചത്. 31 19/32 എന്ന ലംബം = 1011/32 . ഭൂമി 36 9/12= 693/9 മൂന്നുഭുജവും സമമാണ്. 8 അംശമുള്ള ക്ഷേത്രത്തില് പാർശ്വം മാന സൂത്രം സൂത്രത്രയം എന്നിവ യുടെ നിയമം ക്രിയാസാരത്തിൽ തന്നിരി ക്കുന്നു. ക്ഷേത്രഫലം സ്ഥിരമല്ല. ലംബം 26 എങ്കില് ക്ഷേത്രഫലം 390. ലംബവും കർണ്ണവും ചരജ്യാവും സ്ഥിരമല്ലാത്ത ഒരു മണ്ഡലത്തില് ക്ഷേത്രഫലവും സദാ മാറിക്കൊണ്ടേ യിരിക്കും. (വ്യഭിചരത്യേവ).ഒന്നു വർദ്ധിക്കുമ്പോള് മറ്റേത് ചെറുതായിച്ചെറുതായി വരും. 15 അംഗുലം ന്യൂന മായ(കുറഞ്ഞ)ക്ഷേത്രഫലമദ്ധ്യമാണ് ഒരു യൂണിറ്റായി എടുക്കുന്നത്. മഹാകപിലപഞ്ചരാത്രത്തില് ത്രികോ ണത്തിന്റെ സമഭുജതാനിയമം (പൈത്തഗോറസ് തിയറം പോലെ) പറയുന്നുണ്ട്. 32 അംഗുലമുള്ള സൂത്രം ത്രിധാ (3 വിധം)പതിച്ച് പൂർവ്വാഗ്രത്തില് കുണ്ഡകം നിർമ്മിച്ച് ഉള്ള ത്രികോണപ്രകാരമാണ് പറഞ്ഞിട്ടുള്ളത്. 27 അംഗുലം 5 യവം ലംബത്തിന് ക്ഷേത്രഫലം വേറെയാണ്. അത് 440 എന്നു കിട്ടും. 16/8 എന്ന് സാർദ്ധ ഭാഗീകൃതമായ ക്ഷേത്രത്തിന്റെ ഇരുവശത്ത് ആ ലംബത്തില് 2 സൂത്രങ്ങള് കെട്ടി (കയറ്) അപ്രകാരമുണ്ടാ കുന്ന കുണ്ഡത്തെ ഒരു രുദ്രനേത്രാസ്ത്രമെന്നു വിളിക്കുന്നു. ഈ ലക്ഷണദ്വയം പരിധിരേഖ ആറിന്റെ ഗുണിത മാകുമ്പോളാണ്. ഭൂമിയുടെ ആബാധാഭുജത്തിന്റെ അന്തരമനുസരിച്ചാണ് ലംബമുണ്ടാകുന്നത് എന്ന് ക്ഷേത്ര ഗണിതജ്ഞർക്ക് അറിയാം. അതിനാൽ,ലംബമാനീയമായ ക്ഷേത്രഫലം ഭൂമിയുടെ ആബാധ,ലംബം ഇവ



അനുസരിച്ച മാറും.

സോമശംഭുരപി- കുര്യാത് കുണ്ഡം ക്രമാദീശേപഞ്ചമം ഇതി. നാരദീയേƒപി-യത്രോപദിശ്യതേകുണ്ഡചതുഷ്കംതത്ര കർമ്മണി വേദാസ്ത്രമർദ്ധചന്ദ്രഞ്ചവൃത്തം പത്മനിഭം തഥാ കുര്യാത് കുണ്ഡാനിചത്വാരി പ്രാച്യാദിഷു വിചക്ഷണഃ പഞ്ചമം കാരയേത് കുണ്ഡമീശദിഗ്ഗോചരം ദ്വിജഃ ഇതി യത്തു-പഞ്ചകുണ്ഡീചേന്നിവേശ്യാ ദിക്ഷ്വന്തശ്ചേശപൂർവ്വയോഃഇതി കസ്യചിദ്വചനം തദസംബദ്ധം. ലിഖിതഗ്രന്ഥവിരോധാത്. ഏകകുണ്ഡപക്ഷഃകനീയാൻ.തന്നിവേശനമുക്തമാചാര്യൈഃ അഥവാദിശികുണ്ഡമുത്തരസ്യാം പ്രവിദദ്ധ്യാച്ചതുരശ്രമേകമേവ. ഇതി. ക്വചിത് പ്രതീച്യാമപിതന്നിവേശനമുക്തം. ഭുക്തൌമുക്തൌ തഥാ പുഷ്ടൌ ജീർണ്ണോദ്ധാരേവിശേഷതഃ ദീക്ഷാഹോമേ തഥാ ശാന്തൌ വൃത്തം വരുണദിഗ്ഗതം ഇതി . സോമശംഭുരപി-ഏകംവാശിവകാഷ്ഠായാം പ്രതീച്യാം കാരയേത് ബുധഃഇതി തത്രൈകകുണ്ഡപക്ഷേ ചതുരശ്രം വൃത്തം വാ തത്കാര്യം.തദുക്തം ക്രിയാസാരേ. ചതുരശ്രംഭവേദ്കുണ്ഡം വൃത്തം കുണ്ഡമഥാപി വാ സ്ഥിരാർച്ചനേ സ്ഥിരാർച്ചായാം നിത്യേ ഹവനകർമ്മണി ഇതി പിംഗലാമതേƒപി-കുണ്ഡമേകകരംവൃത്തമേഖലാകണ്ഠനാഭിമത് നിത്യകർമ്മാണി ദീക്ഷായാം ശാന്തൌപുഷ്ടൌസമം ശുഭം ഇതി. ഏവംഹസ്തമാത്രം കുണ്ഡമുക്തം . യദുക്തം സിദ്ധാന്തശേഖരേ-ഹസ്തമാത്രാണിസർവ്വാണി ദീക്ഷാസു സ്ഥാപനാദിഷു നിത്യഹോമേ ച സാഹസ്രേ കുര്യാത് കുണ്ഡാനി സർവ്വദാ ഇതി. ദ്വിഹസ്താദിപ്രകാരസ്തൂച്യതേ.ഏകഹസ്തക്ഷേത്രഫലാദ്വിഗുണം ദ്വിഹസ്തസ്യത്രിഗുണം ത്രിഹസ്തസ്യ ചതുർഗുണം ചതുർഹസ്തസ്യേതി ദശഹസ്താന്തം ജ്ഞേയം. തത്ര തന്മൂലഞ്ച തത്തദായാമസൂത്രഞ്ച തസ്യൈവ നാമാന്ത രാണി കരണീയമദ്ധ്യസൂത്രാദീനി.തത്ര ഭാസ്കരാചാര്യപ്രോക്തസൂത്രാനുസാരേണ മൂലാനയനഞ്ജ്ഞേയം. തദ് യഥാ- ത്യക്ത്യാന്ത്യംദ്വിഷമാത് കൃതിം ദ്വിഗുണയേന്മൂലം സമേ തദ്ദ്രതേത്യക്ത്വാ ലബ്ധകൃതിം തദാധ്യവിഷമാല്ലബ്ധം ദ്വിനിഘ്നം ന്യസേദ് പംക്ത്യാം പംക്തിഹൃതേ സമേƒന്ത്യവിഷമാത് ത്യക്താപ്തവർഗ്ഗം ഫലം പംക്ത്യാം തദ്വിഗുണം ന്യസേദിതി മുഹുഃപംക്തേർദലംസ്യാത്പദം ഇതി. അസ്യാർത്ഥോ ഗ്രന്ഥഗൌരവഭയോന്നോക്തഃസന്തുമത്കൃതായാം ലീലാവതീടീകായാം സുബോധിന്യാം സോദാഹരണോദ്ദ്രഷ്ടവ്യഃ അഥവാ ഏകഹസ്തസ്യ യത് കോണസൂത്രം തദേവ ദ്വിഹസ്തകുണ്ഡായാമസൂത്രം .ഏവം ദ്വിഹസ്തകോണസൂത്രം ചതുർഹസ്തകുണ്ഡസ്യായാമസൂത്രം. ത്രിഹസ്തകുണ്ഡകർണ്ണസൂത്രം ദശഹസ്തസ്യേതി ജ്ഞേയം. അഥ ഗണിതപട്ടുൻപ്രതി ദശഹസ്താന്തം കരണ്യോ ലിഖ്യന്തേ. ഏകസപ്തദശാംശോനചതുർവിംശദ്വിഹസ്തകേ ഏതേന 33 അംഗുലാനി 7 യവാ 4 യൂകാഃ 2 ലിഖ്യേ ഇയതീ ദ്വിഹസ്ത കരണീ. ഏകാഷ്ടാവിംശതിശതാത് ത്രിസപ്തത്യാƒഥസംയുതാഃ ഏകചത്വാരിംശദംഗുലയസ്തു സ്യുസ്ത്രിഹസ്തകേ ഏതേന 41 അംഗുലാനി 4 യവാഃ 4 യൂകാഃ 4 ലിഖ്യാഃ ഇയതീ ത്രിഹസ്തകരണീ. അഷ്ടചത്വാരിംശതാസ്യാച്ചതുർഹസ്തേകരണ്യഥ തൃതീയാംശന്യൂനചതുഃ പഞ്ചാശദ് പഞ്ചഹസ്തകേ ഏതേന 53 അംഗുലാനി 5 യവാഃ 2 യൂകേ 4 ലിഖ്യാഃഈയതീപഞ്ചഹസ്തകരണീ. ചതുരേകോനവിംശോനഊനഷഷ്ടിത്തദൂത്തരേ ഏതേന 58 അംഗുലാനി 6 യവാഃ3 യൂകാഃ4 ലിഖ്യാഃ ഇയതീഷഡ്ഢസ്തകരണീ. സപ്തഹസ്തേഹ്യർദ്ധയുതാ ത്രിഷഷ്ടിഃകരണീ മതാ അഷ്ടഹസ്തേഹ്യഷ്ടഷഷ്ടിര്യുന്മസപ്തദശോനിതാ.ഏതേന 67 അംഗുലാനി 7 യവാഃ7 യൂകാഃ4 ലിഖ്യാഃ ഇയതീഅഷ്ടഹസ്തകരണീ. ദ്വാസപ്തത്യംഗുലാകാര്യാ കരണീ നവഹസ്തകേ ദ്വാഭ്യാമേകോനവിംശദ്യാമൂനം ഷഡ്സപ്തതിർദ്ദിശി ഏതേന 75 അംഗുലാനി 7 യവാഃ1 യൂകാഃ 2 ലിഖ്യേ ഇയതി ദശഹസ്തകരണീ കൃത്വേഷ്ടചതുരശ്രന്തു സ്യാദയോന്യാദ്യുക്തമാർഗ്ഗതഃ ഏവം ദശാന്തം കുണ്ഡാനാം കരണ്യു ക്താ മയാസ്ഫുടാഃ

മലയാളഭാഷ്യം

മുമ്പുപറഞ്ഞപോലെ ക്ഷേത്രത്തെ 24 ഭാഗമായി വിഭജിക്കുന്നു. ഒരു ഭാഗം പുറത്തായിട്ട് ചതുരശ്രമാക്കുക. ഉള്ളിലെ ചതുരശ്രത്തിന്റെ കോണുകളുടെ അർദ്ധത്തിന്റെ അർദ്ധം പ്രമാണമായി പുറത്തെ ചതുരശ്ര കോൺ എട്ടുക്കുക. ദിശതോറും 8 സൂത്രം വീതം 8 അസ്ത്രമുള്ള കുണ്ഡം ഉണ്ടാക്കുക. ചതുരശ്രപ്രകൃതിയാലാണ് അഷ്ടാസ്ത്രമായ കുണ്ഡമെന്ന് നേകത്തേ പറഞ്ഞു. 24 അംഗുലവിസ്താരത്തില് ചതുരശ്രം ചെയ്യുക. കോണ മെന്നാൽ കോണസൂത്രം. ഉള്ളിലെ ചതുരശ്രത്തിന്റെ കോണസൂത്രം യൂകചതുഷ്ടയം കുറച്ച ചതുസ്ത്രിംശദ്

അംഗുലം. ആ പ്രമാണത്തിൽ പുറത്തെ ചതുരശ്രകോണിലും വരക്കുക. പുറത്തെ ചതുരശ്രപരിധിരേഖയില് ഈശാനആഗ്നേയകോണിലും വരക്കുക. അതുപോലെ ആഗ്നേയനൈരൃതികോണുകളിലും ചെയ്യുക. ദിശതോറും 8 സൂത്രം കൊണ്ട് 8 അസ്ത്രമുള്ള കുണ്ഡം. ഇങ്ങനെ ഉണ്ടാക്കണം. ഇനി സൂത്ര പാതനപ്രകാരം – കോണപാർശ്വങ്ങളില് ദിശകളില് 4 സൂത്രങ്ങൾ. പുറത്തെ ചതുരശ്രരേഖയിലൂടെ കടന്നുപോകുന്ന മദ്ധ്യസൂത്രങ്ങളാണിവ. 4 ദിക്സൂത്രം ഇപ്രകാരം 8 സൂത്രമായി തീരുന്നു. അഷ്ടദിക്സൂചക വാചകമാണ് 8 സൂത്രം. ക്ഷേത്രോപപത്തിഃ- 3 ക്ഷേത്രങ്ങളില് മദ്ധ്യത്തില് ആയതചതുരശ്രം. പാർശ്വങ്ങളിൽ വിഷമചതുരശ്രങ്ങൾ. ആയതചതുരശ്രത്തിൽ ഒരു ഭുജം 9 1/64.അഥവാ 577/64. ഒന്നാംഭുജം 26 .ക്ഷേത്രഫലം 234 ഷഡംഗുലം 3 യവം 2 യൂകം .വിഷമചതുരശ്രങ്ങളില് ഭൂമി 26. 577/64=9 1/64 8 63/128= 1087/128. ലബ്ധത്താൽ കുമുവൈക്യഖണ്ഡത്തെ ഹരിച്ച് ക്ഷേത്രഫലം 148 ഷഡംഗുലം 5 യവം 3 യൂകം. ഇതുതന്നെ രണ്ടാം ചതുരശ്രത്തിനും .ഇവയെല്ലാം ചേർത്ത് 531 അംഗുലം 6 യവം. 2 യവം അധികമായി 4 X 4 അംഗുലം ന്യൂനം. അഷ്ടഭുജസമത്വമില്ല. 26 വിസ്താരമുള്ള ബാഹ്യചതുരശ്രത്തില് അര (1/2) യവത്തോട് 7 അംഗുലം ചേർത്ത കോണപാർശ്വങ്ങളോടെ ആയതചതുരശ്രത്തിന്റെ ഒരു ഭുജം 26 മറ്റേ ഭുജം 11അംഗുലം 7 യവം. അതിന്റെ ക്ഷേത്രഫലം 308 ¼ യവം . രണ്ടു വിഷമചതുരശ്രങ്ങൾക്ക് ഭൂമി 26,മുഖം 11 ഷഡംഗുലം 7 യവം ലംബം ½ യവം +7 അംഗുലം. അതിന്റെ ക്ഷേത്രഫലം 133 അംഗുലം 6 യവം . 308.4+ 133.6+ 133.6 = 576. 27 വിസ്താരമുള്ള ബാഹ്യചതുരശ്രത്തിൽ 6 യവം 8 അംഗുലം കോണപാർശ്വത്തില് വരച്ച ആയതചതുരശ്രഭുജം27. മറ്റേത് ½ നവാംഗുലം. ലംബം 8 അംഗുലം ഷഡയവം. ക്ഷേത്രഫലം 160. 256+160+160=576 . ആകെ ക്ഷേത്രഫലം. ഇപ്രകാരം 28 വിസ്താരമുള്ള ബാഹ്യചതുരശ്രത്തില് 1/2 യവം + 10 കോണപാർശ്വത്തില് ഉള്ള ആയതചതുരശ്രത്തിന്റെ ഭൂമി 28 മുഖം 7 അംഗുലം 4 യവം. ആകെ ക്ഷേത്രഫലം 576. ഈ വിധത്തിൽ 1000 പ്രകാരങ്ങള് ഒരേ ക്ഷേത്രഫലമായി സംഭവിക്കുന്നുണ്ട്. തുല്യക്ഷേത്രഫലത്വത്താൽ തുല്യാഷ്ടഭുജത്വം എന്ന് അഷ്ടാസ്ത്രമായ കുണ്ഡത്തെ സാമ്പ്രദായികമായി ഗണിതത്തില് എടുക്കുന്നു. 26 അംഗുലം 3 യവം വിസ്താരം ബാഹ്യചതു രശ്രം അതില് 7 അംഗുലം 5 യവം 6 യൂകം മാനത്തില് കോണപാർശ്വത്തില് ഉള്ള ആയതചതുരശ്രത്തിന് ഒരു ഭുജം 26 3/8 അഥവാ 211/8 .മറ്റേത് 23 7/16 അഥവാ 375/16 . ക്ഷേത്രഫലം 288. മുകളിലും താഴെയു മുള്ള വിഷമചതുരശ്രങ്ങൾക്ക് ഭൂമി 211/8, മുഖം 175/16, ലബ്ധം 7 46/64 അഥവാ 494/64. അതിലൊന്നിന് 244. രണ്ടും ചേർന്നത് 576. ഇപ്രകാരം 8 ഭുജത്തിന് സാമ്യം വരുന്നത് ക്ഷേത്രഫലസാമ്യത്താലാണ്. അഷ്ടാസ്ത്രമായ കുണ്ഡത്തെ ഇങ്ങനെ മനനം ചെയ്തറിയണം. 4 ഭുജമുള്ളതിന് പ്രത്യക്ഷത്തിൽ സാമ്യം സിദ്ധിക്കുന്നു. അവയുടെ കൃതി അഥവാ നിർമ്മാണത്തില് യോഗപദം കർണ്ണം മുതലായ പ്രകാരങ്ങളാല് അറിയുക. ആ ശബ്ദത്താൽ (കർണ്ണം) കോടിഭുജത്തിനുപുറത്തെ ചതുരത്തിന്റെ കർണ്ണോപരിസ്ഥിതമായ 464/6 4 എന്നു കാണുന്നു. അഷ്ടാഷ്ടകുണ്ഡത്തിൽ മദ്ധ്യസൂത്രം 24 ആയി വിഭജിക്കുക. 31 അംശം വൃദ്ധിയാല് വർത്തുളാകൃതി വരുന്നു. മദ്ധ്യത്തിൽ ദിശകളില് അഷ്ടസൂത്രദാനം ചെയ്ത് അഷ്ടാസ്ത്രകത്തെ സമമാക്കുന്നു. 8 ഭുജങ്ങൾക്ക് സമത വരുത്തുന്നതിന്ഃ- 45922 എന്ന വൃത്തവ്യാസത്തിൽ 120000 കൊണ്ട് ഹരിച്ച് കിട്ടി യവയെ ക്രമമായി ഭുജമായി എടുക്കുന്നു എന്ന് ഭാസ്കരാചാര്യ. ഗണിതജ്ഞരുടെ ലക്ഷണത്തിൽ ചതുരശ്രത്തിന്റെ മദ്ധ്യസൂത്രം (കർണ്ണം) ഷഷ്ഠാംശം (1/16)വർദ്ധിച്ച് മണ്ഡലത്തിനു പുറത്തേക്ക് പ്രവേശിക്കുന്നു ചതുരശ്രാന്തരമായി കോണത്തിന്റെ അർദ്ധാർദ്ധത്തില് 8 സ്ഥാനത്ത് ഓരോരോ സൂത്രം ഈ ദിശാചിഹ്നമായി രേഖപ്പെടുത്തുന്നു. ഈ താർത്തീര്യ(ത്രിപുരാ) ചിഹ്നത്തെ പ്രതിഷ്ഠിച്ച് ബുദ്ധിമാൻ അതിന്റെ സമ്പാതാനന്തരം 8 അസ്ത്രം .ദർശിച്ച് ചതുരശ്രത്തിലും അഷ്ടാസ്ത്ര ത്തിലും (ചതുരം,വൃത്തം) തുല്യക്ഷേത്രഫലത്തെ സമമാക്കി കുണ്ഡം നിർമ്മിക്കുന്നു . ത്രികോണ,ചതുര, വൃത്തങ്ങളുടെ ക്ഷേത്രഫലം അഷ്ടകോണിന്റെ ക്ഷേത്രഫലം , പരസ്പരം ഛേദിക്കുന്ന പാരബോളകളുടെ നിയമം ഇവയെവെച്ച് ബ്രഹ്മപീഠ,വിഷ്ണുയോനി,ശിവലിംഗപ്രതിഷ്ഠകളുടെ നിയമവും യാഗവേദിയുടെ വിവിധകുണ്ഡങ്ങളുടെ നിർമ്മിതിയും ഈ സാമ്പ്രദായികഗണിതം കൊണ്ടു പറയുന്നു. അഷ്ടാഷ്ടകുണ്ഡത്തിൽ തന്നെയാണ് യോനിസ്ഥാപനസ്ഥാനം എന്നില്ല. സർവ്വത്ര കോണരൂപമാണ് കുണ്ഡം. അതാണ് കുണ്ഡനാമം തന്നെ. ഗ്രന്ഥകൃത്ത് കുണ്ഡകോണത്തിൽ യോനിയെന്ന് കരുതി മന്ത്രവിത്തമന് അർപ്പിക്കരുതെന്നു പറയുന്നു. കാമികയിൽ ക്ഷേത്രത്തിന്റെ 12 ഭാഗം,അതിനകത്ത് 4 ദിക്ക്, ആ പ്രമാണത്തിൽ തുല്യാംശം അപരത്തിലാനയിക്കുക , ആ കർണ്ണപ്രമാ ണത്താൽ അതിന്റെ ഭുജത്തിൽ രേഖപ്പെടുത്തുക .8 സൂത്രമുള്ള അഷ്ടാസ്ത്രമാണ് കുണ്ഡം. ഇത് വ്യഭിചാരമുള്ളതാണ്. (മാറ്റം). ചതുർവർഗ്ഗചിന്താമണികാരന് കർണ്ണത്തിന് കർണ്ണാർദ്ധമെന്ന് അർത്ഥം കൊടുക്കുന്നു. കോണിന്റെ അനുകൂലപ്രതികൂലത്താല് 8 ലാഞ്ചന

വ്യാഖ്യാനിക്കപ്പെടുന്നു. അതിവിഷമഭുജത്വം ക്ഷേത്രഫലവ്യഭിചാര കാരണമാണ്. സർവ്വത്ര ക്ഷേത്രോത്പ ത്തിവാസന ഉണ്ട്. ഗ്രന്ഥത്തിന്റെ വലിപ്പം കൂടുമെന്നതിനാല് പറയുന്നില്ല. ഞാനെഴുതിയ ലീലാവതീഗണി തടീക സുബോധിനിയിൽ നോക്കി മനസ്സിലാക്കുക.കേവലാഗമ വിത്തുക്കൾക്ക് ഈ ശ്രമകരമായ ഗണിതം കൊണ്ട് ഉപയോഗമില്ല. നവകുണ്ഡികാഗണിതപക്ഷത്തിൽ കുണ്ഡകരണത്തിന് അശക്തരായവര് എല്ലാ കുണ്ഡവും ചതുരശ്രമായോ വൃത്തമായോ ചെയ്താൽ മതി. ആമ്നായരഹസ്യത്തിൽ കുണ്ഡം ചതുരശ്രം,വൃത്തം എന്നീ ആകൃതിയിൽ ഉണ്ടാക്കാം. സോമശംഭുവും ശസ്താക്കൾ വൃത്ത,ചതുരശ്രമായി കുണ്ഡംനിർമ്മിക്കുന്നതായി പറയുന്നു. വേദാസ്ത്രം(4)അഥവാ വർത്തുലമാണ് കുണ്ഡം. മദ്ധ്യമമാണ് പഞ്ചകുണ്ഡീപക്ഷം. അതിനെക്കുറിച്ച് ആമ്നായരഹസ്യം ഇങ്ങനെ പറയുന്നു:- 9, 5, 1 എന്നിങ്ങനെ ലക്ഷണാന്വിതമായി നിർമ്മിക്കണം. സോമശംഭു വേദീപാദാന്തരം ത്യജിച്ച് 5, 9 എന്ന് കുണ്ഡം തീർക്കണമെന്നും പറയുന്നു. സിദ്ധാന്തശേഖരം വേദിയുടെ നാലുഭാഗം ത്യജിച്ച് കുണ്ഡം 9, 5 ആയി നിർമ്മിക്കാനാണ് പറയുന്നത്. അതിന്റെ നിവേശനം ആമ്നായരഹ സ്യത്തിൽ:- പഞ്ചകുണ്ഡവിധാനത്തില് അഞ്ചാമത്തേത് ഈശാനകോണിൽഭവിക്കുന്നു. ജ്ഞാനരത്നാവലി:- ദിക്കുകളിൽ 4, വൃത്തം,പഞ്ചമം എന്നിവ ഈശഗോചരം (ഈശാനം)എന്നു പറയുന്നു . വൃത്തശബ്ദത്താൽ വൃത്താർദ്ധചന്ദ്രപക്ഷവും ഗ്രഹിക്കപ്പെടുന്നു. പറഞ്ഞ വൃത്തവും ചതുരവും എന്ന വികൽപാഭിപ്രായത്തിലും ഇപ്രകാരമാണ്. സോമശംഭു കുണ്ഡം ക്രമത്തിൽ ഈശാനകോണില് പഞ്ചമം വരുമാറ് ചെയ്യാന് പറയുന്നു. നാരദീയത്തിൽ എവിടെ കുണ്ഡചതുഷ്കം ഉപദേശിക്കപ്പെടുന്നുവോ അവിടെ കർമ്മവുമുണ്ട്. (യജ്ഞ കർമ്മം) വേദാസ്ത്രം(ചതുരം)അർദ്ധചന്ദ്രം ,വൃത്തം എന്നിവ പത്മനിഭമായി പ്രാചിമുതൽ 4 ദിക്കിലും കുണ്ഡം നിർമ്മിക്കുന്നു. അഞ്ചാമത്തെ (പഞ്ചമം)കുണ്ഡം ഈശാനദിക്കിലാണ് ദ്വിജന്മാർ കാണുന്നത്. ദിക്കുകളിൽ പഞ്ചകുണ്ഡികളെ നിവേശിപ്പിക്കുക .ഇത് ഗ്രന്ഥവിരോധമെന്നും ഒറ്റ കുണ്ഡം മതിയെന്നും ഒരു പക്ഷമുണ്ട്. അപ്രകാരം ഒറ്റ കുണ്ഡം ഉണ്ടാക്കുന്ന പക്ഷം ഉത്തരദിക്കിൽ ചതുരമായിട്ട് വേണമെന്ന് ആചാര്യൻ. പ്രതീചി(പടിഞ്ഞാറ്)യി ലുമുണ്ടാക്കാം. ഭുക്തി,മുക്തി,പുഷ്ടി,ജീർണ്ണോദ്ധാരണം,ദീക്ഷ,ഹോമം ,ശാന്തി ഇവക്കായി വരുണദിക്കിലാണ് ഏകകുണ്ഡമുണ്ടാക്കുന്നത്. ഇത് വൃത്താകൃതിയാണ്. സോമശംഭു ശിവകാഷ്ഠയായ പടിഞ്ഞാറ് ഏകകുണ്ഡനി ർമ്മിതി പറയുന്നു. ഏകകുണ്ഡപക്ഷത്തിൽ ഒന്നുകില് ചതുരം അല്ലെങ്കില് വൃത്തം. ഇത് ക്രിയാസാരത്തിൽ പറഞ്ഞിട്ടുണ്ട്. പിംഗലാമതത്തിലും വൃത്തംഏകകുണ്ഡമായി മേഖലകണ്ഠനാഭിവരെ ഉപയോഗിക്കുന്നത് നിത്യ കർമ്മം ,ദീക്ഷ,ശാന്തികപൌഷ്ടികകർമ്മങ്ങളിവക്ക് സമമായ ശുഭഫലത്തിനെന്ന് പറയുന്നു.ഇത്തരം കുണ്ഡ ങ്ങൾക്ക് ഒരുഹസ്തം മാത്രമാണ് അളവ്. സിദ്ധാന്തശേഖരത്തിൽ ദീക്ഷ,സ്ഥാപനം,നിത്യഹോമം ,സഹസ്ര ഹോമം ഇവക്ക് ഒരു ഹസ്തമുള്ള കുണ്ഡനിർമ്മിതി പറയുന്നു. ഒരു ഹസ്തം ക്ഷേത്രഫലം X 2= 2 ദ്വിഹസ്തം ക്ഷേത്രഫലം X 3 = 6

ത്രിഹസ്തക്ഷേത്രഫലം X 4 = 12 ചതുർഹസ്തക്ഷേത്രഫലം X 5 = 20

ഇങ്ങനെ 9 ഹസ്തം X 10 = 90 വരെ കിട്ടും. അതതിന്റെ മൂലത്തിലെ യാമസൂത്രത്തിന്റെ നാമാന്തര മായിട്ടാണ് മദ്ധ്യസൂത്രം എടുക്കുന്നത്. ഭാസ്കരാചാര്യരുടെ മൂലാനയന നിയമ സൂത്രം അറിയേണ്ടതുണ്ട്.

1 X 2= 2—1=1 2X 3 = 6—2 =4 3X

4 =12—3 =9 4X 5 =20-4= 16

5X 6 30—5= 25 6X 7 =42—6 =36

7X8= 56-7 =49 8X9= 72—8= 64

9 X10 =90—9 =81 അതായത് 1,2,9,16,25,36,49,64,81 ഇപ്രകാരം.ഏകഹസ്തമായ കുണ്ഡത്തിന്റെ കോണസൂത്രം ദ്വിഹസ്ത കുണ്ഡത്തിന്റെ കോണസൂത്രം ചതുർഹസ്തകുണ്ഡത്തിന്റെ യാമസൂത്രം .ത്രിഹസ്തത്തിന്റെ കർണ്ണസൂത്രം ഷഡ്ഹസ്തത്തി ന്റെയും ചതുർഹസ്ത കർണ്ണസൂത്രം 8 ഹസ്തകുണ്ഡത്തിന്റെയും പഞ്ചഹസ്ത കർണ്ണസൂത്രം ദശഹസ്തകുണ്ഡ ത്തിന്റെയും യാമസൂത്രമാണ്. 17 ഏക ഹസ്തം 24 ദ്വിഹസ്തകം 33 അംഗുലം 7 യവം 4 യൂകം 2 ലിഖ്യ ദ്വിഹസ്ത കരണി . 2800 + 37 =3 ഹസ്തകത്തിന്. 41 അംഗുലം 4 യവം 4 യൂകം 4 ലിഖ്യ അതിന്റെ കരണി. ഇപ്രകാരം എല്ലാത്തിനും ഗണിതജ്ഞർ കരണികള് കണ്ടിട്ടുണ്ട്.

66. യാവാൻകുണ്ഡസ്യവിസ്താരാഃ ഖനനം താവദീരിതം
67. കുണ്ഡാനാം യാദൃശം രൂപം മേഖലാനാഞ്ചതാദൃശം
68. കുണ്ഡാനാം മേഖലാസ്തിസ്രോമുഷ്ടിമാത്രേ ഉ താഃക്രമാത് ഉത്സേധായാമതോ ജ്ഞേയാ ഹ്യേകാർദ്ധാംഗുലസമ്മിതാഃ

69. അരത്നിമാത്രേ കുണ്ഡസ്യസ്ത്രാസ്ത്രിഹ്യേകാംഗലാത്മികാഃ
ഏകഹസ്തമിതേകുണ്ഡേ വേദാഗ്നിനയനാംഗലാഃ

സംസ്കൃതഭാഷ്യം

അഥകുണ്ഡേ ഖാതമാഹ യാവാനിതി. കുണ്ഡസ്യ യാവാൻവിസ്താരോ മദ്ധ്യസൂത്രം താവത്പ്രമാണഃ ഖാതഃ കാര്യ ഇത്യർത്ഥഃഹസ്തമാത്രാണി സർവ്വാണി കുണ്ഡാന്യുക്താ കാദിമതേ-പ്രോക്താനാം സർവ്വകുണ്ഡാനാം അരത്നിഃഖാതമാനകം ഇതി. അരത്നിഹസ്തയോഃ പര്യായതാ തേനൈവോക്താ യഥാ തഥാ പൂർവ്വമേവ ദർശിതം. അന്യത്രാപി യാവന്മാനകുണ്ഡവിസ്താരപ്രദിഷ്ടം ഇതി. ആചാര്യാസഃ- വിംശദ്ഭിശ്ചതുരധികാഭിരംഗലിഭിഃ സൂത്രേണാപ്യഥ പരിസൂത്ര്യ ഭൂമിഭാഗം താഭിശ്ച പ്രഖനതു താവതീഭിഃ ഇതി. വായവീയസംഹിതായാമപി-കുണ്ഡംവിസ്താരവന്നിഘ്നം ഇതി. ദിവ്യസാരസ്വതേƒപി-ചതുരസ്രം ചതുഃകോഷ്ഠംസൂത്രൈഃകൃത്വായഥാപ്യഥ ഹസ്തമാനേന തന്മദ്ധ്യേതാവന്നിമ്നായതം ഖനേത് ഇതി ഗണേശ്വരവിമർശിന്യാമപി- ചതുർവിംശംഗലായാം താവത് ഖാതസമന്വിതം ഇതി. അന്യേതു മേഖലായാ സഹഖാതമാഹ.തദുക്തം മോഹശൂരോത്തരേ- ഹസ്തമാത്രം ഖനേത്തിര്യഗൂർദ്ധ്വം മേഖലയാ സഹ ഇതി. പ്രതിഷ്ഠാസാരസംഗ്രഹേƒപി-പഞ്ചത്രിമേഖലോഛ്രായം ജ്ഞാത്വാ ശേഷമധാഃഖനേത് ഇതി വിശ്വകർമ്മാപ്യാഹ-വ്യാസാത് ഖാതഃകരഃപ്രോക്തോ നിമ്നം തിര്യംഗലേന തു ഉന്നതാ വാ നവാം ഗുലൈഃഇതി. സഏവ വക്ഷ്യതി.തഥമേƒപി-കുണ്ഡം ജിനാംഗലൈസ്തിര്യഗൂർദ്ധ്വംമേഖലയാസഹഃഇതി. സിദ്ധ്യാന്തശേഖരേƒപി- ഖാതം കുണ്ഡപ്രമാണം സ്യാദൂർദ്ധ്വം മേഖലയാ സഹ ഇതി.ഏതപ്യക്ഷദ്വയമദ്ധ്യേ പ്രഥമപക്ഷഏവ യുക്തിയുക്തോ ഭാതി. യതഃ- കുണ്ഡസ്വരൂപം ജാനീയാത് പരമം പ്രകൃതേർവപുഃ ഇത്യാദിനാ മേഖലാനാമംഗത്വാഭിധാനാത്. താസാം ഭൂഷണരൂപത്വാത് തയാ സഹ ഖാതോ നോപപദ്യതേ .ഭൂഷകത്വേ കദാചിദകർത്തവ്യതാ പി സ്യാദിതി ചേന്ന. ശൃംഗാരരഹിതം യച്ച യജമാനവിനാശകൃത്. ഇത്യുക്തേർഭൂഷണസ്യാപ്യാവശ്യകത്വാത്. അഥ മരണം ഛിന്നമേഖലേ ഇതി. തഥാ കുണ്ഡം ജർജ്ജരഖ മേഖലം ഇതി തഥാ മാനേനാധികമേഖലേ വ്യാധയഃസംപ്രവർദ്ധന്തേ ഇത്യാദിനാ ച തദ്വൈകൽപേ ദോഷ സ്യോക്ത ത്യാദംഗത്വമിതി ചേത്.അസ്തു നാമാംഗത്വം തഥാപി തയാ സഹഖാ തോƒനുപപന്നഃ പ്രധാനേ കാര്യസംപ്രത്യയസ്യ ന്യായത്വാത്. കിഞ്ച ഖാതേന വിനാ കുണ്ഡസ്വരൂപ പ്രാപ്ത്യസംഭവാദേവദൃഷ്ടദ്വാരാസ ന്നിപത്യോപകാരകാണ്ഡസ്യ തസ്യാദൃഷ്ടദ്വാരാ ആരാദുപകാരകാണ്ഡം മേഖലയാ സഹസിദ്ധിരപ്യയുക്താ. ഉക്തഞ്ച യോഗിനീഹൃദയേ- ഖാതം കുണ്ഡായതേസ്തുല്യമംഗത്വം തസ്യകീർത്തിതം. സന്നിപത്യോപകാരേണ മേഖലാദേർ വിശിഷ്യതേ ഇതി. നച വ്രീഹീണാം പ്രോക്ഷണാദിവത് ഖാതാം ഗത്വം മേഖലാനാമിതി വാച്യം. കുണ്ഡാനാം മേഖലാസ്തിസ്രഃഇത്യാദിനാ കുണ്ഡാംഗത്വേനൈവ വിധാനാത്. കിഞ്ചപ്രധാനേ കാര്യ സംപ്രത്യയശ്ചേത് നാംഗീക്രിയതേ തദാ ദ്വിഹസ്താദികുണ്ഡേഷ്വപി ക്ഷേത്രദ്വൈഗുണ്ംന പ്രാപ്യേത. തത്രാപി ഏകഹസ്താഭിഖാതധനഹസ്തഫലസ്യ യദ് ദ്വൈഗുണ്യാധികം തന്മൂലപ്രമാണാത് തത് കരണീസ്യാത്. തച്ചാ നിഷ്ടം തവ മതേ ച ഖാതസ്യാനന്തഗതതാ പ്രസജ്യതേ. ത്രിമേഖലാപക്ഷേ അന്യഃഖാതഃപഞ്ചമേഖലാപക്ഷേ അന്യഃദ്വാദശാംഗലമേഖലാപക്ഷേ അന്യഇതി. അന്യച്ച-നിമ്നം തിഥ്യംഗലേന തു ഉന്നതാദ്യാ നവാംഗലൈ ഇതി. വിശ്വകർമ്മവചനം. പ്രതിഷ്ഠാസാരസംഗ്രഹേƒപി- പഞ്ചത്രിമേഖലോഛ്രായം ജ്ഞാത്വാ ശേഷമധഃ ഖനേത് ഇതി. വിശേഷവാക്യദ്വയൈകവാക്യതയാ ഊർദ്ധ്വമേഖലയാ സഹ ഇത്യന്യാനി സാമാന്യവചനാനി വ്യാഖ്യേയാന്യവശ്യം. ആഗ്നേയം ചതുർദ്ധാ കരോതി ഇതി വിശേഷവിധിവിഷയേ.പുരോഡാശം ചതുർദ്ധാ കരോതി ഇതി സാമാന്യവിധിവത്. മാമാന്യവിധിരസ്പഷ്ടഃസംഹിയേതവിശേഷതഃഇതി വാർത്തികകൃദുക്തേഃ തേനാനിഛതാപി ത്വയാഏകമേഖലകുണ്ഡേ മേഖലയാ വിനാ ഖാതോംƒഗീകർത്തവ്യാഃ മേഖലയാ സഹവിധായകാഭാവാത്. അതോ മേഖലയാ വിനൈവഖാത ഇതി സിദ്ധാന്തഃമേഖലയാ സഹ ഖാതവചനാനി ചതുരസ്ത്രേകഹസ്താദികുണ്ഡേഷു. പഞ്ചാശദാദിഹോമവിധാനേ ഖാതാധിക്യസ്യപ്രയോജനാഭാവാത് തദ്വിഷയാണി ഇതി ജ്ഞേയം. ശ്രുതിദ്വൈധന്തു യത്ര സ്യാത്തത്ര ധർമ്മാവുഭൌ സ്മൃതൌ സ്മൃതിദ്വൈതേ തു വിഷയഃകൽപനീയഃപൃഥക് പൃഥക്.ഇത്യുക്തേ. ഏതദഭിപ്രായേണൈവ പ്രയോഗസാരേ ഉക്തം-കാരയേന്മേഖലാസ്തിസ്രചതുസ്ത്രിദ്വംഗലാഃക്രമാത് അഥവാ മേഖലാമേകാം കുര്യാത് സംക്ഷേപകർമ്മസു ഇതി. യത്തു തേനൈവോക്തം അത്ര പക്ഷേ ബഹുവചനസമ്മതേ ബഹ്വനാമനുഗ്രഹോന്യായ്യ ഇതി തദപി ന സമ്യ ക്. അസ്മൻമത ഏവ ബഹുക്തസത്വാത് സ ഏവ പക്ഷോഗ്രാഹ്യഃ ഉക്തഞ്ച ജൈമിനിനാ-വിപ്രതിവിധ്ദ്ധ്ർമ്മ്യ സമവായേ ഭൂയസാംസ്യാത് സാധർമ്മത്വം ഇതി. തത്ര പ്രഥമപക്ഷേ അസ്യ ധനഹസ്ത ഫലം 13824 അപരപക്ഷേ 14724. അഥ മേഖലാ ആഹ കുണ്ഡാനാമിതി. കുണ്ഡാനാം ചതുരസ്രയോന്യാദീ

നാം യാദൃശം രൂപം ചതുരസ്രത്വാദി മേഖലാനാം താദൃശം രൂപം. ചതുരസ്രേ ചതുരസ്രരൂപാ മേഖലാ യോനൌ യോനിരൂപാ മേഖലാ കാര്യേത്യർത്ഥഃഏതേന മേഖലാഃകുണ്ഡാകാരാഃകാര്യാമേഖലാനാം സ്വരൂപേ ചതുരസ്രത്വഹാനിർനാസ്തീത്യുക്തം. തിസ്ര ഇതി. മദ്ധ്യമപക്ഷഃ പഞ്ചമേഖലാപക്ഷ ഉത്തമഃഏകമേഖലാപക്ഷഃ കനീയാനിതി. യദാതു ഗ്രന്ഥകാരോക്തത്രിമേഖലാപക്ഷ ഏവ ഉത്തമഃപക്ഷഃ തദാ ദ്വിമേഖലാപക്ഷോ മദ്ധ്യമഃ ഏകമേഖലാപക്ഷഃ കനീയാനിതി. യദ് വായവീയസംഹിതായാം- മേഖലാനാം ത്രയംവാപിദ്വയമേഖമഥാപി വാ ഇതി. ക്രിയാസാരേƒപി- നാഭിയോനിസമായുക്തംകുണ്ഡംശ്രേഷ്ഠം ത്രിമേഖലം കുണ്ഡംദ്വിമേഖലം മദ്ധ്യം നീചംസ്യാദേകമേഖലം ഇതി. അന്യത്രാപി- തിസ്രഃകുണ്ഡമേഖലാമേഖലേദ്വൈയദ്വാ വിദ്വാനേകികാം മേഖലാ വാ ഇതി. സോമശംഭൌ തു-ത്രിമേഖലം ദ്വിജേകുണ്ഡം ക്ഷത്രിയസ്യ ദ്വിമേഖലം മേഖലൈകം തു വൈശ്യസ്യ ഇതി. തത്രസർവ്വകുണ്ഡപ്രഭൃതിഭ്ദതൈകഹസ്തകുണ്ഡമുപക്രമ്യ വേദാഗ്നിനയനാംഗുലാഃഇത്യുക്തത്വാത് സർവ്വത്ര കരണീഷഷ്ഠാഷ്ടദ്വാദശാംശൈഃക്രമാൻ മേഖലാഃസ്യുരിതി ഗമ്യതേ. പ്രകൃതിവദ്വികൃതിഃകാര്യാഃഇതി ഭാട്ടന്യായാത്. തദുക്തം സോമശംഭുനാ- തസ്യോപരിപുനഃകാര്യോവപ്രഃസോƒപിതൃതീയകഃ ചതുരംഗുലവിസ്തീർണ്ണശ്ചോന്നതശ്ച തഥാവിധഃഇതി പഞ്ചമേഖലാപക്ഷേ തന്മാനമുക്തം ലക്ഷണസംഗ്രഹേ- മേഖലാഃപഞ്ചമാകാര്യാഃഷഡ്പഞ്ചാബ്ധിത്രിപക്ഷകൈഃഇതി. സിദ്ധാന്തശേഖരേƒപി- ഷഡ്ബാണാബ്ധിവഹ്നിനേത്രമിതാഃസ്യുഃപഞ്ചമേഖലാ ഇതി. ദ്വിമേഖലാപക്ഷേ തല്ലക്ഷണമുക്തം തന്ത്രാന്തരേ- ഷഷ്ഠാംശേനാഷ്ടമാംശേന മേഖലാദ്വിതയം മതം ഇതി. ഏകമേഖലാപക്ഷേƒപി- ഷഡ്ചതുർദ്ധ്യംഗുലാമവിസ്താരോന്നതിശാലിനീ ഇതി യോനിലക്ഷണം വദതാഗ്രന്ഥകൃതാ സൂചിതഏവ. തന്മാനമുക്തം പിംഗലാമതേ- ഏകാ ഷഡംഗുലോത്സേധവിസ്താരാമേഖലാ മതാ ഇതി. മഹാകപിലപഞ്ചരാത്രേƒപി -കുണ്ഡാനാം മേഖലാം കുര്യാദേകാഞ്ചേത്ഷഡ്ഭിരംഗുലൈഃഇതി. സോമശംഭുരപി-അംഗുലൈഃഷഡ്ഭിരേകാ ച ഇതി. അന്യത്രാപി-ഷഡംശവിസ്തൃതോച്ഛ്രായഃകുണ്ഡാകാരാ തു മേഖലാ സർവ്വേഷാന്തു പ്രകർത്തവ്യാ മേഖലൈകാത്ര ലാഘവാത്.

മലയാളം ഭാഷ്യം.

കുണ്ഡത്തിന്റെ വിസ്താരം ഇപ്രകാരം പറയുന്നു. കുണ്ഡത്തിന്റെ രൂപം മേഖലകൊണ്ട് മറയ്ക്കുന്നു. മൂന്നുവീതം മുഷ്ടിമാത്രകൊണ്ട് മേഖലയുണ്ടാ ക്കുന്നു. അരത്നിമാത്രകുണ്ഡത്തിൽ,ഏകഹസ്തകുണ്ഡത്തിൽ,എല്ലാം മേഖലയുടെ അളവ് അതാതിനനുയോജ്യമാണ്. കുണ്ഡങ്ങളുടെ വിസ്താരത്തിന്റെ പ്രമാണം മദ്ധ്യസൂത്രമാണ്. ഹസ്തം(കൈ)ആണ് അതിന്റെ അളവിന്റെ മാത്ര. സാമാന്യമായി എല്ലാ കുണ്ഡങ്ങൾക്കും ഉള്ള അളവ് അരത്നിയാണ്. അരത്നി ഹസ്തത്തിന്റെ പര്യായമാണ്. 20+4 =24 അംഗുലമുള്ള സൂത്രത്താല് ഭൂഭാഗം അളക്കുന്നതായി ആചാര്യൻ പറഞ്ഞിരിക്കുന്നു. എത്ര വിസ്താരമുണ്ടോ അത്ര ആഴത്തിൽ കുഴിക്കണം എന്ന് വായവീയസംഹിത. 4 കോഷ്ഠമായി,ചതുരശ്രമായി സൂത്രത്തെ വാസ്തുവിഭാഗം ചെയ്ത് അതേ അളവിൽ ആഴത്തിൽ കുഴിക്കാന് ദിവ്യസാരസ്വതം പറയുന്നു. ഗണേശ്വരവിമർശിനി 24 അംഗുലം അളവില് കുഴിച്ച് കുണ്ഡമുണ്ടാക്കാൻ പറയുന്നു. മറ്റു ഗ്രന്ഥങ്ങൾ മേഖലയുടെ അളവുകൂടി കുണ്ഡത്തിന്റെ ആഴത്തിൽ കൂട്ടുന്നുണ്ട്. മോഹശൂരോത്തരത്തിൽ മേഖലാസഹിതമായ അളവ് സ്വീകരിക്കുന്നു. പ്രതിഷ്ഠാസാരസംഗ്രഹത്തിൽ 5 ത്രിമേഖലകളോട്ടു കൂടിയ അളവിലാണ് കുഴിക്കുന്നത്. വിശ്വകർമ്മാവ് വ്യാസത്തോളം ആഴം പറയുന്നു. നവാംഗുലമാണ് പ്രമാണമെടുത്തിട്ടുള്ളത്. സിദ്ധാന്ത ശേഖരം മേഖലയെക്കൂട്ടി എടുക്കുന്നു. കുണ്ഡമെന്നത് പരമമായ പ്രകൃതിയുടെ ശരീരം. മേഖല അതിന്റെ അംശമാണ്. മേഖലക്ക് ഭൂഷണ(അലങ്കാര) രൂപമാണ്. ശൃംഗാരരഹിതമായി മേഖലയില്ലാതെ ഇരുന്നാൽ യജമാനനെ നശിപ്പിക്കുമെന്നതിനാലാണ് അലങ്കാരമായി മേഖല ധരിപ്പിക്കുന്നത്. മേഖല കീറിയാൽ മരണം ഫലം. അളവിൽ കൂടുതൽ വലിപ്പത്തില് മേഖല മുതലായ അലങ്കാരമണിഞ്ഞാല് വ്യാധികള് വർദ്ധിക്കും. ഖനനം ചെയ്യാതെ കുണ്ഡം(ഗുണ്ഡികാ)എന്ന രൂപം ഉണ്ടാക്കാന്സാധിക്കില്ല. ഖനനം ചെയ്യുമ്പോൾ സ്വാഭാവികമായി മേഖല സൃഷ്ടിക്കപ്പെടുന്നുമുണ്ട്. കുഴിക്കുമുകളിൽ ഉയർന്നദേശം സ്വാഭാവികമായും കിട്ടും. യോഗിനീഹൃദയത്തിൽ, അംഗമായ മേഖലക്ക് കുണ്ഡത്തോളം പ്രാധാന്യമുണ്ട്. ഉപകാരം കൂടുതലായതിനാലാണ് ഈ സവിശേഷ പ്രാധാന്യം.

അളവിലുള്ള വ്യത്യാസങ്ങൾ:

3 മേഖല, 5 മേഖല, 12 അംഗുലമുള്ള മേഖല , തിഥ്യംഗുലത്താ ൽ(15)നിമ്നം,9 അംഗുലത്താൽഉന്നതം എന്ന

വിശ്വകർമ്മവചനം . ഇവ വ്യത്യസ്താഭിപ്രായങ്ങളായി എടുത്തുകാട്ടുന്നു. വാസ്തവത്തിൽ ഇത് വ്യത്യസ്താഭിപ്രായങ്ങളല്ല. വ്യത്യസ്തഗോത്രക്കാർ സ്വീകരിച്ചിട്ടുള്ള വ്യത്യസ്തമാനങ്ങള് മാത്രമാണ്. ആഗ്നേയം, പുരോഡാശം എന്നിവ 4 ആയി ചെയ്യുന്നു എന്ന വിശേഷവും സാമാന്യവുമായിട്ടുള്ള നിയമമനു സരിച്ചാണിത്. വാർത്തികകൃത്ത് സാമ്മാന്യവിധി അസ്പഷ്ടമാണെന്ന് ചൂണ്ടിക്കാട്ടുന്നു. ഒറ്റമേഖലയുള്ള കുണ്ഡത്തിൽ (1 X1) മേഖലയി ല്ലാതേയും കുണ്ഡനിർമ്മിതി സാധിക്കും. അപ്പോൾ മേഖല ഇല്ലാതെ ഖനനം സാധിക്കില്ലെന്ന ആദ്യം പറഞ്ഞ നിയമം അതിന്ന് ബാധകമല്ല. 51 മുതലായ ഹോമവിമാനങ്ങളില്, ആധിക്യം കൊണ്ട് പ്രയോജന അഭാവം പറയുന്നതിനായിട്ടാണ് കൃത്യമായ അനുപാതങ്ങൾ ആ വിഷയത്തില് പറഞ്ഞിരിക്കുന്നത്. പ്രയോഗസാരത്തിൽ 3, 4, 12 എന്ന ക്രമത്തില് മേഖലയുണ്ടാക്കാമെന്നു പറയുന്നു.അല്ലെങ്കിൽ,ഒറ്റമേഖല കൊണ്ട് കർമ്മങ്ങള് സംക്ഷേപിച്ചു ചെയ്യുകയുമാവാം. ജൈമിനി പറയുന്നു: വിപ്രതിവിദ്ധങ്ങളുടെ ധർമ്മസമവായത്തിനായി സാധർമ്മത്വമുണ്ടാക്കുന്നതാണ് പറയപ്പെട്ടിട്ടുള്ളത്. ധനപക്ഷമാണ് (+)പ്രഥമപക്ഷം. അപരപക്ഷം (--) എന്നും കരുതുക. 13824 , 14724 ഇവയാണ് രണ്ടുഫലങ്ങൾ. മേഖലതന്നെയാണ് കുണ്ഡം. കുണ്ഡത്തിന്റെ ചതുരശ്രയോനിയുടെ രൂപമാണ് മേഖലയുടെ ചതുരശ്രരൂപം. ചതുര ശ്രത്തിൽ ചതുരശ്രരൂപവും യോനിയിൽ യോനിരൂപവും മേഖലയുടെ കാര്യമാണ്. അതിനാൽ, മേഖലാസ്വരൂപത്തില് കുണ്ഡാകാരത്തില് ചതുരശ്രഹാനി സംഭവിക്കുന്നില്ല. തിസ്രമെന്നത് മദ്ധ്യമപക്ഷം. പഞ്ചമമെന്നത് ഉത്തമം. ഏകമേഖല കനീയം. (അധമം) ഗ്രന്ഥകാരൻ ത്രിമേഖലയാണ് ഉത്തമമെന്നും ദ്വിമേഖല മദ്ധ്യമമെന്നും ഏകമേഖല കനീയമെന്നും പറയുന്നു. വായവീയസംഹിതയിൽ 3 അല്ലെങ്കില് 2 മേഖല പറയുന്നു .ക്രിയാസാരത്തിൽ 3 മേഖലയുള്ളതും നാഭി,യോനികളുള്ളതും ആയ കുണ്ഡം ശ്രേഷ്ഠവും 2 മേഖലയുള്ളത് മദ്ധ്യവും ഏകമേഖല നീചവുമാണ്. സോമശംഭു:-3 മേഖല ദ്വിജരും 2 മേഖല ക്ഷത്രിയരും ഏകമേഖല വൈശ്യരും കുണ്ഡത്തിന് വിധിക്കുന്നു. എല്ലാ കുണ്ഡവും പ്രകൃതിഭൂതമായ ഏകഹസ്തകുണ്ഡത്തിൽനിന്നാരംഭിച്ച് വേദാഗ്നിനയനാംഗുലാ എന്ന വിധിപ്രകാരം 6, 8, 12 എന്ന ക്രമത്തില് വർദ്ധിച്ചുവരുന്നു. പ്രകൃതിവദ് വികൃതി എന്നാണ് ഭാട്ടന്യായം. പ്രകൃതി എങ്ങനേയോ അങ്ങനെയാണ് വൈകൃതസൃഷ്ടി. സോമശംഭു 1,2,3,4 എന്ന് വിസ്തീ ർണ്ണം കൂടിയതിനെ പറയുന്നു. ലക്ഷണസംഗ്രഹത്തില് 5 മേഖലാപക്ഷമാണ്. 6,5,4,3 എന്ന് പക്ഷങ്ങളുണ്ട്. സിദ്ധാന്തശേഖരത്തിൽ 6,5,4,3,2 എന്ന് പഞ്ചമേഖലകളെ പറയുന്നു. 36, 25, 16,9,4 എന്ന് അളവ്. തന്ത്രാന്തരത്തില് ദ്വിമേഖലാപക്ഷമാണ്. 6, 8 (36, 64)എന്നാണ് രണ്ടുമേഖലകളുടെ മാനം. ഏകമേഖലാപക്ഷത്തിൽ 24ന്റെ പകുതി(12)ഏറ്റവും ഉന്നതമായ വിസ്താരമായെടുക്കുന്നു. (12 X 12 = 144) ഇതെല്ലാം വർഗ്ഗം, വർഗ്ഗ മൂലം, മാന്ത്രികചതുരമെന്നിവയുടെ നിയമങ്ങളാണ്.(Magical squares , square root see Sudarsana – maths made easy for children) ഇപ്രകാരം കുണ്ഡം അഥവാ യോനിലക്ഷണം ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നു. പിംഗലാമതം അതിന്റെ മാനത്തെ പറയുന്നു. 1- 6- എന്നീ അംഗുലങ്ങളുടെ വിസ്താരമായിട്ട് മേഖല. മഹാകപിലപഞ്ചരാത്രത്തിൽ 4 അഥവാ നാലിന്റെ അംശങ്ങളുടെ വിസ്താരമാണത്. സിദ്ധാന്തശേഖരത്തിൽ 6 അംഗുലം.സോമശംഭുവും അതേ അളവുപറയുന്നു. കാമികയിൽ മേഖല കുണ്ഡാകാരമാണ് എന്ന് എടുത്തുപറയുന്നു.

70. മേഖലാനാം ഭവേദന്തഃപരിതോ നേമിരംഗുലാത്
ഏകഹസ്തസ്യ കുണ്ഡസ്യ വർദ്ധയേത് തത്ക്രമാത് സുധീഃ
ദശഹസ്താന്തമന്യേഷാം അർദ്ധാംഗുലവശാത് പൃഥക്.

സംസ്കൃതഭാഷ്യം

കുണ്ഡമാനമാഹ മേഖലാനാമിതി. മേഖലാനാമന്തഃപരിതഃ സർവ്വതഃ അംഗുലാദംഗുലമാനാത് നേമിരേകഹസ്തസ്യ കുണ്ഡസ്യ ഭവേദിതി സംബന്ധഃ അംഗുലാദംഗുലം വ്യാപ്യേത്യർത്ഥഃ ല്യബ് ലോപേ പഞ്ചമീ. ക്വചിദംഗുലേതി പാഠഃ തദാ സമാനാധികരണ്യേന യോജനീയം. ഏതേന കുണ്ഡവ്യാസചതുർവിംശാംശോ നേമിരിത്യുക്തം ഭവതി. ദ്വിഹസ്താദാവപി തത് കരണ്യാശ്ചതുർവിംശാംശഃഏവ നേമിഃ യദർദ്ധാംഗുല വശാദ്ദശഹസ്താന്തമന്യേഷാം ക്രമാത്താം വർദ്ധയേദിത്യുക്തം .തത്തു തദ്ദ്വിഹസ്താഭിപ്രായേണ.ദ്വിഹസ്തേ ച ഏകമംഗുലം യവത്രയം ദ്വേ യൂകേ ചതസ്രോ ലിഖ്യാഃപഞ്ചരേണവഃചത്വാരസ്ത്രസരേണവഃഇതി .തദോക്തം മഹാകപിലപഞ്ചരാത്രേ- ചതുർവിംശതിഭാഗേനകണ്ഠോവൈപരികീർത്തിത ഇതി. തേനരത്നിമാത്രേ സപ്തയവഃ കണ്ഠഃ അരത്നിമാത്രേ സാർദ്ധസപ്തയവഃ തദുക്തം മന്ത്രമുക്താവല്യാം-കണ്ഠോƒഷ്ടയവൈർഹസ്തമാനേഷു കുണ്ഡേഷു അരത്നിമിതേഷു ച സാർദ്ധ സപ്തഭിര്യവൈഃ രത്നി മിതേഷു ച സപ്തഭിര്യവൈഃഇതി. കാമികേത്വന്യഥോക്തം- ക്ഷേത്രാക്കാംശേന തസ്യൈഷഃ ഇതി. സോമശംഭുരപി- ബഹിരേകാംഗുല കണ്ഠോ ദ്വ്യംഗുലഃക്വചിദാഗദേ ഇതി. സാമ്പ്രദായികാസ്തു പ്രഥമപ ക്ഷമേവ മന്യന്തേ .ബഹുതന്ത്രസമ്മതേഃതദുക്തം ഏകഹസ്ത മുപക്രമ്യ-

ഖാതദ്ബാഹ്യേംƒഗുലഃകണ്ഠസ്തദ്ബാഹ്യേ മേഖലാഃക്രമാദ് ഇതി. പിംഗലാമതേƒപി-ഖാതാദേകാംഗുലം ത്യാജ്യം മേഖലാനാം സ്ഥിതിർഭ വേത് ഇതി. അന്യത്രാപി കണ്ഠോംƒഗുലാദ്ബഹിഃകാര്യഃഇതി. സിദ്ധാന്ത ശേഖരേƒപി-കുണ്ഡേഹസ്തമിതേകണ്ഠം കുര്യാദേകാംഗുലംതതഃ ഇതി.കാലോത്തരേ ച -ഖാതാദ്ബാഹ്യേംƒഗുലഃകണ്ഠഃസർവ്വകുണ്ഡേഷ്വയം വിധിഃ ചതുർവിംശതിമം ഭാഗമംഗുലം പരികൽപയേത് ഇതി. തട്ടീകാകാരൈർവ്യാഖ്യാതം-യവോƒഷ്ടഗുണിതോംƒഗുലമിത്യാദിനാ പ്രസിദ്ധേ നൈവ ഹസ്താംഗുലവ്യവഹാരേണ ഹോമാനുസാരാത് കുണ്ഡമുക്തം. ഇയത്തുഖാതാദിമാനകഥനാർത്ഥം പരിഭാഷാക്രിയതേ. ചികീർഷിതകുണ്ഡക്ഷേത്രം ചതുർവിംശതിധാ വിഭജ്യയാവാംശ്ചതു ർവ്വിംശതിമോ ഭാഗസ്താവത് പരിമാണമംഗുലം പരികൽപ്യയേദിതി. അത ഏവ സർവ്വകുണ്ഡേഷ്വയം വിധിരിത്യുക്തം. അന്യത്രാപി -കണ്ഠോƒഷ്ടയവമാത്രഃസ്യാത് കുണ്ഡേ തു കരമാത്രകേ. ഇതി. അന്യത്രാപി കുണ്ഡസ്യൈകകരസ്യ ബാഹ്യപരിതോ നേമിർഭവേദംഗുലം ഇതി.

മലയാളം **ഭാഷ്യം**

മേഖലയുടെ അകത്തെ പരിധി ,നേമി അംഗുലത്താലുണ്ടാവുന്നു. ഒരുഹസ്തമുള്ള കുണ്ഡത്തിന്റെ അളവ് ക്രമത്തിൽ വർദ്ധിപ്പിച്ചു കൊണ്ട് വരികയാണ് . 10 ഹസ്തമെന്നാല് ½ അംഗുലം. 1 അംഗുലം = നേമി . 20 ഹസ്തമെങ്കിൽ, ½ അംഗുലം = ഉള്ളിലെ പരിധി = 10 ഹസ്തം. 5 വീതം കുറഞ്ഞുകുറഞ്ഞുവന്ന് അകത്തെ പരിധി വരും. (സങ്കോചം). 5 വീതം കൂടിക്കൂടി പുറത്തെ പരിധി വികസിക്കും (വികാസം). കുണ്ഡവ്യാസത്തിന്റെ 24 അംശം 1/24 ആണ്നേമി എന്ന് പൊതുനിയമം. 2 ഹസ്തമെങ്കില് അതിന്റെ കരണി 24 ആണ് നേമി. 1 ഹസ്തം (അരത്നി) = 12 . ½ ഹസ്തം = 6. ഇപ്രകാരം കുറച്ചുകൊണ്ടു വരാം. 1 അംഗുലം= 3 യവം = 2 യൂകം = 4 ലിഖ്യം= 5 രേണു = 12 ത്രസരേണു ഇങ്ങനെ മഹാകപിലപഞ്ചരാത്രം. 1/24 ഭാഗമെന്നാൽ കണ്ഠമാണ്. അരത്നിമാത്രമായ 7 യവമാണ് കണ്ഠം. അരത്നിമാത്ര മായ ½ സപ്തയവം. മന്ത്രമുക്താവലിയിൽ 8 യവം എന്ന കണ്ഠം ഹസ്തമാനമായ കണ്ഠത്തില് അരത്നി സാർദ്ധസപ്തം യവം. രത്നി സപ്തം യവം എന്നു കാണാം. കാമികയിൽ 12 (അർക്കാംശം)ആണ് എടുക്കുന്നത്. സോമശംഭു പുറത്ത് 1, കണ്ഠം 2 എന്നെടുക്കുന്നു. സാമ്പ്രദായികമായി എല്ലാവരും സ്വീകരിക്കുന്നത് -പുറത്ത് അംഗുലം കുണ്ഡം, അതിന്നുപുറത്ത് മേഖല എന്നാണ്. പിംഗലാമതത്തിൽ ഓരോരോ അംഗുലം ത്യജിച്ചിട്ടാണിത്. സിദ്ധാന്ത ശേഖരം,കാലോത്തരം ഇവയിലും ഈ അനുപാതം പറയുന്നു. 1 യവം X 8= 1 അംഗുലമെന്ന അളവില് 24 അംഗുലം വരെ ഇപ്രകാരം കുണ്ഡം , മേഖല എന്നിവ വരക്കുക .



1X1=1 2X2=4 3X3=9 4X4= 16 5X5= 25 6x6=36 7x7=49 8x8=64 9x9=81 10x10=100 11x11 =121 12x12= 144 13x13= 169 14x14= 196 15x15= 225 16x16= 256 17x17 =289 18x18=324 19X19=361 20X20= 400 21x21=441 22x22 =484 23x23= 529 24x24= 576 ഇപ്രകാരമുള്ള ആൾജിബ്രനിയമമാണ് കുണ്ഡം ,മേഖല ഇവ യുടെ വാസ്തുവായി ഇവിടെ പ്രതിപാദിച്ചിരിക്കു ന്നത്. ഇതേ നിയമം ജ്യോതിശ്ശാസ്ത്രം ,കാലഗണന, സൈന്ധവസംസ്കൃതികാലത്തെ തൂക്കം, കട്ടി,മറ്റ ഗണിത ക്രിയകളെന്നിങ്ങനെ എല്ലാത്തിലും പ്രയോഗിച്ചിരിക്കു ന്നതും കാണാം. വൃത്തം ചതുരം ,ത്രികോണം ഇവയുടെ ക്ഷേത്രഫലം ഒന്നാക്കുന്ന ഇന്ത്യക്കാരുടെ ഈ പ്രാചീനഗണിതം സൈന്ധവസരസ്വതീ ഹരപ്പൻകാലത്തോളം പഴക്കമുള്ളതാണ്. ഗ്രീസിലിത് ബിസി 400ൽ മാത്രമേ എത്തിയിട്ടുള്ളു. എന്നിട്ടും അതിന്റെ ഉത്തരം ശരിക്ക് കാണാ ൻ ഗ്രീക്ക് യൂറോപ്പ്യൻസംസ്കാരം 16ആം നൂറ്റാണ്ടില് ഇന്ത്യയുമായി രണ്ടാമതും ബന്ധം സ്ഥാപിക്കുന്നതു വരെ കാത്തിരിക്കേണ്ടിവന്നു. 2000 വർഷം ഗ്രീക്കുകാര് ഈ പ്രശ്നം അവതരിപ്പിച്ച് കാത്തിരുന്നു,ഉത്തരം കിട്ടാൻ. വൃത്തം,ത്രികോണം,ചതുരമെന്നിവയുടെ ക്ഷേത്രഫലം തുല്യമാ യി കാണുന്ന വിദ്യ വാസ്തുവിലും ജ്യോതിഷത്തിലും പണ്ടേ പ്രയോ ഗിച്ചവരാണ് ഇന്ത്യക്കാര്. രസം 6 ഗുണം 3 വേദം 4 ഇപ്രകാരം കൊടുത്ത് ആചാര്യൻ കുട്ടികളുടെ കഴിവ് പരിശോധിക്കുന്നു. 1X1=1 കുണ്ഡംമാത്രം ,മേഖലയില്ല. കുണ്ഡാകൃതിതന്നെ മേഖലാകൃതി. 2X2 മുതല് മേഖല തുടങ്ങുന്നു. അത് ക്രമേണ വർദ്ധിച്ച് അനുപാതം എത്ര വേണമെങ്കിലും കൂട്ടാം. എന്നാലും നടുവിലെ ഗർഭഗൃഹം എപ്പോഴും 1X1 എന്ന യൂണിറ്റ് തന്നെയായിരിക്കും. ഇത് നഗരസംവിധാനത്തിലും ക്ഷേത്രനിർമ്മിതിയിലും എല്ലാം ഉപയോഗിക്കുന്നു. 3, 5, 7, 9 എന്ന് ഒറ്റസ്സംഖ്യകളുടേതും ഈ മേഖലാവൃത്തത്തില് പെടുന്നു.

71. കുണ്ഡേദ്വിഹസ്തേ താ ജ്ഞേയാ രസവേദഗുണാംഗുലാഃ
ചതുർഹസ്തേഷു കുണ്ഡേഷു വസുതർക്കയുഗാംഗുലാഃ

<u>സംസ്കൃതഭാഷ്യം</u>

ദ്വിഹസ്താദികുണ്ഡാനാം വിസ്താരായാം സൂചയൻമേഖലാആഹ കുണ്ഡ ഇതി. അത്ര സർവ്വത്ര ഷഷ്ട്യാഷ്ടമദ്വാദശാംശൈഃ പൂർവ്വോ ക്തവന്മേഖലാഃകാര്യാഃ വിസ്താരോത്സേധതോ ജ്ഞേയാ ഇതി വക്ഷ്യമാണം പൂർവ്വവത് സർവ്വത്ര സംബദ്ധ്യതേ. രസവേദഗുണാംഗുലാ ഇതി.

അൽപമാന്തരമാചാര്യൈരുപേക്ഷിതം ശിഷ്യബുദ്ധിപരീക്ഷാർത്ഥം ശിഷ്യാണാമൂഹാപോഹബുദ്ധിര്യ ഥാസ്യാദിതി. തത്ര പഞ്ചാംഗുലാനി പഞ്ചയവാഃദ്വേ യൂകേ ഇതീയം പ്രഥമാ. ചതുരംഗുലാനി ദ്വൌയവൌ മദ്ധ്യാ. ദ്വേ അംഗുലേ ഷഡ്യവാഃപഞ്ചയൂകാഃഅന്ത്യാ.അത്രയധ്യാപി ത്രിപഞ്ചസപ്തനവഹസ്താനാം മേഖലാ നോക്താ സ്തഥാപി അഗ്രേ ഏകഹസ്തമിതം കുണ്ഡമേകലക്ഷേ വിധീയതേ ലക്ഷണം ദശകം യാവത്താവദ്ഹസ്തേന വർദ്ധയേത് ഇതി ത്രിഹസ്താദീനാം വിനിയോഗ ഉക്തഃ

മലയാളഭാഷ്യം

ത്രിഹസ്തം ഉപയോഗിക്കുന്ന വിധം. ഒരുഹസ്തമുളള കുണ്ഡം 1 ലക്ഷമാണെങ്കില് 10 ഹസ്തമെന്നത് 10 ലക്ഷ മാണ്. ഇപ്രകാരം ഹസ്തം വർദ്ധിപ്പിക്കുന്നതാണ് ത്രിഹസ്തം മുതലായ അളവുകള്. 6, 8, 12 എന്നതു തന്നെ മുമ്പത്തെപ്പോലെ മേഖലാമാനമായി പറയുന്നു.

.

72. കുണ്ഡേ രസകരേതോഃസൂർദ്ദശാഷ്ടർത്വംഗുലാന്വിതാഃ
വസുഹസ്തമിതേ കുണ്ഡേ ഭാനുപംങ് ക്ത്യഷ്ടകാംഗുലാഃ

73. ദശഹസ്തമിതേ കുണ്ഡേ മനുഭാനുദശാംഗുലാഃ
വിസ്താരേത്സേധതോ ജ്ഞേയാ മേഖലാഃസർവ്വതോബുധൈഃ

സംസ്കൃതഭാഷ്യം

അതസ്തന്മാനേഖലാമാനമപി പൂർവ്വവത് ഷഷ്ടാഷ്ടമദ്വാദശാംശോ ജ്ഞേയഃതത്ര ത്രിഹസ്തേ ഷഡംഗുലാനി സപ്തയവാഃതിസ്രോ യൂകഃതിസ്രോ ലിഖ്യാഃആദ്യാ. പഞ്ചാംഗുലാനി ഏകോ യവഃചതസ്രോ യൂകാഃചതസ്രോ ലിഖ്യാഃഅർദ്ധസഹിതാഃ മദ്ധ്യാഃ ത്രീണ്യംഗുലാനി ത്രയോ യവാഃപഞ്ചയൂകാഃഷഡ്ലിഖ്യാസ്ത്യംശ്യോനാഃഅന്ത്യാ. ചതുർഹസ്ത ഇതി. വസവോഷ്ടൌതർക്കാഃഷഡ്യൂകാനി ചത്വാരി. അത്ര ഷഷ്ടാഷ്ടമദ്വാദശാംശതാ ഗ്രന്ഥകൃ തൈവ പ്രകടീകൃതാ.ഏവം പഞ്ചഹസ്താദാവപി ജ്ഞേയം.

മലയാളം ഭാഷ്യം

3 ഹസ്തത്തിന് 6 അംഗുലം, 7 യവം,3 യൂകം, 3 ലിഖ്യ. 5അംഗുലം 1 യവം 4 യൂകം, 4 ലിഖ്യ 3 അംഗുലം 3 യവം 5 യൂകം 6 ലിഖ്യ 4 ഹസ്തത്തിന് 8 വസു 6 തർക്കം 4 യുഗം . പഞ്ചഹസ്തത്തിന് (5 ഹസ്തം) ഗ്രന്ഥകർത്താവ് 6, 8 , 12 എന്നാണ് അളവുതന്നിരിക്കുന്നത്

74. ഹേരുരഗ്രേ യോനിരാസാമുപര്യശ്വത്ഥപത്രവത്

സംസ്കൃതഭാഷ്യം

യോനിമാഹ ഹേരുരിതി. ആസാം മേഖലാനാമുപരി മദ്ധ്യഭാഗേ ഹേരുരഗ്രേ അശ്വത്ഥപത്രവത് യോനിഃ കാര്യാഃതദുക്തം സോമശംഭുനാ- താസാമുപരിയോനിഃസ്യാന്മദ്ധ്യേƒശ്വത്ഥപലാശവദ് ഇതി. ഇയഞ്ച പൂർവ്വോക്തയോനിഃ. കുണ്ഡാകാരകര്യാ. ഹേരുരഗ്രേ ഇത്യനേനൈതദുക്തം ഭവതി. വേദീയഥാ പൃഷ്ഠഭാഗേ ന പതതി ഹോതുഞ്ച പ്രാങ്മുഖതാ ഉദങ്മുഖതാ വാ ഭവതി. തഥാ.കേഷാഞ്ചിത് പശ്ചിമമേഖലോപരി കേഷാഞ്ചിദ്ദക്ഷിണമേഖലോപരി യോനിഃസ്ഥാപതീയേതി.തദുക്തം കേഷാഞ്ചിത് പശ്ചിമമേഖലോപരി കേഷാഞ്ചിദ്ദക്ഷിണമേഖലോപരി യോനിഃതദുക്തം സ്വായംഭുവേ- പ്രാഗാഗ്നിയാമ്യകുണ്ഡാനാം പ്രോക്താ‍യോനിരുദങ്മുഖാഃ പൂർവ്വാമുഖാഃസ്മൃതാഃശേഷാ യഥാ ശോഭം വ്യവസ്ഥിതാഃഇതി ത്രൈലോക്യസാരേƒപി-ദക്ഷിണസ്ഥാപൂർവ്വയാമ്യേജലസ്ഥാ പശ്ചിമോത്തരേ നവമസ്യാപി കുണ്ഡസ്യ യോനിർദക്ഷജലസ്ഥിതാഃഇതി. (അത്ര പൂർവ്വശബ്ദേനാഗ്നേയീ ജലസ്ഥേതി നൈരൃത്യേ വായവ്യേ ഉത്തരേതീശാനേ ?) സിദ്ധാന്തശേഖരേƒപി- ഇന്ദ്രാഗ്നിയമദിക്കുണ്ഡയോനിഃസൌമ്യമുഖീസ്മൃതാഃ യോനിഃപൂർവ്വാമുഖാന്യേഷു പൂർവ്വേശാന്യുത്തരാസ്മൃതാഃ ഇതി. ക്രിയാസാരേƒപി - ഹോമകൃത്പുരതഃസ്ഥാപ്യാദക്ഷിണേപശ്ചിമേƒപി വാ ഇതി. സോമശംഭരപി- പൂർവ്വാഗ്നിയാമ്യകുണ്ഡാനാംയോനിഃസ്യാദുത്തരാനനാ പൂർവ്വാനനാതു ശേഷാണാം ഐശാന്യേƒന്യതരാതയോഃഇതി. അത്രൈശാന്യ ഇതി ഏകദേശേന നവമം കുണ്ഡം ഉത്തരാഗ്രം അന്യാനി പഞ്ചകുണ്ഡാനി പ്രാഗഗ്രാണീതി.

മലയാളം ഭാഷ്യം

മുകളിൽ .അഗ്രഭാഗത്ത് യോനി. ആലിലപോലെ. യോനിയാണ് ഹേതു (കാരണം)മേഖലയുടെ മുകളിൽ മദ്ധ്യഭാഗത്ത് ഹേതുവിന്റെ അഗ്രഭാ ഗത്ത് (അറ്റം)ആലിലപോലെ (ആലിലരൂപം)വരക്കുന്നു, നിർമ്മിക്കുന്നു. ഇത് സോമശംഭുവും പറഞ്ഞിട്ടുണ്ട്. ഹോതാവ് വേദിയുടെ പിന്നിൽ കിഴക്കോട്ടോ വടക്കോട്ടോ മുഖമായിട്ട് ഇരിക്കുന്നു. അതായത് ഒന്നു കിൽ പശ്ചിമമേഖലയിലോ അല്ലെങ്കില് ദക്ഷിണമേഖലയിലോ ആണ് യോനി സ്ഥാപിക്കേണ്ടത്. ഇന്ത്യാഉപഭൂഖണ്ഡത്തെ സംബന്ധിച്ച് മുഴു വനായെടുത്താൽ ദക്ഷിണേന്ത്യയും കേരള കർണ്ണാടകതീരവുമാണ് യോനീ സ്ഥാപനസ്ഥലം.(ജനതയുടെ ഉത്ഭവസ്ഥാനം).മുന്നിലെ അഗ്നി , (സൂര്യ സ്ഥാനം) യാമ്യകുണ്ഡത്തിലുളളത് കിഴക്കോട്ടഭിമുഖമായ യോനിയാണ്.മറ്റദിക്കുകൾ അതനുസരിച്ച് വ്യവ സ്ഥപ്പെട്ടുത്തുന്നു. ത്രൈലോക്യസാരത്തിൽ തെക്കും കിഴക്കുമുള്ളത് യാമ്യം. പടിഞ്ഞാറും വടക്കും ജലസ്ഥം. ഒമ്പതാം കുണ്ഡത്തിന്റെ യോനി അക്ഷജലത്തിലാണ്. (ആഗ്നേയ,വാരുണീ,നൈരൃതി,വായവ്യ,ഉത്തര,ഈശാനാദി നിർണ്ണയിക്കു ക) ഇന്ദ്ര,അഗ്നി,യമാദി ദേവതമാർ ഈ യോനികൾക്ക് വാസ്തുവിദഗ്ദ്ധര് നിശ്ചയിച്ചിട്ടുണ്ട്. സിദ്ധാന്തശേഖരം ,ക്രിയാ സാരം,സോമശംഭു ഇവ രിൽനിന്നെല്ലാം ഉദ്ധരിച്ച് ഇത് തെളിയിക്കുന്നു. 8 ദിശകഴിഞ്ഞ് ഒമ്പതാമത്തെ (നവമം)കുണ്ഡം ഉത്തരാഗ്രവും അതിന്റെ മറുവശം ദക്ഷിണഭാഗത്ത് കുണ്ഡമുളള അക്ഷവുമാണ്. അഞ്ച് കുണ്ഡങ്ങളിൽ അഗ്രഭാഗത്തു ള്ളത് എന്ന് പഞ്ചകുണ്ഡപക്ഷമുളളവരും പറയുന്നു.

75. മുഷ്ട്യരത്ന്യേകഹസ്താനാം കുണ്ഡാനാം യോനിരീരിതാ ഷഡ്ചതുർദ്ധ്യംഗുലായാമവിസ്താരോന്നതിയുതോ

<u>**സംസ്കൃതഭാഷ്യം**</u>

തസ്യാഃപ്രമാണമാഹ മുഷ്ടീതി. ഏകഹസ്തപ്രകൃതികത്വാത് സർവ്വകുണ്ഡാനാം ചതുഃഷഡ്ദ്വാദശാംശൈരായാമവിസ്താരോന്നതിയുക്താ സർവ്വത്ര യോനിഃകാര്യാ. തദുക്തം തന്ത്രാന്തരേ- ത്ഥര്യഷഷ്ഠദ്വാദശാംശൈർയോനിഃകുണ്ഡായതേർഭവേത്

ആയതാ വിസ്തൃതാ തുംഗാ ജിനാംശേനതദഗ്രകം ഇതി. ക്രിയാസാരേ- തത് ഷഡംഗുലമായാമംവിസ്താരം ചതുരംഗുലം ഇതി. ഇദന്തു ഏകമേഖലാപക്ഷേ.അന്യേത്വന്യഥാ വർണ്ണയന്തി. ഷഡ്ചതുർത്ഥ്യംഗുലായാമേതി .അഷ്ടാംഗുലവിസ്താരാ.ദ്വംഗുലോച്ഛ്രിതിരിതി. തദുക്തം സ്വായംഭുവേ- മേഖലാമദ്ധ്യതോ യോനിഃകുണ്ഡാർദ്ധംശ്യശവിസ്തൃതാ ഇതി. സിദ്ധാന്തശേഖരേƒപി- ദീർഘാർക്കപർവ്വഭിർയോനിർവിസ്താരേണാƒഷ്ടകാംഗുലാംഇതി. ദ്വാദശോംശോച്ഛ്രിതാം കുര്യാത് കിഞ്ചിത് കുംഭനിവേശിനീം ഇതി ക്വചിദേകാംഗുലോƒപി ഉച്ഛ്രായ ഉക്തഃ യന്നാരദീയേ- കുണ്ഡത്രിംശേന വിസ്താരോ യോനിരുച്ഛ്രായതോംƒഗുലാഃകുണ്ഡാർദ്ധേനതു ദീർഘസ്യാത് ഇതി. ത്രൈലോക്യസാരേƒപി- ദൈർഘ്യാത്സൂര്യാംഗുലായോനി ഹസ്ത്യംശോനാ വിസ്തരണാ തു ഏകാംഗുലോച്ഛ്രിതാ സാ തു ഇതി. പിംഗലാമതേƒപി-വിസ്താരോഷ്ടാംഗുലാ യോനിരുച്ഛ്രായോംഗുലസമ്മിതാഃഇതി. അന്യത്രാപി-ഉത്സേധമംഗുലം ഇതി. തേന ദ്വംഗുലോച്ഛ്രായൈ അംഗുലോച്ഛ്രായയോർവികൽപ്പഃഅഷ്ടാംഗുലോ വിസ്താരസ്ത്വാദി ഭാഗേ .അഗ്രേ സങ്കുചിത്വാത് അശ്വത്ഥപത്രവദിത്യുക്തേഃ യോനിമദ്ധ്യേ കിഞ്ചിൻ നിമ്നം കാര്യം. തദുക്തം ത്രൈലോക്യസാരേ മദ്ധ്യേത്യാജ്യ ധൃതിസ്ഥഥാ ഇതി. സാമ്പ്രദായികാ അപി ഏതാദൃശീമേവ യോനിം മന്യന്തേ. അന്യേ തു ഷഡ്ചതുർദ്ധ്യംഗുലേതി സമുച്ഛ്രിതമായാമാദിഷു സംപദ്യതേ തേന ദ്വാദശാംഗുലവിസ്താരാ ദ്വാദശാംഗുലദീർഘാ ദ്വാദശാംഗുലോച്ഛ്രായാ യോനിഃകാര്യേത്യാഹുഃതദുക്തം പഞ്ചരാത്രേ- ഏകാംഗുലോച്ഛ്രായാം യോനിം വിദദ്ധ്യത്താവദായതാം ഇതി. അന്യത്രാപി –ദ്വാദശസ്വരരൂപത്വാത് യോനിഃ സ്യാദ് ദ്വാദശാംഗുലാ ഉത്സേധായാമതസ്തുല്യാ ഇതി. ഏതത് പക്ഷദ്വയ്യി യഥാ സ്വഗുരു സമ്പ്രദായമൂഹനീയം. ഇദന്തുക്തപ്രമാണം ത്രിമേഖലാപക്ഷേ.യദാ ദ്വാദശാംഗുലമേഖലാപക്ഷസ്തന്മതേ യോനിരുക്താഃ പ്രയോഗസാരേ- സാത്വികീമേഖലാപൂർവ്വാ വിസ്തൃത്യാദ്വാദശാംഗുലാ ദ്വിതീയാരാജസീപ്രോക്താ മേഖലാƒഷ്ടാംഗുലൈസ്തതഃ തൃതീയാമേഖലാഖ്യാതാ താമസീചതുരംഗുലാ പൃഥകിസ്താരമേതസ്യ ചതുരംഗുലമാനതഃ സ്ഥിതാം പ്രതീച്യാ മായാമേ സമ്യക് പഞ്ചദശാംഗുലാം ദ്വിപഞ്ചാംഗുലവിസ്താരാം ഷഡ്ചതുർദ്വംഗുലാംക്രമാത് വ്യക്താശ്വത്ഥദലാകാരാം നിമ്നാം കുണ്ഡേ നിവേശിതാം ത്രയോദശാംഗുലോത്സേധാം യോനിം കുണ്ഡസ്യകാരയേത്. ഇതി പ്രതീച്യാമിതി ഏകകുണ്ഡപക്ഷാനുസാരേ

ണേതി ജ്ഞേയം.

മലയാളഭാഷ്യം

മുഷ്ടിയാണ് അതിന്റെ പ്രമാണം.ഒരുഹസ്തം പ്രകൃതി .അതനുസരിച്ച് എല്ലാ കുണ്ഡങ്ങൾക്കും 4, 6, 12 മുതലായ വിസ്താരത്തോട്ടുകൂടിയുള്ള യോനി നിർമ്മിക്കുക. 6. 12 എന്നീ അംശങ്ങളുള്ള യോനി കുണ്ഡമാ യി ഭവിക്കുന്നു എന്ന് തന്ത്രാന്തരം.ക്രിയാസാരത്തിൽ ഏകമേഖലാപ ക്ഷത്തില് 6, 4 അംഗുലമുള്ള ആയതചതുരശ്രം വിസ്താരം ഇങ്ങനെയാ ണ്. .

6, 4	6, 12	6, 2	8, 2
24	72	12	16

സ്വായംഭുവത്തിൽ മേഖലാമദ്ധ്യത്തിലുള്ള യോനി കുണ്ഡത്തിന്റെ പകുതി വിസ്തൃതമാണ്. സിദ്ധാന്തശേഖരത്തിൽ നീളം 12 x 2 = 24 ഉയരം 8 x 2 = 16 ആണ് പറയുന്നത്. പ്രയോഗസാരത്തിൽ 12 അംഗുലം x 3 = 36 ഉയരം 12 അംഗുലം. നാരദീയത്തിൽ കുണ്ഡത്തിന്റെ 1/3 ഭാഗം യോനിവിസ്താരം. ½ ഭാഗം നീളം. ത്രൈലോക്യസാരത്തില് നീളം സൂര്യാംഗുലം = 12 ആണ് യോനിക്ക്. 1 അംഗുലംഉച്ചം / ഉയരം .12X3 = വിസ്താരം. പിംഗലാമതത്തില് 8 അംഗുലം വിസ്താരം 2 അംഗുലം ഉയരം. 8 അംഗുലവിസ്താരമുള്ളത് ഒരറ്റം സങ്കോചിച്ചുവരുന്നു. അതാണ് ആലിലയുടെ രൂപമെന്നു പറഞ്ഞത്. യോനിമദ്ധ്യം കുഴിഞ്ഞിരിക്കയാലാണ് ആലിലരൂപം. സാമ്പ്രദായികമായി ഇതാണ് യോനി എന്നറിയുന്നത്. 6, 4, 12 അംഗുലം വിസ്താരം. 12 അംഗുലം നീളം 12 അംഗുലം ഉയരം. ഇങ്ങനെയുള്ളതും പറയപ്പെട്ടിരിക്കുന്നു. 12 സ്വര രൂപമുള്ളത് യോനി. അതിനാലാണ് 12 അംഗുലം ഉയരം. 1 അംഗുലം ഒരു സ്വരസ്ഥാനം എന്നാണ് കണക്ക്. (സംഗീതത്തിലെ) സ്വഗുരുസമ്പ്രദായപ്പടി ശിഷ്യനും ഈ അനുപാതം ഗ്രഹിക്കുന്നു. പ്രയോഗസാരത്തിൽ 12 അംഗുലം വിസ്താരമുള്ള മേഖല സാത്വികി. 8 അംഗുലമുള്ളത് രാജസി. 4 അംഗുലമുള്ളത് താമസി. 4 അംഗുലമുള്ളത് പടിഞ്ഞാറുനിന്നു തുടങ്ങി 15 അംഗുലം സമ്യക്ക് വിസ്താരം.25 അംഗുലം 64 എന്ന് ക്രമത്തില് വർദ്ധിക്കുന്നു. അശ്വത്ഥപത്രാകൃതിയിൽ വ്യക്തമായി താഴ്ന്ന യോനിയോടുകൂടി കാണപ്പെടുന്നു. ഈ പ്രതീചി(പടിഞ്ഞാറേ) രീതി ഒരു കുണ്ഡമെന്ന പക്ഷാനിസാരേണ (ഏകകുണ്ഡപക്ഷം) ഉള്ളതാണ്.

76. ഏകാംഗുലന്തു യോന്യഗ്രം കുര്യാദീഷദധോമുഖം
ഏകൈകാംഗുലതോ യോനിം കുണ്ഡേഷ്വന്യേഷു വർദ്ധയേത്.

സംസ്കൃതഭാഷ്യം.

ഏകാംഗുലമിതി. ഏതേന ചതുർവിംശാംശേന സർവ്വത്ര യോന്യഗ്രമപി ഈഷദധോമുഖം കുണ്ഡപ്രവിഷ്ടം കുര്യാദിത്യുക്തം .തദുക്തം നാരദീയേ കുണ്ഡൌഷ്ഠൌ ബോധിപത്രവത് ഇതി. ഓഷ്ഠോ യോന്യഗ്രം കുണ്ഡപ്രവിഷ്ടേഗ്രേത്യർത്ഥഃ ത്രൈലോക്യസാരേƒപി- പ്രവിഷ്ടാഭ്യന്തരേ തഥാ കുംഭദ്വയസമായുക്താ ചാശ്വത്ഥദലവന്മതാ ഇതി. വായവീയസംഹിതായാമപി- മേഖലാ മദ്ധ്യതഃകുര്യാത് പശ്ചിമേ ദക്ഷിണേƒപി വാ ശോഭനാമഗ്രതഃകിഞ്ചിന്നിമ്നാമുന്നലികാംശനൈഃ അഗ്രേണ കുണ്ഡാഭിമുഖീം കിഞ്ചിദുദ്സൃഷ്ടമേഖലാം ഇതി. അത്ര ഗ്രന്ഥഗൌരവഭയാദ്ദശഹസ്തകുണ്ഡാന്തം പ്രത്യേകം യോനിതദഗ്രാ ദീനാം മാനം നോക്തം. തഥാപി കിഞ്ചിദുച്യതേ. ആയാമഃസ(ത്രാ)ർദ്ധവില്ലത്യാഷഷ്ഠാം(സത്യ)ശേനാഥവിസ്തൃതിഃ
വിസ്താരാർദ്ദാദുന്നത്യർദ്ധാത്തദഗ്രകം
ഏകൈകാംഗുലതോയോനിം കുണ്ഡഷ്വന്യേഷു വർദ്ധയേത്
യവദ്വയക്രമേണൈവ യോന്യഗ്രമപി വർദ്ധയേത്.
ഇതി ഉഗണിതപട്ടൻ പ്രതിസ്ഥലമാനേനോക്തം. ന തു സമ്യക് ഗണനാഭിപ്രായമിതി.

മലയാളഭാഷ്യം

യോനിയുടെ അഗ്രം 1 അംഗുലമായി താഴേക്കുമുഖമായി ഉണ്ടാക്കുക. ഓരോരോ അംഗുലം വെച്ച് വർദ്ധിച്ചുകൊണ്ടു വരിക. 2 യവം എന്ന ക്രമത്തില് യോന്യഗ്രം വർദ്ധിച്ചുവരിക. 1 = 24 അംശം എന്ന കണക്കിലുള്ള താഴോട്ടഭിമുഖമാ4യ യോന്യഗ്രം പറയുന്നു. നാരദീയം കുണ്ഡത്തിന്റെ ഓഷ്ഠം(ചുണ്ട്) ബോധിപത്രംപോലെ എന്നുപറയുന്നു.ഓഷ്ഠം യോന്യഗ്രമാണ്. ത്രൈലോക്യസാരത്തില് 2 കുംഭത്തോടുകൂടിയ ആലിലയുടെ ആകൃതിയിലെന്നു പറയുന്നു .വായവീയസംഹിതയിൽ മേഖലാമദ്ധ്യത്തില് പശ്ചിമഭാഗത്തോ ദക്ഷിണഭാഗത്തോ ആയി ,ശോഭനമായ അഗ്രം കുണ്ഡത്തെ അഭിമുഖീകരിച്ചുകൊണ്ട് നിർമ്മിക്കാനാണ് പറയുന്നത്. നിയമം ഇങ്ങനെ- വിസ്താരത്തിന്റെ ½ ഉയരം .ഉയരത്തിന്റെ ½ അഗ്രം. ഓരോ

രോ അംഗുലമായി യോനിയും കുണ്ഡവും പരസ്പരം വർദ്ധിച്ചുവരുന്നു. അപ്പോൾ 2 യവം ക്രമത്തില് യോന്യഗ്രം വർദ്ധിക്കും.

1=X വിസ്താരം ½ X ഉയരം 1/4X അഗ്രം എങ്കില്

2X വിസ്താരത്തിന് 1X ഉയരം = ½ X അഗ്രം

3X= വിസ്താരത്തിന് 1.5 Xഉയരം = 0.75 X അഗ്രം ഇപ്രകാരം

77. . സ്ഥലാദാരഭ്യനാലം സ്യാദ് യോന്യാമദ്ധ്യേ സരന്ധ്രകം നാർപ്പയേത് കുണ്ഡകോണേഷു യോനിം താം തന്ത്രവിത്തമഃ

സംസ്കൃതഭാഷ്യം

നാലമാഹ സ്ഥലാദിതി. സ്ഥലാദാരഭ്യയോന്യാ നാലംസ്യാദ്. സ്ഥലാദാ രഭ്യേത്യനേന ബാഹ്യമേഖലാസന്ദ ഷ്ടാം വേദിം കൃത്വാ തദുപരി നാലം സ്ഥാപയേദിത്യർത്ഥഃ കഥം മദ്ധ്യേ സരന്ധ്രകം യഥാ ഭവതി തഥാ മദ്ധ്യേ മദ്ധ്യമേഖലോപരി പരിധിപരിസ്തരണാർത്ഥം രന്ധ്രം വിധായ അന്യോ മദ്ധ്യഭാഗഃപൂരണീയഇത്യർത്ഥഃ തദു ക്തം പഞ്ചരാത്രേ- സ്ഥലാദാരഭ്യയോനിഃസ്യാർദ്ദാഹ്യമേഖലയാസമാ. ഇതി. യസ്തുമദ്ധ്യേ സരന്ധ്രകമിതി. നാലവിശേശണമിത്യവദത് സ ഭ്രാന്ത ഏവ.യതഃസരന്ധ്രകസ്യൈവ നാലശബ്ദവാച്യത്വാത്. തസ്യ സര ന്ധ്രകയതേ തസ്യാട്ടഷ്ടാർത്ഥാപത്തേശ്ച ന ച നാലാർദ്ധ്യാഹ്യേപരിദ്ധ്യാദീസ്ഥാപന മിതി. വാച്യം. ദൃഷ്ടേനാ ദൃഷ്ടബാധായോഗാത് പരിധിപരിസ്തരണ സ്ഥലാഭാവാച്ച. പ്രയോഗസാരേ തു- യോന്യാപശ്ചിമതോ നാലമായാമേ ചതുരംഗുലം ത്രിമ്യേകാംഗുലവിസ്താരം ക്രമാന്നൂനാഗ്രമിഷ്യതേ ഇതി.

മലയാളം ഭാഷ്യം

സ്ഥലത്തിൽ തുടങ്ങി നാലം വരെ യോനിമദ്ധ്യത്തില് രന്ധ്രത്തോടുകൂടി. സ്ഥലത്തിൽനിന്നു തുടങ്ങി അതിന്നു പുറത്തെ മേഖലയിൽ ലഗ്നം നാലം (നാളം) കർത്തവ്യം. 4 അംഗുലവിസ്താരത്തില് ബാഹ്യമേഖലയായി വേദി. അതിന്നുപരി നാളം സ്ഥാപിക്കുക. മദ്ധ്യത്തിൽ എപ്രകാരം രന്ധ്രം ഉണ്ടോ അതേപോലെ മദ്ധ്യമേഖലമേല് പരിധി നിശ്ചയിക്കാനായി രന്ധ്രം ഉണ്ടാക്കി അവയെ പൂരിപ്പിക്കണം പഞ്ചരാത്രത്തില് ബാഹ്യമേഖലയോടു കൂടിയ നിർമ്മിതി പറയുന്നു. നാലം എന്ന ശബ്ദം നാളമാണ് അഥവാ സരന്ധ്രകമാണ്. യോനിമദ്ധ്യത്തിൽ നാളം (രന്ധ്രം) വേണം. ഈ നാളം വെച്ചാണ് പരിധിനിർണ്ണയം. പുഴ, തോട് മുതലായ ജലസ്രോതസ്സുകൾ സ്ഥലത്തിനു മദ്ധ്യത്താലായി ഉണ്ടാവണം. നാളത്തെ അഥവാ പുഴകളെ അതിർത്തി അഥവാ പരിധിയായി നിശ്ചയിക്കാറുണ്ട്. . പ്രയോഗസാരത്തിൽ യോനിയുടെ പടിഞ്ഞാറുഭാഗത്തെ നാലം ചതുരംഗുലം .അത് ക്രമേണ ഓരോ അംഗുലം കുറഞ്ഞുവന്നതാണ് അഗ്രം. (ജ്യോതിശ്ശാസ്ത്രത്തിലിത് 4 അംഗുലം യാമമായി എടുക്കും)

78. കുണ്ഡാനാം കൽപയേതന്തർന്നാഭിമംബുജസന്നിഭം തത്തത് കുണ്ഡാനുരൂപം വാ മാനമസ്യ നിഗദ്യതേ

79. മുഷ്ട്യരത്ന്യേകഹസ്താനാം നാഭി തത് സേധതാമതഃ ദ്വിത്രിവേദാംഗുലോപേതാ കുണ്ഡേഷ്വന്യേഷു വർദ്ധയേത്

80. യവദ്വയക്രമേണൈവ നാഭിം പൃഥഗുദാരധീഃ യോനികുണ്ഡേ യോനിമബ്ജകുണ്ഡേ നാഭിം വിവർജ്ജയേത്

81. നാഭിക്ഷേത്രം ത്രിധാഭിത്വാ മദ്ധ്യേ കുർവന്തി കർണ്ണികാം ബഹിരംഗദ്വയേനാഷ്ടൌ പത്രാണി പരികൽപയേത്.

സംസ്കൃതഭാഷ്യം

നാഭിമാഹ കുണ്ഡാനാമിതി. കുണ്ഡാനാമന്തർനാഭിം കൽപയേത്. കുണ്ഡാകാരം പത്മാകാരം വാ നാഭിം കൃത്വാ ഖാതമദ്ധ്യേ സ്ഥാപയേദിത്യർത്ഥഃ ആതപോ ക്ഷത്രിയേ നാഭിഃപ്രാണ്യംƒഗേപിദ്വയോഃ ഇതി നാഭിശ ബ്ദപല്ലിംഗോƒപ്യസ്തി. ഉത്സേധതാരതഃ ഉച്ചത്വവിസ്താരാ ഭ്യാം. അത്രാപി പ്രാഗ്വദേകഹസ്തന്യസർവ്വ കുണ്ഡേ പ്രകൃതിഭൂതത്വാത് കുണ്ഡവിസ്താരഷഷ്ഠാംശേന വിസ്തൃതാതദർദ്ധോച്ചാ ഇത്യുക്തം ഭവതി. അംബുജസാദൃശ്യ മേവാഹ നാഭിരിതി. കുർവീതേതി അംശേ നേതി ശേഷഃഉക്തഞ്ച നാരായണീയേ. പാർശ്വേ യാഗഭുവഃഖാതേ കുണ്ഡേ സന്നാഭിമേഖലാ.ഇതി.

മലയാളഭാഷ്യം

കുണ്ഡത്തിനകത്ത് താമരപ്പൂപോലെ (ആകൃതി)നാഭി സങ്കൽപിക്കുക. അതാതു കുണ്ഡത്തിനനുരൂപമായിരി ക്കണം താമരപ്പൂവിന്റെ അളവ്. മുഷ്ടി(അരത്നി) ഏകഹസ്തം നാഭി. 2, 3, 4 അംഗുലം വെച്ച് കുണ്ഡം വർദ്ധിക്ക

ന്നു. യവദ്വയക്രമത്തിൽ നാഭി വർദ്ധിപ്പിക്കാം. യോനികുണ്ഡത്തില് യോനി സ്ഥാപിക്കരുത്. അബ്ജകുണ്ഡത്തിൽ നാഭിയും പാടില്ല. നാഭികേന്ദ്രത്തെ 3 കൊണ്ടു ഹരിച്ച് അതിന്റെ മദ്ധ്യത്തിൽ കർണ്ണിക. പുറത്ത് 2 അംശത്തിൽ 8 ദളം കൽപ്പിക്കുക(അഷ്ടദളപത്മം) നാഭി കുണ്ഡത്തിന്റെ നാഭിയാണ്. കുണ്ഡത്തിന്റെ അകത്ത് നാഭി. കുണ്ഡത്തിന്റെ സ്വരൂപം പത്മമാണ്. അതിന്റെ മദ്ധ്യത്തിലാണ് നാഭിസ്ഥാപനം. നാഭിശബ്ദം പുന്നിംഗവും യോനിശബ്ദം സ്ത്രീലിംഗവുമാണ്. ഒരു ഹസ്തമെന്നത് എല്ലാവിധകുണ്ഡത്തിനും പ്രകൃതിഭൂതത്വമാണ്. (യൂണിറ്റ്) കുണ്ഡവിസ്താരത്തിന്റെ ആറിലൊന്നുഭാഗം അതിന്റെ പകുതി എന്നിങ്ങനെയും എടുക്കാം. നാഭിക്ക് താമരപ്പൂവിനോടു സാമ്യം. നാരായണീയതന്ത്രത്തില് പാർശ്വത്തില് യാഗഭൂമിയില് നാഭിമേഖലയോടുകൂടിയ കുണ്ഡം കുഴിക്കുക എന്നു കാണാം.

82. മുഷ്ടിമാത്രമിതം കുണ്ഡം ശതാർദ്ധേസംപ്രചക്ഷതേ
ശതഹോമേരത്നിമാത്രം ഹസ്തമാത്രം സഹസ്രകേ

83. ദ്വിഹസ്തമയുതേ ലക്ഷേ ചതുർഹസ്തമുദീരിതം
ദശലക്ഷേതു ഷഡ്ഹസ്തം കോട്യാമഷ്ടകരം സ്മൃതം

സംസ്കൃതഭാഷ്യം

ഉക്തേ മുഷ്ട്യാദികുണ്ഡാനാം വിനിയോഗമാഹ മുഷ്ടീത്യാദി കോട്യാമഷ്ടകരമിത്യന്തേന. ശതഹോമേ അരത്നിമാത്രം ഇതിഛേദഃതദുക്തം- മുഷ്ടിമാനം ശതാർദ്ധേ തു ശതേ ചാരത്നിമാത്രകം ഇതി. സംഹിതായാന്തു - കുണ്ഡശ്ച കോടിഹോമേƒപി തദർദ്ധേƒപി കരാഷ്ടകം ഇതി.

മലയാളം ഭാഷ്യം

ഒരുമുഷ്ടി അളവുള്ള കുണ്ഡം 100/ 2= 50എന്നു കണക്കാക്കുന്നു. ശത ഹോമത്തിൽ അരത്നിയാണ് മാത്ര. സഹസ്രഹോമത്തിൽ ഹസ്തമാണ് മാത്ര. 2 ഹസ്തം അയുതത്തിനും 4 ഹസ്തം ലക്ഷഹോമത്തിനും 6 ഹസ്തം ദശലക്ഷത്തിനും 8 ഹസ്തം കോടിക്കും ഉള്ളതാണ്. കുണ്ഡത്തിന്റെ അളവനുസരിച്ചാണ് അതിനെ ഉപയോഗിക്കുന്നത് .അഥവാ ഉപയോഗമനുസരിച്ചാണ് അളവ് നിശ്ചയിക്കുന്നത്.

84. ഏകഹസ്തമിതം കുണ്ഡം ഏകലക്ഷേ വിധീയതേ
ലക്ഷാണാം ദശകം യാവത്താവദ്വസ്ത്നേന വർദ്ധയേത്

സംസ്കൃതഭാഷ്യം

പക്ഷാന്തരമാഹ ഏകേതി. ഇദന്തു പുഷ്പാജ്യാധ്യൽപ്പദ്രവ്യവിഷയം ഏകകർതൃകവിഷയം വാ ജ്ഞേയം. കോട്യാമഷ്ടകരമിത്യനേന വികൽപോ ദശഹസ്തമിത്യസ്യ.സിദ്ധാന്തശേഖരേ തു വിശേഷഃ ലക്ഷാർദ്ധേത്രികരം കുണ്ഡം ലക്ഷഹോമേ ചതുഷ്കരം കുണ്ഡം പഞ്ചകരം പ്രോക്തം ദശലക്ഷാഹുതൌ ക്രമാത് ഷഡ്ഹസ്തം ലക്ഷവിംശത്യാം കോട്യർദ്ധം സപ്തഹസ്തകം ഇതി. അന്യത്രാപി-കേചിദ്വസ്തം ലക്ഷഹോമേദ്വിഹസ്തം ലക്ഷദ്വന്ദേ വഹ്നിലക്ഷം ത്രിലക്ഷേ ഹോമേ കുണ്ഡം വേദലക്ഷേƒബ്ധിഹസ്തം പ്രാഹുർദോഷാം പഞ്ചകം പഞ്ചലക്ഷേ രസഹസ്തം രസലക്ഷേ സപ്തകരം സപ്തലക്ഷേ സ്യാദ് വസുലക്ഷേ വസുഹസ്തം ദശകരമേവേഹ കോടിഹോമേƒപി ദശഹസ്താന്നഹികുണ്ഡം പരമസ്തി മഹീതലേƒമുഷ്മിൻ ഇതി.

മലയാളംഭാഷ്യം

ഒരുലക്ഷത്തിന് ഒരുഹസ്തം എന്ന അളവിൽ നിർമ്മിക്കാം. 10 ല ക്ഷമെങ്കില് അതനുസരിച്ച് 10 ഹസ്തമെന്ന് വർദ്ധിപ്പിക്കണം. ഇത് മുമ്പുപറഞ്ഞതിൽനിന്ന് വ്യത്യസ്തമായ പക്ഷാന്തരമാണ്. പുഷ്പം, ആജ്യം മുതലായ അൽപദ്രവ്യങ്ങള് കൊണ്ട് ഒറ്റ വ്യക്തി ചെയ്യുന്ന ഹോമത്തിന് 5 കരം വരെ മാത്രമേ വലിപ്പം വേണ്ടൂ. കോടിക്ക് അഷ്ടകരമെന്നത് അപ്പോൾ ദശഹസ്തം എന്നുപറഞ്ഞാല് വികൽപമായിത്തീരും. സിദ്ധാന്തശേഖരം പറയുന്നത് ലക്ഷത്തിന്റെ പകുതി (50000) ക്ക് 3 കരം കുണ്ഡം. ലക്ഷഹോമത്തിന് 4 കരം. 10 ലക്ഷത്തിന് 5 കരം. 20 ലക്ഷത്തിന് 6 കരം. ½ കോടിക്ക് 7 കരം(ഹസ്തം)മറ്റുഗ്രന്ഥങ്ങളിലും ലക്ഷത്തിന് 1 2 ലക്ഷത്തിന് 2 -3-4-5 എന്നിങ്ങനെ കൂട്ടിക്കൊണ്ടുവന്ന് 6, 7, 8, 9, 10 വരെ ആകാമെന്നാണ്. 10ൽ അധികമായ അളവില് കുണ്ഡം ഭൂമിയില് ആവശ്യമില്ല എന്നും പറഞ്ഞിരിക്കുന്നു.

85. സർവ്വസിദ്ധികരം കുണ്ഡം ചതുരസ്രമുദാഹൃതം
പുത്രപ്രദം യോനികുണ്ഡമർദ്ധേന്ദ്വാഭം ശുഭപ്രദം

86. ശത്രുക്ഷയകരം ത്ര്യസ്രം വർത്തുലം ശാന്തികർമ്മണി
ഛേദമാരണയോഃകുണ്ഡം ഷഡസ്രം പത്മസന്നിഭം

87. വൃഷ്ടിദം രോഗശമനം കുണ്ഡമഷ്ടാസ്ത്രമീരിതം
വിപ്രാണാം ചതുരസ്രം സ്യാദ്രാജ്ഞാം വർത്തുലമിഷ്യതേ

88. വൈശ്യാനാമർദ്ധചന്ദ്രാഭം ശൂദ്രാണാം ത്ര്യസ്രമീരിതം
ചതുരസ്രന്തു സർവ്വേഷാം കേചിദിഛന്തി താന്ത്രികാഃ
കുണ്ഡരൂപന്തു ജാനീയാത് പരമം പ്രകൃതേർവപുഃ

89. പ്രാച്യാം ശിരഃസമാഖ്യാതം ബാഹുദക്ഷിണസൌമ്യയോ ഉദരം കുണ്ഡമിത്യുക്തം യോനിഃപാദൌ തു പശ്ചിമേ

<u>സംസ്കൃതഭാഷ്യം</u>

അഥ കുണ്ഡാനാം ഫലവിശേഷാനാഹ സർവ്വേതി.ഛേദഃഉഛേദഃഉച്ചാടനമിതി യാവത്. അയഞ്ച ഫലവിശേഷഃ പൂർവ്വോക്തതത്തദ്ദിശി കുണ്ഡകരണഏവ ജ്ഞേയഃ തദുക്തം കാമികേ- ഐന്ദ്ര്യാം സ്തംഭേ ചതുഷ്കോണമഗ്നൌ ഭാഗേഭഗാകൃതി ചന്ദ്രാർദ്ധം മാരണേ യാമ്യേ ദ്വേഷേ നിരൃതികോണകം വാരുണ്യാം ശാന്തികേ വൃത്തം ഷഡ്സ്യുച്ചാടനേƒനിലേ ഉദീച്യാം പൌഷ്ടികേ പത്മം രൌദ്ര്യാം അഷ്ടാസ്രിമുക്തികം ഇതി. പിംഗലാമതേƒപി- കുണ്ഡംകുശേശയാകാരം ഉത്തരേവശ്യകർമ്മണി ഷഡ്സ്യുച്ചാടനേ വായാവർദ്ധേന്ദുമാരണേ യമേ വേദാസ്രം സ്തംഭനേ പ്രാച്യാമാകർഷേƒഗ്നൌ ഭഗാകൃതി വാരുണ്യാം ശാന്തികേ വൃത്തമീശേ ത്വഷ്ടാസ്രിമുക്തിദം ഇതി സിദ്ധാന്തശേഖരേƒപി- യോന്യാഖ്യമുച്യതേകുണ്ഡമാഗ്നേയമുത്തരാമുഖം പ്രജാവൃദ്ധൌ ച താപേസ്യാദർദ്ധചന്ദ്രമഥോച്യതേ യാമ്യേ തന്മാരണേശസ്തമുത്തരാഭിമുഖം സദാ നൈരൃതേ ത്ര്യസ്രികുണ്ഡം സ്യാദ് വിദ്വേഷേപൂർവ്വവക്ത്രകം വൃത്തംകുണ്ഡമതോ വക്ഷ്യേ വാരുണ്യാം ശാന്തികേ ഹിതം ഷഡ്സ്രമുച്യതേ കുണ്ഡം വായാവുച്ചാടനേ പടുഃ പത്മകുണ്ഡമയോ വക്ഷ്യേ സൌമ്യേ തത് പുഷ്ടിവർദ്ധനം വക്ഷ്യേകുണ്ഡമഥാഷ്ടാസ്രമീശാനേ സർവ്വകാമദം ഇതി . അത്ര ദീക്ഷാംഗതയാ ക്രിയമാണയാƒഷ്ടകുണ്ഡ്യാ സംയോഗപൃഥക് ന്യായേന തത്തത് കുണ്ഡോക്തഫലസിദ്ധിരപി ജ്ഞേയാ. ക്രിയാസാരേƒപി- പൂർവ്വോക്തലക്ഷണൈരുക്തം കുണ്ഡം താലപ്രമാണകം ഉക്തം ചരാർച്ചനേ ചൈവ ന സ്ഥിരേ തു ചതുർമുഖഃ കുണ്ഡമത്രോക്തമാർഗ്ഗേണ നിർമ്മായാƒഥ സലക്ഷണം ക്ഷത്രിയോƒപി സമൃദ്ധോ വാ ശൂദ്രസ്താമ്രേണ ബന്ധയേത് തദലാഭേ ത്വിഷ്ടകാഭിഃസംബദ്ധ്യസുദൃഢം യഥാ പൂർവ്വോദിതപ്രകാരേണ മൃത്സ്ത്രയാ ലേപയേത്തഥാ താമ്രേണ ലക്ഷണോപേതം കുര്യാൻ മൃത്തികയാƒപി വാ ഏതത് കുണ്ഡം ചരാർച്ചായാം ഗൃഹ്ണീയാന്നസ്ഥിരാർച്ചനേ അത്ര ച പൂർവ്വവാക്യൈക്യവാക്യതയാ താലപ്രമാണത്വം ജ്ഞേയം. അമ്ലേനതാമ്രകംകുണ്ഡം മൃണ്മയം ഗോമയാംഭസാഃ സൌധഞ്ച സുധയാ സമ്യക്ശോധയേദമരർഷഭഃ മൃണ്മയാനാന്തുകുണ്ഡാനാം പരിതാഃസന്ധിഭിഃസഹ രക്തമൃഛാലിപിഷ്ടാഭ്യാം ഭൂഷയേദ്ദൃക്പ്രിയം യഥാ ഇതി. അത്രോക്തകുണ്ഡാനാം ന്യൂനത്വേ ആധിക്യേ അന്യഥാഭാവേ വാ ദോഷമാഹ- വിശ്വകർമ്മാഃ- ഖാതാധികേഭവേദ്രോഗീ ഹീനേധേനുധനക്ഷയഃ വക്രകുണ്ഡേ തു സന്താപോ മരണം ഛിന്നമേഖലേ മേഖലാരഹിതേ ശോകോƒഭ്യധികേവിത്തസംക്ഷയഃ ഭാര്യാവിനാശനംകുണ്ഡം പ്രോക്തം യോന്യാവിനാകൃതം അപത്യധ്വംസനംപ്രോക്തം കുണ്ഡം യത് കണ്ഠവർജ്ജിതം ഇതി. ആഗമാന്തരേƒപി-മാനാധികേഭവൻമൃത്യുർമാനഹീനേദരിദ്രതാഇത്യാദി. ക്രിയാസാരേƒപി- ന്യൂനാധികപ്രമാണം യത് കുണ്ഡം ജർജ്ജരമേഖലം

ശൃംഗാരരഹിതംയച്ച യജമാനവിനാശകൃത് ഇതി. വസിഷ്ഠസംഹിതായാമപി- അനേകദോഷദംകുണ്ഡമത്രന്യൂനാധികം യദി തസ്മാദ്സമ്യക് പരീക്ഷ്യേദ് കർത്തവ്യംശുഭമിഛതാ ഇതി.

സിദ്ധ്യാന്തശേഖരേƒ പി-മാനഹീനേമഹാവ്യാധിരധികേശത്രുവർദ്ധനം

യോനിഹീനേത്യപസ്മാരോവാഗണ്ഡഃകണ്ഠവർജ്ജിതേ ഇതി. ജയദ്രഥയാമലേƒ പി-സൂത്രാധികേസുഹൃദ്ദ്വേഷോ മാനഹീനേദരിദ്രതാ വാഗ്രോധഃ കണ്ഠഹീനേസ്യാദസിദ്ധിർന്യൂനഖാതകേ അധികേചാസുരോ ബോഗോ മാനേനാധികമേഖലേ വ്യാധയഃസംപ്രവർദ്ധന്തേ വിഭാഗേസ്യാദപസ്മൃതിഃ ഉച്ചാടഃ സ്ഫുടിതേഛിദ്രസങ്കുലേ വാച്യതാഭവേത് ഇതി അസ്യാപിക്രിയാസാരേ ആവശ്യകതോക്താ-

ദിശേശകുണ്ഡനിർമുക്തോ യോƒ നലോ ലൌകികോ ഹി സഃ തസ്മാദ് ദിശേശകുണ്ഡാനി സംഗ്രാഹ്യാണ്യുക്തലക്ഷണൈഃ കുണ്ഡമേവംവിധം ന സ്യാത് സ്ഥണ്ഡിലം വാ സമാശ്രയേത് ഇതി. കുണ്ഡം ഖാതരൂപം യോനി. പശ്ചിമതഃഇതി നിത്യാഭിപ്രായേണ ച ഗ്രന്ഥകൃദുക്തിഃ

മലയാളംഭാഷ്യം

ചതുരശ്രമായ കുണ്ഡം സർവ്വസിദ്ധികരമാണ്. യോനികുണ്ഡം പുത്രപ്രദവും അർദ്ധേന്ദുകുണ്ഡം ശുഭപ്രദവുമാണ്. ത്രികോണകുണ്ഡം ശത്രു ക്ഷയകരം,വർത്തുളകുണ്ഡം ശാന്തികർമ്മങ്ങൾക്ക്. പത്മാകൃതിയിൽ 6 അസ്ത്രമുനകളോട്ടുകൂടിയ(ഷഡ്കോണ്)കുണ്ഡം ഛേദം മാരണം മുതലായവക്കാണ്. അഷ്ടദളപത്മം ധാരാളം മഴ തരുന്നു. സർവ്വരോഗം ശമിപ്പി ക്കുന്നു. ബ്രാഹ്മണർക്ക് ചതുരശ്രവും രാജാക്കന്മാർക്ക് വർത്തുളവും കച്ച വടക്കാർക്ക് അർദ്ധചന്ദ്രാകാരവും ശൂദ്രർക്ക് ത്രികോണവും പ്രത്യേ കം പറയുന്നു. എന്നാൽ താന്ത്രികര് ചതുരശ്രമാണ് സർവ്വർക്കും ശുഭപ്രദമായ കുണ്ഡരൂപമെന്ന് അറിയുന്നു. പരമപ്രകൃതിയുടെ ശരീരമായി അതിനെ കരുതുന്നു. കിഴക്ക് തല, ദക്ഷിണസൌമ്യഭാഗങ്ങളില് ബാഹുക്കള്, പാദങ്ങൾ പടിഞ്ഞാറ് ,ഉദരം കുണ്ഡം.കുണ്ഡരൂപം കൊണ്ടുള്ള ഫലവിശേഷങ്ങൾ പറയുന്നു. ഛേദമെന്നാൽ ഉച്ചാടനമാണ്. കാമികയിൽ ഇന്ദ്രന് സ്തംഭം ,അഗ്നിക്ക് ചതുഷ്കോണം, ഭഗന് ഭഗാകൃതി,മാരണത്തിന് യാമ്യത്തിൽ അർദ്ധചന്ദ്രൻ, ദ്വേഷത്തിന് നിരൃതിയില് ത്രികോണം, ശാന്തികർമ്മത്തിന് വാരുണിയില് വൃത്തം, ഉച്ചാടനത്തിന് വായുവിൽ ഷഡ്കോൺ,കിഴക്ക് പൌഷ്ടികത്തിന് പത്മം, മുക്തിക്ക് രൌദ്രിയിൽ അഷ്ടദലപത്മം എന്നുപറയുന്നു. പിംഗലാമത ത്തിൽ ഉത്തരദിക്കില് വശ്യം,വായുകോണിൽ ഉച്ചാടനം യാമ്യത്തില് മാരണം,കിഴക്ക് സ്തംഭനം , അഗ്നികോണിൽ ആകർഷണം, പടിഞ്ഞാറ് ശാന്തികം ,ഈശാനത്തിൽ മുക്തിദം എന്നുപറയുന്നു. സിദ്ധാന്തശേഖര ത്തിൽ ആഗ്നേയം വടക്കോട്ടഭിമുഖമായ യോനി പ്രജാവൃദ്ധിക്ക്, യാമ്യത്തില് മാരണത്തിന് ,നൈരൃതിയിൽ വിദ്വേഷത്തിന്, പടിഞ്ഞാറ് ശാന്തികം,ഹിതം എന്നിവക്ക്, വായുകോണില് ഉച്ചാടനത്തിന്, സൌമ്യത്തിൽ പുഷ്ടിവർദ്ധനത്തിന് (പത്മകുണ്ഡം)ഈശാനത്തിൽ സർവ്വകാമദം (അഷ്ടദലം)എന്നുതന്നെ പറഞ്ഞിരിക്കുന്നു. ദീക്ഷാംഗത്വമായ ക്രിയകൊണ്ട് ,അഷ്ടദലപത്മം മറ്റെല്ലാ കുണ്ഡങ്ങളുടേയും സംയോഗരൂപമാണ്. അതിനാല്,അത് സർവ്വകാമപ്രദമാണ്. ക്രിയാസാരത്തില് മുമ്പറഞ്ഞപോലെ താലം പ്രമാണമായി കുണ്ഡം പറയുന്നു. ചരവസ്തുക്കളുടെ അർച്ചനയില് ഇത് പ്രയോഗിക്കുന്നു. സ്വർണ്ണം ,താമ്രം ,ഇഷ്ടിക,കളിമണ്ണ്, ലേപനംചെയ്ത മണ്ണ് ഇപ്രകാരം നാനാവസ്തുക്കളാല് അസ്ഥിരവും സ്ഥിരവുമായ അർച്ച(ബിംബം) ഉണ്ടാക്കുന്നതിന്റെ അനുപാതം പറയുന്നു.അമ്ലംകൊണ്ടാണ് താമ്രകുണ്ഡം .മൃണ്മയകുണ്ഡം ചാണകം വെള്ളം ഇവ ചേർത്തതാണ്. സൌധം സുധ അഥവാ നന്നായി പരിശോധിച്ച ചുണ്ണാമ്പുപൂശിയതാണ്. മൃണ്മയകുണ്ഡത്തിന്റെ പരിധി(ഭിത്തി) സന്ധി ഇവയിൽ ചുവന്നചായംകൊണ്ട് ലിപി വരച്ച് അലങ്കരിച്ച് കാണാന് പ്രിയം വരുത്തണം. (ഗുഹകളിൽ ആദിമനുഷ്യന് ചിത്രം വരച്ചിരുന്നതും ക്ഷേത്രങ്ങളില് മ്യൂറല്യകളും ശിൽപ്പങ്ങളും ഉണ്ടാക്കുന്നതും ഇപ്രകാരമുള്ള താന്ത്രികവിധി തന്നെയാണ്) കുണ്ഡത്തിന്റെ അളവ്വ കൂടിയാലും കുറഞ്ഞാലും ദോഷം വരും. വിശ്വകർമ്മമതം അധികമായാല് രോഗിയാവും, കുറഞ്ഞാൽ കന്നുകാലികളും ധനവും നശിക്കും (ദാരിദ്ര്യം)വക്രമായാൽ ദുഖംവരുമെന്നാണ്. മേഖല ഛിന്നമായാൽ മരണം,മേഖല ഇല്ലാഞ്ഞാൽ ശോകം. അധികമായാൽധനനാശം. യോനിയില്ലാത്ത കുണ്ഡം ഭാര്യാനാശം വരുത്തും. കണ്ഠമില്ലാത്ത കുണ്ഡം പുത്രനാശം വരുത്തും. ആഗമാന്തരത്തിൽ അധികമായാൽ മൃത്യു,മാനഹാനി,ദാരിദ്ര്യം എന്നും കാണാം. ക്രിയാസാരത്തിൽ മേഖലയില്ലാതെ ശൃംഗാരരഹിതമായി (അലങ്കാരഹീനം) ഉണ്ടാക്കിയത് യജമാനനെ നശിപ്പിക്കുമെന്നു പറയുന്നു. വസിഷ്ഠസംഹിതയിൽ കുറവും അധികവുമായ കുണ്ഡങ്ങള് അനേകം ദോഷമുണ്ടാക്കുന്നതിനാല് ശുഭമിഛരിക്ക

ന്നവർ നന്നായി പരീക്ഷിച്ച് കൃത്യഅളവില് വാസ്തുനിർമ്മിക്കണമെന്നു പറയുന്നു. സിദ്ധാന്ത ശേഖരത്തിൽ, അളവുകുറഞ്ഞാൽ മഹാവ്യാധി, കൂടിയാൽ ശത്രുവർദ്ധന, യോനി ഇല്ലാഞ്ഞാൽ അപസ്മാരം ,കണ്ഠമില്ലാഞ്ഞാൽ വാഗ്ദണ്ഡം പറയുന്നു. ജയദ്രഥയാമളത്തിൽ, അധികമായാൽ സുഹൃത്തുക്കളുമായി ദ്വേഷം, കുറഞ്ഞാൽ ദാരിദ്ര്യം,കണ്ഠമില്ലെങ്കിൽ വാക്ക്(ശബ്ദം)അടഞ്ഞുപോകൽ,കുഴി കുറവ് അളവായാൽ അസിദ്ധി, അധികമായാൽ ആസുരഭോഗം,മേഖലകൂടിയാൽ വ്യാധി, കുറഞ്ഞാൽ സ്മൃതിനാശം-ഇങ്ങനെ പറയുന്നു. ക്രിയാസാരത്തിൽ ആവശ്യകത പറയുന്നത് കുണ്ഡമില്ലാത്ത ദിക്കും ദേശവും അഗ്നി,ചൂട് കൊണ്ടുള്ള ലൌകികമാണ്. അതിനാല് പറഞ്ഞ ലക്ഷണമുള്ള ദിഗ്ദേശകുണ്ഡങ്ങൾ നിർമ്മിക്കണം. കുണ്ഡത്തിന്റെ ഖാതരൂപം(യോനി)പടിഞ്ഞാറാണ്. എന്ന നിത്യാഭിപ്രായമാണ് ഗ്രന്ഥകാരോക്തി.

90. നിത്യം നൈമിത്തികം കാമ്യം സ്ഥണ്ഡിലേ വാ സമാചരേത്
ഹസ്തമാത്രേണ തത് കുര്യാത് വാലുകാഭിഃസുശോഭനം

91. അംഗുലോത്സേധസംയുക്തം ചതുരസ്രം സമന്തതഃ
ഏവം പ്രോക്താനി കുണ്ഡാനി കഥ്യതേ സ്രുക്സ്രുവൌ തതഃ

സംസ്കൃതഭാഷ്യം

കുണ്ഡാനുകൽപമാഹ നിത്യമിതി. അംഗുലോത്സേധസംയുക്തം അംഗുലം പൂർവ്വോക്തലക്ഷണം .യദ്വാ അംഗുലാനാം ഹസ്തശാഖാനാം ചതസൃണാംയ ഉത്സേധസ്തദ്യുക്തം .യദാഹ- സ്ഥണ്ഡിലംരത്നിമാത്രായാം ചാംഗുഷ്ഠപർവ്വോന്നതമപി സുഷമം നിർമ്മിതം വാലുകാഭിശ്ചതുഷ്കോണം ദ്വംഗുലാത്ഖേധമേകേ ബുധാ ഹസ്തവിസ്താരയുക്തം തദാഹുഃഇതി. ഇദമൽപഹോമവിഷയമിതിജ്ഞേയം. തദുക്തം വസിഷ്ഠസംഹിതായാം- ഇഷ്ടമാത്രം സ്ഥണ്ഡിലം വാ സംക്ഷിപ്തേ ഹോമകർമ്മണി ഇതി. ക്രിയാസാരേതു- സ്ഥണ്ഡിലേ ദേശവിശേഷേഷ്വച്യതേ. ഹോമോƒഷ്ടദിക്ഷുപ്രാക്പ്രഹ്യഃ(പ്ലൂഷഃ)പ്രാഗുദക് പ്രവണോƒഥവ ഉദക്പ്രഹ്യഃ(പ്ലൂഷ)പ്രദേശോ വാ സ്ഥണ്ഡിലസ്യ സ്ഥലം സ്മൃതം പിംഗലമതേതു വിശേഷഃ ഹോമേ പ്രശസ്യതേ കുണ്ഡം സ്ഥണ്ഡിലം വാ ഹസന്തികാ ഇതി വായവീയസംഹിതായാ്പി- അഥാഗ്നികാര്യം വക്ഷ്യാമി കുണ്ഡേ വാ സ്ഥണ്ഡിƒലേപി വാ വേധ്യാം വാƒഥായസേ പാത്രേ മൂണ്മയേ വാ നവേ ശുഭേ ഇതി. സ്ഥണ്ഡിലം വാലുകാഭിർവാ രക്തമൃദ്രജസാ പി വാ. ഇതി ക്രിയാസാരേ വിശേഷഃഹോമേ അഗ്നിചക്രമപി വിലോകനീയം .തദുക്തമന്യത്ര- നവകോഷ്ഠംസമാലിഖ്യാƒഥേശാനിരൃതയോഃക്രമാത്
വാരീന്ദ്രൈന്ദ്രേ വായുവഹ്ന്യോർദ്ദക്ഷിണോത്തരയോന് ന്യസേത്
സൂര്യാദീൻ മദ്ധ്യകോഷ്ഠേ തു കേതും ന്യസ്യ ഫലം ദിശേത് ആദിത്യേ ച ഭവേഛോകോ ബുധേ ധനസമാഗമഃ ശുക്രസ്ഥാനേƒർത്ഥലാഭഃസ്യാത് ശനിർഹാനികരോഭവേത് ചന്ദ്രേ ലാഭം വിജാനീയാത് ഭൌമേ ച വധബന്ധനം ഗുരുഃസ്യാദർത്ഥലാഭായ രാഹുര് ഹാനികരോമതഃ കേതുനാ മൃത്യുമാപ്നോതിഹ്യഗ്നിചക്രേ സദൈവഹിത്രയംത്രയഞ്ച ഗണയേത് സൂര്യർക്ഷാദിനഭാവധി നിത്യേ നൈമിത്തികേ ദുർഗ്ഗാഹോമാദൌ ന വിചാരയേത് ഇതി ഉക്തമുപസംഹരന് വക്ഷ്യമാണമവതാരയതി ഏവമിതി. സ്ഥണ്ഡിലസ്യാപി കുണ്ഡാനുകൽപത്വേനോക്തത്വാത് കുണ്ഡാനാമേവോപസംഹാരഃകൃത ഇതി ജ്ഞേയം

മലയാളം ഭാഷ്യം

നിത്യനൈമിത്തികകാമ്യകർമ്മങ്ങളെല്ലാംസ്ഥണ്ഡിലത്തില് ആചരിക്കണം. അതിനായി സുശോഭനമായി ഹസ്തമാത്ര അനുസരിച്ച് വാലുക ഉണ്ടാക്കണം. അംഗുലം മാനമാക്കി സമചതുരമായും കുണ്ഡമായും സ്രുക്കും സ്രുവവും ഉണ്ടാക്കണം. അംഗുലലക്ഷണം നേരത്തേ പറഞ്ഞു. സ്ഥണ്ഡിലം രത്നിമാത്രം തള്ളവിരലിന്റെ പർവ്വത്തിന്റെ അളവില് ചതുഷ്കോണമായി സുഷമമായി വാലുകം ,അതിന്റെ കുഴിഞ്ഞ ഭാഗം 2 അംഗുലം. വിസ്താരം ഒരു വിദ്വാന്റെ ഹസ്തവിസ്താരം. ഇത് അൽപഹോമവിഷയമാണ്. വസിഷ്ഠസംഹിതയിലും സംക്ഷിപ്തഹോമ കർമ്മത്തിന് സ്ഥണ്ഡിലം പറയുന്നു.ക്രിയാസാരത്തിൽ സ്ഥണ്ഡിലം ദേശവിശേഷമനുസരിച്ച് വ്യത്യസ്തമാണ്. അഷ്ടദിക്കുകളിലെ ഹോമത്തിന് കിഴക്കുനിന്ന് പടിഞ്ഞാറുവരെയും തെക്കുനിന്ന് വടക്കുവരെയുമാണ് സ്ഥണ്ഡിലത്തിന്റെ സ്ഥലം. പംഗലാമതത്തിൽ സ്ഥണ്ഡിലം ,വാസന്തിക ഇവ ഹോമത്തിൽ പ്രശംസിക്കപ്പെട്ട കുണ്ഡങ്ങളാണ്. വായവീയസം ഹിതയിൽ അഗ്നികാര്യം കുണ്ഡത്തിലും സ്ഥണ്ഡിലത്തിലും പറയുന്നു . പുതിയതും ശുഭവുമായ മൺപാത്രത്തിലോ ആയസ(ലോഹ)പാത്രത്തിലോ ആവാം. സ്ഥണ്ഡിലം ,വാലുകം എന്നിവ ചുവപ്പുകലർന്ന ലോഹം (സ്വർണ്ണവും താമ്രവും) ,മണ്ണ്,വെള്ളി

ഇവകൊണ്ടുണ്ടാക്കിയാൽ സവിശേഷമാണ്. ഹോമത്തിൽ അഗ്നിചക്രമാണ് കാണേണ്ടത്. 9 കോഷ്ഠം വരക്കുക. ഈശാനം മുതൽ നിരൃതിവരെ ക്രമത്തില് വരുണ,ഐന്ദ്ര,വായു, വഹ്നി,ദക്ഷിണോത്തരങ്ങൾ ന്യാസം ചെയ്യുക. സൂര്യാദികൾ മദ്ധ്യകോഷ്ഠത്തില് . കേതു ദിശകളിൽ ആദിത്യനിലെങ്കിങ്കില് ശോകം, ബുധ നിൽ ധനലാഭം, ശുക്രനിലും ധനലാഭം, ശനിയിൽ ഹാനി, ചന്ദ്രനില് ലാഭം, ചൊവ്വയിൽ വധം, ബന്ധലം, ഗുരുവിൽ അർത്ഥലാഭം, രാഹു വിൽ ഹാനി , കേതുവിൽ മൃത്യു -അഗ്നിചക്രത്തിൽ ഇപ്രകാരം മുമ്മൂന്നായി സൂര്യർക്ഷദിനത്തില് നിന്നു ഗണിച്ച് നിത്യനൈമിത്തി കത്തില് ദുർഗ്ഗാഹോമാദികള് വിചാരണം ചെയ്തേ നടത്താവൂ.

92. പ്രകൽപയത് സ്രുചം യാഗേ വക്ഷ്യമാണേന വർത്മനാ ശ്രീപർണ്ണീശംശപാക്ഷീരശാഖിഷേകതമം(മയം)ഗുരുഃ

93. ഗൃഹീത്വാ വിഭജേദ്വസ്തമാത്രം ഷഡ്ത്രിംശതാ പുനഃ വിംശത്യംശൈർഭവേദ്ദണ്ഡോ വേദീതൈരഷ്ടദിർഭവേത്

94. ഏകാംശേനമിതഃകണ്ഠസപ്തഭാഗമിതം മുഖം വേദീത്ര്യംശേന വിസ്താരഃ കമ്ഠസ്യ പരികീർത്തിതഃ

സംസ്കൃതഭാഷ്യം

സ്രുചോ ലക്ഷണമാഹ പ്രകൽപയേദിതി. ശ്രീപർണ്ണീകാശ്മരീ. ക്ഷീരശാഖിനോ ന്യഗ്രോധാദയഃ തദുക്തം പ്രയോഗസാരേ- ന്യഗ്രോധോദുംബരാശ്വത്ഥപ്ലക്ഷാഃക്ഷീരമഹീരുഹാഃ ഇതി. വേദിത്യംശേനേതി പാദോനത്ര്യം ശൈഃകണ്ഠാന്തസ്ഥോ വിഷ്കംഭ ഇത്യർത്ഥഃ സ ച തത്പരിധ്യാനയനേന ജ്ഞേയഃ

മലയാളംഭാഷ്യം

യാഗത്തിൽസ്രുവം ഉണ്ടാക്കുന്ന വിധം. ശ്രീപർണ്ണി,ശിംശപ മുതലായ വൃക്ഷങ്ങളുടെ ക്ഷീരശാഖികൾ ഗുരു പറഞ്ഞ പ്രകാരം നേരത്തേ തെരഞ്ഞെടുക്കുന്നു. അതിനെ ആദ്യം ഹസ്തം അളവിൽ മുറിക്കുന്നു. പിന്നെ 36 ആക്കുന്നു. 20 അംശം കൊണ്ട് ദണ്ഡം. 8 അംശത്താല് വേദി. ഒരംശം കണ്ഠം. 7 ഭാഗം മുഖം. വേദിയുടെ മൂന്നിലൊന്ന് വിസ്താരം മതി, കണ്ഠത്തിന്. ശ്രീപർണ്ണി എന്നാല് കാശ്മരിവൃക്ഷം. ന്യഗ്രോധാദിവൃക്ഷങ്ങൾ. പ്രയോഗസാരത്തിൽ ന്യഗ്രോധം, ഉദുംബരം,അത്തി, പ്ലക്ഷം ഇവയാണ് ക്ഷീരമഹീരുഹങ്ങള്. (നാൽപ്പാമരം). വേദിയുടെ മൂന്നിലൊന്ന് എന്നാൽ പാദത്തിൽനിന്ന് മൂന്നിലൊന്ന് ഭാഗം കുറഞ്ഞത്. ഇതാണ് കണ്ഠത്തിന്റെ അകത്തെ വിഷ്കംഭം. ഇത് പരിധ്യാനയനം എന്ന ഗണിതപദ്ധതിയനുസരിച്ച് മനസ്സിലാക്കണം.

95. അഗ്രം കാര്യം സമാനം സ്യാന്മുഖേ മാർഗ്ഗം പ്രകൽപയേത് കനിഷ്ഠാംഗുലിമാനേന സർപ്പിഷോനിർഗ്ഗമായ ച

സംസ്കൃതഭാഷ്യം

അഗ്രമിതി.അഗ്രം മുഖം കണ്ഠസമാനം വേദീതൃതീയാംശവിസ്താരം സർവ്വേഷാം ദൈർഘ്യസ്യോക്തത്വാത്. സർപ്പിഷോ നിർഗ്ഗമായേത്യു ക്തേഃമാർഗ്ഗമിതി കണ്ഠവേദിപരിധിഭേദിനാം.തദുക്തം മന്ത്രമുക്താവല്യേ- കണ്ഠാധഃകാരയേന്മാർഗ്ഗം വിദ്വാനാജ്യസ്യ നിർഗ്ഗമേ വേധഞ്ച മുഖതഃകുര്യാത്തപ്തലോഹശലാകയാ ഇതി. വസിഷ്ഠസംഹിതായാമപി- സുഷിരംകണ്ഠദേശേസ്യാദ് വിശേദ് യാവദ് കനീയസാഃഇതി.

മലയാളം ഭാഷ്യം

അഗ്രം കണ്ഠസമാനം. മുഖത്തില് മാർഗ്ഗം(ദ്വാരം)ഉണ്ടാക്കുന്നു. (പ്രവേശ നദ്വാരം)ചെറുവിരൽപ്രമാണത്തില് നെയ്യൊഴിച്ചാൽ പുറത്തുവരണം. വേദിയുടെ മൂന്നിലൊന്നാണ് അഗ്രം. മുഖം,കണ്ഠം.ഇതിലൂടെ നെയ്യൊഴു കാനുള്ള മാർഗ്ഗം ഉണ്ടാക്കണം. ഇതിനായി ചൂടാക്കിയ (പഴുപ്പിച്ച) ലോഹസൂചികൊണ്ട് തുളഇടേണ്ട വിധം മന്ത്രമുക്താവലിയിലുണ്ട്. വസിഷ്ഠസംഹിതയിലും ചെറുവിരൽ പാകത്തില് നെയ്യ് ഒഴുകാന് കണ്ഠദേശം മുതല് സുഷിരം നിർമ്മിക്കാന് പറയുന്നു.

96. വേദിമദ്ധ്യേ വിധാതവ്യാ ഭാഗേനൈകേന കർണ്ണികാ വിദധീത ബഹിസ്തസ്യാ ഏകാംശേനാ*f*ഭിതോ*f*വടം

97. തസ്യ ഖാതം ത്രിഭിർഭാഗൈ വൃത്തമർദ്ധാംശതോഭവേത് അംശേനൈകേന പരിതോ ദലാനി പരികൽപയേത്.

സംസ്കൃതഭാഷ്യം

മേഖലാമുഖവേധ്യോഃസ്യാത് പരിതോ*f*ർദ്ധാംശമാനതഃ ഉദ്ദിഷ്ടവേധ്യാ രചനപ്രകാരമാഹ വേദീതി. കർണ്ണികാ തു ഖാതമദ്ധ്യേ ഉച്ചാ രക്ഷണീയാ.തസ്യാ കർണ്ണികായാ ബഹിഃഅഭിതഃസർവ്വതഃതേനാംശദ്വയം സംഗൃഹീതം അവടോ ഗർത്തഃ ത്രിഭിർഭാഗൈരംഗുലദ്വയേനേത്യർത്ഥഃ ബഹിരിത്യവസ്യേ പരിത ഇതി വൃത്തം പരിതഃ

തേനാംശദ്വയം സംഗൃഹീതം. മുഖവേധ്യോഃപരിതഃഅർദ്ധാംശമാനതോ മേഖലാ സ്യാദിത്യന്വയഃ തേനാർദ്ധാംശേന മുഖേƒപി മേഖലാ കാര്യാ. സാ ച വൃത്താകാരാഭവതി. തത്ര ഏകേന കർണ്ണികാ ദ്വാഭ്യാമവടഃഏകേന വൃത്തം അംശദ്വയേന ദലാനി ഏകാംശേന മേഖലാ. അർത്ഥാദർധവിഭാഗേന പരിതഃസമചതുരസ്രസീമാഘടനാകാര്യാ.തദുക്തം മന്ത്രമുക്താവല്യാം-

അർദ്ധാംഗുലാ ഭവേഛോഭാസമാവാ ചിത്രിതാപി വാ ഇതി. അത്രാംഗുലശബ്ദോƒശവാചീ. ഏവമഷ്ടാപി ഭാഗാ ഉപയുക്താ. സീമ്നഃ കോണേഷു വല്യാദിചിത്രം കാര്യമുപദേശാത്.

മലയാളംഭാഷ്യം

വേദിമദ്ധ്യത്തിൽ ഏകഭാഗത്താല് കർണ്ണിക ഉണ്ടാക്കുക. അതിനു പുറ ത്ത് ഏകാംശത്താൽ അവടം(ഗർത്തം)ഉണ്ടാക്കുക. അതിനും പുറത്ത് 3 ഭാഗമുള്ള വൃത്തം അർദ്ധാംശമായിത്തീരുന്നു. ഒരംശത്താൽ പുറത്ത് ദളങ്ങളുണ്ടാക്കുക. മുഖത്ത് പരിധിയിൽ പകുതി(അര)അംശമായി വേധിച്ച് മേഖല നിർമ്മിക്കുന്നു. വേദിയുടെ രചനാരീതി പറയുന്നു. കർണ്ണികക്കു ചുറ്റം സംരക്ഷിക്കാനായി കിടങ്ങുവേണം. 3 ഭാഗമെന്നാല് 2 അംഗുലപ്രമാണമാണ്. കിടങ്ങിനുപുറത്ത് പരിധിയായി വൃത്തം വരു ന്നു. പകുതി(അര)അംശമാനത്തിൽ മുഖത്ത് മേഖല. അതിന് വൃത്താ കാരമാണ്. 1 കർണ്ണിക, 2 കിടങ്ങ്, 1 വൃത്തം, 2 വീതംഅംശത്തില് ദലങ്ങള് . 1 അംശം മേഖല, ഇങ്ങനെ അനുപാതം. അര,അര ഭാഗം വെച്ച് സമചതുരശ്രമമാണ് ഘടന. മന്ത്രമുക്താവലി അര അംഗുലത്താൽ ശോഭ, സമചതുരശ്രത്താൽ ചിത്രിതം(മനോഹാരിത)വരുന്നതായി പറ യുന്നു. അംഗുലശബ്ദം 8 ദിശകളേയും സൂചിപ്പിക്കുന്നു. 8 കോണുക ളിലും വല്ലി മുതലായ ചിത്രങ്ങളോട്ടകൂടി സുന്ദരമാക്കിയത് എന്നും ഉപദേശിക്കപ്പെട്ടന്നു. ശാലവലയികളും കിടധ്ധുകളുമുള്ള ക്ഷേത്രം, നഗരവാസ്തു ഇവയുടെ നിർമ്മിതിയിലും ഈ നിയമം അനുശാസി ക്കപ്പെടുന്നു.

98. ദണ്ഡമൂലാഗ്രയോഃകുംഭൌ ഗുണവേദാംഗുലൈഃക്രമാത് ഗണ്ഡീയുഗം
യമാംശൈഃസ്യാദ്ദ്വഗണ്ഡസ്യാനാഹ ഈരിതഃ

99. ഷഡ്ഭിരംഗൈഃപൃഷ്ഠഭാഗൌവേധ്യാഃകൂർമ്മാകൃതിർഭവേത് ഹംസസ്യ വാ
ഹസ്തിനോ വാ പോത്രിണോ വാ മുഖം ലിഖേത്

സംസ്കൃതഭാഷ്യം

മുഖസ്യ പൃഷ്ഠഭാഗേƒസ്യാഃസംപ്രോക്തം ലക്ഷണം സ്രുചഃദണ്ഡേതി. അത്രാംശപ്രകരണാത് അംഗുലശബ്ദോംƒശവാചി. തേനമൂലേ ത്ര്യംശേന മൂലഭാഗമുഖഃഅഗ്രേ തു ചതുരംശേന വേദിലഗ്നമുഖഃകാര്യഃ ക്രമാദി ത്യഗ്രേƒപ്യന്വേതി. തത്ര മൂലകുംഭലഗ്നാദ്വംശ്യാ അന്തത്ര ലഗ്നാപി ദ്വംശ്യാ ഗണ്ഡീകങ്കണാകാരാ കാര്യാ. യുഗശബ്ദസ്യ യുഗം യുഗ്മേ കൃതാദിഷു ഇതി കോശാത് വാച്യേ ദ്വിത്വാർത്ഥേ സംഭവതി. ലക്ഷണാംഗീകരണേ പ്രമാണാഭാവാത്.തദുക്തം സോമശംഭുനാ- മൂലേചാഗ്രേ ച ദണ്ഡസ്യ ഗണ്ഡീകങ്കണവദ്ഭവേദ് ഇതി. ഏതേനൈകാദശാംശാജാതാഃമദ്ധ്യേനവാംശമിതോ ധാരണാർത്ഥം ദണ്ഡോƒവശിഷ്യതേ.തദുക്തം മഹാകപിലപഞ്ചരാത്രേ- രസാംഗുലൈ(ഷ്ടൈ)ർഭവേദ്ദണ്ഡഃഇതി,

അത്രയദ്വംഗുലശബ്ദേനാംഗുലാനിഗൃഹ്യേരൻതദാസാർദ്ധാസ്ത്രയോംƒശാദണ്ഡേƒവശിഷ്യന്തേ. തതോ ധാരണാർത്ഥമവകാശ ഏവ ന സ്യാത്. ദണ്ഡസ്ഥാനാഹോ വിശാലതാഷഡ്ഭിരംശൈഃ കാര്യഃവേധ്യാഃ പൃഷ്ഠ ഭാഗഃകൂർമ്മാകൃതിരിതി പൃഥഗേവ. യേതു ദണ്ഡസ്ഥാനാഹോ ദൈർഘ്യ മീരിതമിതി പൃഥഗ് യോജയന്തി ഷഡ്ഭിരംശൈർവേധ്യാഃ പൃഷ്ഠഭാഗാഃ കൂർമ്മാകൃതിരിതി ച യോജയന്തിതേ ബഭ്രമുരേവ. ആനാഹശബ്ദസ്യ ദൈർഘ്യവാചിത്വാഭാവാത് ദൈർഘ്യസ്യ ച പ്രാഗുക്തത്വാത്. തദുക്തം മന്ത്രമുക്താവല്യാം - ഷഡംഗുലപരീണാഹോ ദണ്ഡമദ്ധ്യഉദാഹൃതഃഇതി. കൂർമ്മാകൃതിരിത്യത്ര ഷഡ്ഭിരംശൈരിത്യ സ്ഥാനർത്ഥ ക്യാച്ച അസ്യാഃ സ്രുചോ മുഖസ്യ പൃഷ്ഠഭാഗേ ഹംസാദേർമുഖം ലിഖേദിതി സംബന്ധഃ പോത്രിണോ വരാഹസ്യ.

മലയാളം ഭാഷ്യം

ദണ്ഡമൂലം,അഗ്രം ഇവകളിൽ കുംഭങ്ങള് 3, 4 അംഗുലക്രമത്തില് യമാംശത്തില് 2 ഗണ്ഡികകളോടെ ദ്ദക് ഖണ്ഡങ്ങളിൽ പറയപ്പെടുന്നു. പൃഷ്ഠഭാഗത്തെ 6 കൊണ്ടു വേധിച്ച് കൂർമ്മാകൃതി ലഭിക്കുന്നു. അതിൽ ഹംസം,ഹസ്തി,വരാഹം ഇവയിലൊന്നിന്റെ മുഖമെഴുതുക. അംഗുലശബ്ദം അംശവാചി. മൂലത്തിൽ 3 അംശത്താൽ മൂലഭാഗമുഖം. അഗ്രത്തിൽ 4 അംശത്താല് മൂലഭാഗമുഖം. മൂലകുംഭലഗ്നത്തിന്റെ 2 അംശം, ലഗ്നത്തിന്റെ 2 അംശം ഇവയാല് ഗണ്ഡി അഥവാ കങ്കണത്തിന്റെ രൂപം(വളയം) ഉണ്ടാക്കണം. യുഗമെന്നാൽ യുഗ്മം.സോമശംഭു മൂലത്തിലും അഗ്രത്തിലുമുള്ള ദണ്ഡങ്ങളെക്കൊണ്ട് വളയുടെ രൂപത്തിലുള്ള ഗണ്ഡി ഉണ്ടാക്കണമെന്ന് പറയുന്നു. മഹാകപിലപഞ്ചരാത്രത്തിൽ 6 അംഗുലമാണ് ദണ്ഡം. ഇതിൽനിന്ന് എടുത്ത് ബാക്കി ത്ര്യംശം ദണ്ഡം. പൃഷ്ഠഭാഗത്ത് കൂർമ്മാകൃതി

വരുംവിധം ഭ്രമദ്ധ്യഭാഗം വിഭജിക്കുന്നു. ദണ്ഡസ്ഥാനമെന്നത് അതിന്റെ നീളമാണ്. 6 അംഗുലമുള്ള ദണ്ഡമദ്ധ്യഭാഗമെന്ന് മന്ത്രമുക്താവലി. 6 അംശംകൊണ്ട് നിത്യസ്ഥാനങ്ങളായി, കൂർമ്മാകൃതിയില് സൃഷ്ടിച്ച് മുഖത്തിന്റെ പിൻഭാഗത്തായി ഹംസം,ആന,വരാഹം ഇവയുടെ മുഖങ്ങളെ ആലേഖനം ചെയ്യണം.

100. സൃചശ്ചതുർവിംശതിഭിർഭാഗൈരാരചയേത് സ്രുവം
ദ്വാവിംശത്യാദണ്ഡമാനമംശൈരേതസ്യകീർത്തിതം

101. ചതുർഭിരംശൈരാനാഹഃകർഷാജ്യഗ്രാഹിതശ്ചിരഃ
അംശദ്വയേന നിഖനേത് പങ്കേമൃഗപദാകൃതി

102. ദണ്ഡമൂലാഗ്രയോർഗണ്ഡീഭവേത് കങ്കണഭൂഷിതാ
സ്രുവസ്യവിധിരാഖ്യാതഃ കീർത്ത്യന്തേ മണ്ഡലാന്വയഃ

സംസ്കൃതഭാഷ്യം

സ്രുവലക്ഷണമാഹ സ്രുച ഇതി. ചതുർഭിരംശൈരാനാഹോ വിസ്താരഃഏതസ്യേതി സംബന്ധഃ യന്മ്ത്രമുക്താവല്യാം ദണ്ഡോ വേദാംഗുലൈർഊവേത് ഇതി. കർഷതി-കർഷലക്ഷണന്തു-മാഷോദശഗുഞ്ജാഃസ്യാത് ഷോഡശമാഷോനിഗദ്യതേ കർഷ ഇതി. യഥാസ്യാത് ഏവം പങ്കേ മൃഗപദാകൃതി ഖനേദിതിസംബന്ധഃ കങ്കണഭൂഷിതാ ഇത്യുക്തർഗണ്ഡീശബ്ദാത്ര ഘടപര്യായഃതദുക്തം മന്ത്രമുക്താവല്യാം – മൂലാഗ്രയോഃകാരയേദ് ദ്വൌ കുംഭൌ ചാതി മനോഹരൌ.ഇതി. തൌ ച വിശേഷാനഭീധാനാത് പ്രാഗ്വദ് കാര്യൌ. കങ്കണാമപി പ്രാഗ്വത്കാര്യം. അന്യത്രവിശേഷഃ-തദലാഭേപലാശസ്യ പർണ്ണാഭ്യാം ഹൂയതേ ഹവിഃഇതി. അത്ര പർണ്ണാഭ്യാമിതി മദ്ധ്യമ പർണ്ണാഭ്യാമിതി ജ്ഞേയം. മദ്ധ്യമേന പർണ്ണാന് ജുഹോതി ഇതി ശ്രുതേഃ വായവീയസംഹിതായാമപി-സ്രുക്സ്രുവൌതേജസൌ ഗ്രാഹ്യൌ ന കാംസ്യായമസീസകൌ യജ്ഞദാരുമയൌവാപി താന്ത്രികൈഃ(സ്മാർത്തൌവാ)ശിൽപിസമ്മതൌഃ പർണ്ണേവാ ബ്രഹ്മവൃക്ഷാദേരച്ഛിദ്രേ മദ്ധ്യഉത്ഥിതേ ഇതി. അന്യത്രഉ-പലാശപത്രേനിശ്ചിദ്രേരുചിരേ സ്രുക്സ്രുവോമുനേ വിദദ്ധ്യാ ദ്വാ*f*ശ്വത്ഥപത്രേ സംക്ഷിപ്തേ ഹോമകർമ്മണി ഇതി.

മലയാളംഭാഷ്യം

സ്രുക്കിനെ 24 ഭാഗങ്ങളാക്കി സ്രുവം രചിക്കുക. 22 അംശം ദണ്ഡമാനം 4 അംശം ആകർഷണജ്യാ(കർഷാജ്യാ). അത് ചിരം 2 അംശത്താല് മൃഗപദാകൃതി(കുളമ്പ്)ആണ്. ദണ്ഡമൂലത്തിലും അഗ്രത്തിലും വള എന്ന അലങ്കാരമണിഞ്ഞതാണ് ഗണ്ഡി(കുടം) ഇത് സ്രുവത്തിന്റെ വിധി. ഇതിനെ മണ്ഡലമെന്ന പേരിൽ പ്രകീർത്തിക്കുന്നു. സ്രുവലക്ഷണം പറയുന്നു. 4 അംശം വിസ്താരം. മന്ത്രമുക്താവലിയിൽ ദണ്ഡം വേദം(4)അംഗുലമാണ്. കർഷലക്ഷണം 10 കുന്നിക്കുരു ഒരു മാഷം, 16 മാഷം 1 കർഷമെന്നാണ്. അംശദ്വയംകൊണ്ട് അതിന്റെ ശിരസ്സുണ്ടാക്കു ന്നു. ആ കർഷാജ്യത്തിന് മൃഗപദാകൃതി(കുളമ്പാകൃതി) ആയിരിക്കണം. ദണ്ഡമൂലത്തിലും അഗ്രത്തിലും വള എന്ന അലങ്കാരമണിഞ്ഞ മൃഗപദാ കൃതി. കങ്കണഭൂഷിത എന്ന് പറഞ്ഞ ഗണ്ഡിശബ്ദം ഘട(കുട)പര്യായമാണ്. മന്ത്രമുക്താവലിയിൽ 2 കുംഭങ്ങൾ മനോഹരമായി നിർമ്മിക്കുക എന്നു പറയുന്നു. കങ്കണമാണ് മുമ്പറഞ്ഞ കാര്യം. ലോഹത്തിന്റെ അഭാവത്തിൽ പലാശത്തിന്റെ ഇലകൊണ്ടും ഹവിസ്സ് ഹോമിക്കാം. നടുഭാഗം അപർണ്ണമാണ്. മദ്ധ്യമത്തിൽ പർണ്ണത്താല് ഹോമിക്കുന്നു എന്ന് ശ്രുതി. പ്ലാവില നടു കുഴിച്ച് കുമ്പിൾകുത്തി ഹോമി ക്കുന്നു. വായവീയസംഹിതയിൽസ്രുക്കും സ്രുവവും തേജസ്സിനെ ഗ്രഹിക്കുന്നു. കാംസ്യം (പിച്ചള) സീസം(ഈയം) ഇവകൊണ്ട് ഉണ്ടാക്കരുത്. യജ്ഞത്തിൽ ദാരു(മരം)കൊണ്ടുണ്ടാക്കണമെന്നാണ് താന്ത്രിക,സ്മാർത്ത,ശിൽപ്പിസംഘങ്ങള് സമ്മതിച്ചിട്ടു ള്ളത്. നടുവിൽ തുളയില്ലാത്ത ബ്രഹ്മവൃക്ഷപ ർണ്ണത്താലും ഹോമിക്കാം. പലാശപർണ്ണം ഇല്ലെങ്കില് പിപ്പലത്തിന്റെ ഇലയാലും ഹോമിക്കാം. സംഹിതയിൽ തുളയില്ലാത്ത പലാശപത്രവും ആലിലയും കൊണ്ട് മനോഹരമായി സ്രുക്കും സ്രുവവും ഉണ്ടാക്കി ഹോമകർമ്മം ചെയ്യാമെന്നുണ്ട്.

103. ചതുരസ്രേ ചതുകോഷ്ഠേ കർണ്ണസൂത്രസമന്വിതേ
ചതുഷ്ഷപിച കോഷ്ഠേഷു കോണസൂത്രചതുഷ്ടയം

104. മദ്ധ്യേ മദ്ധ്യേ യഥാ മത്സ്യം ഭവേയുഃപാതയേത്തഥാ
പൂർവ്വാപരായതേ ദ്വേദ്വേ മന്ത്രീ യാമ്യോത്തരായതേ

105. പാതയേത്തേഷ്വമത്സ്യേഷു സമം സൂത്രചതുഷ്ടയം
പൂർവ്വവത് കോണകോഷ്ഠേഷു കർണ്ണസൂത്രാന്നിപാതയേത്

106. തദ്ദദ്ഭുതേഷ്വമത്സ്യേഷു ദധ്യാത് സൂത്രചതുഷ്ടയം
തത കോഷ്ഠേഷു മത്സ്യാഃസ്യുസ്തേഷു സൂത്രാണിപാതയേത്

സംസ്കൃതഭാഷ്യം.

അഥ വേദികായാം സർവ്വതോഭദ്രാദിമംഗലരചനാമാഹ ചതുരസ്രേ ഇതി. വാസ്തുമണ്ഡലോക്ത പ്രകാരേണ കർണ്ണസൂത്രദ്വയസഹിതാ ചതുഷ്കോഷ്ഠയുക്തം ചതുരസ്രം കുര്യാദിത്യർത്ഥഃ ശ്ലോക ദ്വയേന ഷോഡശകോഷ്ഠോത്പാദനപ്രകാരമാഹ ചതുഷ്വിതി. ചതുഷ്ടുകോഷ്ഠേഷു കോണസൂത്ര ചതുഷ്കം തഥാ ദധ്യാത് യഥാമദ്ധ്യേ മദ്ധ്യേ മത്സ്യാഭവേയുഃമന്ത്രീതേഷ്വമത്സ്യേഷു ദ്വേ പ്രാഗപരായതേ ദ്വേ യാമ്യോത്തരായതേ ഇദം സമം സൂത്രചതുഷ്ടയം പാതയാദിതി സംബന്ധഃഏവം ഷോഡശ കോഷ്ഠീ സമ്പന്നാഭവതി. ചതുഷഷ്ടികോഷ്ഠോത്പാദനപ്രകാരം സാർദ്ധപദ്യേനാഹ പൂർവ്വവദിതി. ഇദം ത്രിഷു സ്ഥാനേഷ്വന്വേതി. തത്രപ്രകാരഃകോണഗതചതുഃകോഷ്ഠേ ഷു പൂർവ്വവത് കർണ്ണസൂത്ര ചതുഷ്കം ദത്വാ തദുത്പന്ന മത്സ്യചതുഷ്കേഷു പൂർവ്വവത് ദ്വേ പ്രാഗഗ്രേ ദ്വേ ഉദഗഗ്രേ സൂത്രേ ഇദം സൂത്രചതുഷ്ടയം ദധ്യാത്. ഏതത് സൂത്രചതുഷ്കോത്പന്നാന്തരായ കോഷ്ഠകോഷ്ഠമത്സ്യ ചതുഷ്കേ പുനഃദ്വേപ്രാഗഗ്രേ ദ്വേ ഉദഗഗ്രേ സൂത്രേ ദധ്യാത്. ഏവം ചതുഃ ഷഷ്ടികോഷ്ഠാനി സംപദ്യതേ.

മലയാളംഭാഷ്യം

ചതുരശ്രവും കർണ്ണസൂത്രമുള്ളതും 4 കോഷ്ഠവും 4 കോണസൂത്രവുമുള്ളതും മദ്ധ്യംതോറും മത്സ്യചിഹ്ന മുള്ളതുമായി പൂർവ്വാപരം ,യാമ്യോത്തരമെന്ന് ഈരണ്ടുരേഖകള് പരസ്പരം ഛേദിക്കുന്നിടത്തെ മത്സ്യചിഹ്നങ്ങൾ സമസൂത്രങ്ങളായി 4 എണ്ണം ഉണ്ടാക്കുന്നതും മുമ്പറഞ്ഞപോലെ കോണകോഷ്ഠ ങ്ങളിൽ കർണ്ണസൂത്രം പതിച്ചുണ്ടായ മത്സ്യങ്ങളാല് സൂത്രചതുഷ്ടയം ഉണ്ടായതുമായ സർവ്വതോഭദ്ര മായ മെഗലരചനയാണ് വേദിക. വാസ്തുമണ്ഡലത്തിൽ പറഞ്ഞപോലെ 2 കർണ്ണസൂത്രത്തോടും 4 കോഷ്ഠ ത്തോടും ചതുഷ്കം വർദ്ധിക്കുന്ന നിലയിലും (ജ്യാമിതീയവിധി -geometric construction) പറ യുന്നു. 4 മത്സ്യചിഹ്നം പരസ്പരം ഛേദിക്കുന്ന രേഖകളാല് 4 വശത്തും ഉണ്ടാക്കുന്നത് കോമ്പസ് വെച്ച് കടലാസില് മാത്രമല്ല, രജ്ജു അഥവാ ചരടുവെച്ച് ഭൂപ്രതലത്തിലും വരക്കാം. ആകാശ പ്രത ലത്തിലും ത്രികോണമിതി പ്രകാരം (trigonometry) കൽപ്പിക്കാം. ഇപ്രകാരം ഒന്നിനകത്ത് ഒന്നായി 16 കോഷ്ഠമുള്ള വാസ്തു സമ്പന്നമായിത്തീരുന്നു. 64 കോഷ്ഠമുള്ളത് നേരത്തേ പറഞ്ഞു. 4 മത്സ്യചതു ഷ്കത്തിൽ രണ്ടെണ്ണം പ്രാഗഗ്രത്തിൽ. രണ്ടെണ്ണം ഉദഗഗ്രത്തിലായി 4 സൂത്രം തരുന്നു. ഇവക്കിടയില് (അന്തരാളം) ഉള്ള കോഷ്ഠത്തിലെ മത്സ്യചതുഷ്കം വീണ്ടും 2 പ്രാഗഗ്രം ഉദഗ്സൂത്രം തരും. ഇങ്ങനെ 4 കോഷ്ഠത്തിൽനിന്ന് 64 കോഷ്ഠം ഉണ്ടാക്കാം.

107. യാവച്ഛതദ്വയം മന്ത്രീ ഷട്പഞ്ചാശദ് പദാന്യപി
നാവത്തേനൈവ വിധിനാ തത്ര സൂത്രാണിപാതയേത്

സംസ്കൃതഭാഷ്യം

തേനൈവവിധിനാതത്ര സൂത്രാണി പാതയേത്. പൂർവ്വവത് കർണ്ണസൂ ത്രചതുഷ്ടയം ദത്വാ തദുത്പന്നമത്സ്യചതുഷ്കേ ദ്വേ പ്രാഗഗ്രേ ദ്വേ ഉദഗഗ്രേ സൂത്രേ ദധ്യാത് .തത ഏതതേ സൂത്രചതുഷ്കപാതോത്പ്പന്നാന്തരാലാകോ ഷ്ഠമത്സ്യേഷു ഷഡ്പ്രാഗഗ്രാണി ഷഡുദഗഗ്രാണി സൂത്രാണി ദധ്യാത്. ഏവം ദ്വേ ശതേ ഷഡ്പഞ്ചാശത് കോഷ്ഠാനി സംപദ്യതേ.

മലയാളഭാഷ്യം

ഇങ്ങനെ 4 കോഷ്ഠത്തിൽനിന്ന് 200നോട് 56 ചേർത്ത 256 കോഷ്ഠപദ ങ്ങളും വിധിപ്രകാരം സൂത്ര പാതം കൊണ്ട് മന്ത്രി ഉണ്ടാക്കുന്നു. മുമ്പറഞ്ഞ പോലെ കോണകോഷ്ഠചതുഷ്കത്തിൽ കർണ്ണസൂത്ര ചതുഷ്ടയമുണ്ടാക്കി, അതിൽനിന്നുണ്ടായ മത്സ്യചതുഷ്കത്തില് 2 പ്രാഗഗ്രം, 2 ഉദഗഗ്രം എന്ന് സൂത്രം നിർമ്മിച്ച് ആ സൂത്രചതുഷ്കപാതത്താല് ഉണ്ടാവുന്ന അന്തരാളകോഷ്ഠ മത്സ്യങ്ങൾക്ക് 6 പ്രാഗഗ്രം, 6 ഉദഗ്രം സൂത്രം നൽകുന്നു. ഇങ്ങനെ 256 വരെ കോഷ്ഠങ്ങള് (16 x16) ഉണ്ടാക്കുന്നു.

108. ഷഡ്ത്രിംശതാപദൈർമദ്ധ്യേ ലിഖേത് പത്മം(സു)ലക്ഷഗം
ബഹിഃപങ് ക്ത്യാഭവേത് പീഠം പങ് ക്തിയുഗ്മേന വീഥികാ

109. ദ്വാരശോഭോപശോഭാസ്ത്രാൻ ശിഷ്ടാഭ്യാം പരികൽപയേത്
ശാസ്ത്രോക്തവിധിനാമന്ത്രീതതഃപത്മം സമാലിഖേത്.

സംസ്കൃതഭാഷ്യം

കോഷ്ഠാനാം വിനിയോഗമാഹ ഷഡ്ത്രിംശതേതി. പത്മലിഖനപ്രകാര മനന്തരമേവ വക്ഷ്യതി. ബഹിരിതി ത്രിഷ്വ സ്ഥാനേഷ്വന്വേതി .ബഹിഃപങ് ക്ത്യാ പരിതഃഅഷ്ടാവിംശതികോഷ്ഠാത്മികയാ വക്ഷ്യമാണരീത്യാ പീഠം കുര്യാത്. തദ്വദിഃഷഡ്ക്തിയുഗ്മേന പരിതഃഅശീതികോഷ്ഠാത്മകേന വക്ഷ്യമാണരീത്യാ വീഥികാം കുര്യാത്. തദ്വദിഃപരിതഃശിഷ്ടാഭ്യാം ഷഡ്ക്തി ഭ്യാം ദ്വാദശോത്തരശത കോഷ്ഠാഭ്യാം ദ്വാരാണി ശോഭാ ഉപശോഭാ അസ്ത്രാ ൻ കോണാന് വക്ഷ്യമാനരീത്യാ കുര്യാത്.

മലയാളം ഭാഷ്യം

36പദത്തിന്റെ നടുവിലായി ലക്ഷണമൊത്ത പത്മം വരക്കണം.പുറത്ത് 5 പീഠം, അതിന്റെ ഇരട്ടി യായ 10 കൊണ്ട് വീഥിക. ദ്വാരങ്ങൾക്ക് ശോഭയും ഉപശോഭയും തരുന്ന അസ്ത്രങ്ങള് പരികൽപിച്ച് ശാസ്ത്രോക്തരീതിയിൽ മന്ത്രി പത്മമെഴുതുന്നു. കോഷ്ഠത്തിന്റെ വിനിയോഗം ,പത്മലിഖനപ്രകാരം എന്നിവ പറയുന്നു. പുറത്ത് 3 സ്ഥാനം. 28 കോഷ്ഠത്തോടെ പംക്തി (5)യോടെ പുറത്ത് പീഠം. അശീതികോഷ്ഠത്താൽ വീഥിക. ബാക്കി 112 കൊണ്ട് ദ്വാരങ്ങള് അലങ്കരിച്ച് കോണുകളുടെ ശോഭ ,ഉപശോഭ ഇവയോടെ നിർമ്മിക്കുന്നു.

110. പത്മക്ഷേത്രസ്യ സന്ത്യജ്യ ദ്വാദശാംശം ബഹിഃസുധീഃ
തന്മദ്ധ്യം വിഭജേത് വൃത്തൈസ്ത്രിഭിഃസമവിഭാഗതഃ

111. ആദ്യം സ്യാത് കർണ്ണികാസ്ഥാനം കേശഗണാം ദ്വിതീയകം
തൃതീയംതത്ര (പത്മ)പത്രാണാമുക്താംശേന ദലാഗ്രകം

112. ബാഹ്യവൃത്താന്തരാലസ്യ മാനം യദ്വിധിനാസുധീ
നിധായ കേശരാഗ്രേഷ്വ പരിതോർദ്ധനിശാകരാന്

113. ലിഖിത്വാസന്ധിസംസ്ഥാനി തത്ര സൂത്രാണി പാതയേത്
ദലാഗ്രാണാഞ്ച യന്മാനം തന്മാനം വൃത്തമാലിഖേത്

സംസ്കൃതഭാഷ്യം

പത്മകരണപ്രകാരമാഹ പത്മേതി. തത്ര ഷഡ്ത്രിംശത്പദാത്മകം പത്മക്ഷേത്രം തദ്ദിക്സൂത്രദ്വയേന കർണ്ണസൂത്രദ്വയേനാചാഷ്ടധാഭേദിതം വർത്തതേ. താന്യേവ സൂത്രാണി പത്രമദ്ധ്യസൂത്രാണി .തത്ര പ്രകാരഃ പത്മക്ഷേത്രായാം ദ്വാദശധാ വിഭജ്യ ഏകാംശം സർവ്വതോബഹിസ്ത്യജേ ത് .തതോ ദശ ഭാഗാൻഷോഡാവിഭജ്യമദ്ധ്യേ സൂത്രാദിം സംഖ്യാപ്യ അംശദ്വയേനൈകം വൃത്തം തദുപര്യംശദ്വയേ നാപരം തദുപര്യംശ ദ്വയേനാന്യദിതി വൃത്തത്രയം കുര്യാത്. ആദ്യമിത്യാദ്യുക്തിസ്തു വക്ഷ്യമാണാംഗാ വരണാദീനാം സ്ഥാനസൂചനായേത്യവധേയം. മുക്താം ശേനേതി ദ്വാദശാംശേന തത്ര വൃത്തമഗ്രേ വക്ഷ്യതി. ബാഹ്യേതി . ബാഹ്യം യത് പഞ്ചവൃത്തം തസ്യ യദന്തരാലം തസ്യ മാനേന സുധീഃ കേശ രാഗ്രേഷ്വ കേശരവൃത്താഗ്രേ നിധായ സൂത്രാദിമിന്തിശേഷഃ അർദ്ധനിശാകരാന് ലിഖിത്വാ സന്ധി സംഖ്യാനി അർദ്ധനിശാകരസന്ധി സംസ്ഥാനി ചത്വാരിസൂത്രാണി തത്വപാതയേദിതി സംബന്ധഃ മാനം യദ് വിധിനേതി പാഠേ ബാഹ്യവൃത്താന്തരാലസ്യ യന്മാനം തേന വിധിനാ തേന മാനേനേത്യർത്ഥഃ തത്രായം വിധിഃതത്ര വൃത്താന്തരാലമിതസൂത്രം കേശരവൃത്തദിക്സൂത്രസമ്പാതേ സംഖ്യാപ്യതദ്ദിക് സൂത്രോഭയതഃ പത്രവൃ ത്തസ്പർശകേശരവൃത്തലഗ്നാന്തദ്വയം അർദ്ധചന്ദ്രം ലിഖേത്. ഏവം ചതുർഷ്വദിക്സൂത്രേഷ്വ ഏതശ്ച കേശരാഗ്രേ ഷ്വിതി ബഹുവചനാ ദേവ ലഭ്യതേ. യതോƒഷ്ടപത്രമദ്ധ്യേ അഷ്ടൌ കേശരസ്ഥാനാനി തതോƒഷ്ട ദലസിദ്ധി രിതി. തതോƒർദ്ധചന്ദ്രയോഃപരസ്പരസമ്പാതരൂപാഷ്ടസന്ധിഷ്വ സമ്മുഖീനയോർദ്ധയോർദ്ധയോരൈ കൈകം സൂത്രം ദധ്യാത്. ഏവമ ഷ്ടപത്രാണാമപി അഷ്ടൌ സീമാരേഖാ ഉത്പദ്യന്തേ. സന്ധ്യധോവർത്തി സീമാരേഖോഭയതാഃസ്ഥിതോƒർദ്ധനിശാകരാംശോ മാർജ്ജനീയഃതദുക്തം- ദലപ്രസിദ്ധൌ ദലമദ്ധ്യ സന്ധൌ നിധായസൂത്രത്തു ദലാന്തരാലം ദലാന്തരാലേംഭയസദ്ഭ്രമോതൈഃ ശശാങ്കഖണ്ഡൈസ്തുദലം

പ്രസിദ്ധാത് ഇതി. അന്യത്രാപി- ഉക്തക്ഷേത്രസ്യ ദിക്സൂത്രേ ദ്വേ വൃത്തദിക്സൂത്രസ്യമാനതഃ നിധായകേശരാഗ്രേഷു ദലസന്ധീം സ്ഥ ലാഞ്ചയേത് പാതയിത്വാഉസൂത്രാണി തത്ര പക്രാഷ്ടകം ലിഖേത് ഇതി.

മലയാളം ഭാഷ്യം

പത്മക്ഷേത്രത്തിലെ പുറത്തെ 12 അംശം ത്യജിച്ച് അതിന്റെ മദ്ധ്യത്തെ 3 വൃത്തമാക്കി സമമായി വിഭജിക്കുന്നു. ആദ്യത്തേത് കർണ്ണികാസ്ഥാ നം. രണ്ടാമത്തേത് കേശഗണം. മൂന്നാമത്തെ പത്മപത്രത്തിന്റെ ദലാഗ്രം .ബാഹ്യവൃത്തത്തിന്റെ അന്തരാലത്തിന്റെ അളവിന്റെ വിധിയാൽകേസരാഗ്രത്തില് അർദ്ധച ന്ദ്രനെ വരക്കുന്നു. സൂത്രങ്ങൾ പതിക്കുന്ന സന്ധിസ്ഥാനങ്ങളില് ദലാഗ്രമാക്കി അതാതിന്റെ മാനം വെച്ച് വൃത്തങ്ങള് വരക്കുന്നു.

പത്മകരണം - 36പദമുള്ള പത്മക്ഷേത്രത്തില് കർണ്ണ,ദിക് സൂത്രങ്ങൾ പരസ്പരം ഭേദിച്ച് 8 സമഭാ ഗമുണ്ട്. പത്മക്ഷേത്രത്തെ 12 ആയി വിഭജിച്ച് ഒരംശം ഏറ്റവും പുറത്തുള്ളത് ത്യജിക്കുന്നു. 10 ഭാഗ ത്തെ 16 ആയി ഭാഗിച്ച് മദ്ധ്യത്തില് സൂത്രാദിസംഖ്യാഅംശദ്വയത്താല് ഒരു വൃത്തം ,അതിന്റെ ഉപരിഅംശത്താൽ രണ്ടാമത്തേത് എന്ന ക്രമത്തിൽ 3 വൃത്തം ഉണ്ടാക്കുന്നു. ഇവ അംഗാവരണങ്ങ ളുടെ സ്ഥാനസൂചന തരുന്നതിനാണ്. ആദ്യം എന്നിങ്ങനെ പറഞ്ഞിരിക്കുന്നത്. ദ്വാദശാംശത്താ ലുള്ള വൃത്തം പിന്നീട് പറയുന്നുണ്ട്. പുറത്ത് 5 വൃത്തം. അതിനകത്തെ അന്തരാളത്തിന്റെ അളവിൽ കേസരാഗ്രത്തിൽ ,കേസരവൃത്താഗ്രത്തില് സൂത്രങ്ങളുണ്ടാക്കുന്നു. അർദ്ധചന്ദ്രന്മാര് സന്ധിസംഖ്യാ സ്ഥാനങ്ങളാണ്. നാലുസൂത്രം പതി ക്കുന്ന സ്ഥലത്താണ്. ബാഹ്യവൃത്താന്തരാലത്തിന്റെ മാനം അതനുസരി ച്ചുള്ള വിധിപ്രകാരം കാണുന്നു. വൃത്താന്തരാളത്തിന്റെ സൂത്രം കേസരവൃത്തദിക്സൂത്രസമ്പാതത്തിന്റെ സംഖ്യ, ആ ദിക്സൂത്രങ്ങൾ,രണ്ടു പത്രവൃത്തങ്ങ ളെ സ്പർശിക്കുന്ന കേസരവൃത്തലഗ്നാന്തദ്വയം ഇവിട ങ്ങളിൽ അർദ്ധചന്ദ്ര മുദ്ര വരക്കുന്നു. 4 ദിക്സൂത്രം 4 കോണസൂത്രം ഇവയിലായി 8 അർദ്ധചന്ദ്രന്മാ രുണ്ടാവുന്നു. ഇവയാണ് കേസരാഗ്രം അഥവാ കേസരസ്ഥാനം. ഇവയാൽ അഷ്ടദലപത്മം ലഭിക്കു ന്നു. അർദ്ധചന്ദ്രന്മാരുടെ പരസ്പരസമ്പാത രൂപമായ സന്ധികളിൽ ഒന്നിനുമുകളില് ഒന്നായി ഓരോ സൂത്രം നൽകുക. അപ്രകാരം 8 പത്രവും 8 സീമാരേഖയും ഉൽപാദിപ്പിക്കപ്പെടുന്നു. സന്ധി യുടെ താഴത്തെ ഭാഗത്ത് ഉള്ള സീമാരേഖകളിൽ സ്ഥിതിചെയ്യുന്ന കാലത്ത് അർദ്ധനിശാക രാംശം കുറഞ്ഞ് കുറഞ്ഞ് വരുന്നു. പറയപ്പെട്ട ക്ഷേ ത്രത്തിൽ ദിക്സൂത്രത്തില് സംസ്ഥാപിതമായതും വിമൃജ്യം പ്രസാര്യമെന്ന് 2 കോണസൂത്രത്തില് 2 വൃത്തദിക്കില് മത്സ്യപ്രമാണത്താല് കേസരാഗ്ര ത്തിൽ ദലസന്ധിയില് ലാഞ്ചിതമായതുമായ സൂത്രങ്ങളിലാണ് 8 പത്രങ്ങള് വരക്കുന്നത്. ഇത് അഷ്ടപത്മരചന.

114. തദന്തരാലേ തന്മദ്ധ്യസൂത്രസ്യോഭയതഃസുധീഃ
ആലിഖ്ത് ബാഹ്യഹസ്തേനദലാഗ്രാണി സമന്തതഃ

സംസ്കൃതഭാഷ്യം

ചതുർത്ഥം വൃത്തമാഹ ദലേതി. ദലാഗ്രാണാം യന്മാനം ബഹിഃത്യക്ത്വാ ദ്വാദശാംശരൂപം തന്മാനം ചതുർത്ഥം വൃത്തം കുര്യാത്. ദലാഗ്രകരണ പ്രകാരഹമാഹതദിതി. തദന്തരാലേ കൃതദലാഗ്രവൃത്താന്തരാലേ തന്മദ്ധ്യ സൂത്രസ്യ പത്രമദ്ധ്യസൂത്രസ്യോഭയതഃബാഹ്യഹസ്തേന സമന്തതോ ദിക്ഷ്വവിദിക്ഷ്വപി ദലാഗ്രാണി സുധീരാ ലിഖേദിതിസംബന്ധഃ തത്ര പ്രകാ രഃചതുർഥം വൃത്താന്തതലേ പത്രമദ്ധ്യസൂത്രസമ്പാതപര്യന്തം സൂത്രദ്വയം ദധ്യാത്. തത്ര സൂത്പപ്രാന്ത ഏകഃപത്രസ്പർശീ ദ്വിതീയോദലാഗ്രമദ്ധ്യ സൂത്രസമ്പാതസ്പർശഃ സൂത്രദ്വയാ ഗ്രഭാഗശ്ച പരസ്പരാഭിമുഖോ യഥാ സ്യാദിത്യേ തദർത്ഥം ബാഹ്യഹസ്തേനേത്യുക്തം. തതഃകർണ്ണികാവൃത്തം ത്യക്ത്വാം ബാഹ്യസ്ഥത്രീണിവൃത്താണി പത്മപത്രമദ്ധ്യരേഖാശ്ച സർവ്വം സമ്യക് മാർജ്ജയേത്. യഥാƒഷ്ടദലം പത്മം ദൃഷ്ടിമനോഹരം ദൃശ്യതേ.

മലയാളംഭാഷ്യം

അതിന്റെ അന്തരാലത്തിൽ മദ്ധ്യസൂത്രത്തില് ഉഭയമായി പുറത്തെ ഹസ്തത്തില് സമമായി ദലാഗ്രം ലേഖനം ചെയ്യുന്നു. നാലാമത്തെ വൃത്തം പറയുന്നു. ദലാഗ്രങ്ങളുടെ അളവിന്റെ ബഹിർഭാഗം ത്യജിച്ച് ദ്വാദശാംശ രൂപമായ നാലാമത്തെ വൃത്തം നിർമ്മിക്കുക. ദലാഗ്രത്തിന്റെ അന്തരാലത്തിലാണ് ദലാഗ്രവൃത്തം ഉണ്ടാക്കിയത്. അതിന്റെ അന്തരാലത്തിൽ അതിന്റെ മദ്ധ്യസൂത്രത്തിന്റെ രണ്ടു ബാഹ്യഹസ്തങ്ങ

ളാൽ ദിക്കുവിദി ക്കുകളെ സമമാക്കി ,ദലാഗ്രത്തിൽ എഴുതുന്നതാണ് നാലാമത്തെ വൃത്തം. നാലാമത്തെ വൃത്താന്തരാലത്തിൽ മദ്ധ്യസൂത്രസമ്പാതപര്യന്തം സൂത്രദ്വയമുണ്ടാക്കുക. ആ സൂത്രത്തിനട്ടത്ത് ഒന്നു പത്രത്തെ തൊടുന്നതും മറ്റേത് ദലാഗ്രമദ്ധ്യസൂത്രസമ്പാതത്തെ തൊടുന്നതുമാണ്. സൂത്രദ്വയങ്ങളുടെ അഗ്രഭാഗം പരസ്പരം അഭിമുഖമായിരിക്കുന്നു. കർണ്ണികാവൃത്തം (ആദിത്യാഭിമുഖം) ത്യജിച്ച് പുറത്തെ 3 വൃത്തം പത്മപത്രമദ്ധ്യരേഖ ഇവയെല്ലാം സമ്യക്കായി അഷ്ടദലപത്മം ദൃശ്യമനോഹരമായി രചിക്കുന്നു.

115. ദലമൂലേഷു യുഗശഃകേശരാണി പ്രകൽപയേത്
ഏതത് സാധാരണം പ്രോക്തം പങ്കജം തന്ത്രവേദിഭിഃ

സംസ്കൃതഭാഷ്യം

കേശരപ്രകാരമാഹ ദലേതി. കർണ്ണികാവൃത്തസ്പർശസന്ധിഗത പത്രസീമാസൂത്രാന്തരാലേ പത്രമദ്ധ്യസൂത്രസ്യോഭയതഃ ഏകൈകസ്മിൻ പത്രേ ദ്വൌ ദ്വൌ കേസരൌ കർണ്ണികാവൃത്തലഗ്നമൂലൌ കേശര വൃത്തലഗ്നാഗ്രൌ അഗ്രേ കിഞ്ചിത് സ്ഥൂലൌ പരസ്പരസമ്മുഖൌ കുര്യാത്. ഉപസംഹരതി ഏതദിതി. യത്ര കുത്രാപി പങ്കജം കുര്യാദിതി വക്ഷ്യതി. തത്രായം പ്രകാരോ ജ്ഞേയഃ

മലയാളം ഭാഷ്യം

ദലമൂലത്തിലെ രണ്ടെണ്ണം കേസരമാണ്. തന്ത്രവിത്തുകൾ ഇതിനെ സാധാരണയായി പങ്കജമെന്നു വിളിക്കുന്നു. കേസരപ്രകാരം കർണ്ണികാവൃത്തം സ്പർശിക്കുന്ന സന്ധിയിലുള്ള പത്രങ്ങളുടെ സീമാസൂത്രാന്തരാളത്തില് പത്രമദ്ധ്യസൂത്രങ്ങള് രണ്ടും ഓരോന്ന് വീതം പത്രത്തില് ഈരണ്ടുകേസരം വീതം കർണ്ണികാവൃത്തലഗ്നമൂലത്തിൽ കേസര വൃത്തലഗ്നാഗ്രത്തില് സ്ഥൂലമായി പരസ്പരം അഭിമുഖീകരിച്ച് ഉണ്ടാ ക്കുന്നു . 8 പത്രത്തിന് 16 കേസരം വരും.

116. പദാനി ത്രീണി പാദാർത്ഥം പീഠകോണേഷു മാർജ്ജയേത്
അവശിഷ്ടൈഃപദൈർവിദ്വാന് ഗാത്രാണി പരികൽപയേത്

117. പദാനി വീഥിസംഖ്യാനി മാർജ്ജയേത് പങ് ക്ത്യഭേദനഃ
ദിക്ഷുദ്വാരാണി രചയേത് ദ്വിചതുഃകോഷ്ഠകൈസ്തതഃ

സംസ്കൃതഭാഷ്യം

പീഠം കുര്യാദിതി യദുക്തം തത് പ്രകാരമാഹ പദാനീതി. പീഠാർത്ഥം സ്ഥാപിതപങ് ക്തൌ ഏകൈകം കോണകോഷ്ഠം തദുഭയപാർശ്വവ ർത്തിം കോഷ്ഠദ്വയഞ്ച ഏവം ച ത്രീണി കോഷ്ഠാനിപാദാർത്ഥം മാർജ്ജയേത്. ഏവശിഷ്ടൈശ്ചതുർഭിഃപദൈഃപീഠഗാത്രാണി കൽപയേത്. വീര്യർത്ഥം സ്ഥാപിതപങ് ക്തിദ്വയസ്യൈകാകാരേണ മാർജ്ജനം കാര്യം. ദ്വാരാണ്യാഹ ദിക്ഷിതി. ദ്വാരാധ്യർത്ഥം പരിതഃസ്ഥാപിതപംങ് ക്തിസ്ഥം മദ്ധ്യസൂത്രപാർശ്വവർത്തി കോഷ്ഠചതുഷ്ടയം ദ്വാരാർത്ഥം മാർജ്ജയേത്. ഏവം തത്വാരിദ്വാരാണി സ്യു.

മലയാളം ഭാഷ്യം

മൂന്നുപദങ്ങൾ പീഠകോണത്തില് ത്യജിക്കുന്നു.ബാക്കിപദത്താൽ ഗാത്രം സങ്കൽപ്പിക്കുന്നു.പദങ്ങൾ വീഥിസംഖ്യകളാണ്. അവയെയാണ് ത്യജിച്ചത്. ദിക്കുകളിൽ 24 കോഷ്ഠങ്ങള് അവയാല് പംങ് ക്തി ഭേദിക്കുമാറ് രചിക്കണം. പീഠം ചെയ്യുന്ന പ്രകാരം . പീഠത്തിനായി സ്ഥാപിച്ച പംങ് ക്തിയിൽ ഓരോരോ കോണകോഷ്ഠം , അതിന്റെ ഇരുപാർശ്വത്തിലുമുള്ള രണ്ടുകോഷ്ഠം എന്ന് 3 കോഷ്ഠം വീതം ഒഴിവാക്കുന്നു . ബാക്കിയുള്ള നാലു പദത്തിൽ പീഠഗാത്രം കൽപ്പിക്കുന്നു. വീര്യത്തിനായി സ്ഥാപിതമായി പംങ് ക്തിദ്വയത്തിന്റെ ഓരോന്നുവീതം മാർജ്ജനം ചെയ്യുന്നു. ദ്വാരത്തിനായി പംങ് ക്തിദ്വയമദ്ധ്യത്തിൽ 4 ദിക്കിലും 4 ദ്വാരം (വാതിൽ) ഉണ്ടാക്കാനായി ആന്തരപങ് ക്തിയില് സ്ഥിതിചെയ്യുന്ന മദ്ധ്യസൂത്രത്തിന്റെ ഇരുവശത്തുമുള്ള 2 കോശം ഉൾപ്പെട്ട ഭാഗം ബാഹ്യപംങ് ക്തിസ്ഥവും മദ്ധ്യസൂത്രപാർശ്വവർത്തിയുമായ നാലു കോഷ്ഠം നീക്കിവെക്കുന്നു. ഇങ്ങനെ നാലുവാതിലുണ്ടാക്കുന്നു.

118. പദൈസ്ത്രിഭിരഥൈകേന ശോഭാസ്യുർദ്വാരപാർശ്വയോഃ
ഉപശോഭാഃസ്യുരേകേന ത്രിഭിഃകോഷ്ഠൈരനന്തരം
അവശിഷ്ടൈഃപദൈഃഷഡ്ഭിഃകോണാനാം സ്യാച്ചതുഷ്ടയം

സംസ്കൃതഭാഷ്യം

ശോഭാ ആഹ പദൈരിതി. അന്തഃപങ് ക്തിസ്ഥാനി ദ്വാരപാർശ്വദ്വയഗ മേകൈകം കോഷ്ഠം മാർജ്ജയേത്. ഏവമഷ്ടൌ ശോഭാഃസ്യുഃഉപശോഭാ ഇതി. അന്തഃപങ് ക്തിസ്ഥം ഉഭയതഃശോഭാലഗ്നമേകൈകം കോഷ്ഠം ത്രീണി ത്രീണി ബാഹ്യപംങ് ക്തി കോഷ്ഠാനി മാർജ്ജയേത്. ഏവ മഷ്ടാമുപശോഭാസ്യുഃഅവശിഷ്ടൈരിതി.

ഉഭയത ഉപശോഭാലഗാന്യന്തഃ പങ് ക്തിസ്ഥാനിത്രീണി കോഷ്ഠാനി ബാഹ്യപംങ് ക്തിസ്ഥാനി ച ത്രീണി കോഷ്ഠാനി മാർജ്ജയേത്. ഏവം ചത്വാരഃകോണാഃസ്യു:

മലയാളം ഭാഷ്യം

അവശേഷിക്കുന്ന പദത്തിൽ 6 കോണ് ഉള്ള ചതുഷ്ടയമാണ് ശോഭ അഥവാ പദം. ഉള്ളിലെ പംങ് ക്തിസ്ഥമായ ദ്വാരപാർശ്വദ്വയത്തിൽ പോയ മുമ്മൂന്ന് കോഷ്ഠങ്ങൾ,ബാഹ്യപംങ് ക്തിസ്ഥമായ ദ്വാരപാർശ്വദ്വയത്തിൽ പോയ ഓരോരോ കോഷ്ഠം നീക്കി. ഇപ്രകാരം 8 ശോഭ കിട്ടി. അന്തഃപംങ് ക്തിസ്ഥമായ 2 ശോഭാലഗം ഓരോരോ കോഷ്ഠം മുമ്മൂന്ന് ബാഹ്യപംങ് ക്തിസ്ഥകോഷ്ഠം നീക്കി. ഇപ്രകാരം ഉപശോഭ കിട്ടി. ഇതുകഴിഞ്ഞ് അവശിഷ്ടം പദം, 4 കോണുള്ള മുമ്മൂന്നെണ്ണം വീതം.

119. രഞ്ജയേത് പഞ്ചഭിർവ്വർണ്ണൈർമ്മണ്ഡലം തന്മനോഹരം
പീതം ഹരിദ്രാചൂർണ്ണം സ്യാത് സിതം തണ്ഡുലസംഭവം

120. കുസുംഭചൂർണ്ണമരുണം കൃഷ്ണാം ദഗ്ദ്ധപുലാകജം
വില്വാദിപത്രജം ശ്യാമമിത്യുക്തം വർണ്ണപഞ്ചകം

121. അംഗുലേത്സേധവിസ്താരാഃസീമാരേഖാഃസിതാഃശുഭാഃ
കർണ്ണികാം പീതവർണ്ണേന കേശരാഢ്യരുണേന ച.

122. ശുക്ലവർണ്ണേന പത്രാണി തത് സന്ധിം ശ്യാമലേന ച
രജസാ രഞ്ജയേന്മന്ത്രീ യദ്വാ പീതൈവ കർണ്ണികാ

123. കേശരാഃപീതരക്താഃസ്യുരരുണാനി ദലാന്യപി
സന്ധയഃകൃഷ്ണാ(ശുക്ല) വർണ്ണാഃസ്യുഃപീതേനാƒ പ്യസിതേന വാ

124. രഞ്ജയേത് പീഠഗർഭാണി പാദാഃസ്യുരരുണാപ്രഭാഃ
ഗാത്രാണിതസ്യശുക്ലാനി വീഥിഷു ച ചതസ്വഷു:

125. ആലിഖേത് കൽപലതികാ ദലപുഷ്പഫലാന്വിതാഃ
വർണ്ണാന്നാനാവിധൈശ്ചിത്രൈഃസർവ്വദൃഷ്ടിമനോഹരാഃ

126. ദ്വാരാണി ശ്വേതവർണ്ണാനി ശോഭാരക്താഃസമീരിതാഃ
ഉപശോഭാഃപീതവർണ്ണാഃകോണാന്യസിതാഭാനി ച

സംസ്കൃതഭാഷ്യം

മണ്ഡലരഞ്ജനാർത്ഥം പഞ്ചവർണ്ണാനാഹ രഞ്ചയേദിതി . കുസംഭേതി. അന്യത്രാരുണാന്തരമുക്തം .തഥാ ദോഷാരജഃക്ഷാരസംയുക്തം രക്തമുച്യതേ. ഇതി. പുലാകജം തുഛധാന്യജം. പുലാകസ്തുഛധാന്യം സ്യാത്. ഇതി ത്രികാണ്ഡേ. തത്പ്രക്രിയാ യഥാ. തുഛധാന്യസ്യാർദ്ധദാഹാവസരേ ദുഗ്ദ്ധാദിനാ സിക്താ തതോ വസ്തൃശാലിതം ചൂർണ്ണം കുര്യാത്. ആദിശബ്ദേനാƒ ന്യദ്ഹരിതപത്രാദി. തദുക്തം പ്രയോഗസാരേ- ശ്യാമംശ്യാമഛദോദ്ഭൂതം രജഃപ്രോക്തം സ്വകർമ്മസു ഇതി. ശ്യാമശബ്ദേനാത്ര ഹരിദ്വർഗ്ഗോ ഗൃഹ്യതേ. മഹാകപിലപഞ്ചരാത്രേ തു അസ്യാവശ്യകതോക്താ- പീതം ക്ഷിതിസ്തുവിജ്ഞേയാശുക്ലമാപഃപ്രകീർത്തിതഃ തേജോവൈ രക്തവർണ്ണാംസ്യാഛാമം വായുഃപ്രകീർത്തിതഃ ആകാശം കൃഷ്ണവർണ്ണശ്ച പഞ്ചമന്തു മഹാമുനേ സിതേƒ ധിദേവതാരുദ്രോ രക്തേ ബ്രഹ്മാദിദേവതാ. പീതേƒ ധിമേവതാവിഷ്ണുഃകൃഷ്ണേചൈƒ വാച്യുതഃസ്മൃതഃ ശ്യാമേƒ ധിദേവതാനാഗഃസമാഖ്യാതോ മയാനഘഃ ശുക്ലം ഗ്രഹായ ദോഹന്തി രക്തം ക്രൂകഗണോദ്ഭവം കൃഷ്ണം സർവ്വാസുരോത്സാഹം നീലം വൈനായകീന് തഥാ പൈശാചിംരാക്ഷസിം ചൈവ നിഹന്തിഹരിതം രജഃ തസ്മാദ് ഹോമേƒ ഭിഷേകേ ച യാഗോചൈവ വിശേഷത വർത്തയേന്മണ്ഡലം തൈസ്തു ദേവസന്തുഷ്ടികാരകം ഇതി. തന്ത്രാന്തരേ തു വിശേഷഃ- ശക്തസ്തുവാഞ്ഛേദ് യദിസിദ്ധിമുഗ്രാം തദ്വർണ്ണരത്നൈരിഹമണ്ഡലാനി ആഭൂഷയേൻമൌക്തികപുഷ്പരാഗമാണിക്യനീലൈർഹരിതൈശ്ചരത്നൈഃഇതി. സൌമാരേഖാ ഇതി സർവ്വാഃ പൂർവ്വം ശ്വേതകമലമുക്ത രക്തകമ ലമാഹ യദ്വാതി. വിഷ്ണുശാക്തശൈവദീക്ഷാദൌ തു വ്യവസ്ഥിത

വികൽപൌഷ്ഞേയഃ പീതൈവേതി ദ്വാതീയപക്ഷേƒപി. പക്ഷാന്തരം സമാപ്യപ്രകൃതമാഹ പീതേനേതി. സ്വേഛയാവികൽപോയം പീഠഗ ർഭാദീണി കമലക്ഷേത്രകോണാന്. അത്ര ഗർഭ ഏഷാമസ്തീതി ഗർഭം കോണസ്ഥാനം. അർശാദിത്വാദച് തതോ നപുംസകതാ. തസ്യേതി പീഠസ്യകൽപലതികാലേഖനമുപദേ ശതോ ജ്ഞേയം.

മലയാളംഭാഷ്യം

അഞ്ചുവർണ്ണങ്ങളാല്അതിന്റെ മണ്ഡലത്തെ മനോഹരമായി രഞ്ജിപ്പിക്കുന്നു. മഞ്ഞ(മഞ്ഞപ്പൊടി), വെള്ള(അരിപ്പൊടി),ചുവപ്പ്(ചെമ്പരത്തിപ്പൂ പൊടിച്ചത്) കൃഷ്ണം(കത്തിച്ച ഉമിക്കരി)ശ്യാമം(വില്വപത്രം) - ഇവയാണ് വർണ്ണപഞ്ചകം.വിസ്താരത്തിന്റെ സീമാരേഖ ശുഭമായ അരിപ്പൊടി കൊണ്ടാണ്. കർണ്ണിക മഞ്ഞപ്പൊടികൊണ്ട്. കേസരം ചുവപ്പ്. ദളങ്ങൾ വെള്ള. അവയുടെ സന്ധികള് ശ്യാമളം. രജസ്സ കൊണ്ട് (പൊടി)മന്ത്രി രഞ്ജിപ്പിക്കുന്നു. കർണ്ണിക മഞ്ഞ,കേസരം പീതരക്തം, ദലം അരുണം, സന്ധി കൃഷ്ണമോ ശുക്ലമോ അല്ലെങ്കിൽ മഞ്ഞയോ വെള്ളയോ, പീഠഗർഭമായ പാദം അരുണപ്രഭമാണ്. ഗാത്രം വെള്ള. വീഥികളും വെള്ള. കൽപതരു, ദലം,പുഷ്പം,ഫലം മുതലായവ പല വിചിത്രവർണ്ണങ്ങളില് സ ർവ്വദൃഷ്ടിമനോഹരമായി വരക്കുന്നു. വാതിലുകൾ വെളുത്തവ. ശോഭ രക്ത വർണ്ണം. ഉപശോഭ പീതവർണ്ണം. കോണുകള് അസിതം. (ശ്യാമം)മണ്ഡലരഞ്ജനത്തിനാണ് പഞ്ചവർണ്ണം. ചെമ്പരത്തിപ്പൂവിന്റെ പൊടി അരുണമാണ്. ക്ഷാരസംയുക്തമാവുമ്പോൾ ആ പൊടിയെ രക്തമെന്നു പറയും. ശുഷ്കധാന്യങ്ങളുടെ ഉമിയാണ് പുലാകം. ശുഷ്കധാന്യങ്ങളെത്തന്നെ പകുതിവെന്താല് പാലിൽ കുതിർത്തി അരിച്ചെടുത്ത് പൊടിക്കാം. പച്ചില പൊടിച്ച ചാലിച്ച് വർണ്ണമുണ്ടാക്കാം. പ്രയോഗസാരത്തിൽ ശ്യാമഛദത്തി ൽനിന്നുണ്ടായ പൊടിയാണ് ശ്യാമം. ശ്യാമശബ്ദത്തിൽ നിന്ന് ഹരിതവർഗ്ഗം ധരിക്കണം. മഹാകപിലപഞ്ചരാത്രത്തിൽ അതിന്റെ ആവശ്യകത പറയുന്നു. മഞ്ഞ ഭൂമി, വെള്ള ജലം, തേജസ്സ് രക്തം,ശ്യാമം വായു (പ്രാണൻ),ആകാശം കൃഷ്ണം ഇവ പഞ്ചഭൂതങ്ങളാണ്. വെളുത്തതിന് (ജലം)രുദ്രനും തേജസ്സിന്(ചുവപ്പ്)ബ്രഹ്മവും ആകാശത്തിന് (കൃഷ്ണം പഞ്ചമം)സർവ്വമൂലമായ വിഷ്ണുവും അധിദേവതകളാണ്. പീതത്തിനും വിഷ്ണുവാണ് അധിദേവത. കൃഷ്ണത്തിന് അച്യുതനാണ്. ശ്യാമത്തിന് നാഗം (അനന്തൻ)എന്നു പേരുണ്ട്. ശുക്ലത്തെ ഗ്രഹിച്ച് (ജലം)രക്തത്തെ ഉണ്ടാക്കുന്നു. ക്രൂരഗണോദ്ഭവമാണ് രക്തം. കൃഷ്ണം സർവ്വാസുരോ ത്സാഹമാണ്. നീലം വൈനായകികൾക്ക് ഉത്സാഹം. ഹരിതം പൈശാചരാക്ഷസന്മാരെ വധിക്കുന്നു. ഹോമം അഭിഷേകം യാഗം ഇവയിലെല്ലാം അതുകൊണ്ട് ,പഞ്ചവർണ്ണങ്ങൾക്ക് സവിശേഷഭാഗമുണ്ട്. പഞ്ചവർണ്ണങ്ങളുടെ മണ്ഡലം ദേവന്മാർക്ക് സന്തുഷ്ടി ജനിപ്പിക്കുന്നു. തന്ത്രാന്തരത്തിൽ സിദ്ധികള് ഉഗ്രങ്ങളാണ്. ശക്തന്മാർ അവ ആഗ്രഹിക്കുന്നു. അതിനാൽ മണ്ഡലങ്ങളെ മുത്ത്, പുഷ്യരാഗം, മാണിക്യം , ഇന്ദ്രനീലം,പച്ചമരതകം മുതലായ രത്നങ്ങളുടെ വർണ്ണങ്ങളാല് ആഭരണം ചാർത്തിക്കുന്നു. ഇക്കാണുന്നസർവ്വവും മുമ്പ് വെള്ളത്താമരയായിരുന്നു. പിന്നീട് ചുവന്ന താമരയായിത്തീർന്നു. വൈഷ്ണവ, ശാക്ത,ശൈവദീക്ഷകളിലെ വ്യവസ്ഥിതിയിൽ ചെറിയ ചെറിയ വ്യത്യാസങ്ങള് കാണാം.എന്നാൽ തത്വത്തിൽ മാറ്റമില്ല. പീഠഗർഭം കമലക്ഷേത്രകോൺആണ്. ഗർഭം കോണസ്ഥാനം. അവിടെ ആദിത്യന് നപുംസകതയാണ്.(പുംസ്ത്രീരൂപം).പീഠത്തിൽ കൽപലതിക എഴുതണമെന്ന് അതിനാല് ഉപദേശിക്കപ്പെട്ടിരിക്കുന്നു (സ്ത്രൈണചിഹ്നം)

127. തിസ്രോ രേശാബഹിഃകുര്യാത് സിതരക്താസിതാഃക്രമാത്
മണ്ഡലം സർവ്വതോഭദ്രമേതത് സാധാരണം സ്മൃതം

സംസ്കൃതഭാഷ്യം

ബഹിരിതി സർവ്വബാഹ്യകൃതസീമാരേഖായാ ബാഹ്യേ ഇത്യർത്ഥഃ വസിഷ്ഠസംഹിതായാന്തു വിശേഷഃ പീതംപൂർവ്വേ സിതം ദേയം പശ്ചിമേƒപ്യുത്തരേതഥാ രക്തന്തുദക്ഷിണേ കൃഷ്ണാം പാടലം വഹ്നിസംസ്ഥിതം നൈരൃത്യേ നീലവർണ്ണന്തു വായവ്യേധൂമ്രവർണ്ണകം ഈശേഗൌരം വിനിർദ്ദിഷ്ടമഷ്ടപത്രേഷ്വയം ക്രമഃ

മലയാളം ഭാഷ്യം

പുറത്ത് 3 രേഖ വരക്കുക. വെള്ള,ചുവപ്പ്,കറുപ്പ് എന്നക്രമത്തിൽ. സർവ്വതോഭദ്രമെന്ന ഈ മണ്ഡലമാണ് സാധാരണയായി ഉപയോഗിക്കുന്നത്. സീമാരേഖക്കും പുറത്താണ് ഈ 3 രേഖ. വസിഷ്ഠസംഹിതയില് ആദ്യം മഞ്ഞ,പിന്നെ വെള്ള പടിഞ്ഞാറ്, വടക്ക് ദിശകളിൽ. തെക്ക് ചുവപ്പ്,പാടലം.നൈരൃതിയിൽ നീലം, വായവ്യത്തിൽ ധൂമ്രം, ഈശാനത്തിൽ ഗൌരമെന്ന് 8 ദളത്തില് 8 വർണ്ണം.

128. ചതുരസ്രാംഭുവംഭിത്വാ ദിഗ്ഭ്യോ ധ്വാദശധാ സുധീഃ
പാതയേത്തത്ത്രസൂത്രാണി കോഷ്ഠാനാം ദൃശ്യതേ ശതം

129. ചതുശ്ചത്വാരിംശദാഡ്യം പശ്ചാത് ഷഡ്ത്രിംശനാം*f* ബുജം
കോഷ്ഠൈഃപ്രകൽപയേത് പീഠം പങ്ക്തിം ക്ത്യാംനൈവാത്രവീഥികാഃ

130. ദ്വാരശോഭേ യഥാപൂർവ്വമുപശോഭാ ന ദൃശ്യതേ
അവശിഷ്ഷ്ടൈഃപദൈഃകുര്യാത് ഷഡ്ഭിഃകോണാനിതന്ത്രവിത്

സംസ്കൃതഭാഷ്യം

മണ്ഡലാന്തരമാഹ ചതുരസ്രമിതി. അത്ര മത്സ്യോത്പാദനപ്രകാരാ സംഭവാത് ദിഗ്ഭ്യോദ്വാദശധേത്യുക്തിഃ തത്ര ചതുർദിക്ഷു ദ്വാദശാധാ ഭൂമിംവിഭജ്യേ തത്ര സൂത്രാണി പാതയേദിതി. തത്രപ്രകാരഃപൂർവ്വവത് ഷോഡശ കോഷ്ഠാനി കൃത്വാ തേഷ്വേകം കോഷ്ഠം സമാംശേനത്രിധാ വിഭജ്യ തച്ചിഹ്നദ്വയേ പ്രാഗഗ്രം സൂത്രദ്വയംദധ്യാത്. ഏതത് സൂത്രദ്വ യസമ്പാതോത്പന്നപ്രതികോഷ്ഠേ മത്സ്യദ്വന്ദ്വേഷു ദ്വേ ദ്വേ ഉദഗഗ്രേ സൂത്രേ ഏവ ഉദഗഗ്രാമ ഷ്ടസൂത്രീം പാതയേത്. തതസ്തത് സൂത്രസമ്പാ തോത്പാപന്നകോഷ്ഠമത്സ്യദ്വന്ദ്വേഷു പ്രാഗഗ്രേ ദ്വേ ദ്വേ ഏവം പ്രാഗ ഗ്രാം ഷഡ്സൂത്രിം ദധ്യാത്. ഏവമേകചതുശ്ചത്വാരിംശത് കോഷ്ഠാനി ജായന്തേ .കോഷ്ഠൈരിതി പൂർവ്വ ത്രാമ്പേതി. അംബുജമുക്തപ്രകാരേ ണൈവ. പങ്ക്തിം ക്ത്യാം പീഠം പൂർവ്വവദേവ. അവശിഷ്ഷ്ടൈരിതി. തൈത്രൈകം പദമന്തഃപംക്തിസ്ഥം പഞ്ചകോഷ്ഠാനി ബാഹ്യപംക്തി സ്ഥാനി.ഏവം ഷഡ്ഭിരിത്യർത്ഥഃശേഷമിതി രഞ്ജന ബാഹ്യരേഖാത്രയ കരണാദി.

മലയാളം ഭാഷ്യം

നാലായി തിരിച്ച ദിക്കിനെ 12 ആക്കി, അവയുടെ സൂത്രങ്ങളുടെ പാതം കൊണ്ട് 100 കോഷ്ഠം ഉണ്ടാക്കുന്നു. 4 ചത്വാരിംശം ആഡ്യം. 36 അം ബുജം. കോഷ്ഠത്തിൽ പീഠം,പംക്തി,വീഥിക ഉണ്ടാക്കുന്നു. ദ്വാരം, ശോഭ, ഉപ ശോഭ,അവശിഷ്ടപദത്താൽ 6 കോണം(ഷഡ്കോൺ)ഉണ്ടാക്കുന്നു. മുമ്പറഞ്ഞതിൽനിന്ന് വ്യത്യസ്തമായ മണ്ഡലം ഈ ശ്ലോകത്തിൽ പറയുന്നു. 4 ദിക്കില് 12 ഭൂമി വിഭജിച്ച് അതില് സൂത്രം പതിപ്പിക്കുന്നു. ആദ്യം പറഞ്ഞപോലെ 16 കോഷ്ഠമുണ്ടാക്കി അതിലൊരുകോഷ്ഠം സമാംശമായി മൂന്നായി വിഭജിക്കുന്നു. ആ ചിഹ്ന ദ്വയപ്രാഗഗ്രത്തില് സൂത്രദ്വയം.അവയുടെ സമ്പാതത്താലുണ്ടാവുന്ന ഓരോ കോഷ്ഠത്തിന്റെ മത്സ്യദ്വന്ദ്വ ത്തിലും ഈരണ്ടു ഉദഗഗ്രസൂത്രത്തിൽനിന്ന് 8 സൂത്രങ്ങള് പതിക്കുന്നു. ആ സൂത്രസമ്പാതോത്പന്ന മായ കോഷ്ഠത്തിന്റെ മത്സ്യദ്വന്ദ്വ ത്തിന്റെ പ്രാഗഗ്രത്തില് ഈരണ്ടുകൊണ്ട് 6 സൂത്രം. ഇപ്രകാരം ഒറ്റ ചതു ഷ്ചത്വാരിംശകോഷ്ഠം ഉണ്ടാവുന്നു. മുമ്പുപറഞ്ഞപോലെ അംബുജം, പംക്തി, പീഠം രചിക്കുന്നു. അവശിഷ്ടത്തിന്റെ ഏകപദം ഉള്ളിലെ പംക്തിയിൽ സ്ഥി തി ചെയ്യുന്ന 5 കോഷ്ഠവും ബാഹ്യപംക്തി സ്ഥാനവുമാണ്. ഇപ്രകാരം 6. ഇതിനുപുറത്ത് രഞ്ജനത്തിന് രേഖാത്രയം.

131. ചതുരസ്രേ ചതുഃഷഷ്ഠിപദാന്യാരചയേത് സുധീഃ
പദൈശ്ചതുർഭിഃപത്മംസ്യാൻമദ്ധ്യേ തത് പരിതഃപുനഃ

132. വീഥീശ്ചതസ്രഃകുർവ്വീത മണ്ഡലാന്താവസാനികാഃ
ദിഗ്ഗതേഷ്വചതുഷ്കേഷു പങ്കജാനിസമാലിഖേത്

133. വിധിഗ്ഗതചതുഷ്കാണി ഭിത്വാ ഷോഡശധാസുധീഃ
മാർജ്ജയേത് സ്വസ്തികാകാരം ശ്വേതപീതാരുണാസിതൈഃ

134. രജോഭിഃപൂരയേത്താനി സ്വസ്തികാനി ശിവാദിതഃ
പ്രാക് പ്രോക്തേനൈവ മാർഗ്ഗേണ ശേഷമന്യത് സമാപയേത്.
നവനാഭമിദം പ്രോക്തം മണ്ഡലം സർവ്വസിദ്ധിദം.

സംസ്കൃതഭാഷ്യം

നവനാഭമണ്ഡലമാഹ ചതുരസ്രമിതി. തത്ര പൂർവ്വവത് ചതുഃഷഷ്ഠി കോഷ്ഠാനി കൃത്വാ തത്രമദ്ധ്യ ചതുഷ്കേ പൂർവ്വവത് പത്മം. തതഃചതുർദ്ദിക്ഷു അഷ്ടാഷ്ടകോഷ്ഠികാശ്ചതസ്ത്രോ വീഥീഃകുര്യാത്. ഏവമ ഷ്ടദിക്കു ചതുഃകോഷ്ഠാ ഷ്ടകമവശിഷ്യതേ. തദ്ഭിത്വാ ഷോഡശധേതിപൂർവ്വവദേവ മാർജ്ജയേ ദിതി. മാർജ്ജനപ്രകാരസ്തു ഷോഡശധേതി കോഷ്ഠേഷുമദ്ധ്യചതുഷ്ടസ്യൈ കൈകം കോഷ്ഠം പരസ്പരവിരു ദ്ധൈകൈകദിശി സമ്മാർജ്ജ്യ തത് സംലഗ്നബാഹ്യവീര്യാഃകോണകോഷ്ഠാദികോഷ്ഠത്രയം തദ്ദിക്സ്ഥമേവ മാർജ്ജയേത്. ഏവമുപശോഭാകാരവച്ചത്വാരി കോഷ്ഠാനി മാർജ്ജിതാനി സ്വസ്തികാ രാണി സംസിദ്ധ്യതേ.കേചിത്വന്യഥാ മാർജ്ജനമാഹുഃ മദ്ധ്യ ചതുഷ്കസ്യ പൂർവ്വദിഗ്ഗതകോഷ്ഠദ്വയം

ദക്ഷിണദിശി സമ്മാർജ്ജ്യ തല്ലഗ്നം ബാഹ്യവീഥിസ്ഥം ഉത്തരാന്തം കോഷ്ഠദ്വയം മാർജ്ജയേത്.ഏവം പശ്ചിമ കോഷ്ഠദ്വയം പശ്ചിമദിശി സമ്മാർജ്ജയ തല്ലഗ്നം ബാഹ്യവീഥിസ്ഥം ഉത്തരാന്തം കോഷ്ഠദ്വയം മാർജ്ജയേത്. തത ഉത്തരസ്ഥം കോഷ്ഠദ്വയം ഉത്ത രദിശി സമ്മാർജ്ജ്യ തല്ലഗ്നം ബാഹ്യവീഥിസ്ഥം പൂർവ്വദിക് പര്യന്തം കോഷ്ഠദ്വയം മാർജ്ജയേത്. പക്ഷദ്വയമപി സാമ്പ്രദായികമേവ. ശിവാദിത ഈശാ നാദിവ്യായവ്യാന്തം. ശേഷമിതി പത്മരഞ്ജനാദി വീഥിഷു കൽപ്പലതികാ ലിഖിതം രേഖാത്രയഞ്ച.

മലയാളം ഭാഷ്യം

ചതുരശ്രമായി 64 പദം വിരചിക്കുന്നു. 4 പദത്തില് മദ്ധ്യത്തില് പത്മം. പുറ ത്ത് 100 വീഥി. ഇപ്രകാരം മണ്ഡലമുണ്ടാക്കുന്നു .ദിഗ്ഗതമായ ചതുഷ്കങ്ങളിൽ പങ്കജം ആലേഖനം ചെയ്യുന്നു. വിദിക്കുകളിലെ ചതുഷ്കങ്ങളിൽ ഷോഡശമായി, വെളുപ്പ്,മഞ്ഞ,ചുവപ്പ്,അസിതവർണ്ണങ്ങളില് സ്വസ്തികരൂപം വിരചിക്കുന്നു .സ്വസ്തികത്തിൽ പൊടികള് നിറച്ച് വർണ്ണം ചേർത്ത് മുമ്പറഞ്ഞവിധത്തില് സമാപിപ്പിക്കുന്നു. ഈ മണ്ഡലം നവനാഭമെന്ന് പറയുന്നു. സർവ്വസിദ്ധിദമായ മണ്ഡലമാണിത്. ശിവാദി എന്നാൽ ഈശാനകോൺ മുതല് വായുകോൺവരെയാണ് വർണ്ണം ചേർക്കുന്നത്. മുമ്പറഞ്ഞപോലെ വീഥികളിൽ കൽപലതിക , രേഖാത്രയം ഇവയും രചിക്കണം. മറ്റുള്ള മണ്ഡലങ്ങളെ വാസ്തുവിദ്യാഗ്രന്ഥങ്ങൾ നോക്കി ഗ്രഹിക്കേണ്ടതാണ്.



പത്മമിട്ട് താന്ത്രികബ്രാഹ്മണര് ചെയ്യുന്ന പൂജ സ്ത്രീകള് മുറ്റത്തുവരയുന്ന കോലം ഇവയുടെയെല്ലാം അനുപാതവും തത്വവും ഒന്നുതന്നെയാണ്. ജ്യോതിശ്ശാസ്ത്രത്തിലും പ്രപഞ്ചാനുപാതം ഇതാണ്. ലോഹവിജ്ഞാനീ യത്തിലും വാസ്തുവിലും ഇതുതന്നെ. 64 കോഷ്ഠമുള്ളത് മണ്ഡൂകപദം. 81 കോഷ്ഠമുള്ളത് പരമശായികപദം. (ഇതിൽ നടുവിലെ 9 കള്ളിയില് മദ്ധ്യ ത്തിലുള്ളത് ബ്രഹ്മം,ചുറ്റുമുള്ള 8 ദേവവീഥി.) നവനിധി,നവനാഭിമണ്ഡലം എന്നറിയുന്നു. കേരളത്തിൽ പരമശായികമാണ് .

135. പഞ്ചാംഗംമണ്ഡലം പ്രോക്തമേതത് സ്വസ്തികവർജ്ജിതം
ദീക്ഷായാം ദേവപൂജാർത്ഥം മണ്ഡലാനാം ചതുഷ്ടയം
സർവ്വതന്ത്രാനുസാരേണ പ്രോക്തം സർവ്വസമൃദ്ധിദം
ഇതി ശ്രീശാരദാതിലകേ തൃതീയപടലഃ

സംസ്കൃതഭാഷ്യം

സ്വസ്തികവർജ്ജിതമിതി സ്വസ്തികചതുഷ്കം മാർജ്ജയേദിത്യർത്ഥഃ ചതുഷ്ടയമിതി. ഏഷാം വിഷയ ഉക്തഃപ്രയോഗസാരേ നവനാഭമുക്താ- കലശാനാം നവാനാഞ്ച പ്രോക്തമേതത് പദംപദം തഥാ പ്രാഗ് പ്രസ്തുതേ സ്ഥാനേ പത്മം സങ്കൽപ്യ പൂർവ്വവത് വീഥിസ്ത്വദ്വചരസംയോജ്യ ചതുഷ്ടയചതുഷ്ടയേ സ്വസ്തികാന്യാലിഖേദ്ദിക്ഷു കോണകോഷ്ഠാനി മാർജ്ജയേത് പഞ്ചാനാം കലശാനാഞ്ച പദം സ്യാദേതദുത്തമം ചതുരസ്രോദികസ്ഥാനേ തഥാ പത്മം സമാലിഖേത് കലശസ്യൈകദേവ(തദേക)സ്യ പ്രോക്തം സാധാരണാപദം ഇതി. ഇതി ശ്രീശാരദാതിലകടീകായാം സത് സമ്പ്രദായകൃതവ്യാഖ്യായാം പദാർത്ഥാദർശാഭിഖ്യായാം രാഘവഭട്ടകൃതായാം തൃതീയഃപടലഃ ഓം.

മലയാളം ഭാഷ്യം

സ്വസ്തികമില്ലാത്തതാണ് പഞ്ചാംഗമണ്ഡലം. ദീക്ഷ,ദേവന്മാർക്കുള്ള പൂജ ഇവക്കെല്ലാം 4 വിധമണ്ഡലവും സർവ്വതന്ത്രാനുസാരേണ സർവ്വസമൃദ്ധി ദമെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സ്വസ്തികചതുഷ്കമില്ലാത്തതാണ് പഞ്ചാംഗമണ്ഡലമെന്ന് പ്രയോഗസാരത്തിലുണ്ട്. 9 കലശങ്ങളുടെ പരമപദമായി, മുമ്പിൽ പത്മസ്ഥാനം കൽപിക്കുക. വീഥികൾ യോജിപ്പിച്ച് ചതുഷ്ടയചതുഷ്ടയങ്ങളില് സ്വസ്തികം വരച്ച് ദിക് കോണകോഷ്ഠങ്ങള് മാറ്റി, 5 കലശത്തിന്റെ പദംമാത്രം എടുക്കുന്നതാണ് പഞ്ചാംഗമണ്ഡലം. ചതുരശ്രത്തോട് ഒന്നുകൂട്ടിയത് 5 സ്ഥാനം അഥവാ ചതുരശ്രാധികസ്ഥാനം. 5 സ്ഥാനത്ത് പത്മം വരച്ച് 5 കലശം വെച്ച് ചെയ്യുന്ന പൂജാഹോമാദികൾക്കുള്ളതാണ് ഇത്.

Filename: തൃതീയപടലം.docx
Directory: C:\Users\user\Documents
Template: C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm
Title:
Subject:
Author: user
Keywords:
Comments:
Creation Date: 1/11/2017 5:22:00 PM
Change Number: 591
Last Saved On: 6/1/2020 6:42:00 PM
Last Saved By: user
Total Editing Time: 4,121 Minutes
Last Printed On: 6/1/2020 6:43:00 PM
As of Last Complete Printing
Number of Pages: 101
Number of Words: 58,707 (approx.)
Number of Characters: 334,632 (approx.)